ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്

# ജനകീയാസൂത്രണം



## വികസനരേഖ



ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ നിന്നു

മോചിപ്പിക്കുന്നതിൽ ഞാൻ വിജയിക്കുമ്പോൾ

ഞാൻ സ്വാതന്ത്ര്യം കൈവരിച്ചിരിക്കും










അവലംബം : വിഭവഭൂപടം, സെന്സ്

# അധികാരം ജനങ്ങളിലേക്ക്

## ൯-ാം പദ്ധതി ജനകീയ പദ്ധതി

# വികസനരേഖ

## ശാസ്താംകോട്ട
## ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ല

പഞ്ചായത്തുകൾ




Source : PRM Programme. CESS

## കൊല്ലം
### ബ്ലോക്കുകൾ




## ശാസ്താംകോട്ട ബ്ലോക്ക്
### കുന്നത്തൂർ താലൂക്ക്





76°37'
76°40'
ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
വടക്ക്
0
1 കി.മീ.
പഞ്ചായത്തതിർത്തി
വാർഡതിർത്തി
റോഡുകൾ
പഞ്ചായത്ത് ആഫീസ്
9°4'
9°2'
പോരുവഴി പഞ്ചായത്ത്
സിനിമാപറമ്പ്
ശൂരനാട് തെക്ക് പഞ്ചായത്ത്
ഭരണിക്കാവ്
കുന്നത്തൂർ പഞ്ചായത്ത്
ശാസ്താംകോട്ട
ശാസ്താംകോട്ട കായൽ
1
2
3
4
5
6
7
8
9
10
11
12
കല്ലട ആറ്
പടിഞ്ഞാറേ കല്ലട പഞ്ചായത്ത്
കിഴക്കേ കല്ലട പഞ്ചായത്ത്
ചിത്രം - 3
SOURCE PRM PROGRAMME- CESS

## എഡിറ്റോറിയൽ ബോർഡ്

1. സി. വാസുദേവൻ നായർ
2. എൻ. സുരേഷ്കുമാർ
3. പ്രൊഫ. സി.കെ. വിലാസചന്ദ്രൻ പിള്ള
4. കെ.എൻ. സുരേന്ദ്രൻ
5. കെ. രാമകൃഷ്ണപിള്ള
6. കെ. സോമനാഥ് പള്ളിശ്ശേരിക്കൽ

ശാസ്ത്രീയ സഹായം

**അൽത്താഫ് ഹൈദരി. കെ.** (പ്രോജക്ട് സയന്റിസ്റ്റ് , സെസ്സ്, തിരുവനന്തപുരം)

ഫോട്ടോകൾ

**ആൽഫാ ജെയിംസ്** (ആൽഫാ സ്റ്റുഡിയോ, ശാസ്താംകോട്ട).



**COMPUTER TYPE SETTING & LAY OUT : HOUSE OF COMPUTERS,
BHARANICAVU,** ***Sasthamcotta Ph: 830134***

# ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
# ഭരണസമിതി അംഗങ്ങൾ



എൻ. അശോക്കുമാർ
പ്രസിഡന്റ്



എൻ. ചന്ദ്രമതിയമ്മ
വൈസ് പ്രസിഡന്റ്



ലളിതാഭായി
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപെഴ്സൺ



എ. ഹമീദുകുട്ടി



എം. വി. ശശികുമാരൻ നായർ



എൻ. അയ്യപ്പൻപിള്ള



പി. സത്യനാഥൻ പിള്ള



എൽ. കുഞ്ഞുമോൾ



ആർ. വത്സല



വി. സനാതനൻ പിള്ള



ഡി. അജയകുമാർ



ആർ. ജെറോം

# ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്
## മുൻ പ്രസിഡന്റുമാർ



**കൊച്ചുതുണ്ടിൽ ഗോപാലപിള്ള**



**എ. ഹമീദുകുട്ടി**

### ശാസ്താംകോട്ട ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ

| | | |
|---|---|---|
| പാർലമെന്റംഗം | : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ |
| നിയമസഭാംഗം | : | ശ്രീ. റ്റി. നാണുമാസ്റ്റർ |
| ജില്ലാ പഞ്ചായത്തംഗം | : | ശ്രീ. കുന്നത്തൂർ ബാലൻ |
| ബ്ലോക്ക് പഞ്ചായത്ത് വൈസ്പ്രസിഡന്റ് | : | ശ്രീമതി. സി. ലക്ഷ്മിക്കുട്ടി |
| ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. കെ. ശിവശങ്കരൻ നായർ |

## ആദ്യത്തെ പഞ്ചായത്തു ഭരണസമിതി

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. കൊച്ചുതുണ്ടിൽ കെ. ഗോപാലപിള്ള |
| വൈസ് പ്രസിഡന്റ് | : | ശ്രീ. എ. ഹമീദുകുട്ടി (തുണ്ടിൽവീട്) |

അംഗങ്ങൾ

സർവ്വശ്രീ.

: എം. അലിയാരുകുട്ടി

: എ. ഹമീദുകുട്ടി

: ആർ. മാധവൻ നായർ

: കെ. പാപ്പച്ചൻ

: എ. തോമസ് കൊല്ലേഴം

: എസ്. വേലുപ്പിള്ള

സംസ്ഥാന റിസോഴ്സ് പെഴ്സൺ

വി. രമണി

ജില്ലാ റിസോഴ്സ് പെഴ്സൺസ്

സി. വാസുദേവൻ നായർ

എൻ. സുരേഷ് കുമാർ

കെ. എൻ. സുരേന്ദ്രൻ

പി. മാധവൻ പിള്ള

ബാബുചന്ദ്രൻ പിള്ള

റ്റി. രമേശൻ

എം. രാമകൃഷ്ണൻ

കെ. പി. ചന്ദ്രൻ

മണിദാസ്

സി. കെ. അജയകുമാർ

പഞ്ചായത്തു ജിവനക്കാർ

ജി. ഉമാദേവി (സെക്രട്ടറി)

എ. ഇബ്രാഹിംകുട്ടി (ജൂനിയർ സൂപ്രണ്ട്)

പി. കെ. കുഞ്ഞുകുഞ്ഞ് (യു.ഡി. ക്ലർക്ക്)

ജി. സോമശേഖരൻ നായർ (യു.ഡി ക്ലർക്ക്)

ആർ. രാജശേഖരൻ പിള്ള (യു.ഡി ക്ലർക്ക്)

ബി. സരോജാക്ഷൻ പിള്ള (യു.ഡി ക്ലർക്ക്)

ജി. മനോഹരൻ (ഓവർസിയർ)

വി. സുരേന്ദ്രൻ നായർ (എൽ.ഡി. ക്ലർക്ക്)

കെ. മാധവിക്കുട്ടി (എൽ.ഡി. ക്ലർക്ക്)

സി. വിശ്വനാഥൻ (എൽ.ഡി. ക്ലർക്ക്)

ഇ. ഷാജഹാൻ (എൽ.ഡി. ക്ലർക്ക്)

പി. ശശി (പ്യൂൺ)

കെ. മണിക്കുട്ടി (പ്യൂൺ)

ടി. കൊച്ചിക്ക (ഫുൾടൈം സ്വീപ്പർ)

കെ. ശാരദ (ഫുൾടൈം സ്കാവഞ്ചർ)

ടി. കെ. ശാരദക്കുട്ടി (ഫുൾടൈം സ്കാവഞ്ചർ)

എ. സ്സ്. ബാലകൃഷ്ണപിള്ള (പാർട്ട്ടൈം ഫെറിമാൻ)

കെ. മോഹനൻ (പാർട്ട്ടൈം ഫെറിമാൻ)

എൻ. ഗോപാലകൃഷ്ണപിള്ള (പാർട്ട്ടൈം പാർക്ക് വാച്ചുമാൻ)

കെ. രാമചന്ദ്രൻ (ലൈബ്രേറിയൻ)

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | സമർപ്പണം | 1 |
| 2. | ആമുഖം | 2 |
| 3. | പഞ്ചായത്ത് പൊതു വിവരങ്ങൾ | 5 |
| 4. | ചരിത്ര പശ്ചാത്തലം | 6 |
| 5. | ഭൂപ്രകൃതി, ജലപ്രകൃതി | 9 |
| 6. | വികസനമേഖലകൾ | |
| | 1. കൃഷി, ജലസേചനം | 18 |
| | 2. മൃഗസംരക്ഷണം, മത്സ്യമേഖല | 30 |
| | 3. വിദ്യാഭ്യാസം | 38 |
| | 4. ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം | 45 |
| | 5. വ്യവസായം | 55 |
| | 6. ഗതാഗതം, മാർക്കറ്റ് | 60 |
| | 7. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം | 69 |
| | 8. സംസ്കാരം | 79 |
| | 9. വനിത | 88 |
| | 10. പട്ടികജാതിക്ഷേമം | 91 |
| | 11. സഹകരണം | 94 |
| | 12. വിഭവസമാഹരണം. | 99 |
| | 13. ഊർജ്ജം | 104 |

# സമർപ്പണം

*സാധാരണക്കാരന്റെ പുരോഗതി ലാക്കാക്കി എക്കാലവും പുത്തൻ ആശയങ്ങൾക്ക് രൂപം നല്കി നടപ്പാക്കി ഇന്ത്യയ്ക്കാകെ മാതൃകയായി തീർന്നിട്ടുള്ള സംസ്ഥാനമാണ് നമ്മുടെ കൊച്ചുകേരളം. ഒൻപതാം പദ്ധതിയുടെ ആസൂത്രണത്തിലും നാം ചരിത്രം ആവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് എക്കാലവും അടിസ്ഥാന രേഖയായി മാറുന്ന ഈ വികസന രേഖ, ഗ്രാമങ്ങളിൽ ഉയർന്ന, ഉരുത്തിരിഞ്ഞ വികസന സ്വപ്നങ്ങളുടെ സമന്വയ രൂപമാണ്. ഇതിന്റെ സാക്ഷാത്കാരത്തിന് നാനാഭാഗത്തുനിന്നും വിലമതിക്കാനാവാത്ത സംഭാവനകളുണ്ടായിട്ടുണ്ട്. ഇതിൽ പ്രധാനം ഗ്രാമവാസികളുടെ ഗ്രാമസഭാ പങ്കാളിത്തവും സംസ്ഥാന, ജില്ലാ, പഞ്ചായത്തു പരിശീലകരുടെ അർപ്പണബോധവും ഉദ്യോഗസ്ഥന്മാരുടെ സഹകരണവുമാണ്. ഓർമ്മകളുടെ ഏടുകൾ തുറന്ന് സാമൂഹ്യചരിത്ര പശ്ചാത്തലം തയ്യാറാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ തന്ന ആദരണീയരായ കാരണവന്മാരുടെ സേവനവും പ്രത്യേകം സ്മരണീയമാണ്.*

*നമ്മുടെ ഗ്രാമത്തിന്റെ ഈ പുതിയ വികസന രേഖ വികസന സംസ്കാരത്തിന് നാന്ദികുറിക്കുന്ന സമ്പൂർണ്ണ ചർച്ചയ്ക്കും കൂട്ടിച്ചേർക്കലിനുമായി വിനയപൂർവ്വം സമർപ്പിക്കുന്നു.*

വിശ്വസ്ഥതയോടെ,

എൻ. അശോക് കുമാർ
പ്രസിഡന്റ് ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്.

# ആമുഖം

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി ദർശിച്ചിട്ട് 49 വർഷം പിന്നിടുന്നു. ഒട്ടേറെ നേട്ടങ്ങളുടെ പട്ടിക നിരത്താൻ നമുക്കുണ്ട്. വികസനത്തിന്റെ പടവുകൾ ചവിട്ടി കയറിയിട്ടും ഒന്നും നേടിയില്ല എന്ന ബോധം ഭൂരിപക്ഷമാളുകളിലും നിലനില്ക്കുന്നു. എട്ടു പഞ്ചവത്സരപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയ പരിപാടികൾക്കു ഗ്രാമീണജനതയുടെ അടിസ്ഥാനാവശ്യങ്ങൾക്കു പരിഹാരം കണാൻ കഴിഞ്ഞിട്ടില്ല. ആയിരത്തി തൊള്ളായിരത്തി അറുപതുകളിൽ രാജ്യത്താകമാനം പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ രൂപം കൊള്ളുകയും അവ കേരളത്തിന്റെ പരിധിയ്ക്കകത്തുനിന്നുകൊണ്ട് ഉല്പാദന മേഖലകളുടെ വളർച്ചയ്ക്കായി പദ്ധതികൾക്കു രൂപം കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അറുപതുകൾ അവസാനിപ്പിക്കുന്നതിനു മുമ്പ് തന്നെ വികേന്ദ്രീകൃത വികസനത്തെ സംബന്ധിച്ച പ്രതീക്ഷകൾ വെറും മരീചികയായിരുന്നു എന്നു വ്യക്തമായി.

1978 ൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ കുറിച്ച് അശോക് മേത്താ കമ്മിറ്റി റിപ്പോർട്ടും ബ്ലോക്കുതല ആസൂത്രണത്തെക്കുറിച്ച് ബൽവന്ത്റായിമേത്താ കമ്മിറ്റി റിപ്പോർട്ടും സമർപ്പിക്കപ്പെട്ടതോടെ അധികാരവികേന്ദ്രീകരണം സംബന്ധിച്ച ചർച്ച ദേശീയതലത്തിൽ സജീവമായി. എന്നാൽ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള കേരളം ഈ വഴിക്കു കുറച്ചു പ്രവർത്തനങ്ങൾ നടത്താൻ ശ്രമിച്ചിട്ടുണ്ട്. എൺപതുകളുടെ അവസാനം നടത്തിയ 64-ാം ഭരണഘടനാ ഭേദഗതി സ്വാഗതം ചെയ്യപ്പെട്ടെങ്കിലും കേന്ദ്രം നേരിട്ടു പഞ്ചായത്തുകളിൽ ബന്ധപ്പെടുന്ന രീതികൊണ്ട് വികേന്ദ്രീകരണം സംബന്ധിച്ച ജനങ്ങളുടെ പ്രതീക്ഷ പൂവണിഞ്ഞില്ല.

ഭരണഘടനയുടെ 73,74 വകുപ്പുകൾ ഭേദഗതി ചെയ്ത് പഞ്ചാത്ത് രാജ് നഗരപാലികാ നിയമം 1994 ൽ നടപ്പിൽ വന്നതോടെ ത്രിതല പഞ്ചായത്തു സമ്പ്രദായം നിലവിൽ വരികയും അധികാരം ജനങ്ങളിലേക്ക് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വഴി തുറക്കുകയും ചെയ്തു. ഇതുവരെ നടപ്പാക്കിക്കൊണ്ടിരുന്ന പഞ്ചവത്സരപദ്ധതികൾ മുകളിൽ നിന്നും ആസൂത്രണം ചെയ്ത് സാങ്കേതികത്വത്തിന്റെ നൂലാമാലകളിൽ കുരുങ്ങി കിടന്നിരുന്ന പരിപാടികളായിരുന്നെങ്കിൽ ഗ്രാമീണ ജനതയുടെ അഭിലാഷം അനുസരിച്ചുള്ള പദ്ധതികളായി അവയ്ക്കൊന്നും മാറാൻ കഴിഞ്ഞില്ല. നാട്ടിലെ അർദ്ധനഗ്നരും അർദ്ധപട്ടിണിക്കാരുമായുള്ള ഗ്രാമീണ ജനത നാടിന്റെ ത്രസിക്കുന്ന ഹൃദയത്തിന്റെ പ്രതീകമാണെന്നും, അവരുടെ താല്പര്യങ്ങളുടെ കാവൽഭടനായിട്ടാവണം ഭരണഘടന വർത്തിക്കേണ്ടതെന്നുമുള്ള മഹത്തായ ആശയമാണ് ഈ ഭരണഘടനാ ഭേദഗതിയിലൂടെ പ്രകാശിപ്പിക്കപ്പെട്ടിരിക്കുന്നത്.

ജനസംഖ്യയിൽ ഏതാണ്ട് പകുതിയോളം വരുന്ന സ്ത്രീജനങ്ങൾ തലമുറകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അവഗണനയ്ക്ക് വിരാമമിട്ടുകൊണ്ട് സ്ത്രീകൾക്കായി മൂന്നിലൊന്ന് സംവരണവും സാമൂഹികനീതി ഉറപ്പുവരുത്തുവാനുള്ള ഭരണഘടനാ പ്രതിബന്ധതയുടെ ദൃഷ്ടാന്തം കൂടിയാണ് ഈ ഭേദഗതി.

നമ്മുടെ കൊച്ചുകേരളത്തിൽ ഈ സംവിധാനം നടപ്പിലാക്കുമ്പോൾ നമ്മുടെ തനതായ സാഹചര്യങ്ങളും പരിമിതികളും, പ്രശ്നങ്ങളും, അനുകൂല സാഹചര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ഈ സംസ്ഥനത്തെ ലക്ഷോപലക്ഷം അഭ്യസ്തവിദ്യരെ ഗ്രസിക്കുവാൻ ദുർഭൂതമെന്നോണം തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയെ നാം ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു. നമ്മുടെ കാർഷിക വ്യവസായ രംഗങ്ങളിലെ പരാധീനതകൾക്ക് ശാശ്വതപരിഹാരം കണ്ടെത്തണം. എന്തുവിലകൊടുത്തും ഉല്പാദനവും ഉല്പാദനക്ഷമതയും ഉത്തരോത്തരം കുതിച്ചുയരേണ്ടിയിരിക്കുന്നു. പ്രതിശീർഷ ഗാർഹികോല്പാദനവും പ്രതിശീർഷ വാർഷിക വരുമാനവും വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്ക് വിധേയമായിത്തീരണം. ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്തുകൊണ്ട് ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം തുടച്ചുനീക്കിക്കൊണ്ട് നീതിയുക്തവും, യുക്തിസഹജവുമായ വിതരണസമ്പ്രദായം ഉറപ്പുവരുത്തുന്ന ചൂഷകനും ചൂഷിതനും ഇല്ലാത്ത സോഷ്യലിസ്റ്റ് സാമൂഹ്യക്രമം ഗ്രാമങ്ങളിൽ നിന്നും തുടങ്ങുവാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിനു മാത്രമേ കഴിയൂ.

മഹത്തായ ഈ കുതിച്ചുചാട്ടത്തിന് അരങ്ങൊരുങ്ങുമ്പോൾ 1996 ൽ അധികാരമേറ്റെടുത്ത കേരളത്തിന്റെ ഭരണസാരഥികൾ അധികാരവികേന്ദ്രീകരണത്തിന്റെ പൂർണ്ണസത്തയും അക്ഷരം പ്രതി ഉൾക്കൊണ്ടുകൊണ്ട്, കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവിഭാഗം ജനങ്ങളുടേയും സഹകരണത്തോടെ ജനകീയാസൂത്രണമെന്ന മഹാപ്രസ്ഥാനത്തിന് ജീവൻ നല്കിയിരിക്കുകയാണ്. അങ്ങനെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളെയും വിദഗ്ദ്ധരേയും ഉദ്യോഗസ്ഥരേയും പ്രാദേശികമായി കോർത്തിണക്കുന്ന പുതുയൊരു പ്രവർത്തന ശൈലി നടപ്പിലാക്കുന്നതാണീ പ്രസ്ഥാനം. ഇത് കൂട്ടയ്മയുടെ പ്രവർത്തനമാണ്. പദ്ധതിവിഹിതത്തിലൂടെ പഞ്ചായത്തിന് ലഭിക്കുന്ന തുകയ്ക്കു പുറമെ പ്രദേശികമായി ഗണ്യമായ തോതിൽ സന്നദ്ധപ്രവർത്തവും സംഭാവനയും സമാഹരിക്കാൻ കഴിയുമെന്ന് ഗ്രാമസഭകളിലെ പങ്കാളിത്തവും ചർച്ചയും വിളിച്ചറിയിക്കുന്നു. ഒന്നും നല്കുകയില്ലെന്നും എല്ലാം നല്കുമെന്ന ധാരണയും മാറ്റിവച്ചുകൊണ്ട് അധികാരവികേന്ദ്രീകരണത്തിന്റെ ശംഖൊലി മുഴക്കുന്ന "ജനകീയാസൂത്രണ പ്രസ്ഥാനം " വികസന രാഷ്ട്രീയത്തിന്റെ പാതകൾ വെട്ടിത്തുറക്കാൻ തയ്യാറെടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ തുടക്കം കുറിക്കുന്നത് 12.9.96 ൽ നടന്ന ഏകദിന ശില്പശാലയോടുകൂടിയാണ്. ശില്പശാലയിൽ 87 പ്രതിനിധികൾ പങ്കെടുത്തിരുന്നു. ശില്പശാലയ്ക്ക് ശേഷം ജില്ലാ റിസോഴ്സ് പേഴ്സണിന്റെയും, പഞ്ചായത്ത് പരിശീലകരുടെയും സഹകരണത്തോടെ സെപ്റ്റംബർ 15 ന് തുടങ്ങിയ ഗ്രാമസഭകൾ ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2ന് അവസാനിച്ചു. 135 മുതൽ 470 വരെ വോട്ടർമാർ ഓരോ ഗ്രാമസഭകളിലും പങ്കെടുത്തു. ശരാശരി പങ്കാളിത്തം 163 ആണ്. ഇത് സംസ്ഥന ശരാശരി 200 നേക്കാൾ കുറവാണെന്നത് ഒരു വസ്തുതയാണ്.

കഴിഞ്ഞകാലങ്ങളിലെ വാഗ്ദാനലംഘനങ്ങളുടെയും, മോഹഭംഗങ്ങളുടെയും ഭാണ്ഡവുമായി ഗ്രാമസഭകളിൽ എത്തിയ ഗ്രാമ വാസികൾ 9-ാം പദ്ധതിയുടെ പുത്തനുണർവ്വും പ്രതീക്ഷകളും ഉൾക്കൊണ്ട് ജനകീയസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി മാറുന്ന കാഴ്ച ആവേശകരമായിരുന്നു. ഓരോ ഗ്രാമസഭയിലെയും റിപ്പോൾട്ടുകൾ, അവിടുത്തെ വികസനപ്രശ്നങ്ങൾ എന്ത്? എങ്ങനെ പരിഹരിക്കപ്പെടണം എന്നവ കണ്ടെത്തി സമ്പൂർണ്ണമാക്കിയവയായിരുന്നു. തുടന്ന് പഞ്ചായത്തടിസ്ഥാനത്തിൽ കോർഗ്രൂപ്പ് രൂപീകരിക്കുകയും പ്രശ്നങ്ങളുടെ വ്യാപ്തികൾ ബോധ്യപ്പെടുന്നതിന് ദ്വിതീയ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. സാമൂഹ്യ പ്രതിബന്ധതയുള്ള വികസന രാഷ്ട്രീയം നെഞ്ചിലേറ്റിയ ഏതാനും ചെറുപ്പക്കാരാണ് വിവര ശേഖരണം നടത്തിയത്. രണ്ടാം ഘട്ട ജില്ലാതല പരിശീലനം 1996 നവംബർ 12,13,14 തീയതികളിൽ നടന്നു. തുടർന്ന് വികസന റിപ്പോർട്ട് എങ്ങനെ തയാറാക്കണം എന്നതിനെ സംബന്ധിച്ച ഏകദിന ശില്പശാല നടത്തി. കക്ഷിരാഷ്ട്രീയത്തിനതീതമായി കൂട്ടായി ഓരോ വിഷയത്തിന്റെയും പ്രശ്നങ്ങളുടെയും ക്രോഡീകരണം നടത്തുകയും റിപ്പോർട്ട് രൂപപ്പെടുത്തുകയും ചെയ്തു.

ചരിത്രമുറങ്ങുന്ന നമ്മുടെ ഗ്രമത്തിലെ വിവരങ്ങൾ ചികഞ്ഞെടുക്കുന്നതിനുവേണ്ടി ഈ ഗ്രാമത്തിലെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ കാരണവന്മാരുടെ യോഗം ചേർന്നു. ഒട്ടേറെ വിജ്ഞാനവും പശ്ചാത്തലവിവരങ്ങളും ശേഖരിക്കുവാൻ ഇതിലൂടെ കഴിഞ്ഞു.

നമ്മുടെ ഗ്രാമം വൈവിധ്യമാർന്ന സംസ്കാരത്തിന്റെ പാരമ്പര്യം അവകാശപ്പെടാവുന്ന ഒന്നാണ്. ഒട്ടേറെ പ്രശ്നങ്ങളുണ്ട് , അതിനൊക്കെ സമരസപ്പെടുന്ന നിർദ്ദേശങ്ങളുമുണ്ട്. ഇതൊക്കെക്കൂടി റിപ്പോർട്ടായി അവതരിപ്പിക്കപ്പെടണം കൂട്ടിച്ചേർക്കലുകൾ അനിവാര്യമാണ്. വികസന സെമിനാറിലൂടെ പ്രബുദ്ധരായ നമ്മുടെ ഗ്രാമീണ ജനതയ്ക്ക് അതിന് കഴിയുമെന്നതുറപ്പാണ്. ഏതു പ്രവർത്തനവും ഏറ്റെടുക്കുവാൻ കഴിയുന്ന ഒരു സന്നദ്ധസേന നമ്മുടെ പഞ്ചായത്തിലുണ്ടെന്നത് ശ്രദ്ധേയമാണ്. ജനകീയാസൂത്രണം മുന്നോട്ടു കൊണ്ടുപോകുവാൻ പ്രചോദനം നല്കുന്ന യാഥാർത്ഥ്യങ്ങളിലൊന്നാണത്. മുൻകാല പ്രവർത്തകരുടെ ഉത്തമ സേവന പാരമ്പര്യം ഊർജ്ജമായി ഉൾക്കൊണ്ടുകൊണ്ട് ബഹുജനശക്തികളുടെ സ്രോതസ്സുകൾ തുറന്ന്, വർത്തമാന കാലത്തെ വെല്ലുവിളികളെ നേരിടുവാൻ അവസരം കൈവന്നതിലുള്ള ആഹ്ലാദാതിരേകത്തോടെ ഈ സമഗ്രവികസന രേഖയെ യാഥാർത്ഥ്യമാക്കുന്നതിനു വേണ്ടി സംഘടിത യജ്ഞത്തിനായി നമുക്ക് പ്രതിജ്ഞയെടുക്കാം.

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ശാസ്താംകോട്ട |
| രൂപീകരിച്ച വർഷം | : | 1962 |
| ബ്ലോക്ക് പഞ്ചായത്ത് | : | ശാസ്താംകോട്ട |
| താലൂക്ക് | : | കുന്നത്തൂർ |
| വിസ്തീർണ്ണം | : | 2442 ഹെക്ടർ<br>(24.42 ച:കി.മീ.) |
| അതിരുകൾ | : | കിഴക്ക് : കുന്നത്തൂർ പഞ്ചായത്ത്<br>വടക്ക് : പോരുവഴി പഞ്ചായത്ത്<br>പടിഞ്ഞാറ് : ശൂരനാട് തെക്ക്, മൈനാഗപ്പള്ളി പഞ്ചായത്തുകൾ<br>തെക്ക് : പടി.കല്ലട പഞ്ചായത്ത് |
| ജനസംഖ്യ | : | 29573 (1991 ലെ സെൻസസ്) |
| പുരുഷന്മാർ | : | 14658 |
| സ്ത്രീകൾ | : | 14915 |
| ജനസാന്ദ്രത | : | 1211 (ച.കി.മീ) |
| കുടുംബങ്ങളുടെ എണ്ണം | : | 8029 |
| സാക്ഷരർ | : | 23270 |
| പുരുഷന്മാർ | : | 12076 |
| സ്ത്രീകൾ | : | 11644 |
| വാർഡുകൾ | : | 12 |

# സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

അധികാരം ജനങ്ങളിലേക്ക്

പ്രകൃതി രമണീയമായ ശാസ്താംകോട്ട കായലിനു ചുറ്റും കുന്നുകളും സമതലങ്ങളും കൃഷിയിടങ്ങളുമായി ഗ്രാമം സ്ഥിതി ചെയ്യുന്നു. കഥകളിയും, ഏഴമത്തുകളിയും, പുലികളിയും, പാക്കനാരുകളിയും, ഓണപ്പാട്ടും, ശാസ്താംപാട്ടും മറ്റുനാടൻ കലകളുമായി ഗ്രാമീണജനത നൂറ്റാണ്ടുകൾക്കു മുമ്പേ സാംസ്കാരിക തനിമ നേടിയിരുന്നു. മനോഹരമായ ശുദ്ധജല തടാകത്തിന്റെ കുളിർകാറ്റേറ്റ് ചരിത്രത്തെ എതിരേറ്റ ജനത അദ്ധ്വാനത്തിലും സംസ്കാരത്തിലും പരിഷ്കാരത്തിലും എന്നും മുന്നിലായിരുന്നു. ഉച്ചനീചത്വങ്ങൾക്കും അനീതിയ്ക്കുമെതിരേയും മണ്ണിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയും നടന്ന നിരന്തര സമരങ്ങൾ വരും തലമുറയ്ക്ക് എന്നും ആവേശദായകമായിരിക്കും.

സർവ്വമത മൈത്രിയുടെ പ്രതീകമായ ശ്രീധർമ്മ ശാസ്താവിന്റെ കോട്ടയായി ശാസ്താംകോട്ട അറിയപ്പെടുന്നു. കായംകുളം രാജാവിന്റെ രാജ്യാതിർത്തിയിലെ കോട്ടയായിരുന്നു ശാസ്താംകോട്ടയെന്നു ചരിത്രമതം. ശാസ്താംകോട്ട അമ്പലത്തിലും കമ്പോളത്തിലും പുലരുന്ന വാനരന്മാർ എന്നും ചരിത്രന്വേഷകരുടെ കൗതുകമാണ്. ത്രേതായുഗത്തിലെ രാവണനിഗ്രഹം കഴിഞ്ഞ് ആയോധ്യയിലേക്കു മടങ്ങിയ ശ്രീരാമനും കൂട്ടരും അയോധ്യയ്ക്കു സദൃശ്യമായ ഈ പ്രദേശം കണ്ട് ഇവിടെ തങ്ങുകയും ഒരു ക്ഷേത്രം നിർമ്മിക്കുകയും ചെയ്തുപോലും! അതിന്റെ സംരക്ഷകരായി നിയോഗിക്കപ്പെട്ട വാനരന്മാരുടെ പരമ്പരയാണ് ഇന്നും നില നിൽക്കുന്നതെന്നാണ് ഐതിഹ്യം. പന്തളത്തുരാജാവിന്റെ നിർദ്ദേശപ്രകാരം കായംകുളം രാജാവ് പണികഴിപ്പിച്ചതാണ് ശാസ്താംകോട്ട ക്ഷേത്രമെന്നും കഥയുണ്ട്. ശാസ്താംകോട്ട ശ്രീധർമ്മശാസ്താക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം ഒരു തുരുത്തായിരുന്നു എന്നതിന് ഏറെ തെളിവുകൾ ഇന്നും ദൃശ്യമാണ്. ക്ഷേത്രത്തിന്റെ തെക്കും വടക്കും ഭാഗങ്ങളിൽ കൽപ്പടവുകൾ ഉണ്ടായിരുന്നു. പടിഞ്ഞാറുഭാഗം മണ്ണിട്ടുനികത്തിയെടുത്തതാകാനാണു കൂടുതൽ സാധ്യത. രാജാവിന്റെ സൈനികത്തലവന്മാരിൽ ഒരാളായിരുന്ന മനക്കര കുറ്റിയിൽ ഉണ്ണിത്താൻ കുടുംബത്തിനായിരുന്നു ശ്രീധർമ്മ ശാസ്താക്ഷേത്രത്തിന്റെ സംരക്ഷണച്ചുമതലയെന്ന് പഴയരേഖ പരിശോധിച്ചാൽ കാണാൻ കഴിയും.

ശാസ്താംകോട്ടയുടെ നാമധേയം ലോകമെങ്ങും പരക്കാൻ സഹായിച്ചത് അനുഗ്രഹീതമായ ശുദ്ധജല തടാകമാണ്. കൊല്ലം മുനിസിപ്പാലിറ്റിപ്രദേശത്തും 12 പഞ്ചായത്തുകളിലും കുടിവെള്ളം ലഭിക്കുന്നതിനുള്ള സംരക്ഷിത ജലസ്രോതസ്സാണിത്. ഈ കായൽ തീരത്ത് 1971 ൽ നടന്ന രണ്ടാം ലോക സർവ്വമതസമ്മേളനം ചരിത്രസംഭവമായിരുന്നു. മഹാനായ നടരാജഗുരുവിന്റെ നേതൃത്വത്തിലാണ് ഈ സമ്മേളനം നടന്നത്. ഇന്ത്യൻ തത്വചിന്ത ലോകമെങ്ങും പ്രചരിപ്പിച്ച വിവേകാനന്ദൻ പങ്കെടുത്ത ചിക്കാഗോയിലെ ആദ്യത്തെ ലോകമത സമ്മേളനത്തിനു ശേഷം സർവ്വ

ലോകമത സമന്വയത്തിന് ആതിഥ്യം വഹിക്കുവാനുള്ള ഭാഗ്യം നമ്മുടെ ഗ്രാമത്തിനുണ്ടായതിൽ നമുക്ക് എന്നും അഭിമാനമുണ്ട്.

ഇവിടെ ആധുനിക വിദ്യാഭ്യാസത്തിന് അടിത്തറ പാകിയവരിൽ പ്രധാനിയായിരുന്നു റവ.ഡോ. സി.ഡി. ഈപ്പൻ. അടൂർ സ്വദേശിയായിരുന്ന അദ്ദേഹം വിദേശത്തുനിന്നും ഉന്നത ബിരുദം നേടി തിരിച്ചെത്തി ശാസ്താംകോട്ട കായലിന്റെ കിഴക്കേ തീരത്ത് ചെറുവൻകോട് എന്ന പ്രശാന്ത സുന്ദരമായ ഉൾഗ്രാമത്തിൽ 1928 ൽ ഒരു റസിഡൻഷ്യൽ ഹൈസ്കൂൾ സ്ഥാപിച്ചു. വിദൂരജില്ലകളിൽ നിന്നുപോലും കുട്ടികളെത്തി ഇവിടെ താമസിച്ചു പഠിച്ചിരുന്നു. പിന്നീട് ഉന്നത വിദ്യാഭ്യാസത്തിനായി ഒരു കോളേജ് സ്ഥാപിക്കാനായി ശ്രമങ്ങളാരംഭിച്ചു. ആ പുരോഹിതന്റെ അപേക്ഷ പ്രകാരം തിരുവിതാംകൂർ രാജപ്രമുഖനായിരുന്ന ശ്രീ. ചിത്തിരതിരുനാൾ ബാലരാമവർമ്മ 1954 ൽ കോളേജിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. അന്നത്തെ ചില മാടമ്പിമാരുടെ എതിർപ്പിനെ തുടർന്ന് അദ്ദേഹത്തിന് ശ്രമം ഉപേക്ഷിക്കേണ്ടിവന്നു. മഹാരാജാവിന്റെ സന്ദർശനത്തെ ഉൾപുളകത്തോടെയാണ് ഇന്നും കാരണവന്മാർ സ്മരിക്കുന്നത്.

വൈദേശികാധിപത്യത്തിന്റെ ഭീകരതകൾക്കു നേരെ ഭാരതീയത ഉണർന്നെണീറ്റപ്പോൾ ശാസ്താംകോട്ട ഒട്ടും പിന്നിലായിരുന്നില്ല. അദ്ധ്യാപകവൃത്തി ഉപേക്ഷിച്ച് ദേശീയ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന എൻ.എസ്. കൊച്ചുകുഞ്ഞ്, നിരോധനം ലംഘിച്ചതിന് ശിക്ഷിക്കപ്പെട്ട ഗൗരിവിലാസം കെ. രാമകൃഷ്ണപിള്ള എന്നീ ദേശസ്നേഹികൾ സ്വാതന്ത്ര്യസമരസേനാനികളിൽ മുൻ നിരക്കാരാണ്. ജന്മി നാടുവാഴിത്തത്തിനെതിരായി നടന്ന ഒട്ടനവധി സമരങ്ങൾക്കും ശാസ്താംകോട്ട സാക്ഷ്യം വഹിച്ചു.

കലാസാംസ്കാരിക രംഗങ്ങളിൽ ശാസ്താംകോട്ടയുടെ സംഭാവന മികവുറ്റതാണ്. കർണ്ണാടക സംഗീതത്തിലും കേരളത്തിന്റെ തനതുകലാസമ്പത്തായ കഥകളിയിലും പ്രശസ്തരായ കലാപ്രതിഭകളെയും പ്രദാനം ചെയ്യാൻ മുതുപിലാക്കാടിനു കഴിഞ്ഞിട്ടുണ്ട്. ആധുനിക നാടകപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അമൂല്യങ്ങളായ സംഭാവനകൾ നല്കിയ പ്രൊഫ. ജി. ശങ്കരപ്പിള്ളയുടെ പ്രവർത്തനകേന്ദ്രം ശാസ്താംകോട്ടയായിരുന്നു. 1969 ൽ ശാസ്താംകോട്ടയിൽ അരങ്ങേറിയ കേരളത്തിലെ ആദ്യത്തെ അഖിലകേരള നാടകക്കളരിയുടെ സംഘാടകർ ജി. ശങ്കരപ്പിള്ളയും, ഡി. വിനയചന്ദ്രനുമായിരുന്നു. കൊല്ലം ജില്ലയിലെ ആദ്യകാല പ്രൊഫഷണൽ നാടകവേദികളിലൊന്ന് ആദിക്കാട് രാമകൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ ശാസ്താംകോട്ടയിൽ പ്രവർത്തിച്ചിരുന്നു. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, വൈക്കം വാസുദേവൻ നായർ, തിക്കുറുശ്ശി സുകുമാരൻ നായർ ഓച്ചിറവേലുക്കുട്ടി എന്നിവർ പങ്കെടുത്ത 'സുഭക', 'ജീവിതയാത്ര','സ്ത്രീ' തുടങ്ങിയ നാടകങ്ങളുടെ പരിശീലനക്കളരി ശാസ്താംകോട്ടയായിരുന്നു. പേരുകേട്ട കർണ്ണാടക സംഗീതജ്ഞനായ പാർത്ഥസാരഥിപുരം വിശ്വനാഥൻ പഞ്ചായത്തിന്റെ പാരമ്പര്യം ഉയർത്തിക്കാട്ടുന്നു.

കായികരംഗത്തും ശാസ്താംകോട്ടയുടെ സംഭാവന അമൂല്യമാണ്. ശാസ്താംകോട്ട പീപ്പിൾസ് സ്പോർട്സ് ക്ലബ്ബ് കൊല്ലം ജില്ലയിലെ മിക്ക ഫുട്ബാൾ ടീമുകളെയും പരാജയപ്പെടുത്തിയ കായിക സമിതിയായിരുന്നു. ഓണക്കാലത്ത് അരങ്ങേറുന്ന കിളിത്തട്ടുകളി ,ഊമകളി (കബടികളി), വടംവലി ഇവ ഗ്രാമീണരുടെ ഇഷ്ടവിനോദങ്ങളായി തലമുറകളായി നിലനിന്നു പോരുന്നു. തുമ്പികളി, പഴുക്കകളി, കോൽക്കളി, സീതകളി, കുഴിപ്പന്തുകളി, കരടികളി എന്നീ നമ്മുടെ പഴയ കാലവിനോദങ്ങൾ കാലഹരണപ്പെടാതെസംരക്ഷിക്കപ്പെടേണ്ടതുണ്ട്.

തെക്കൻ മലയാറ്റൂർ എന്ന പ്രസിദ്ധമായ ആഞ്ഞിലിമൂട് സെന്റ്തോമസ് ചർച്ച് ചേരമൻപെരുമാളിന്റെ കാലത്ത് സ്ഥാപിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. പള്ളിശ്ശേരിക്കൽ മുസ്ലീം പള്ളി, ശാസ്താംകോട്ട ശ്രീധർമ്മശാസ്താക്ഷേത്രം എന്നിവ നമ്മുടെ ചിരപുരാതനമായ ദേവാലയങ്ങളാണ്. ഈ ആരാധനാലയങ്ങളിൽ നിലനിന്നുവരുന്ന ഉത്സവങ്ങളും ആഘോഷങ്ങളും സർവ്വമത സാഹോദര്യത്തിന്റെ നിദർശനങ്ങളാണ്.

സാഹിത്യരംഗത്ത് ശാസ്താംകോട്ടയുടെ സംഭാവന ഉദാത്തമാണ്. ആധുനിക കവിയും നോവലിസ്റ്റും കഥാകൃത്തും, ചിന്തകനും, അദ്ധ്യാപകനും, സാഹിത്യ അക്കാദമി അവാർഡു ജേതാവുമായ ഡി. വിനിയചന്ദ്രൻ സാംസ്കാരിക കേരളത്തിന് ശാസ്താംകോട്ട നൽകിയ സംഭാവനയാണ്. നാടക സിനിമാ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശാസ്തോംകോട്ട ബാലചന്ദ്രൻ ശാസ്താംകോട്ടയ്ക്ക് കീർത്തിമുദ്ര നേടിത്തരുന്നു. മികച്ച പാർലമെന്റേറിയനും, പണ്ഡിതനും, എഴുത്തുകാരനുമായിരുന്ന വി.പി. നായർ തന്റെ കർമ

രംഗമായി തിരഞ്ഞെടുത്തത് ശാസ്താംകോട്ടയായിരുന്നു. രാഷ്ട്രീയ സാമൂഹ്യ രംഗത്ത് സജീവമായി നിലകൊള്ളുന്ന മുൻ മന്ത്രി. ശ്രീ. പി.കെ. രാഘവൻ നമുക്കൊരു മുതൽക്കൂട്ടാണ്.

കശുവണ്ടി വ്യവസായമാണ് പഞ്ചായത്തിലെ മുഖ്യ തൊഴിൽമേഖല. രണ്ടായിരത്തിലേറെ തൊഴിലാളികൾ കശുവണ്ടി മേഖലയുമായി ബന്ധപ്പെട്ടു ജോലിചെയ്യുന്നു. സംഘടിത തൊഴിൽസമരങ്ങൾ ഏറെയുംനടന്നത് കശുവണ്ടി മേഖലയിലാണ്. ആവേശകരമായ സമരമുഖങ്ങൾക്ക് കാർഷിക മേഖലയും സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1968 ൽ ചേലൂർക്കായൽ ഭൂരഹിതർക്കു പതിച്ചുകിട്ടണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നടന്ന സമരവും ഭരണിക്കാവിൽ തങ്ങൾ കുഞ്ഞു മുസിലിയാരുടെ മിച്ചഭൂമി പിടിച്ചെടുക്കാൻ നടത്തിയ ഐതിഹാസിക സമരവും ഉദാഹരണങ്ങളാണ്. 1958 ലെ ഭക്ഷ്യവിഷബാധയും 1982 ലെ കടത്തുതോണിമറിഞ്ഞുണ്ടായ ദുരന്തവും ശാസ്താംകോട്ട നിവാസികൾ നിറകണ്ണുകളോടെയാണ് സാക്ഷ്യംവഹിച്ചത്.

1962 ൽ ശാസ്താംകോട്ട പഞ്ചായത്തു രൂപംകൊണ്ടു. അതിനുമുമ്പ് നമ്മുടെ ഗ്രാമം പോരുവഴിപഞ്ചായത്തിന്റെ ഭാഗമായിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് കൊച്ചുതുണ്ടിൽ ഗോപാല പിള്ളയായിരുന്നു. അന്ന് വൈസ് പ്രസിഡന്റായിരുന്ന എ. ഹമീദുകുഞ്ഞ് പിന്നീട് ദീർഘകാലം പ്രസിഡന്റായി പ്രവർത്തിച്ചു. അദ്ദേഹമിന്നും നമ്മുടെ പഞ്ചായത്തു ഭരണസമിതി അംഗമായി സേവനമനുഷ്ഠിച്ചു വരുന്നു.

1982 ൽ പത്തനംതിട്ട ജില്ല രൂപീകൃതമായപ്പോൾ അന്നുണ്ടായിരുന്ന കുന്നത്തൂർ താലൂക്ക് വിഭജിക്കപ്പെട്ടു. ശാസ്താംകോട്ട, മൈനാഗപ്പള്ളി, പടിഞ്ഞാറെക്കല്ലട, പോരുവഴി, ശൂരനാട് തെക്ക്, ശൂരനാട് വടക്ക് എന്നീ ഏഴുപഞ്ചായത്തുകൾ ചേർന്നതാണ് പുതുയ കുന്നത്തൂർ താലൂക്ക്. കുന്നത്തൂർ താലൂക്കിൽ മുമ്പുണ്ടായിരുന്ന ബാക്കി ഭാഗങ്ങൾ പത്തനംതിട്ടജില്ലയുടെ ഭാഗമായ അടൂർ താലൂക്കിൽ കൂട്ടിച്ചേർത്തു. കുന്നത്തൂർ താലൂക്കിന്റെ ആസ്ഥാനം ശാസ്താംകോട്ടയാണ്. നമ്മുടെ നാടിന്റെ പുരോഗതിയ്ക്ക് ശാസ്താംകോട്ട പഞ്ചായത്ത് അതിമഹത്തായ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു ഹെൽത്ത് റിസോർട്ടു കൂടിയായ നമ്മുടെ ഗ്രാമം എണ്ണിയാലൊടുങ്ങാത്ത ചരിത്ര വിസ്മയങ്ങളുടെ കേദാരഭൂമിയാണ്. ഒട്ടേറെ ചരിത്ര സാംസ്കാരിക നായകന്മാർ നവോത്ഥാനപ്രസ്ഥാനങ്ങളിൽ പങ്കെടുത്ത് നമ്മുടെ നാടിന്റെ യശ്ശസ് ഉയർത്താൻ ശ്രമിച്ചിട്ടുണ്ട്. "കോട്ടേപീലി"യും "കോട്ടേലെച്ചിമി"യും മൺമറഞ്ഞു പോയെങ്കിലും ഇന്നും മിത്തുകളായി ജനഹൃദയങ്ങളിൽ അവശേഷിക്കുന്നു.

നാഗരികസംസ്കാരവും കമ്പോള വ്യവസ്ഥയും നമ്മുടെ നാടിന്റെ പുരോഗതിയ്ക്ക് നേരെയുള്ള ചോദ്യചിഹ്നങ്ങളായി തീരുമ്പോൾ അചഞ്ചലമായ മതേതരത്വവും, സാംസ്കാരിക പൈതൃകവും കൈമുതലാക്കിയ നമുക്ക് വികസനത്തിന്റെ പുത്തൻ പുലരിയെ പ്രതീക്ഷകളോടെ ഉറ്റുനോക്കാം.

# ഭൂപ്രകൃതി  ജലപ്രകൃതി

അധികാരം ജനങ്ങളിലേക്ക്

ഏതൊരു പ്രദേശത്തിൻെറയും വികസന പ്രക്രിയകൾ ആസൂത്രണം ചെയ്യുമ്പോൾ കണക്കിലെടുക്കേണ്ട അത്യധികം പ്രധാന്യമർഹിക്കുന്ന വിഷയങ്ങളാണ് പ്രസ്തുത പ്രദേശത്തിന്റെ ഭൂപ്രകൃതി, മണ്ണ്, ജലം, കാലാവസ്ഥ, ജനസമ്പത്ത് എന്നിവ. ഇവയുടെ നിലവിലുള്ള അവസ്ഥ പരിഗണിച്ചുകൊണ്ടു മാത്രമേ സ്ഥായിയായ പദ്ധതി ആവിഷ്കരണം സാദ്ധ്യമാകൂ. ഇതിനായി ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചും, മണ്ണിനെക്കുറിച്ചും, ജലത്തേക്കുറിച്ചും ഒക്കെയുള്ള വ്യക്തമായ അറിവ് അനിവാര്യമാണ്.

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിലെ ശാസ്താംകോട്ട ബ്ലോക്കിലുള്ള ഗ്രാമപഞ്ചായത്താണ് 'ശാസ്താംകോട്ട'. ശാസ്താംകോട്ട വില്ലേജിൽ മുതുപിലാക്കാടിന്റെ വടക്കുഭാഗവും പോരുവഴി വില്ലേജിന്റെ കുറച്ചുഭാഗവും പഞ്ചായത്തിൽ ഉൾപ്പെടുന്നു. കൊല്ലം ജില്ലയുടെ വടക്കുപടിഞ്ഞാറു ഭാഗത്തായി കരുനാഗപ്പള്ളി ടൗണിൽനിന്ന് ഏതാണ്ട് 11 കി.മീ. കിഴക്കുമാറി ശാസ്താംകോട്ട പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. കടപുഴ പാലം കൊല്ലം താലൂക്കുമായി ഈ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു. സാമാന്യം തിരക്കേറിയ കുന്നത്തൂർ താലൂക്കിന്റെ ആസ്ഥാനമായ ശാസ്താംകോട്ട ടൗണാണ്. പഞ്ചായത്തിന്റെ ഹൃദയഭാഗം. 12 വാർഡുകളുള്ള ശാസ്താംകോട്ട പഞ്ചായത്തിന്റെ മൊത്ത വിസ്തീർണം 2442.00 ഹെക്ടർ ആണ്. (24.42 ച.കി.മീ)

കേരളത്തിന്റെ കാർഷിക കാലാവസ്ഥാ മേഖലകളെക്കുറിച്ചും കൃഷിവിളകളുടെ ക്രമത്തെക്കുറിച്ചും പഠിക്കുവാൻ 1974 ൽ രൂപീകരിക്കപ്പെട്ട കമ്മിറ്റി കേരളത്തിന് 13 കാർഷിക കാലാവസ്ഥാ മേഖലകളായി വിഭജിച്ചിരിക്കുന്നു. ഇതനുസരിച്ച് "ശാസ്താംകോട്ട പഞ്ചായത്ത്" ദക്ഷിണ മദ്ധ്യമേഖലാ കാർഷിക കാലാവസ്ഥാ ഇനത്തിൽപ്പെടുന്ന പഞ്ചായത്തുകളിലൊന്നാണ്. (ഭൂപടം 1).

ഭൂപ്രകതി അനുസരിച്ച് ഇടനാട് മേഖലയിൽ വരുന്ന (ഭൂപടം 2) ശാസ്താംകോട്ട ഭൂമിശാസ്ത്രപരമായി അക്ഷാംശം $9^{\circ} 1'$ നും $9^{\circ} 5'$ വടക്കിന് മദ്ധ്യേയും രേഖാംശം $76^{\circ} 36'$ നും $76^{\circ}4'$ കിഴക്കിന് മദ്ധ്യേയും സ്ഥിതിചെയ്യുന്നു. 16.76 ശതമാനത്തോളം ശാസ്താംകോട്ട കായലും 3.91% ത്തോളം ചേലൂർ കായലും വ്യാപിച്ചു കിടക്കുന്നു.

വടക്കുഭാഗത്ത് പോരുവഴി പഞ്ചായത്തും, കിഴക്കുഭാഗത്ത് കുന്നത്തൂർ പഞ്ചായത്തും, തെക്കുഭാഗത്ത് പടിഞ്ഞാറേ കല്ലട പഞ്ചായത്തും, തെക്കുകിഴക്കുഭാഗത്ത് 5.3 കി.മീ. നീളത്തിൽ കല്ലടയാറും, പടിഞ്ഞാറു വശത്ത് ശൂരനാട് തെക്ക്, മൈനാഗപ്പള്ളി പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. ശാസ്താംകോട്ട കായൽ പഞ്ചായത്തിന്റെ തെക്കേ അറ്റത്തുനിന്നും വടക്കോട്ട് മദ്ധ്യഭാഗം വരെയും പടിഞ്ഞാറോട്ടും വ്യാപിച്ചുകിടക്കുന്നു. (ഭൂപടം 3).

ശാസ്താംകോട്ട പഞ്ചായത്ത്
വാർഡുകൾ

| വാർഡ് | വാർഡിന്റെ പേര് |
|---|---|
| 1 | പള്ളിശ്ശേരിക്കൽ പടിഞ്ഞാറ് |
| 2 | പള്ളിശ്ശേരിക്കൽ കിഴക്ക് |
| 3 | ആഞ്ഞിലിമൂട് |
| 4 | ശാസ്താംകോട്ട |
| 5 | മനക്കര |
| 6 | ഭരണിക്കാവ് |
| 7 | പനപ്പെട്ടി |
| 8 | സിനിമാപറമ്പ് |
| 9 | മുതുപിലാക്കാട് പടിഞ്ഞാറ്. |
| 10 | മുതുപിലാക്കാട് കിഴക്ക് |
| 11 | പെരുവേലിക്കര |
| 12 | കരിന്തോട്ടുവാ |

## ഭൂപ്രകൃതി

വിശാലമായ താഴ്‌വരകളും, കുന്നിൻ പുറങ്ങളും, കുന്നിൻ ചരുവുകളും ഇടകലർന്ന് കാണപ്പെടുന്ന ഭൂപ്രകൃതിയാണ് ശാസ്താംകോട്ടയുടേത്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരമനുസരിച്ച് പഞ്ചായത്തിന് വിവിധ നിമ്നോന്നത മേഖലകളായി തരംതിരിക്കാവുന്നതാണ്. (ഭൂപടം 4).

1. 20 മീറ്ററിൽ താഴെയുള്ള പ്രദേശങ്ങൾ.
2. 20 മീറ്ററിനും 40 മീറ്ററിനും മദ്ധ്യേയുള്ള പ്രദേശങ്ങൾ
3. 40 മീറ്ററിന് മുകളിൽ ഉയരമുള്ളവ.

പഞ്ചായത്തിന്റെ മൊത്തം കരഭാഗത്തിന്റെ 53.71 % വും 20 മീറ്ററിൽ താഴെ ഉയരമുള്ള പ്രദേശങ്ങളാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്കും, തെക്കുകിഴക്കും, പടിഞ്ഞാറും ഭാഗങ്ങളിൽ ഈ മേഖല കൂടുതലായി വ്യപിച്ചു കിടക്കുന്നു. 20 മീറ്ററിനും 40 മീറ്ററിനും മദ്ധ്യേ ഉയരമുള്ള ഭാഗങ്ങൾ 35.05% മാണുള്ളത്. മിക്കവാറും എല്ലാ ഭാഗങ്ങളിലും ഈ മേഖല വ്യാപിച്ചിരിക്കുന്നു. 40 മീറ്ററിന് മുകളിൽ ഉയരമുള്ള ഒരു പ്രദേശം മാത്രമേ ഈ പഞ്ചായത്തിൽ കാണപ്പെടുന്നുള്ളൂ. സിനിമാപറമ്പും ചുറ്റുമുള്ള പ്രദേശങ്ങളുമാണ് ഈയിനത്തിൽ പെടുന്നത്. ഈ പ്രദേശമാണ് പഞ്ചായത്തിലേറ്റവും ഉയരം കൂടിയ ഭാഗം. ഓരോ വിഭാഗത്തിന്റേയും വിസ്തീർണ്ണം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

| ക്രമ നം | നിമ്നോന്നത മേഖലകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | 20 മീറ്ററിൽ താഴെ | 1531.57 | 62.7 |
| 2. | 20മീ. നും 40 നും മദ്ധ്യേ | 856.05 | 35.05 |
| 3. | 40 മീറ്ററിനു മുകളിൽ | 54.38 | 2.25 |
| | ആകെ | 2442.00 | 100.00 |

അവലംഭം. പി.ആർ. എം. പ്രോഗ്രാം. സി.ഇ.എസ്.എസ്.

ഭൂപ്രകൃതിയെ ആസ്പദമാക്കി പഞ്ചായത്തിനെ അഞ്ചു ഭൂവിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്. (ഭൂപടം 5)

1. താഴ്‌വരകൾ
2. ചെറു ചരിവുകൾ
3. വലിയ ചരിവുകൾ
4. കുന്നിൻ പുറങ്ങൾ.
5. കായൽ പ്രദേശം.

### താഴ്‌വരകൾ

24.42 ച. കി. മീറ്റർ വിസ്തീർണ്ണം വരുന്ന ശാസ്താംകോട്ട പഞ്ചായത്തിന്റെ 8.44% മാത്രമാണ് (പട്ടിക 2) താഴ്‌വരകൾ കാണപ്പെടുന്നത്. ഈ താഴ്‌വരകളെല്ലാം തന്നെ സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെ ഉയരമുള്ളവയാണ്. ഇവയുടെ വീതി പരമാവധി 500 മീറ്ററിൽ കൂടാത്തതാണ്. 0 ഡിഗ്രിക്കും 1 ഡിഗ്രിക്കും ഇടയിലുള്ള ചരിവാണ് ഈ മേഖലകൾക്ക് ഭൂമിയിൽ കാണപ്പെടുന്നത്.

## ചെറുചരിവ്

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശവും ഈ ഭൂവിഭാഗത്തിൽ പെടുന്നു. 44.33% ത്തോളം വിസ്തീർണ്ണത്തിൽ ഈ വിഭാഗം കാണപ്പെടുന്നു. ഈ മേഖലയ്ക്ക് ഭൂമിയിൽ കാണുന്ന ചരിവ് പരമാവധി 5° ആണ്. ഈ ഭൂവിഭാഗം 20 മീറ്ററിനും 40 മീറ്ററിനും ഇടയ്ക്കുള്ള നിമ്നോന്നത മേഖലയിൽ ഉൾപ്പെടുന്നു.

പട്ടിക 2

| നമ്പർ | ഭൂപ്രകൃതിമേഖലകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | താഴ്‌വര | 206.12 | 8.44 |
| 2. | ചെറു ചരിവ് | 1082.77 | 44.33 |
| 3. | വലിയചരിവ് | 366.85 | 15.02 |
| 4. | കുന്നിൻ പുറം | 339.38 | 13.88 |
| 5. | കായൽ പ്രദേശം | 446.88 | 18.33 |
| | ആകെ | 2442.00 | 100.00 |

അവലംഭം. പി.ആർ. എം. പ്രോഗ്രാം സി.ഇ.എസ്.എസ്.

## വലിയ ചരിവ്

ഭൂമിയിൽ 5° യ്ക്കും, 10° യ്ക്കും മദ്ധ്യേ ചരിവുള്ള ഈ ഭൂപ്രദേശം കൂടുതലും ശാസ്താംകോട്ട കായലിന് ചുറ്റുമുള്ള പ്രദേശങ്ങളാണ്. ചേലൂർ കായലിന് പടിഞ്ഞാറ് വശമുള്ള കുറച്ചു ഭാഗവും ഇതിൽ ഉൾപ്പെടുന്നു. (ഭൂപടം 5). മറ്റ് ഭൂവിഭാഗങ്ങളെ അപേക്ഷിച്ച് ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പിനുള്ള സാദ്ധ്യത കൂടുതലാണ്. ചെങ്കുത്തായ പ്രദേശമാണെങ്കിലും ഇത് സമുദ്രനിരപ്പിൽനിന്നും 20 മീറ്ററിൽ താഴെ ഉയരമുള്ള നിമ്നോന്നത വിഭാഗത്തിൽ പെടുന്നു.

## കുന്നിൻ പുറം

മറ്റ് ഭൂവിഭാഗങ്ങളെ അപേക്ഷിച്ച് താരതമ്യേന ഉയർന്ന പ്രദേശങ്ങളായ ഇവ ശാസ്താംകോട്ട പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വ്യപിച്ചു കിടക്കുന്നു. കുന്നിൻ പുറങ്ങളിലെ രണ്ട് വിഭാഗങ്ങളായി തരംതിരിക്കാവുന്നതാണ്. ( പട്ടിക 3).

| നമ്പർ | കുന്നിൻ പുറങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1. | 20 മീറ്ററിനും 40 നും മദ്ധ്യേ | 298.45 |
| 2. | 40 മീററിനു മുകളിൽ | 40.93 |
| | ആകെ. | 339.38 |

അവലംബം. പി.ആർ. എം. പ്രോഗ്രാം. സി.ഇ.എസ്.എസ്.

20 മീറ്ററിനും 40 മീറ്ററിനും ഇടയ്ക്കുള്ളവയാണ് ഇതിൽ ഭൂരിഭാഗവും. ഇത് ആകെയുള്ള കുന്നിൻ പുറങ്ങളുടെ വിസ്തീർണ്ണത്തിന്റെ 87.93 % വരുന്നു. 40 മീറ്ററിനു മുകളിലുള്ള കുന്നിൻ പുറങ്ങൾ സിനിമാപറമ്പ് പ്രദേശത്താണ് കാണുന്നത്. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കുന്നിൻ പ്രദേശവും ഇത് തന്നെയാണ്. ശാസ്താംകോട്ട കായലിന് ചുറ്റും കാണുന്ന കുന്നിൻ പുറങ്ങൾ ഉയരത്തിൽ രണ്ടാം സ്ഥാനത്ത് നില്ക്കുന്നു.

## കായൽപ്രദേശങ്ങൾ

ശാസ്താംകോട്ട പഞ്ചായത്തിന്റെ മാത്രമല്ല കേരളത്തിലെ തന്നെ പ്രത്യേകതയാർന്ന ഒരു ജലാശയമാണ് ശാസ്താംകോട്ട കായൽ. ഇന്ത്യയിലെ നാലാമത്തേതും കേരളത്തിലെ ഏക ശുദ്ധജല തടാകവുമാണ് ഇത്. നാലു വശങ്ങളും ഉയരത്തിൽ പൊങ്ങിയ കുന്നിൻ പ്രദേശങ്ങളും, വലിയ ചരിവുകളോടും കൂടിയാണ് കായൽ സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിന്റെ തെക്കെ അറ്റത്ത് 16.76% ത്തോളം വിസ്തൃതിയിൽ (356.25 ഹെക്ടർ) കായൽ വ്യാപിച്ചു കിടക്കുന്നു. വശങ്ങൾക്ക് വലിയ ചരിവ് ആണെങ്കിലും കായലും കായലിന്റെ തീരവും സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെയാണ് സ്ഥിതിചെയ്യുന്നത്. ചേലൂർ കായലാണ് പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന മറ്റൊരു കായൽ. കിഴക്കേ അത്യത്തിയിൽ 90.63 ഹെക്ടർ പ്രദേശത്ത് ഇത് വ്യാപിച്ചു കിടക്കുന്നു. ചേലൂർ കായലും സമുദ്രനിരപ്പിൽ നിന്ന് 20 മീറ്റർ താഴെയായി സ്ഥിതി ചെയ്യുന്നു.

## മൺതരം

പഞ്ചായത്തിൽ പ്രധാനമായും രണ്ട് വിഭാഗത്തിൽ പെടുന്ന മൺതരങ്ങളാണ് കാണാൻ കഴിയുന്നത്. ഒന്ന് ചരല് കലർന്ന ചെമ്മണ്ണും മറ്റൊന്ന് എക്കൽ മണ്ണും (ഭൂപടം 6) ചരലുകലർന്ന ചെമ്മണ്ണാണ് ഭൂരിഭാഗം പ്രദേശത്തും നിലവിലുള്ളത് (പട്ടിക 4)

മൺതരം

| ക്രമ നമ്പർ | മൺതരം | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|---|
| 1. | ചരല്കലർന്ന ചെമ്മണ്ണ് | 1789.00 | 73.25 |
| 2. | എക്കൽ മണ്ണ് | 206.12 | 8.44 |

അവലംഭം. പി.ആർ. എം. പ്രോഗ്രാം. സി.ഇ.എസ്.എസ്.

ചെങ്കൽ പൊടിഞ്ഞുണ്ടായ ചെമ്മണ്ണിൽ മണലും ചരലും ധാരാളമായി കാണുന്നു. ചെളി തീരെ കുറഞ്ഞും ഏതാണ്ട് ഇളം മഞ്ഞ നിറത്തിലുമാണ് ഇത് കണ്ടു വരുന്നത്. നീർവാർച്ച കൂടുതലുള്ള ഈ മൺതരത്തിന് മണ്ണൊലിപ്പിനുള്ള സാധ്യത ഏറെയാണ്. സാമന്യം നല്ല ഫലഭൂയിഷ്ടമായ ചെമ്മണ്ണ് ശ

ശരാശരി 150 സെ.മീ. കനത്തിൽ കാണപെടുന്നു.

താഴ്‌വരകളിൽ മാത്രം കാണപ്പെടുന്ന എക്കൽമണ്ണിൽ ചെളിയുടെ അളവ് കൂടുതലും ചരലും മണലും തീരെകുറവുമാണ്. നീർവാർച്ച വളരെകുറഞ്ഞതും കടുത്തനിറത്തിലും കാണപെടുന്ന എക്കൽ മണ്ണ് നല്ല ഫലഭൂയിഷ്ടമായ മൺതരമാണ്.

ഭൂഗർഭശാസ്ത്രത്തിൽ ലാറ്ററൈറ്റ് എന്നുവിളിയ്ക്കുന്ന ചെങ്കല്ലാണ് ഇവിടത്തെ പ്രധാനപ്പെട്ട ശിലാരൂപം. താപത്തിന്റെയും മർദ്ദത്തിൻറയും പ്രവർത്തന ഫലമായി കരിങ്കൽ രൂപാന്തരം പ്രാപിച്ചുണ്ടായതാണ് ഇത്. പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും ഇത് ഖനനം ചെയ്യുന്നുണ്ടെങ്കിലും അംബേദ്ക്കർ കോളനിയിലാണ് കൂടുതലായി നടന്നു വരുന്നത്. ശരാശരി 4-5 മീറ്റർ താഴ്ച്ചയിൽ ചെങ്കൽ കാണപെടുന്നു

കരിംതോട്ടുവ പ്രദേശത്ത് ഭൂമിയ്ക്ക് മുകളിൽ പാറ കാണപ്പെടുന്നു. ഏതാണ്ട് പത്ത് ഏക്കറോളം വരുന്ന ഒരു പാറമട ഈ പ്രദേശത്ത് ഉണ്ട്.

*ജലപ്രകൃതി*

മഴയെ ആശ്രയിച്ചും കല്ലട ജലസേചനപദ്ധതിയുടെ കനാലുകളെ ഒരു പരിധിവരെ ആശ്രയിച്ചും കൃഷി ചെയ്തു വരുന്ന ഒരു പഞ്ചായത്താണ് ശാസ്താംകോട്ട. പഞ്ചായത്തിൻറ ജലപ്രകൃതിയിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്ന ഘടകങ്ങളാണ് തെക്ക് കിഴക്ക് ഭാഗത്തു കൂടി ഒഴുകുന്ന കല്ലടയാറും, ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലും ചേലൂർ കായലും ഒക്കെ.

പഞ്ചായത്തിൽ പ്രധാനമായും ജലം ലഭിക്കുന്നത് മഴയിൽ നിന്നുമാണ്. ശാസ്താംകോട്ട ബ്ളോക്കിൽ ഒരു വർഷത്തിൽ ലഭിക്കുന്ന റീ ചാർജ്ജ് 7.86 മില്യൺ ക്യൂബിക്ക് മീറ്ററാണ്. ഇതിൽ ജലസേചനത്തിനായി ഉപയോഗിക്കപെടാവുന്ന ജലം 22.29 മി.കി.മി ആണ്. വർഷത്തിൽ ശരാശരി 2564 മി.മി മഴയാണ് ലഭിക്കുന്നത്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ,ജൂലൈ മാസങ്ങളിലും ഏറ്റവും കുറവ് ജനുവരി,ഫെബ്രുവരി, മാർച്ച് എന്നീ മാസങ്ങളിലും ആണ്.

ജലസ്രോതസുകളെ രണ്ട് വിഭാഗമായി തിരിച്ച് പരിശോധിക്കാവുന്നതാണ്.

1. ഉപരിതല ജലസ്രോതസ്സുകൾ-- കായൽ,കുളങ്ങൾ,തോടുകൾ,നദികൾ,കനാലുകൾ.
2. ഭൂഗർഭ ജലസ്രോതസുകൾ--കിണർ,കുഴൽകിണർ,നീരുറവകൾ.

ഉപരിതലസ്രോതസ്സുകളിൽ ഏറ്റവും വലിയ മുതൽകൂട്ട് ശാസ്താംകോട്ട കായൽ തന്നെയാണ്. ശാസ്താംകോട്ട കായലും ചേലൂർ കായലും കൂടിചേർന്ന് 446.88 ഹെക്ടർ ജലവിഭവം പഞ്ചായത്തിൽ വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിന്റെ തെക്കുകിഴക്കേ അതിർത്തിയിൽ 5.3 കി.മി നീളത്തിൽ കല്ലടയാർ ഒഴുകുന്നു. പ്രധാനമായും 16 തോടുകളാണ് പഞ്ചായത്തിലുള്ളത്. (പട്ടിക 5) അതിൽ പ്രധാനപ്പെട്ട തോടുകൾ വലിയതറ, ചുഴലി, ചേലൂർ, കായൽ തോട്, തൊളിക്കൽ, ചേലൂർ കായൽ തോട്, ചേലൂർ കായൽ, പണയിൽ തോട്, ആര്യൻപാടം തോട് തുടങ്ങിയവയാണ്.

പട്ടിക 5

| നമ്പർ | തോടുകൾ | വാർഡ് | വറ്റുന്നത്/വറ്റാത്തത് |
|---|---|---|---|
| 1 | തെറ്റിക്കുഴി പച്ചക്കുളം ഏലാ തോട് | 1 | വറ്റാത്തത് |
| 2. | ആലത്തൂർ തോട് | 2 | വറ്റുന്നത് |
| 3. | മദാമ്മ തോപ്പ് ചിറ്റിലപ്പാട്ട് തോട് | 3 | വറ്റുന്നത് |
| 4. | കണ്ടംകുളം ഏലാതോട് | 3,4 | വറ്റാത്തത് |
| 5. | മനക്കര ഏലാ തോട് | 5 | വറ്റുന്നത് |
| 6. | മുസലിയാർ ഫാം കൈത്തറി ജംഗ്ഷൻ തോട് | 6 | വറ്റുന്നത് |
| 7. | ഇടിഞ്ഞകുഴി പൈപ്പുറത്തു വഴി ചേലൂർ കായൽ തോട് | 10 | വറ്റുന്നത് |
| 8. | വലിയതറ ചുഴലി ചേലൂർ കായൽ തോട് | 10 | വറ്റാത്തത് |
| 9. | തൊളിയ്ക്കൽ ഏലാ തോട് | 10 | വറ്റുന്നത് |
| 10. | ചേലൂർ കായൽ പണയിൽ തോട് | 10 | വറ്റാത്തത് |

| | | | |
|---|---|---|---|
| 11. | പുത്തൻ പുര തോട് | 11 | വറ്റുന്നത് |
| 12. | ഇടങ്കല്ലുക്ക് കലവറ തോട് | 11 | വറ്റുന്നത് |
| 13. | ചാലിൽ മൂന്നാം കലുങ്ക് തോട് | 11 | വറ്റുന്നത് |
| 14 | മണക്കണ്ടെത്തിൽ തോട് | 11 | വറ്റുന്നത് |
| 15. | ആര്യൻ പാടം തോട് | 12 | വറ്റാത്തത് |
| 16. | കവിയിൽ തോട് | 12 | വറ്റുന്നത് |
| 17. | പനീപ്പട്ടി ഏലാ തോട് | 7 | വറ്റുന്നത് |
| | ആകെ 8.46 കി.മീറ്ററാണ് തോടുകളുടെ നീളം. | | |

പഞ്ചായത്തിനെ പൊതുവായി അഞ്ച് നീർമറി പ്രദേശങ്ങളായി വിഭജിക്കാം. (ഭൂപടം 7) ഇതിൽ ഒന്നും അഞ്ചും വലിയ പ്രാധാന്യ മർഹിക്കുന്നില്ല. കാരണം. ഒന്നിൽ വീഴുന്ന ജലമെല്ലാം വിവിധ തോടുകളിൽ കൂടി ഒഴുകി ശൂരനാട് തെക്ക് പഞ്ചായത്തിലുള്ള മാലുമേൽ കായലിൽ ചെന്നു ചേരുന്നു. അതുപോലെ അഞ്ചിൽ വീഴുന്ന ജലവും തൊട്ടടുത്ത പഞ്ചായത്തിലേക്ക് ഒഴുകി പോകുന്നു. ഏറ്റവും പ്രാധാന്യമർഹിക്കുന്ന നീർമറി പ്രദേശങ്ങൾ 4, 3 എന്നിവയാണ്. കിഴക്കുഭാഗത്തുള്ള നാലിന്റെ പരിധിയിൽ വരുന്ന തോടുകളെല്ലാം (വലിയ തറ ചുഴലി, ഇടിഞ്ഞ കുഴി തുടങ്ങിവ ) ഒഴുകി ചേലൂർ കായലിലാണ് വന്നു ചേരുന്നത്. ചേലൂർ കായലിൽ നിന്ന് മറ്റു തോടുകളിൽ കൂടി ഒഴുകി കല്ലടയാറ്റിൽ എത്തുന്നു. ഈ ഭാഗത്തു വീഴുന്ന ജലമെല്ലാം ചേലൂർ കായലിൽ സംരക്ഷിക്കപ്പെടുന്നു. അതുപോലെ 3-ാം നീർമറി പ്രദേശത്തു വീഴുന്ന ജലമെല്ലാം ശാസ്താംകോട്ട കായലിലും എത്തിച്ചേരുന്നു. ഭൂരിഭാഗം തോടുകളും വേനൽകാലത്ത് വറ്റിപ്പോകുന്നവയാണ്. ഓരോ നീർമറി പ്രദേശത്തും ഉൾപ്പെടുന്ന ഭൂവിഭാഗങ്ങളുടെ വിസ്തീർണ്ണം പട്ടിക 5-1 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5.1

ഭൂപ്രകൃതി മേഖലകൾ വിസ്തീർണ്ണം ഹെക്ടറിൽ

| നീർമറി പ്രദേശം | കുന്നിൻപുറം | ചെ.ചരിവ് | വലിയ ചരിവ് | താഴ്വര | കായൽ | ആകെ | % |
|---|---|---|---|---|---|---|---|
| 1 | 32.76 | 75.52 | | 32.76 | | 141.04 | 5.80 |
| 2 | 53.04 | 219.04 | 23.03 | 21.20 | 18.72 | 335.03 | 13.71 |
| 3 | 155.26 | 196.52 | 316.66 | | 337.53 | 1005.97 | 41.19 |
| 4 | 64.60 | 542.29 | 27.16 | 142.16 | 90.63 | 866.84 | 35.49 |
| 5 | 23.72 | 69.40 | | | | 93.12 | 3.81 |
| | | | | ആകെ | | 2442.00 | 100 |

നീർമറി പ്രദേശം

- 1. പച്ചംകുളം നീർമറിപ്രദേശം
- 2. ആലത്തൂർ നീർമറിപ്രദേശം
- 3. പനപ്പെട്ടി നീർമറിപ്രദേശം
- 4. ചേലൂർകായൽ നീർമറി പ്രദേശം
- 5. ആര്യൻപാടം നീർമറിപ്രദേശം

കല്ലട ജലസേചന പദ്ധതിയുടെ കനാലുകൾ ഒട്ടുമിയ്ക്ക വാർഡുകളിലും എത്തിയിട്ടുണ്ട്. കനാലിന്റെ ആകെ നീളം 16.62 കി.മീറ്ററാണ്. ഇതിൽ 9.04 കി.മീ. ആണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. ചെറുതും വലുതുമായി 20 കുളങ്ങളാണ് പഞ്ചായത്തിലുള്ളത്. (പട്ടിക 6) ഇതിൽ ഭൂരിഭാഗം കുളങ്ങളും വറ്റാത്തതും വളരെ നല്ല ജലസ്രോതസ്സുള്ളവയുമാണ്. ഇപ്പോൾ സാധാരണയായി കുളിയ്ക്കുവാനും മറ്റ് ആവശ്യങ്ങൾക്കുമാണ് ഈ കുളങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇവയുടെ വിശദ വിവരങ്ങൾ പട്ടിക 6 ൽ കൊടുത്തിരിക്കുന്നു. കുളങ്ങളുടെ വാർഡുതോറുമുള്ള വിന്യാസം ചിത്രം 1-ൽ കൊടുത്തിരിക്കുന്നു.




ഭൂപടം 7 76°37' SOURCE PRM PROGRAMME CESS 76°40'

പട്ടിക 6

| നമ്പർ | കുളങ്ങളുടെ പേര് | വാർഡ് | വറ്റുന്നത്/വറ്റാത്തത് |
|---|---|---|---|
| 1. | പച്ചക്കുളം | 1 | വറ്റുന്നതല്ല |
| 2. | ആലത്തൂർ ക്കുളം | 2 | വറ്റുന്നതല്ല |
| 3. | ചിറ്റിലമ്പാട്ട് ചിറ | 3 | വറ്റുന്നതല്ല |
| 4. | കണ്ടൻ കുളം | 4 | വറ്റുന്നതല്ല |
| 5. | കലയൻ കുളം | 4 | വറ്റുന്നതല്ല |
| 6. | കൊല്ലക കുളം | 4 | വറ്റുന്നതല്ല |
| 7. | കടുക്കാവ് കുളം | 4 | വറ്റുന്നതല്ല |
| 8. | അട്ടച്ചിറ | 5 | വറ്റുന്നതല്ല |
| 9. | ഉടയൻ കുളം | 5 | വറ്റുന്നതല്ല. |
| 10. | തൊണ്ടുകുളം | 5 | വറ്റുന്നതല്ല. |
| 11. | മുസിലിയാർ കുളം | 6 | വറ്റുന്നതല്ല. |
| 12 | കുഴികുളം | 10 | വറ്റുന്നത്. |
| 13. | മാധവശേരിക്കുളം | 10 | വറ്റുന്നതല്ല. |
| 14. | ചേരിയിൽ കുളം | 10 | വറ്റുന്നതല്ല. |
| 15. | കീഴൂട്ടുകുളം | 10 | വറ്റുന്നതല്ല |
| 16. | മഴുത്തറ കുളം | 10 | വറ്റുന്നതല്ല |
| 17. | മുതുപിലാക്കാട് ചിറ | 10 | വറ്റുന്നതല്ല. |
| 18. | പൂഴികുളം | 10 | വറ്റുന്നതല്ല. |
| 19. | ചേന്നംകുളം | 12 | വറ്റുന്നതല്ല. |
| 20 | മുണ്ടുചിറ | 8 | വറ്റുന്നത്. |

ഏതാണ്ട് 75% ത്തോളം വീടുകളിലും കിണറിൽനിന്നുള്ള ജലമാണ് കുടിക്കാനും മറ്റും ഉപയോഗിക്കുന്നത്. ഏകദേശം 6000 കിണറുകളോളം പഞ്ചായത്തിൽ ഉണ്ട്. ഏറ്റവും കൂടുതൽ കിണറുകൾ ഉള്ളത് പത്താം വാർഡിലാണ്. ഏറ്റവും കൂടുതൽ വറ്റാത്ത കിണറുകളും ഉള്ളത് ഈ വാർഡിൽ തന്നെയാണ്. ഏറ്റവും കൂടുതൽ വറ്റുന്ന കിണറുകൾ ഉള്ളത് പനപ്പെട്ടി, സിനമാപറമ്പ്, ഭരണിക്കാവ്, മുതുപിലാക്കാട്, ഊക്കൻമുക്ക്, കരിംതോട്ടുവാ മുതലായ പ്രദേശങ്ങളിലാണ്. മനക്കര, സിനിമാപറമ്പ്, കരിംതോട്ടുവാ എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണർ വീതം ഉണ്ട്. ഇതിൽ കരിംതോട്ടുവായിൽ ഉള്ളത് മാത്രമാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത്. പഞ്ചായത്തിൽ രണ്ടു നീർ ഉറവകൾ ഉണ്ട്. 10-ാം വാർഡിലെ " ചുഴലിക്കര" നീരുറവയും " കുഴിക്കുളം "നീരുറവയും. ഇതു രണ്ടും വേനൽ സമയത്തും വറ്റിപ്പോകാത്ത നല്ല ജലസ്രോതസ്സുകളാണ്.

പൊതുവായ ജല ലഭ്യത പരിശോധിച്ചു നോക്കിയാൽ ഭൂരിഭാഗം പ്രദേശത്തും മിതമായ രീതിയിൽ വെള്ളം കിട്ടുന്ന പ്രദേശമാണെന്ന് കാണുവാൻ സാധിക്കും. (ഭൂപടം 8). വളരെകുറച്ച് ഭൂഗർഭജലം ലഭിക്കുന്ന പ്രദേശം ഏതാണ്ട് 109.2 ഹെക്ടർ വരും. ജലക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന പനപ്പെട്ടി, സിനിമാപറമ്പ്, മുതുപിലാക്കാട്, ഊക്കൻമുക്കും പരിസരപ്രദേശങ്ങളും, കരിംതോട്ടുവാ എന്നീ സ്ഥലങ്ങളാണ് അതിൽ ഉൾപ്പെടുന്നത് ജലലഭ്യത കൂടിയ പ്രദേശം കൂടുതലും താഴവരകളാണെന്ന് ഭൂപടത്തിൽ നിന്ന് മനസ്സിലാക്കാം. 206.12 ഹെക്ടർ വിസ്തീർണ്ണത്തിൽ ഈ പ്രദേശം കാണപ്പെടുന്നു. ഇത് പഞ്ചായത്തിന്റെ 8.44 ശതമാനം മാത്രമാണ്. ഓരോ പ്രദേശത്തിന്റെയും വിസ്തീർണ്ണം പട്ടിക 7ൽ കൊടുത്തിരിക്കുന്നു.

വാർഡു തോറുമുള്ള കുളങ്ങളുടെ വിന്യാസം.




ചിത്രം-1

1993 ൽ അനുഭവപ്പെട്ട താപ നില ഡിഗ്രി സെൽഷ്യസിൽ




ചിത്രം -4

ആപേക്ഷിക ആർദ്രത ശതമാനത്തിൽ




ചിത്രം 5

മൺതരം.




ചിത്രം-6 SOURCE PRM PROGRAMME-CESS

പട്ടിക 7

| ഭൂഗർഭജലലഭ്യത | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| തീരെകുറഞ്ഞപ്രദേശങ്ങൾ | 109.20 | 4.47 |
| മിതമായ പ്രദേശങ്ങൾ | 2126.68 | 87.09 |
| കൂടിയ പ്രദേശങ്ങൾ | 206.12 | 8.44 |
| ആകെ | 2442.00 | 100.00 |

Source PRM Programme - CESS

## കാലാവസ്ഥ

മഴയും മഞ്ഞും വെയിലുമൊക്കെ ഏതാണ്ട് ഒരേ അളവിൽ ഇടകലർന്ന് അനുഭവപ്പെടുന്ന ഒരു പ്രദേശമാണിത്. ജൂൺ, ജൂലൈ മാസങ്ങളിൽ കൂടുതൽ മഴയും മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കൂടുതൽ താപനിലയും അനുഭവപ്പെടുന്നു. ആപേക്ഷിക ആർദ്രത കൂടിയ അന്തരീക്ഷമാണ് ഈ പ്രദേശത്ത്. D é jn Gdó ꠸xm ꠆ejC 32°Cനും 36°C നും മദ്ധ്യേ അനുഭവപ്പെടുന്നു.

വർഷത്തിൽ ശരാശരി 2564 മി. മീറ്റർ മഴ ലഭിക്കുന്നു. സാധാരണയായി രണ്ടുഘട്ടങ്ങളിലായിട്ടാണ് കൂടുതൽ മഴ ലഭിക്കുന്നത്. ഇത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളടങ്ങിയ തെക്കുപടിഞ്ഞാറൻ മൺസൂൺ സമയങ്ങളിലും, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളടങ്ങിയ വടക്കുകിഴക്കൻ മൺസൂൺ സമയങ്ങളിലുമാണ്. സാധാരണയായി ഒരു വർഷത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ് (ചിത്രം 2) 1995 ജൂലൈ മാസത്തിൽ ലഭിച്ച മഴ 435.4 മി. മീറ്ററാണ്. 1991 മുതൽ 1995 വരെ നമ്മുടെ പ്രദേശത്ത് ലഭിച്ച മഴയുടെ അളവ് പരിശോധിച്ചാൽ 91 ജൂൺ മാസത്തിലാണ് നമുക്ക് ഏറ്റവും കൂടുതൽ മഴലഭിച്ചിരിക്കുന്നത് എന്ന് കാണാം. (ചിത്രം 3) ഒരു വർഷത്തിൽ ലഭിച്ച മഴയുടെ ശരാശരി അളവുനോക്കിയാൽ 1992 ലാണ് ഏറ്റവും കൂടുതൽ മഴലഭിച്ച വർഷം. 3223.4 മി. മീറ്ററാണ് പ്രസ്തുത വർഷത്തിൽ ലഭിച്ചമഴ. പിന്നീട് 1995 വരെയുള്ള വർഷങ്ങളിൽ മഴയുടെ വാർഷിക ശരാശരി കുറഞ്ഞാണ് വന്നിട്ടുള്ളത്. കേരളത്തിൽ ഒരു വർഷത്തിൽ ലഭിക്കുന്ന മഴയുടെ ശരാശരി അളവുമായി തട്ടിച്ചു നോക്കിയാൽ നമ്മുടെ പ്രദേശത്തെ മഴയുടെ അളവ് കുറവാണ്.

സാധാരണയായി അന്തരീക്ഷ ഊഷ്മാവ് കൂടുതലായി അനുഭവപ്പെടുന്നത് മാർച്ച് - ഏപ്രിൽ മാസങ്ങളിലാണ്. ഈ സമയങ്ങളിൽ കൂടിയ താപനില 36°C-37°C മദ്ധ്യേ ഉയരുന്നു. കുറഞ്ഞ താപനില 24°C - 25°C മദ്ധ്യേയും ആയിരിക്കും. കുറഞ്ഞചൂട് അനുഭവപ്പെടുന്നത് ഡിസംബർ ജനുവരി മാസങ്ങളിലാണ്. ഈ സമയത്തെ കൂടിയ താപനില 32°C - 33°C മദ്ധ്യേയും കുറഞ്ഞ താപനില 19°C - 20°C നും മദ്ധ്യേയും അനുഭവപ്പെടുന്നു. വടക്കൻ കേരളത്തെ അപേക്ഷിച്ച് ചൂട്കുറഞ്ഞ പ്രദേശമാണ് ഇത്. ചിത്രം 4 ൽ വിവിധമാസങ്ങളിൽ അനുഭവപ്പെടുന്ന കൂടിയതും കുറഞ്ഞതുമായ അന്തരീക്ഷ ഊഷ്മാവിന്റെ വിശദവിവരങ്ങൾ കൊടുത്തിരിക്കുന്നു. 1990 മുതൽ 1994 വരെയുള്ള താപനില (പട്ടിക 8) പരിശോധിച്ചാൽ ഇത്രയും നാളുകൾക്കിടയിൽ 1992 മാർച്ച് മാസത്തിലാണ് ഏറ്റവും കൂടുതൽ അന്തരീക്ഷ ഊഷ്മാവ് ( 38.5) ഉണ്ടായിരുന്നത് എന്ന് കാണാം. കൂടിയ താപനില ഏറ്റവും കുറഞ്ഞിരിക്കുന്നത് 1993 ലെ ജൂലൈ മാസത്തിലും ആണ്.

അന്തരീക്ഷത്തിലുള്ള ബാഷ്പകണങ്ങളുടെ ശതമാനമാണ് അന്തരീക്ഷ ആപേക്ഷിക ആർദ്രത. ഇത് രാവിലെ സമയത്ത് കൂടിയും പിന്നീട് അന്തരീക്ഷ ഊഷ്മാവ് കൂടുന്നതിനനുസരിച്ച് കുറയുകയും ചെയ്യുന്നു. രാത്രി സമയത്ത് താപനില കുറയുന്നതിനാൽ ജലകണികകൾ ഒരുമിച്ചുകൂടി താഴോട്ട് പതിക്കുന്നു. ഈ പ്രവർത്തനം രാത്രി മുഴുവൻ നടക്കുന്നതിനാലാണ് രാവിലെ സമയത്ത് ആപേക്ഷിക ആർദ്രത കൂടിയിരിക്കുന്നത്. പഞ്ചായത്തിലെ ശരാശരി ആപേക്ഷിക ആർദ്രത രാവിലെ 8.30 ന് 87 ശതമാനവും വൈകുന്നേരം 5.30 ന് 75 ശതമാനവും ആണ്. പഞ്ചായത്തിൽ അനുഭവപ്പെടുന്ന ആപേക്ഷിക ആർദ്രതയുടെ വിശദാംശങ്ങൾ പട്ടിക 9 ലും ചിത്രം 5ലും കൊടുത്തിരിക്കുന്നു.

## പാരിസ്ഥിതി ബന്ധിത അവലോകനം

ശാസ്താംകോട്ട കായലിനു ചുറ്റുമുള്ള ഭാഗവും ചേലൂർകായലിനു കിഴക്കുവശം കുറച്ചുഭാഗവും 5 ഡിഗ്രി മുതൽ 10 ഡിഗ്രി വരെ ചരിഞ്ഞ പ്രദേശങ്ങളാണ് ഈ ഭാഗങ്ങളിൽ മണ്ണൊലിപ്പിനുള്ള സാദ്ധ്യത കൂടുതലാണ്. ഈ ഭാഗങ്ങളിൽ മരച്ചീനി മുതലായവ കൃഷിചെയ്യുന്നതൊഴിവാക്കി കഴിയുന്നതും ദീർഘകാല വിളകൾ കൃഷിചെയ്യണം. ഈ ചരിവിൻ പ്രദേശത്തുനിന്നും മണ്ണൊലിച്ച് കായലിൽ വീഴു

1991 മുതൽ 95 വരെ ലഭിച്ച മഴ മി. മീറ്ററിൽ




ചിത്രം - 3

1995-ൽ ലഭിച്ച മഴ മി. മീറ്ററിൽ




ചിത്രം - 2

ന്നതുമൂലം സാവധാനം കായൽ നികന്നുകൊണ്ടിരിക്കുകയാണ്. പുൽകൃഷി, കൈത, ഔഷധസസ്യങ്ങൾ എന്നിവയും, മേൽപറഞ്ഞ കൃഷിവിളകൾ നട്ടുപിടിപ്പിച്ചും, ഈടികെട്ടിയും ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താനാവും.

പെരുവേലിക്കര വാർഡിൽ പുത്തൻപുരഭാഗം ചെളികുഴിച്ചെടുത്ത് വെള്ളക്കെട്ടായിക്കിടക്കുന്നു. കല്ലട ആറ്റിനോട് ചേർന്ന് കിടക്കുന്ന ഭാഗമാണ് ഇത്. 1992 ൽ കാലവർഷ സമയത്ത് ഈ ഭാഗത്ത് ബണ്ട് പൊട്ടിയതുമൂലം വെള്ളപ്പൊക്കമുണ്ടാവുകയും വെള്ളം 2 കി. മീറ്റർ പഞ്ചായത്തിന്റെ ഉള്ളിലേക്ക് കയറുകയും ചെയ്തു. പ്രസ്തുത ഭാഗം മണ്ണിട്ട് നികത്തി വേണ്ടവിധത്തിൽ സംരക്ഷിച്ചില്ലെങ്കിൽ ഇതുപോലെയുള്ള സംഭവങ്ങൾ ഇനിയും ആവർത്തിക്കാൻ ഇടയുണ്ട്. മണൽവാരൽ പുത്തൻപുരഭാഗം ചീക്കകടവ് എന്നീ ഭാഗങ്ങളിൽ ഉണ്ട്. ജലദൗർലഭ്യം, മണ്ണിടിച്ചിൽ ഇതുപോലെയുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുന്ന ഈ പ്രവർത്തനം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്.

ധാരാളം തോടുകളും കല്ലട ജലസേചന പദ്ധതിയുടെ കനാലുകളും പഞ്ചായത്തിൽ ഉണ്ടെങ്കിലും ജലസേചന പദ്ധതികളില്ലായ്മ ഇവിടുത്തെ ഒരു പ്രധാന പ്രശ്നം തന്നെയാണ്. ആകെ 16.62 കി.മീ. കനാൽ നിലവിലുള്ളതിൽ 9.04 കി.മീ. മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളു. തോടുകൾ സംരക്ഷിച്ചും പ്രവർത്തനരഹിതമായി കിടക്കുന്ന കനാലുകൾ വൃത്തിയാക്കി കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ നടത്തി ഇവയെ പ്രവർത്തനക്ഷമമാക്കിയും ജലസേചന സൗകര്യം വർദ്ധിപ്പിക്കാവുന്നതാണ്. ഇപ്പോഴുള്ള കൃഷിവിളകളുടെ ഉല്പാദനം ഗണ്യമായ രീതിയിൽ വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമായിരിക്കും.

പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളിൽ ഭൂരിഭാഗവും വറ്റാത്തവയാണ്. നല്ല ജലസ്രോതസ്സുകളായ ഇവ വേണ്ടവിധത്തിൽ സംരക്ഷിച്ച് ഉപയോഗിക്കുകയാണെങ്കിൽ ഒരുപക്ഷേ പഞ്ചായത്തിനുവേണ്ട ജലസേചനസൗകര്യം തന്നെ ഒരു പരിധിവരെ ഈ കുളങ്ങളിൽ നിന്ന് കണ്ടെത്തുവാൻ സാധിക്കും. ഇപ്പോൾ ഈ കുളങ്ങൾ കുളിക്കാനും മറ്റാവശ്യങ്ങൾക്കുമാണുപയോഗിക്കുന്നത്.

പഞ്ചായത്തിൽ പൊതുവെ കുടിവെള്ളക്ഷാമം നിലവിലുണ്ട്. ഉപയോഗ ശൂന്യമായ കുഴൽ കിണറുകൾ നന്നാക്കി അവയെ ഉപയോഗപ്രദമാക്കണം. അതുപോലെ നീരുറവകൾ സംരക്ഷിച്ച് അവയിലെ ജലവും ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിൽ ഭാഗികമായി മാത്രം നിലവിലുള്ള ശുദ്ധജലവിതരണ സംവിധാനം എല്ലാഭാഗങ്ങളിലേക്കും എത്തിക്കുക. പ്രത്യേകിച്ച് കുടിവെള്ളക്ഷാമം രൂക്ഷമായ സിനിമാപറമ്പ്, പനപ്പെട്ടി, മുതുപിലാക്കാട്, കരിംതോട്ടുവാ പോലെയുള്ള പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കണം.

ചേലൂർ കായലിൽ വേണ്ടവിധത്തിലുള്ള സംവിധാനങ്ങൾ ചെയ്തെടുത്താൽ മീൻകൃഷിയ്ക്ക് അനുയോജ്യമായ സ്ഥലമാണ്. അതുപോലെ തന്നെ മീൻവളർത്തലിന് ഉചിതമായ ഒരു വെള്ളക്കെട്ടാണ് ചെറുമൻകോട് പ്രദേശത്തുള്ളത്.

ചേലൂർ കായലിൽ നിന്നും ഉത്ഭവിക്കുന്ന തോടുകൾ കല്ലടയാറ്റിൽ അവസാനിക്കുന്നു. പക്ഷേ, മഴക്കാലത്ത് ആറ്റിലെ ജലനിരപ്പുയരുമ്പോൾ ആറ്റിൽ നിന്നും വെള്ളം ശക്തിയായി തോടുകളിലേക്ക് കയറുകയും രണ്ടുഭാഗങ്ങളിലേക്കും ജലത്തിന് ഒഴുകിപ്പോകുവാൻ സൗകര്യം ഇല്ലാത്തതിനാൽ ജലം ഈ തോടുകളിൽ നിന്നും കരകവിഞ്ഞൊഴുകി വെള്ളക്കെട്ടായി മാറുകയും കൃഷി നശിക്കുകയും ചെയ്യുന്നു. പെരുവേലിക്കര കരിംതോട്ടുവാ ഭാഗത്താണ് ഈ അവസ്ഥ നിലവിലുള്ളത്. ഇങ്ങനെയുള്ള അവസരങ്ങളിൽ വെള്ളം പമ്പുചെയ്ത് കല്ലടയാറ്റിൽ കളഞ്ഞാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമാകും.

കല്ലടയാറ്റിന്റെ തീരത്ത് പെരുവേലിക്കര, കരിംതോട്ടുവാ വാർഡുകളിൽ മണ്ണിടിയുന്നുണ്ട്. നാടിനും നാട്ടുകാർക്കും ഒരുപോലെ ഭീഷണിയാകുന്ന ഈ പ്രശ്നം പരിഹരിക്കാൻ കല്ലടയാറ്റിന്റെ തീരങ്ങളിൽ ഭിത്തികെട്ടേണ്ടത് അത്യാവശ്യമാണ്.

ഓരോ പ്രദേശത്തിനും അതിന്റേതായ പ്രശ്നങ്ങളും പ്രത്യേകതകളുമാണ് ഉണ്ടായിരിക്കുക. അതുകൊണ്ട് എല്ലായിടത്തും ഒരു പോലെയുള്ള വികസനപ്രവർത്തനങ്ങൾ നടത്തിയാൽ അത് എത്രകണ്ട് വിജയിക്കുമെന്ന് പറയുക അസാധ്യമാണ്. ഇവിടെയാണ് പ്രാദേശിക സത്യങ്ങൾ അറിയുന്നതിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്. ഓരോ പ്രദേശത്തിന്റേയും വിഭവങ്ങളെ നല്ലതുപോലെ അറിഞ്ഞ് അവിടുത്തെ പ്രശ്നങ്ങളുമായി കൂട്ടിയിണക്കി ആസൂത്രണം ചെയ്യുന്ന വികസനപ്രവർത്തനങ്ങൾ മാത്രമേ വിജയിക്കുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ.




ഭൂപടം-4

SOURCE PRM PROGRAMME - CESS.




ഭൂപടം-5

SOURCE PRM PROGRAMME - CESS

## ജനപ്രകൃതി

ശാസ്താംകോട്ട പഞ്ചായത്തിലെ 1991 ലെ കാനേഷുമാരി കണക്കു പ്രകാരം മൊത്തം ജനസഖ്യ 29573 ആണ്. ഇതിൽ 14658 പുരുഷന്മാരും 14915 സ്ത്രീകളുമാണ്. പുരുഷന്മാരെ അപോഷിച്ച് 257 സ്ത്രീകൾ കൂടുതലാണ്. കേരളത്തിലെ ആൺ പെൺ അനുപാതം 1000 പുരുഷന്മാർക്ക് 1036 സ്ത്രീകളാണ്. ശാസ്താംകോട്ട പഞ്ചായത്തിൽ ഈ അനുപാതം 1000 പുരുഷന്മാർക്ക് 1018 സ്ത്രീകളാണ്. കേരളത്തിന്റെ ജനസാന്ദ്രത ച.കി.മീ ന് 769 ആണ്. കൊല്ലം ജില്ലയിലേത് ച.കി.മീ ന് 967 ആണ്. പട്ടികജാതി ജനസഖ്യ ഈ പഞ്ചായത്തിൽ 4547 ആണ്. ഇതിൽ 2229 പുരുഷന്മാരും 2318 സ്ത്രീകളും ഉൾപ്പെടുന്നു.

"അതി ബലവാനു ലഭിക്കുന്നത്ര സൗകര്യം
അതി ദുർബലനും ലഭിക്കണമെന്നുള്ളതാണ്
ജനാധിപത്യത്തെക്കുറിച്ചുള്ള എന്റെ സങ്കല്പം."

ഗാന്ധിജി. ഹരിജൻ. 18-05-1940.



# കൃഷിയും ജലസേചനവും

ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയാണ് മുഖ്യ കൃഷി. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗ്രാമത്തിലെ ഭൂമിയുടെ എൺപത് ശതമാനം ഏതാനും ജന്മി കുടുംബങ്ങളുടെ കൈവശമായിരുന്നു. ജന്മി - കൂട്ടുകുടുംബ വ്യവസ്ഥയിൽ വന്ന മാറ്റത്തിനും ജനസംഖ്യാ വർദ്ധനവിനും അനുക്രമമായി ഭൂ ഉടമസ്ഥത വിഭജിക്കപ്പെട്ടു. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നപ്പോൾ ഗ്രാമത്തിൽ അവശേഷിച്ച ഏക ഭൂ പ്രഭു തങ്ങൾകുഞ്ഞ് മുസലിയാർ ആയിരുന്നു.

ഗ്രാമത്തിലെ മൊത്തം ഭൂമിയുടെ പകുതിയിൽ കൂടുതൽ പുരയിടമാണ്. നിലം തീരെ കുറവും. സർക്കാർ തലത്തിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിൽ വരുന്നതിന് ദശാബ്ദങ്ങൾക്കുമുമ്പേ ഇവിടുത്തെ കർഷക കാരണവന്മാർ സംഘകൃഷി ആരംഭിച്ചിരുന്നു.

പഞ്ചായത്തിലെ ഭൂഉടമസ്ഥതയിൽ 94%വും ഒരേക്കറിനു താഴെ മാത്രം ഭൂമിയുള്ളവരാണ്. കൃഷിയിൽ താല്പര്യം ഇല്ലാത്തവരും, മറ്റുവരുമാന മാർഗ്ഗങ്ങൾ ഉള്ളവരുമായ ഭൂ ഉടമകളിൽ നിന്നും കർഷകർ പുരയിടം 'മേലടി'യെന്നറിയപ്പെടുന്ന പാട്ടവ്യവസ്ഥയിലെടുത്തു കൃഷിചെയ്യുന്നു. രണ്ടോ നാലോ ഏക്കർ ഭൂമി നിരവധി കർഷകർ ചേർന്ന് പങ്കുവച്ചാണ് കൃഷി ചെയ്യുന്നത്. ഒന്നിച്ചുള്ള വിത്തിറക്കും വിളപാലനവുമെന്ന കൂട്ടുകൃഷിരീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

പട്ടിക 1

| | ഇനം | വിസ്തീർണ്ണം (ഏക്കർ) | ശതമാനം |
|---|---|---|---|
| 1. | പുരയിടം | 3882.60 | 64.12 |
| 2. | നിലം | 834.94 | 13.83 |
| 3. | പുറംപോക്ക് | 1287.00 | 21.55 |
| 4. | തരിശ് | 330.35 | 0.50 |
| | ആകെ | 6834.89 | 100 |

അവലംബം BT രജിസ്റ്റർ, ശാസ്താംകോട്ട വില്ലേജ് ഓഫീസ്.

ഭൂ ഉടമകൾ റബ്ബർകൃഷിയ്ക്ക് ഭൂമി തിരിച്ചെടുത്തു തുടങ്ങിയതോടുകൂടി ഭക്ഷ്യോല്പാദനം ഗണ്യമായി കുറയാൻ തുടങ്ങി. ആദ്യകാലത്ത് മരച്ചീനി, നെല്ല്, വാഴ എന്നിവ ഒന്നിനുപുറകെ ഒന്നായോ ഇടകലർത്തിയോ കൃഷിചെയ്തിരുന്നു. പലതരം കൃഷികൾ കർഷകന്റെ വീട്ടുമുറ്റത്തും വളപ്പിലും വിളഭൂമിയിലും നിറഞ്ഞുനിന്നപ്പോൾ കാർഷികകീടങ്ങൾ വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നില്ല. ഹരിതവിപ്ലവത്തെത്തുടർന്ന് ഒരേ പുത്തൻ വിത്തിനം തന്നെ തുടർച്ചയായി കൃഷിചെയ്തപ്പോൾ കീടങ്ങൾ പെരുകി. ഉല്പാദന വർദ്ധനവിന് രാസവളങ്ങളും കീടങ്ങളെ തുരത്താൻ രാസകീടനാശിനികളും അമിതമായി ഉപയോ

ഗിച്ചത് പരിസ്ഥിതി തകർച്ചയ്ക്കു കാരണമായി. മണ്ണിന്റെ ജൈവസമ്പത്തു കുറഞ്ഞു. അതിന്റെ ലവണത്വം വർദ്ധിച്ചു. നമ്മുടെ മുഖ്യവിള തെങ്ങാണ്. ഒരു വിളയെ മാത്രം ശ്രദ്ധിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻശ്രമിച്ചപ്പോൾ പ്രാദേശികകാർഷിക വ്യവസ്ഥയുടെ സംതുലിതാവസ്ഥയ്ക്കു കോട്ടംതട്ടി. നെല്ല്, മരച്ചീനി, പയർവർഗ്ഗങ്ങൾ എന്നിവയുടെ വിളവിസ്തൃതി കുറഞ്ഞു. ജലസേചന സൗകര്യക്കുറവാണ് കാർഷികമേഖലയിലെ മുരടിപ്പിന് മറ്റൊരു കാരണം. ഭൂമി തുണ്ടുകളായി വിഭജിച്ചിരിക്കുന്നതും ശാസ്ത്രീയമായ കൃഷിരീതി നടപ്പാക്കുന്നതിന് തടസ്സമായിട്ടുണ്ട്. (പട്ടിക 1 കാണുക) വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നവും റോഡുകളുടേയും മറ്റും വികസനവും കൃഷിഭൂമിയുടെ വിസ്തൃതി അതിവേഗത്തിൽ കുറയ്ക്കുന്നു. 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 29563 ആണ്. ജനസാന്ദ്രത ഒരു ചതുരശ്ര കി. മീറ്ററിന് 1211 (സംസ്ഥാന നിരക്ക് 749 ആണ്).

ഗ്രാമത്തിലെ ഭക്ഷ്യവിളകളിൽ 60% ഉല്പാദിപ്പിക്കുന്നത് മുതുപിലാക്കാട്ടാണ്. ഇവിടെ കൃഷിഭൂമിയുടെ പകുതിയിൽ കൂടുതൽ ഭാഗത്ത് റബ്ബർകൃഷി വ്യാപിച്ചിരിക്കുന്നു. മറ്റുവാർഡുകളിലും റബ്ബർ കൃഷി വ്യാപിക്കുകയാണ്. ഭൂ വിനിയോഗരീതിയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം ഭക്ഷ്യകാർഷിക മേഖലയിൽ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളാണ് വരുംനാളുകളിൽ നേരിടാനുള്ളത്. കൃഷിയിൽ നിന്നുള്ളവരുമാനത്തെ മാത്രം ആശ്രയിച്ചുജീവിക്കുന്ന കുടുംബങ്ങൾ 35%മത്രെ. ഭൂരിപക്ഷം പേരും കൃഷിയോടൊപ്പം മറ്റു തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു.

## ഭൂ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ

### പട്ടിക 2

| ഭൂ ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| 1-10 സെന്റ് | 10-25 സെന്റ് | 25-50 സെന്റ് | 50-100 സെന്റ് | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കർ |
| 9436 | 6028 | 4070 | 19.1 | 1008 | 192 | 27 |

അവലംബം BT രജിസ്റ്റർ, ശാസ്താംകോട്ട വില്ലേജ് ഓഫീസ്.

മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് പൊതുവെ. പ്രകൃതിതന്ന സമൃദ്ധമായ ജല സ്രോതസ്സുകൾ നിരവധിയുണ്ടെങ്കിലും വെള്ളം വിളഭൂമിയിൽ എത്തിക്കാനുള്ള പദ്ധതികളൊന്നുമുണ്ടായിട്ടില്ല. ജലസേചനത്തിന് 150 കിണറുകളും 120 ചെറുകിട പമ്പുസെറ്റുകളും പഞ്ചായത്തിൽ ഉണ്ടെന്ന് കൃഷിഭവൻ രേഖകളിൽ പറയുന്നു. കിണറുകളെ പൂർണ്ണമായും ജലസേചനത്തിന് ആശ്രയിക്കാൻ കഴിയാത്ത സ്ഥിതിയാണ്. വേനൽകാലങ്ങളിൽ ഉയർന്ന പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പു താഴുകയോ വറ്റിപ്പോവുകയോ ചെയ്യുന്നു.

പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും മേഖലകളിലായി പത്ത് ഏലകളുണ്ട്. ഇവയെല്ലാം ഇരുപൂനിലങ്ങളാണ്. ശാസ്ത്രീയമായ ജലസേചന സംവിധാനങ്ങളില്ല. മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം വിളനാശം, വേനൽകാലത്ത് വരൾച്ചമൂലം വിളംകരിയൽ മിക്കപാടങ്ങളുടേയും സ്ഥിതി ഇതാണ്. ജലസേചന സൗകര്യം ലഭിച്ചാൽ എല്ലാ ഏലകളിലും മൂപ്പുകൃഷി സാധ്യമാകും. ഏലകളുടെ പേരും വാർഡു നമ്പരും പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

പച്ചംക്കുളമാണ് പച്ചംക്കുളത്ത് ഏലായുടെ ഏക ജലസേചന സ്രോതസ് ഇതിലെ വെള്ളം വിസ്തൃതമായ ഏലയുടെ ജലസേചനത്തിനു തികയുന്നില്ല. നെടുന്തറഭാഗത്ത് കടുത്ത ജലക്ഷാമം നേരിടുന്നു. ആലത്തൂർ ഏലയിലേക്കുള്ള കരത്തോടിന്റെ കരുങ്കൽ ഭിത്തിപൊളിഞ്ഞു തോടിലേക്ക് മറിഞ്ഞു കിടക്കുന്നു. തോട്ടിൽ പെയ്ത്തുവെള്ളം ഉൾക്കൊള്ളാനും ജലനിർഗ്ഗമനത്തിനും തടസ്സമുണ്ടാകുന്നു. ഒരു വർഷം മുമ്പാണ് പ്രധാനമന്ത്രിയുടെ പ്രത്യേക സ്ക്രീമിൽ 2,86,000.ക. ചെലവ് ചെയ്ത് തോടിന്റെ നിർമ്മാണം നടത്തിയത്. ആലത്തൂർകുളം ജലസേചനത്തിനു ഉപയോഗപ്പെടുത്താനായിട്ടില്ല. മനക്കര ഏലായുടെ വിവധ ഭാഗങ്ങളിലായി 6 കുളങ്ങളുണ്ട്. വയലും കുളവും തമ്മിൽ ജലസേചന ബന്ധമില്ല. ഏലായ്ക്ക് നടുന്തോടില്ല. ഇതുമൂലം വർഷകാലങ്ങളിൽ പാടത്ത് നീർക്കെട്ട് ഉണ്ടാകുന്നു. പനപ്പെട്ടി ഏലായുമായി ബന്ധപ്പെടുന്ന സ്വാഭാവിക ഉപരിതല ജലസ്രോതസ്സുകളില്ല. ഇടത്തോടിന്റെ വശങ്ങൾ പൊളിഞ്ഞുവീണ് തോട് നികരുന്നു. മുണ്ടൂർക്കോണം ഏലായുടെ മേൽപ്പാടങ്ങളിൽ ജലസേചനസൗകര്യം തീരെയില്ല. ഇവിടെ ജലനിർഗ്ഗമന സൗകര്യം ഇല്ലാത്തതിനാൽ വർഷകാലത്ത് നീർക്കെട്ട് അനുഭവപ്പെടുന്നു. തോടുകളിൽ ചീർപ്പുകളില്ലാത്തതിനാൽ ജലനിയന്ത്രണം അസാധ്യമാണ്. പനപ്പെട്ടി, മുണ്ടൂർക്കോണം, തൊളിക്കൽ ഏലകളിൽ 50% വരെ നിലം നികത്തി.

മിശ്രകൃഷിയ്ക്കായി വിനിയോഗിക്കപ്പെടുന്നു. കേരളത്തിൽ പൊതുവേ കണ്ടുവരുന്ന ഈ പ്രവണത മേൽപറഞ്ഞിട്ടുള്ള മൂന്ന് ഏലകളിൽ മാത്രമാണ് അധികരിച്ച് കാണുന്നത്.

കല്ലടയാറ്റിൽ ജലനിരപ്പുയരുമ്പോൾ ചാഞ്ഞൂട്, പുതുവാക്കൽ, ആര്യൻപാടം എന്നീ ഏലകളിൽ വെള്ളം കയറി കൃഷി നശിക്കുന്നു. ചേലൂർക്കായലിൽ നിന്നും, ആര്യൻ പാടത്തു നിന്നും കല്ലടയാറ്റിലേക്കു തുറക്കുന്ന തോടുകൾ വഴിയാണ് വെള്ളപ്പൊക്ക സമയത്ത് ആറ്റുവെള്ളം തള്ളിക്കയറുന്നത്. ഇതുമൂലം ചേലൂർകായലിലും വെള്ളം പൊങ്ങുന്നു. കർഷകർ തുടർച്ചയായി ഈ കെടുതിയ്ക്ക് ഇരയാവുകയാണ്. ചേന്നംകുളവും കൈത്തോടുകളും ആര്യൻ പാടത്ത് ജലസേചനത്തിന് ഉപകരിക്കുന്നില്ല.

പട്ടിക 3

നിലവിലുള്ള ജലസേചന മാർഗ്ഗങ്ങളും വിസ്തീർണവും (വിസ്തീർണം ഹെക്ടറിൽ)

| വർഷം | 1992 | | 93 | | 94 | | 95 | | 96 | |
|---|---|---|---|---|---|---|---|---|---|---|
| | No | Hc | No | Hc | No | Hc | No | Hc | No | Hc |
| കനാലുകൾ | 5 | 59 | 8 | 65 | 9 | 95 | 10 | 90 | 10 | 90 |
| തോടുകൾ | - | - | - | - | - | - | - | - | - | - |
| കുളങ്ങൾ | 5 | 40 | 5 | 40 | 5 | 40 | 5 | 40 | 5 | 40 |
| കിണറുകൾ | 50 | 6 | 100 | 30 | 120 | 35 | 130 | 38 | 150 | 45 |
| പമ്പുസെറ്റുകൾ | 15 | 6 | 25 | 10 | 75 | 30 | 100 | 40 | 120 | 48 |

അവലംബം ബേസിക് ഡേറ്റ കൃഷിഭവൻ ശാസ്താംകോട്ട

പട്ടി 4

ഏലകളുടെ പേരും വാർഡു നമ്പരും

| No | ഏലകൾ | വാർഡ് |
|---|---|---|
| 1 | പച്ചക്കുളത്ത് ഏല | 1 |
| 2 | ആലത്തൂർ ഏല | 2 |
| 3 | ചിറ്റിലംപാട്ട് ഏല | 3 |
| 4 | മനക്കര ഏല | 4-5 |
| 5 | പനപ്പെട്ടി ഏല | 7 |
| 6 | തൊളിക്കൽ ഏല | 10 |
| 7 | മുണ്ടൂർക്കോണം ഏല | 10 |
| 8 | ചാഞ്ഞൂട് ഏല | 11 |
| 9 | പുതുവാക്കൽ ഏല | 11 |
| 10 | ആര്യൻ പാടം | 12 |

1992 ലെ അതിവർഷത്തിൽ ആറ്റുബണ്ട് മുറിഞ്ഞ് പ്രളയജലം ചേലൂർക്കായൽ കവിഞ്ഞ് 4 കി.മീ. ഉള്ളിലേക്ക് കയറി. നൂറിൽപരം കുടുംബങ്ങളെ താല്ക്കാലികമായി മാറ്റി പാർപ്പിച്ചു. 10,11,12 വാർഡുകളിലെ കൃഷികൾക്ക് വമ്പിച്ച നാശനഷ്ടമുണ്ടായി.

ചേലൂർക്കായലിന്റെ തീരത്ത് 25 H.p മോട്ടറും പമ്പുഹൗസും സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. 1,5,7,10,11 വാർഡുകളിലെ പാടശേഖരങ്ങളിലേക്ക് ഗതാഗതസൗകര്യമില്ല. ഇക്കാരണത്താൽ കർഷകർക്ക് പലവിധബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. വാഹനസൗകര്യം പരിമിതമായ ഏലകളിൽ, മണ്ണിട്ടു നികത്തൽ കുറവാണ്.

വയലുകൾക്കുസമീപം കരയോട് ചേർന്നാണ് കുളങ്ങൾ കാണപ്പെടുന്നത്. മിക്കതും കരിങ്കൽ ഭിത്തി കെട്ടി ബലപ്പെടുത്തിയവയാണ്. ശേഷിച്ചവ ശരിയായ രീതിയിൽ സംരക്ഷിക്കാപ്പെടാത്തതിനാൽ ജീർണതയ്ക്കും ഉറവകൾ വറ്റിപ്പോകലിനും ഇടയാകുന്നു. തോടുകൾ വർഷം തോറും നശിച്ചുകൊണ്ടിരിക്കുകയാണ്. പാടങ്ങൾക്കിടയിലൂടെ പോകുന്ന ചെറുചാലുകൾ പലരും കയ്യേറി സ്വന്തമാക്കിയിരിക്കുന്നു. ഉദാ. മുണ്ടൂർക്കോണം ഏല ആലത്തൂർ ഏല, പഞ്ചായത്തു പണം മുടക്കി ഭിത്തികളും മറ്റും നിർമ്മിക്കുന്ന കുളങ്ങളും തോടുകളും വേണ്ടവിധം ഉപയോഗിക്കുന്നില്ലെന്നത് എടുത്തുപറയേണ്ടുന്ന ഒരു ന്യൂനതയാണ്. ശാസ്ത്രീയമായി കുളങ്ങളെയും തോടുകളെയും ഉപ

യോഗപ്പെടുത്തിയാൽ ഏലകളിലെ ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും.

പഞ്ചായത്തിലെ ഏക പുഞ്ചപ്പാടമാണ് ചേലൂർക്കയലും അതിനോടുചേർന്ന ചതുപ്പുകളും. ഇത് 400 ഏക്കർ വരും. 119 ഏക്കർ കായൽ വെള്ളം കയറിക്കിടക്കുന്നതിനാൽ തരിശിട്ടിരിക്കുകയാണ്. 600 ൽപരം നിലം ഉടമകളുണ്ട്. ഇവരിൽ 15 സെന്റ് മുതൽ 24 ഏക്കർ വരെയുള്ളവരുണ്ട്. 300 പേർ പട്ടികജാതിക്കാരും മറ്റു ദുർബ്ബല വിഭാഗത്തിൽ പെട്ടവരും ഉൾപ്പെടെ ഗവൺമെന്റിൽ നിന്നും 25 സെന്റ് വീതം പതിച്ചുകിട്ടിയവരാണ്. 16 വർഷം മുമ്പാണ് ഇവിടെ അവസാനമായി കൃഷി നടത്തിയത്. 30 വർഷം മുമ്പ് ഫാമിങ് സൊസൈറ്റി (Reg.No.Q373) യുടെ നേതൃത്വത്തിൽ കൂട്ടു കൃഷിചെയ്തിരുന്നു. കറുത്ത എക്കൽമണ്ണ് നിറഞ്ഞ ഈ വയൽ നെൽകൃഷിയ്ക്ക് ഏറെ അനുയോജ്യമായതാണ്. 40 ഏക്കർ വെള്ളക്കെട്ടുഭാഗം പഞ്ചായത്തിനവകാശപ്പെട്ടതാണ്. ഒരിക്കലും വറ്റാത്ത കായലിൽ ധാരാളം മത്സ്യസമ്പത്തുണ്ട്. 9-ാം വാർഡിലെ ചെറുവൻകോട് ചതുപ്പുനിലവും ജലനിർഗ്ഗമന സൗകര്യം കുറവായതിനാൽ തരിശിട്ടിരിക്കുകയാണ്. ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ നിന്നും ബണ്ടിട്ടുവേർതിരിക്കുന്ന ഇത് തടാകത്തിലെ ജലനിരപ്പിനേക്കാൾ താണുകിടക്കുന്നു. 5 ഏക്കർ വരുന്ന ചതുപ്പിന്റെ 35% മണ്ണിട്ടു നികത്തി.

ഭരണിക്കാവ് മുസലിയാർ ഫാമിൽ നീർവാർച്ച സൗകര്യം കുറവാണ്. ഉയർന്ന പരിസരപ്രദേശങ്ങളിൽ നിന്ന് മഴവെള്ളം ഫാമിലെ കുളത്തിലേക്ക് ഒഴുകി എത്തുന്നു. കുളത്തിന്റെ സംഭരണശേഷി കുറവായതിനാൽ അധികജലം ഫാമിന്റെ താഴ്ന്ന ഭാഗങ്ങളിൽ കെട്ടിനിൽക്കുന്നു. വശങ്ങൾ ഇടിഞ്ഞു വീഴുന്നതിനാൽ ഫാമിനു പുറത്തേക്കുള്ള തോടിന്റെ ആഴം കുറഞ്ഞുകൊണ്ടിരിക്കുന്നു. കല്ലട ഇറിഗേഷൻ കനാൽ ഗ്രാമത്തിലെ എല്ലാ വാർഡുകളിലൂടെയും കടന്നുപോകുന്നുണ്ട്. 7,8 വാർഡുകളിൽ കനാൽ പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. ഇതിൽ വെള്ളമില്ല. ശാസ്താംകോട്ട ഫിൽട്ടർ ഹൗസിൽ നിന്നും പുറംതള്ളുന്ന അശുദ്ധജലം ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. രാജഗിരി, കിഴക്കുപുറം, പുന്നക്കാട്, പുന്നമൂട് അംബേദ്കർ ഗ്രാമം, ചക്കംകുഴി, ചാഞ്ഞൂട് തുടങ്ങിയ ചരിവ് കൂടിയ പ്രദേശങ്ങളിൽ പതിയ്ക്കുന്ന മഴവെള്ളം അധികവും ഉപരിതലത്തിലൂടെ ഒഴുകി നഷ്ടപ്പെടുന്നു. തുണ്ടുകളായി തിരിച്ച ഇത്തരം പുരയിടങ്ങളിൽ തീർന്നിട്ടുള്ള മൺകയ്യാലകൾ വെള്ളം മണ്ണിൽ ഊർന്നിറങ്ങാൻ ഒട്ടൊക്കെ ഉപകരിക്കുന്നുണ്ട്. കുത്തനെ ചരിഞ്ഞ പ്രദേശങ്ങളിൽ മൺകയ്യാലകൾ ഫലവത്താകുന്നില്ല. 1,7,8,9,10,11,12 വാർഡുകളിൽ നീർമറിസംരക്ഷണ പദ്ധതി നടപ്പാക്കി വരുന്നു. ശുദ്ധജലതടാകത്തിന്റെ ചരുവ് പ്രദേശങ്ങളിൽ പ്രാവർത്തികമാക്കി വരുന്ന മണ്ണൊലിപ്പ് നിവാരണ പദ്ധതി ഭാഗികമാണ്. പദ്ധതി നടത്തിപ്പിൽ ജനപങ്കാളിത്തമില്ല.

## നെല്ല്

ചെമ്പാവ്, കൊച്ചുവിത്ത്, വല്യവെള്ള, തവളക്കണ്ണൻ, ചേറാടി, അഴിക്കിരാടി, ഞവര എന്നീ സവിശേഷഗുണങ്ങളുള്ള നാടൻ വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. കീടങ്ങളെ നിയന്ത്രിക്കാൻ ചാഴിടെ വിലക്ക്, ചിലന്തിവല കമ്പിൽ കുത്തി നിർത്തൽ, പന്തംകുത്തൽ എന്നീ തനി ഗ്രാമീണമാർഗ്ഗങ്ങളാണ് സ്വീകരിച്ചിരുന്നത്. എലിശല്യത്തിന് തഴമൂളിക്കലും, വിളകൾക്ക് കണ്ണ്ദോഷം കിട്ടാതിരിക്കാൻ കള്ളിപ്പാലക്കൊമ്പ് ഒടിച്ചുകുത്തൽ, പക്ഷികളെ അകറ്റാൻ കോലംനാട്ടൽ, മോഷണം തടയാൻ തൂപ്പ് ഓതിക്കെട്ടൽ എന്നീ പരമ്പര്യ രീതികളും സ്വീകരിച്ചിരുന്നു. പുതിയ വിത്തുകൾ പ്രചാരത്തിൽ വന്നതോടെ രാസവളത്തിന്റെയും കീടനാശിനിയുടെയും ഉപയോഗം വർദ്ധിച്ചു. കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ എള്ള്, പയർ എന്നിവ കൃഷിചെയ്തിരുന്നപ്പോൾ മണ്ണിന്റെ ജൈവാംശം വർദ്ധിച്ചു കണ്ടിരുന്നു. ഇപ്പോൾ കൊയ്ത്തു കഴിഞ്ഞ പാടങ്ങൾ അധികവും അടുത്ത കൃഷിവരെയുള്ള ഇടവേളകളിൽ തരിശിടുകയാണ്. താങ്ങാനാവാത്ത കൃഷിച്ചിലവ്, ജലസേചനത്തിന്റെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷി ഉപേക്ഷിക്കാൻ കർഷകർ നിർബന്ധിതരാകുന്നു. അഞ്ചുവർഷത്തിനുള്ളിൽ നെൽവയലുകളുടെ വിസ്തൃതി 50 ഹെക്ടർ കുറഞ്ഞു.വാഴക്കൃഷിയ്ക്കും, മണ്ണിട്ടുനികത്തി മിശ്ര കൃഷികൾക്കുമാണ് ഈ സ്ഥലങ്ങൾ വിനിയോഗിക്കുന്നത്. പാടശേഖര സമിതികൾ നിർജ്ജീവമാണ്. കൂട്ടുകൃഷിരീതി ഇപ്പോഴില്ല. കർഷക തൊഴിലാളികളുടെ ലഭ്യത എളുപ്പമല്ല. കൂടുതൽ വരുമാനം ലഭിക്കുന്ന കശുവണ്ടി വ്യവസായത്തിലേക്കും നിർമ്മാണമേഖലകളിലേക്കും പരമ്പരാ

ഗത കർഷക തൊഴിലാളികൾ മാറിപ്പോകുന്നു. വിദ്യാസമ്പന്നരായ പുതിയ തലമുറ കൃഷിപ്പണി ആകർഷകമായ തൊഴിലായി കാണുന്നില്ല. കൂലിനിരക്ക് സ്ത്രീകൾക്ക് 60-80ക. പുരുഷന്മാർക്ക് 75-100ക. എന്ന ക്രമത്തിലാണ്. കൂലിനിരക്കിന് പഞ്ചായത്തിൽ ഏകീകൃത രൂപമില്ല. ഒരു ഹെക്ടറിൽ 250 പറയാണ് ശരാശരി ഉത്പാദനക്ഷമത. നമ്മുടെ ആവാസ വ്യവസ്ഥയ്ക്ക് യോജിച്ചതും രോഗകീടങ്ങളെ ഒരു പരിധി വരെ ചെറുക്കാൻ ശേഷിയുമുള്ള നാടൻ വിത്തുകൾ ഇന്ന് കർഷകരുടെ കൈവശമില്ല. പുരയിടങ്ങളിലും വ്യാപകമായി കൃഷിചെയ്തിരുന്ന കൂവരക്, മുതിര എന്നീ വിളകൾ അന്യം നിന്നു.

പട്ടിക 5

ഭൂവിനിയോഗം

നെൽകൃഷി വിളവിസ്തീർണ്ണം (ഹെക്ടറിൽ)

| | 1992 | 93 | 94 | 95 | 96 |
|---|---|---|---|---|---|
| നെല്ല് വിരിപ്പ് | 250 | 238 | 230 | 220 | 202 |
| മുണ്ടകൻ | 259 | 247 | 235 | 225 | 209 |
| പുഞ്ച | 20 | 10 | 10 | 10 | -- |

അവലംബം ബേസിക്ഡേറ്റ കൃഷിഭവൻ ശാസ്താംകോട്ട

## സാധ്യതകളും പരിഹാരങ്ങളും

1. നെൽപ്പാടങ്ങൾ നികത്തുന്നതു തടയാൻ ഭൂവിനിയോഗനിയമം കർശനമാക്കുക.
2. ഓരോ ഏലയ്ക്ക് അനുയോജ്യമായ ശാസ്ത്രീയ ജലസേചന നിർഗമന പദ്ധതിയ്ക്ക് രൂപം നൽകുക.
3. കുളങ്ങളുടെയും തോടുകളുടെയും പുനഃരുദ്ധാരണത്തിനും നടത്തിപ്പിനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
4. ഗ്രൂപ്പുഫാമിംഗ് സംവിധാനം പുനരുജ്ജീവിപ്പിക്കുക.
5. ഗ്രൂപ്പ്ഫാമിംഗ് സംവിധാനം വഴി നല്ല വിത്തുകളും വളവും കീടനാശിനിയും സബ്സിഡിനിരക്കിൽ ലഭ്യമാക്കുക.
6. കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ യഥാസമയം വിതരണം ചെയ്യുക.
7. കുളങ്ങളുടെയും തോടുകളുടെയും നിർമ്മാണത്തിനും പുനഃരുദ്ധാരണത്തിനും അദ്ധ്വാന ശക്തി പ്രാദേശികമായി സമാഹരിക്കാൻ കഴിയണം.
8. ഏലകളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.
9. ചേലൂർ പുഞ്ചയിൽ നെൽകൃഷി ആരംഭിക്കാൻ കർഷക സമിതി രൂപീകരിക്കുകയും പഞ്ചായത്ത് ഇതിനാവശ്യമായ സഹായം നൽകുകയും വേണം.
10. ചേലൂർകായലിലെ റിസർവയറിൽ നിന്നും സമീപ വാർഡുകളിൽ കൃഷിയ്ക്ക് ലിഫ്റ്റ് ഇറിഗേഷൻ വഴി ജലമെത്തിക്കാൻ ചെറുകിട ജലസേചന പദ്ധതിക്കും രൂപം കൊടുക്കണം.
11. കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വാങ്ങാൻ കർഷക സമിതികൾക്ക് പലിശരഹിത വായ്പ ലഭ്യമാക്കുക.
12. കൃഷിഭവനിൽ നിന്നും കർഷകർക്കു നൽകുന്ന സഹായങ്ങൾ കൈവശഭൂമിയുടെ വിസ്തൃതിയ്ക്കനുസരിച്ച് എല്ലാ കർഷകർക്കും വിതരണം ചെയ്യുക.
13. വിളനാശത്തിന് ഇൻഷുറൻസ് ഏർപ്പെടുത്തുക.
14. ചേലൂർക്കായലിലെ വെള്ളക്കെട്ട്ഭാഗം മത്സ്യകൃഷിയ്ക്ക് പറ്റുമെങ്കിൽ സഹകരണ അടിസ്ഥാനത്തിൽ മത്സ്യകൃഷി ആരംഭിക്കാനുള്ള സഹായം ലഭ്യമാക്കണം.
15. ചെറുവൻകോട് ചതുപ്പ് നിലം നെൽകൃഷിയ്ക്ക് ഉപയുക്തമാക്കുക.
16. ശാസ്താംകോട്ട ഫിൽട്ടർ ഹൗസിൽ നിന്നും പുറംതള്ളുന്ന അശുദ്ധജലം സമീപ വാർഡുകളിൽ ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ ചെറുകിട ജലസേചന പദ്ധതികൾക്ക് രൂപം നൽകണം.
17. കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷനുകൾക്ക് മുൻഗണനാ ക്രമം ഒഴിവാക്കേണ്ടതാണ്.

## തെങ്ങ്

ഭൂരിപക്ഷം കർഷകരും നാളികേര കൃഷി മുഖ്യവരുമാനമാർഗ്ഗമായി കാണുന്നില്ല. ഉല്പാദനക്കുറവും വിലയിടിവും ജലസേചനം നടത്താൻ കഴിയാത്തതും കാരണം കൃഷി നഷ്ടത്തിലാണ്. തെങ്ങുകൾ വെട്ടിമാറ്റി റബർ കൃഷി ചെയ്യാൻ കർഷകർ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. അഞ്ചു വർഷത്തിനുള്ളിൽ തെങ്ങുകൃഷിയുടെ വിസ്തൃതി 272 ഹെക്ടർ കുറഞ്ഞു. കേരകൃഷിയെ രക്ഷിക്കാൻ ഉദ്ദേശിച്ചുള്ള സംഭരണ

വും തറവിലയും കർഷകർക്ക് പ്രയോജനം ചെയ്യുന്നില്ല. ശാസ്ത്രീയമായ കൃഷിരീതി പൊതുവെ ഇല്ല. മറ്റ് വിളകളെ അപേക്ഷിച്ച് ഏറ്റവും ചുരുങ്ങിയ പരിചരണമാണ് തെങ്ങിന് നൽകുന്നത്. വിളവ് കുറയുന്നതിനുസരിച്ച് വളപ്രയോഗവും കുറയുന്നു. 20-25 നാളികേരമാണ് പ്രതിശീർഷ ഉല്പാദനം. തെങ്ങുകൾ തമ്മിലുള്ള ഇടയകലം കുറഞ്ഞ തോട്ടങ്ങളിൽ ഉല്പാദനം 15-20 ആയി കുറയുന്നു. രോഗവും പ്രായവും വന്ന തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ വെക്കാനുള്ള കേരവികസന പദ്ധതി ഗ്രാമത്തിൽ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല.

രോഗബാധ കൂടുതലും ഉല്പാദനശേഷികൂടിയ തെങ്ങുകൾക്കാണ്. കൃഷിചെലവുകൾ കൂടുതലാണ്. അതിനാൽ സംരക്ഷണ പ്രവർത്തനങ്ങൾ കുറയുന്നു. പ്രകൃതി കൃഷിയിലൂടെ തെങ്ങിന്റെ അതിജീവനശേഷിയും ഉല്പാദനക്ഷമതയും ഉയർത്താമെന്ന് സിനിമാപറമ്പ് വാർഡിലെ ഒരു കർഷകൻ സ്വന്തം അനുഭവത്തിൽ അവകാശപ്പെടുന്നു.

കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, തെങ്ങോലപ്പുഴു, പൂങ്കുലച്ചാഴി എന്നീ ക്ഷുദ്രപ്രാണികളുടെ ആക്രമണവും കാറ്റ് വീഴ്ചയും തെങ്ങുകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു. ആഹാരം തേടി അലയുന്ന വാനരസംഘം ശാസ്താംകോട്ട, മനക്കര വാർഡുകളിലെ തെങ്ങുകളിൽ നിന്നും മച്ചിങ്ങവരെ പറിച്ചെടുക്കുന്നു.ഈ കവർച്ച സംഘം കർഷകർക്കു ഭീമമായ നഷ്ടമാണ് വരുത്തുന്നത്.

വെളിച്ചെണ്ണയെ മാത്രം ആശ്രയിച്ചുള്ള നമ്മുടെ വിപണനരീതി പരാജയമാണ്. ഉല്പാദനച്ചെലവ് കൂടിയ കേരളത്തിന് കേന്ദ്ര തറവില പ്രയോജനകരമല്ല. മറ്റ് നാളികേരോല്പാദന സംസ്ഥാനങ്ങളിലേതിനേക്കാൾ നികുതി കൂടുതലാണ് കേരളത്തിൽ. സീസൺ അവസാനിക്കുമ്പോൾ തുടങ്ങുന്ന സംഭരണരീതിയാണ് നിലവിലുള്ളത്.

<u>സാധ്യതകളും പരിഹാരനിർദ്ദേശങ്ങളും</u>

1. നല്ലവിലയും വിറ്റഴിക്കാൻ സാധ്യതയുമുള്ള ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കണം.
2. മണ്ണിനും നമ്മുടെ പരിസ്ഥിതിയ്ക്കും ചേർന്ന നല്ല ഉല്പാദനശേഷിയുള്ള തൈകൾ പ്രാദേശികമായി ഉല്പാദിപ്പിക്കാൻ സംവിധാനം വേണം.
3. വാർഡുതലത്തിൽ കേരസംരക്ഷണ സമിതികൾ പുനഃസംഘടിപ്പിക്കണം.
4. രോഗം വന്നതും ഉല്പാദനം നിലച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം തൈ വെയ്ക്കാനുള്ള ധനസഹായം നൽകണം.
5. റബർ കർഷകർക്കുള്ളതുപോലെ അഞ്ചുവർഷത്തേക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും നൽകണം.
6. സീസൺ ആരംഭത്തിൽ തന്നെ സംഭരണം ഫലപ്രദമാക്കേണ്ടതാണ്.
7. കമ്പോളവിലയേക്കാൾ തറവില ഉയർന്നിരിക്കുമ്പോൾ സംഭരണം കാര്യക്ഷമമാക്കണം.
8. ഇതിന് പഞ്ചായത്തടിസ്ഥാനത്തിൽ കേരകർഷക സഹകരണ സംഘം രൂപവത്കരിക്കണം.
9. കേരോത്പാദക സംസ്ഥാനങ്ങളിലെ നികുതി ഏകീകരിക്കണം.
10. തെങ്ങിൻ തോപ്പുകളിൽ ഇടവിളകൃഷി പ്രോത്സാഹിപ്പിക്കണം.
11. ജലസേചനം നടത്താൻ കിണറുകളും പമ്പുസെറ്റുകളും സ്ഥാപിക്കാൻ സഹായം നല്കുക.

## <u>വാഴ</u>

കേരവൃക്ഷം പോലെ അടിമുടി ഉപയോഗിക്കാവുന്നതാണ് വാഴ. നേന്ത്രൻ, നാടൻപൂവൻ, ഞാലിപ്പൂവൻ, കൂമ്പില്ലാക്കണ്ണൻ, പാളയംകോടൻ, കദളി, റോബസ്റ്റ തുടങ്ങിയ വാഴകളാണ് കൃഷിചെയ്യുന്നത്. വാഴക്കുല പ്രധാനമായും പഴമായിട്ടാണ് ഉപയോഗിക്കുന്നത്. നമുക്കാവശ്യമായ വാഴപ്പഴം എല്ലാക്കാലത്തും ഇവിടെ ഉല്പാദിപ്പിക്കാൻ കഴിയുന്നില്ല. കൃഷിയിൽ മുഖ്യസ്ഥാനം നേന്ത്രനാണ്. കരകൃഷി കൂടാതെ വയലുകളിലും കൃഷിചെയ്യുന്നു. നെൽവയലുകൾ വാഴത്തോട്ടങ്ങളായി മാറുകയാണ്. അഞ്ചുവർഷം മുമ്പ് 50 ഹെക്ടർ വയലാണ് വാഴകൃഷിയ്ക്കുപയോഗിച്ചതെങ്കിൽ ഇപ്പോൾ 110 ഹെക്ടറായി വർദ്ധിച്ചിരിക്കുന്നു. കരവാഴകൃഷിയുടെ വിസ്തൃതിയും വർദ്ധിക്കുന്നു. ഊർജ്ജ ആവശ്യത്തിന് കൂടുതലും ഉപയോഗിക്കുന്നത് രാസവളമാണ്. വയലിൽ നിന്ന് ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലും കുലവെട്ടുന്നു. കരയിൽ നിന്നും നവമ്പർ ഡിസംബർ മാസങ്ങളിലും കുലവെട്ടുന്നു. ഉല്പാദനത്തിന് ആദായ വിലകിട്ടുന്നില്ലെന്നതാണ് കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യപ്രശ്നം.

എളുപ്പത്തിൽ കേടുവരുന്ന ഉല്പന്നമാകയാൽ കഴിവതുംവേഗം കിട്ടിയവിലയ്ക്ക് വിറ്റഴിക്കാൻ നിർബന്ധിതരാകുന്നു. ആദായത്തിന്റെ നല്ലൊരു പങ്ക് ഇടത്തട്ടുകാരാണ് നേടുന്നത്. വാഴപ്പഴത്തിന്റെ ഉല്പാദനത്തിനും വിപണനത്തിനുമിടയ്ക്കുള്ള നഷ്ടം 20-50% വരെയാണ്. സീസൺ കാലത്ത് ഉല്പന്നം ശാസ്താംകോട്ട മാർക്കറ്റ് വഴി പുറംനാടുകളിലേക്ക് പോകുന്നു. നമ്മുടെ വിപണിയിൽ തമിഴ്നാട്ടിൽ നിന്നാണ് എക്കാലവും പഴങ്ങൾ ലഭിക്കുന്നത്.

വാഴയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കുറുനാമ്പ്, കൊക്കാൻ (പോളരോഗം). ചാണകം ഉപയോഗിക്കുന്ന വാഴയുടെ മണ്ടയിൽ മാണപ്പുഴുവിന്റെ ആക്രമണം കൂടുതലായി കാണുന്നു. ഇത് ക്രമേണ വിത്തിലേക്കും ബാധിക്കുന്നു. കൂമ്പുചായുന്നതു മുതൽ വവ്വാലിന്റെ ശല്യം സാധാരണമാണ്. കാച്ചിൽ ഇടവിളയായി കൃഷി ചെയ്യുന്നു. മുതുപിലാക്കാട്ട് പഴമക്കാർ വാഴമാണം (കിഴങ്ങ്) കറിയിൽ ഉൾപ്പെടുത്തിയിരുന്നു. (കദളിവാഴക്കിഴങ്ങ് ചില ആയുർവേദ മരുന്നുകളിൽ ഉപയോഗിക്കുന്നുണ്ട്).

## നിർദ്ദേശങ്ങൾ, സാധ്യതകൾ

1. കൃഷി ലാഭകരമാകണമെങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം ഉല്പന്ന നഷ്ടംഒഴിവാക്കുകകൂടി വേണം. വിപണി സൗകര്യം വർദ്ധിപ്പിക്കണം.
2. നേന്ത്രക്കായ് അടിസ്ഥാനമാക്കി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കാൻ സഹായം നൽകുക.
3. വാഴപ്പഴത്തിന് അന്തർദേശീയ വിപണിയിൽ ആവശ്യക്കാർ വർദ്ധിച്ചുവരികയാണ്. പഴങ്ങൾക്ക് പ്രകൃത്യായുള്ള ഗുണങ്ങൾ നഷ്ടപ്പെടാതെ വിപണിയിലെത്തിക്കാൻ ശാസ്ത്രീയമായ പാക്കിംഗ് (വാകം) സംവിധാനം ലഭ്യമാക്കുക.
4. ടിഷ്യൂകൾച്ചർ വഴി വികസിപ്പിച്ചെടുത്ത മെച്ചപ്പെട്ട വാഴക്കന്നുകൾ കർഷകർക്ക് എത്തിച്ചുകൊടുത്താൽ ഉല്പാദനവർദ്ധനവിന് സാധ്യതയുണ്ട്.
5. വാഴമാണം, വാഴപ്പിണ്ടി, വാഴയില എന്നിവ കാലിത്തീറ്റയായി ഉപയോഗപ്പെടുത്താവുന്നതാണ്.
6. വാഴക്കൂമ്പ്, വാഴപ്പിണ്ടി, വാഴക്കിഴങ്ങ് എന്നിവ കറിയിൽ ഉൾപ്പെടുത്തുന്നതിന് ബോധവത്ക്കരണം സംഘടിപ്പിക്കേണ്ടതാണ്.
7. വിളനാശത്തിന് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം.
8. വാഴനാര് ശാസ്ത്രീയമായി സംസ്കരിച്ചെടുത്ത് കരകൗശല വസ്തുക്കൾ നിർമ്മിക്കുവാൻ ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കാനുള്ള സാധ്യത ആരായണം.
10. രോഗ കീടബാധ ചെറുക്കാൻ കൃഷിഭവനിൽ നിന്ന് സഹായം നൽകണം.

## മരച്ചീനിയും മറ്റുകിഴങ്ങുവർഗ്ഗങ്ങളും

ആഹാരത്തിൽ മരച്ചീനിയ്ക്ക് മുഖ്യസ്ഥാനമാണുള്ളത്. ഊർജ്ജ പ്രധാനമായ ഈ നാട്ടുവിളയുടെ ഉല്പാദനം ആശങ്കാജനകമായി കുറഞ്ഞു വരികയാണ്. അഞ്ചുവർഷത്തിനുള്ളിൽ 125 ഹെക്ടറിൽ കുറവുണ്ടായതായി കൃഷിഭവന്റെ സർവ്വേ രേഖ വ്യക്തമാക്കുന്നു. ബ്ലോക്ക്(നമ്പർ), ആറുമാസം, കോട്ടയംചുള്ളി, പടിഞ്ഞാറ്റക്കരവെള്ള എന്നീ വിത്തിനങ്ങളാണ് പ്രചാരത്തിലുള്ളത്. പുതിയ ഇനങ്ങൾ പ്രചാരത്തിൽ വരുന്നതിന് മുൻപ് നഞ്ചുവെള്ള, നെടുമങ്ങാടൻ, വെള്ള എന്നീ ചീനികളായിരിന്നു കൃഷിചെയ്തിരുന്നത്. മിശ്രവിളയായും പ്രധാനവിളയായും മരച്ചീനി ഏറെക്കുറേ എല്ലാ വാർഡുകളിലും ഉണ്ട്. ഏത്തവാഴ - മരച്ചീനി എന്ന വിളക്രമമാണ് പതിവാക്കിയിട്ടുള്ളത്. കർഷകന്റെ പ്രധാന ശത്രു എലിയാണ്. 15-20 ശതമാനം ഇവറ്റകൾ തിന്നു നശിപ്പിക്കുന്നു. ഇതരകിഴങ്ങുവിളകളെയും ഇപ്രകാരം എലി നശിപ്പിക്കുന്നു. മുളങ്കുറ്റികൊണ്ടുണ്ടാക്കിയ കെണി ഉപയോഗിച്ചായിരുന്നു മുമ്പ് എലിയെ നശിപ്പിച്ചിരുന്നത്. ഇപ്പോൾ ഫ്യൂരിഡാൻ പോലുള്ള കൊടും വിഷമാണ് ഉപയോഗിക്കുന്നത്. ഇത് പലപ്പോഴും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. തൈച്ചീനിയിൽ ഇലകുരുടൽ രോഗം വ്യാപകമായി കണ്ടുവരുന്നു. രോഗംബാധിച്ച ചെടികളിൽ കിഴങ്ങുല്പാദനം കുറയുന്നതായി കാണുന്നു. ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ് എന്നിവ മുഖ്യ ഇടവിളയായി കൃഷി ചെയ്യുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

1. കിഴങ്ങുവർഗ്ഗങ്ങളുടെ മെച്ചപ്പെട്ട വിത്തിനങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രകിഴങ്ങുവർഗ്ഗ ഗവേഷണ സ്ഥാപനത്തിന്റെ സഹായം തേടണം.
2. മുഖ്യഭക്ഷ്യവിളയായ മരച്ചീനികൃഷി സംരക്ഷിക്കാൻ കർഷകർക്ക് നെൽകൃഷിക്കാർക്കു നല്കുന്നതുപോലുള്ള പ്രത്യേക സഹായം ലഭ്യമാ

ക്കുക.

3. മരച്ചീനി സംസ്കരിച്ച് വിവിധ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ തേടണം.
4. എലി നശീകരണത്തിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തീവ്രയത്ന പരിപാടി നടപ്പാക്കുക.
5. ഇലകുരുടൽ രോഗത്തിന് പ്രതിവിധി കണ്ടെത്തണം.
6. ഭക്ഷ്യവിളകൾ വിളവെടുപ്പിന് ശേഷം കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ബാലുശേരിയിലെ ഭക്ഷ്യസംസ്കരണ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കണം.
7. ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങളും, ഇഞ്ചി, മഞ്ഞൾ എന്നിവയും കൃഷിചെയ്യാവുന്നതാണ്.

## പച്ചക്കറി

വിപണിയടിസ്ഥാനത്തിൽ പച്ചക്കറിയുടെ ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർ വിരളമാണ്. കൃഷിഭവൻ വഴി പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുന്നത് കൃഷി വ്യാപനത്തിന് ഒട്ടൊക്കെ സഹായമായിട്ടുണ്ട്. വിളയിറക്ക് സീസൺ കഴിഞ്ഞാണ് പലപ്പോഴും വിത്ത് ലഭിക്കുന്നത്. ചീര, പയർ, മുളക്, പാവൽ, പടവലം, മത്തൻ, വെണ്ട, വഴുതനം, മുരിങ്ങ, പപ്പായ, കറിവേപ്പില എന്നിവ വീട്ടുവളപ്പുകളിൽ ചെറിയ തോതിൽ കൃഷി ചെയ്തുവരുന്നു.

## സാധ്യതകളും, പരിഹാരങ്ങളും

1. കൃഷിവ്യാപനത്തിന് അടുക്കളത്തോട്ടം മാതൃകയിൽ പദ്ധതി ആവിഷ്കരിക്കണം.
2. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും ചേർന്ന അത്യുല്പാദന ശേഷിയുള്ള വിത്തുകളും, വളവും കീടനാശിനികളും മിതമായ വിലയ്ക്ക് വിതരണം ചെയ്യുക.
3. വളച്ചാക്ക്, സിമന്റ് ചാക്ക് എന്നിവയിൽ മണ്ണ് നിറച്ച് ടെറസിൽ കൃഷിചെയ്യാൻ പ്രോത്സാഹനം നല്കുക.
4. കൃഷിയിൽ താല്പര്യമുള്ളവരെ ചേർത്ത് വാർഡുതലത്തിൽ ഫാർമേഴ്സ് ക്ലബ്ബുകൾ രൂപവത്ക്കരിക്കണം. വനിതകൾ ഉൾപ്പെടെയുള്ള അംഗങ്ങളെ ശാസ്ത്രീയമായ കൃഷി രീതികളും രോഗനിയന്ത്രണ മാർഗ്ഗങ്ങളും പരിശീലിപ്പിക്കണം.
5. ജലസേചനസൗകര്യം ഉള്ള തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി പച്ചക്കറികൃഷിചെയ്യാനുള്ള സാധ്യത പരിശോധിക്കണം.
6. വീട്ടുവളപ്പിലും സ്കൂൾ കോമ്പൗണ്ടുകളിലും പച്ചക്കറികൃഷി ചെയ്യാൻ കുട്ടികൾക്ക് സഹായം നല്കണം.

## റബ്ബർ

റബ്ബർ മറ്റെല്ലാവിളകളെയും കീഴടക്കുകുയാണ്. അനുകൂലമായ കാലാവസ്ഥയും റബ്ബറിന്റെ വ്യാവസായിക പ്രധാന്യവും കർഷകർക്ക് എന്നും നല്ല വിളവും വിലയും നേടിത്തരുന്നു. 1993 ൽ റബ്ബർകൃഷിയുടെ വിസ്തീർണ്ണം 50 ഹെക്ടർ ആയിരുന്നെങ്കിൽ 96 ൽ അത് 150 ഹെക്ടറായി വർദ്ധിച്ചു. 7,9,10 വാർഡുകളിലാണ് ഏറ്റവും കൂടുതൽ റബ്ബർ കൃഷിയുള്ളത്. റബ്ബർ ബോർഡിൽനിന്നുള്ള സാമ്പത്തിക സഹായവും കർഷകരെ ഈ വാണിജ്യ വിളയിലേക്ക് ആകർഷിക്കുന്നു. പട്ടചീയൽ, പട്ട മരവിപ്പ് എന്നീ രോഗങ്ങൾ റബ്ബറിൽ കണ്ടുവരുന്നു. മഴക്കാലങ്ങളിൽ തോട്ടങ്ങളോടു ചേർന്ന പ്രദേശങ്ങളിൽ കൊതുകുശല്യം കൂടുതലായി അനുഭവപ്പെടുന്നു.

1. ചെറുകിട കർഷകരിൽ നിന്ന് റബ്ബർ പാൽ അസംസ്കൃത റബ്ബർ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുംപഞ്ചായത്തിൽ ഒരു റബ്ബർ കർഷക സഹക രണസംഘം രൂപീകരിക്കാൻ സാധ്യതയുണ്ട്.
2. റബ്ബർ മരത്തിൽ നിന്നാണ് തേനീച്ച പ്രധാനമായും തേൻ ഉല്പാദിപ്പിക്കുന്നത്. തേനീച്ച വളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ ഈ സൗകര്യംഉപയോഗപ്പെടുത്താൻ കഴിയണം.
3. രോഗ കീട നിയന്ത്രണത്തിന് കർഷകർക്ക് സഹായം നൽകണം.
4. ഭക്ഷ്യോത്പാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് വിളഭൂമികളിലെ റബ്ബർകൃഷി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## കശുമാവ്

കശുമാവ് റബ്ബറിന് വഴിമാറുകയാണ്. വിറകിന് വേണ്ടി കശുമാവ് കൂടുതലായി വെട്ടി നശിപ്പിക്കുന്നു. തേയിലക്കൊതുകിന്റെ ആക്രമണം കശുവണ്ടി ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. തണ്ടുതുരപ്പൻ പുഴുവാണ് കശുമാവിനെ നശിപ്പിക്കുന്ന

മറ്റൊരു പ്രധാന കീടം.

## നിർദ്ദേശങ്ങൾ

1. ജില്ലയിൽ കശുവണ്ടി വ്യവസായത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ കർഷകർക്ക് സാമ്പത്തിക സഹായം നല്കണം.
2. അത്യുല്പാദന ശേഷിയുള്ള തൈകൾ വിതരണം ചെയ്യുക.
3. കശുവണ്ടിയുടെ കുത്തക സംഭരണം പുനഃസ്ഥാപിക്കണം. അതോടൊപ്പം പൊതുവിപണിയിൽ നിലവിലുള്ള വില കർഷകർക്കും ലഭ്യമാക്കുകയും വേണം
4. ചരുവ് ഭൂമികളിലും തരിശ് ഭൂമികളിലും കശുമാവ് കൃഷി വ്യാപിപ്പിക്കാവുന്നതാണ്.
5. കശുമാമ്പഴം വിവധരീതിയിൽ സംസ്കരിച്ച് വിപണിയിലെത്തിക്കാനുള്ള സാങ്കേതിക സഹായം ലഭ്യമാക്കണം.

## കുരുമുളക്

കുരുമുളക് പ്രധാനമായും വീട്ടുവളപ്പുകളിലാണ് കൃഷിചെയ്യുന്നത്. വിളവെടുപ്പ് സമയത്ത് കമ്പോളത്തിൽ കുരുമുളകിന് വില ഇടിയുന്നു. പൊതുവെ കുരുമുളകിനെ ബാധിക്കുന്ന രോഗം ദ്രുതവാട്ടം. ഗ്രാമത്തിൽ കുരുമുളക് സംരക്ഷണ സമിതിയില്ല.

## നിർദ്ദേശങ്ങൾ

1. നമ്മുടെ പരിസ്ഥിതിയ്ക്ക് ഇണങ്ങിയ ഉല്പാദന ശേഷികൂടിയ കുരുമുളകുവള്ളികൾ വിതരണം ചെയ്യുക.
2. രോഗ കീട നിയന്ത്രണ ഉപാധികൾ ലഭ്യമാക്കുക.
3. വാർഡുതലത്തിൽ കുരുമുളക് സംരക്ഷണ സമിതികൾ രൂപവല്കരിക്കുക.
4. കുരുമുളക് സംഭരിക്കുന്നതിനും കർഷകർക്ക് ആദായ വില ലഭ്യമാക്കുന്നതിനും പഞ്ചായത്തിൽ കുരുമുളക് സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ ഒരു സംഭരണ സംസ്കരണ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

## ഔഷധത്തോട്ടം

3-ാംവാർഡിലെ രാജഗിരിയിൽ സോഷ്യൽഫോറസ്റ്ററിയുടെ സംരക്ഷണയിൽ 3200 സ്ക്വയർ മീറ്റർ സ്ഥലത്ത് ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നുണ്ട്.

ആയുർവേദ ഔഷധങ്ങൾക്ക് ആവശ്യക്കാർ വർദ്ധിക്കുന്നു. നമ്മുടെ കാലാവസ്ഥയിൽ ലാഭകരമായി കൃഷിചെയ്യാൻ കഴിയുന്ന ഔഷധസസ്യങ്ങളുടെ തൈകൾ സൗജന്യമായി വിതരണം ചെയ്യണം.

ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ തീരങ്ങളിലും തെങ്ങിൻതോപ്പുകളിലും വീട്ടുവളപ്പിലും ഔഷധസസ്യങ്ങൾ കൃഷി ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

ഔഷധസസ്യ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും സംഭരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

## നഴ്സറി

നടീൽ വസ്തുക്കളുടെയും ഉദ്യാന സസ്യങ്ങളുടെയും, ഔഷധസസ്യങ്ങളുടെയും, പച്ചക്കറിവിത്തുകളുടെയും ഉല്പാദനത്തിനും സംഭരണത്തിനും വിതരണത്തിനും നഴ്സറികൾ ആരംഭിക്കുന്നതിന് പരിശീലനവും സാമ്പത്തിക സഹായവും ലഭ്യമാക്കുക.

## വളം, കീടനാശിനി

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം ശാസ്ത്രീയമാക്കാനുള്ള സംവിധാനങ്ങൾ ഉണ്ടായിട്ടില്ല. ഹരിതവിപ്ലവത്തിന് മുമ്പ് ഗ്രാമത്തിൽ ജൈവവളങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. ചാണകം, ചാരം, ചപ്പുചവറുകൾ തുടങ്ങിയ ജൈവവളങ്ങളുടെ ഉപയോഗം ഇപ്പോൾ ഗണ്യമായി കുറഞ്ഞു. കാലിസമ്പത്തിലും പച്ചിലവളസസ്യങ്ങളിലും കുറവുണ്ടായതാണ് ഒരു കാരണം. ഉല്പാദനം വർദ്ധിപ്പിക്കാൻ രാസവളം മതിയെന്ന തെറ്റായ പ്രചാരണവും കർഷകൻ പ്രകൃതി വളങ്ങൾ ഉപേക്ഷിക്കാൻ ഇടയാക്കി. ജൈവകീടനാശിനികൾ ലഭ്യമല്ല. അതിനാൽ രാസ കീടനാശിനികളെ അമിതമായി ആശ്രയിക്കേണ്ടിവരുന്നു. രാസവളത്തിന്റെ അമിതമായ വിലക്കയറ്റം കൃഷിച്ചെലവുകൾ വർദ്ധിപ്പിക്കുന്നു. പഞ്ചായത്തിൽ 4 വളം ഡിപ്പോകൾ ഉണ്ട്. മൂന്നെണ്ണം സഹകരണ മേഖലയിലാണ്.

### സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

1. മണ്ണിന്റെ ജൈവശേഷി ഉയർത്താൻ പ്രകൃതി വളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കണം.
2. റോഡുപുറംപോക്കുകളിലും കെ.ഐ.പി. കനാൽ പ്രദേശങ്ങളിലും കൃഷിഭൂമിയുടെ അതിരുകളിലും പച്ചിലവളസസ്യങ്ങൾ നട്ടുവളർത്തുക.

3. കൃഷിഭവൻ വഴി പച്ചില വളസസ്യങ്ങളുടെ വിത്തുകൾ വിതരണം ചെയ്യുക.

4. കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക.

5. വീട്ടുവളപ്പിൽ ജൈവ കമ്പോസ്റ്റ്നിർമ്മിക്കാൻ കർഷകർക്ക് സഹായവും ബോധവത്ക്കരണപരിപാടിയും സംഘടിപ്പിക്കണം.

6. ജൈവാണു, സൂഷ്മാണു വളപ്രയോഗരീതികൾ പ്രചരിപ്പിക്കുക.

7. വേപ്പ് വയമ്പ്, പുകയില എന്നിവയിൽ നിന്നും പ്രാദേശികമായി ജൈവകീട നാശകങ്ങൾ നിർമ്മിക്കാൻ കർഷകർക്ക് പരിശീലനം നല്കുക.

## പഴങ്ങൾ

മാവ്, പ്ലാവ്, പപ്പായ തുടങ്ങിയ നാടൻ പഴവർഗ്ഗങ്ങളുടെ കൃഷി വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്. കൃഷിഭവൻ സർവേരേഖപ്രകാരം 350 ഹെക്ടർ സ്ഥലത്ത് മാവ്, പ്ലാവ് തുടങ്ങി ഫലവൃക്ഷങ്ങൾ വളരുന്നു. നാടൻമാവുകളുടെ എണ്ണം കുറയുന്നു. ഒട്ടുമാവുകളുടെ എണം കൂടിവരുന്നു.

നമ്മുടെ മണ്ണിൽ വിളയുന്ന ചക്കപ്പഴത്തിന് തമിഴ്നാട് പോലുള്ള അന്യസംസ്ഥാനങ്ങളിൽ ഡിമാന്റ് കൂടിവരികയാണ്. മാമ്പഴം അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ വിപണികളിൽ ധാരാളം വിറ്റഴിക്കപ്പെടുന്നു. പോഷകഫലങ്ങളുടെ ഉല്പാദനത്തിനും ഉപഭോഗത്തിനും ബോധവൽക്കരണം സംഘടിപ്പിക്കണം. നല്ല ഉല്പാദന ശേഷിയുള്ള വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യണം.

## സുഗന്ധവിളകൾ

ജാതി, ഗ്രാമ്പു, ഇഞ്ചി, മഞ്ഞൾ എന്നിവയാണ് ഇവിടെ ഉല്പാദിപ്പിക്കുന്ന പ്രധാനസുഗന്ധവിളകൾ. ഗ്രാമ്പുവും, ജാതിക്കയും 3 ഹെക്ടർ സ്ഥലത്ത് മിശ്രവിളയായി കൃഷിചെയ്യുന്നു. വിദേശരാജ്യങ്ങളിൽ സുഗന്ധവിളകൾ സംസ്കരിച്ച് കയറ്റി അയയ്ക്കുന്നതിനും നിലവിലുള്ള സാധ്യത പ്രയോജനപ്പെടുത്തണം. ഗുണമേന്മയും ഉല്പാദനശേഷിയും കൂടിയ വിത്തിനങ്ങൾ വിതരണം ചെയ്യണം.

## പുഷ്പകൃഷി

നമ്മുടെ കാലാവസ്ഥയിൽ ആദായകരമായി ചെയ്യാൻ കഴിയുന്ന കുറ്റിമുല്ലകൃഷി ആരംഭിക്കുന്നതിന് കൃഷിഭവൻ വഴി വേണ്ടസഹായവും പരിശീലനവും നൽകണം.

## വെറ്റില, അടയ്ക്ക.

കൃഷിഭവനിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ഏതാണ്ട് 5 ഹെക്ടർ സ്ഥലത്ത് വെറ്റില കൃഷിയും 85 ഹെക്ടർ വിസ്തൃതിയിൽ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി അടയ്ക്കയും ഉല്പാദിപ്പിക്കുന്നു. ഉല്പന്നങ്ങൾക്ക് എക്കാലവും നല്ല വിപണി സാധ്യതയുണ്ട്. അടയ്ക്കാ കൃഷിയ്ക്ക് പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല. വെറ്റില കൃഷിയ്ക്ക് നനയ്ക്കാൻ സുലഭമായി വെള്ളം കിട്ടാൻ സൗകര്യമുണ്ടെങ്കിൽ കൃഷി വ്യാപിപ്പിക്കാൻ നല്ല സാധ്യതയുണ്ട്. അടയക്കാ കൃഷിയ്ക്ക് പൊതുവേ കീടരോഗ ബാധകൾ ഇല്ല. വെറ്റില കൃഷിയ്ക്കു മൂടു ചീയൽ, ഇലകുരുടൽ എന്നീ രോഗങ്ങൾ കാണുന്നു.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. മെച്ചപ്പെട്ട തൈകൾ വിതരണം ചെയ്യുക.
2. കൃഷിയ്ക്കും ജലസേടനത്തിനും സഹായം നല്കുക.
3. രോഗ കീടനിയന്ത്രണത്തിന് വിദഗ്ദസഹായം ലഭ്യമാക്കുക.
4. കർഷകരിൽ നിന്നും അടയ്ക്കാ സംഭരിക്കുന്നതിനും സംസ്കരിച്ച് വിപണിയിൽ എത്തിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുക.
5. വെറ്റില പെട്ടെന്ന് ചീഞ്ഞ് പോകാതെ സൂക്ഷിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കേണ്ടതാണ്.

## വായ്പ

രണ്ടു പ്രാഥമിക സഹകരണബാങ്കുകൾ, ഒരു കാർഷിക വികസനബാങ്ക് എന്നിവയാണ് കൃഷിക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നത്. കർഷകരുടെ വായ്പ തിരിച്ചടയ്ക്കാനുള്ള ശേഷി കുറഞ്ഞുവരുന്നു. കാർഷികവായ്പയുടെ പലിശനിരക്കു കുറയ്ക്കാനുള്ള സമ്മർദ്ദം ചെലുത്തണം.

## മാർക്കറ്റ്

ഗ്രാമത്തിലെ കാർഷികോല്പന്നങ്ങളുടെ മുഖ്യ വിപണന കേന്ദ്രം ശാസ്താംകോട്ട പബ്ലിക് മാർക്കറ്റാണ്. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമിള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പണ്ടകശാലകൾ നിർമ്മിക്കണം.

പട്ടിക 6
വിവിധവിളകളുടെ ഭൂവിനിയോഗം
(വിസ്തീർണം ഹെക്ടറിൽ)

| പേര് | വർഷം | | | | |
|---|---|---|---|---|---|
| | 92-93 | 93-94 | 94-95 | 95-96 | 96-97 |
| തെങ്ങ് | 1682 | 1509 | 1489 | 1480 | 1410 |
| കരവാഴ | 120 | 100 | 110 | 120 | 125 |
| വയൽവാഴ | 50 | 75 | 90 | 100 | 110 |
| മരച്ചീനി | 350 | 300 | 280 | 250 | 225 |
| പച്ചക്കറി | 25 | 25 | 22 | 15 | 13 |
| റബർ | 50 | 55 | 75 | 100 | 150 |
| അടയ്ക്ക | 70 | 75 | 78 | 80 | 85 |
| കിഴങ്ങുവർഗ്ഗങ്ങൾ | 200 | 250 | 290 | 320 | 350 |
| ഇഞ്ചി,മഞ്ഞൾ | 20 | 25 | 20 | 30 | 35 |
| പഴവർഗ്ഗങ്ങൾ | 55 | 58 | 60 | 65 | 68 |

അവലംബം, ബേസിക് ഡേറ്റ കൃഷിഭവൻ ശാസ്താംകോട്ട

പട്ടിക 7
വളപ്രയോഗം അടിസ്ഥാന വിവരങ്ങൾ
(ടൺ കണക്കിൽ)

| ഇനങ്ങൾ | വർഷം | | | | |
|---|---|---|---|---|---|
| | 1992 | 93 | 94 | 95 | 96 |
| നൈട്രജൻ | 34 | 39 | 43 | 49 | 45 |
| ഫോസ്ഫറസ് | 24 | 28 | 46 | 39 | 35 |
| പൊട്ടാഷ് | 38 | 42 | 45 | 52 | 48 |

അവലംബം, ബേസിക് ഡേറ്റ കൃഷിഭവൻ ശാസ്താംകോട്ട

## കാർഷികസേവാ കേന്ദ്രം

കൃഷിഭവന്റെ കീഴിൽ പുന്നമൂട് അംബേദ്കർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന കാർഷിക സേവാ കേന്ദ്രത്തിന്റെ നിലവിലുള്ള സാധ്യതകൾ വിപുലീകരിക്കണം തൊഴിലാളികൾ, കാർഷിക യന്ത്രങ്ങൾ, ഉപകരണം എന്നിവ ഈ കേന്ദ്രം വഴി ലഭ്യമാക്കാൻ കഴിയണം.

## നയസമീപനം

മണ്ണും, സസ്യങ്ങളും, മനുഷ്യനും, വീട്ടുമൃഗങ്ങളും ചേർന്നതാണ് കാർഷിക മേഖല. കൃഷി ലാഭകരമാകണമെങ്കിൽ ശാസ്ത്രീയമായി തന്നെ ചെയ്യണം. അത് സാധിക്കണമെങ്കിൽ അറിവും പരിശീലനവും ആവശ്യമാണ്. മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായിരിക്കണം നമ്മൾ പ്രഥമ പരിഗണന കൊടുക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ അതിർത്തി ഒരു കാർഷിക മേഖലയായി കണ്ട് ഇവിടുത്തെ പ്രകൃതിയും മണ്ണിന്റെ ഗുണവും കാലാവസ്ഥാ ഘടകങ്ങളും ജലലഭ്യതയും നിർണ്ണയിച്ച് അതിനു ചേർന്ന കാർഷിക സങ്കേതം വികസിപ്പിക്കണം. തനി വിളയോടൊപ്പം തന്നെ ഇടവിളകൃഷിയും കാലി വളർത്തലും കോഴിവളർത്തലും ഒരുമിച്ചുകൊണ്ടുള്ള വികസന പദ്ധതിയാണ് നമ്മുടെ നാടിന് പറ്റിയത്. കാർഷിക വിഭവങ്ങളുടെ മൊത്തം ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ കുടുംബങ്ങളുടെ വരുമാന വർദ്ധനവിനും ഊന്നൽ നൽകിക്കൊണ്ടുള്ളതായിരിക്കണം കാർഷികവികസനം, കൃഷി, മൃഗസംരക്ഷണം, ക്ഷീരവിക

സനം എന്നീ വകുപ്പുകളുടെ സഹായത്തോടെ കാർഷികവൃത്തിയ്ക്ക് അഭിമാനകരമായ പദവി ലഭിക്കാൻ സാധ്യമായ എല്ലാ നവീന സമ്പ്രദായങ്ങളും സ്വീകരിക്കണം.

കാർഷിക മേഖലയുടെ പുരോഗതിയ്ക്ക് നടപ്പാക്കേണ്ട പൊതുവായ നിർദ്ദേശങ്ങൾ താഴെ പറയുന്നു.

1. മണ്ണ് ജലസംരക്ഷണം.
2. വിത്തുല്പാദനവും വിതരണവും
3. ജൈവ പുനഃസംക്രമണം.
4. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (തൊഴിലാളികർ, ഉപകരണങ്ങൾ, ഗതാഗതം തുടങ്ങിയവ)
5. കൂട്ടായ കാർഷിക പ്രവർത്തനങ്ങൾ
6. സംഭരണ വിപണന സംവിധാനം മെച്ചപ്പെടുത്തൽ
7. ഉല്പാദന വൈവിദ്യ വൽക്കരണം.
8. കർഷകർക്കുള്ള സഹായങ്ങൾ.
9. പ്രാദേശിക ഗവേഷണ നിരീക്ഷണങ്ങളും വിജ്ഞാന ഷിപ്പണന് പരിശീലനങ്ങളും.

തന്റെ കുടുംബത്തെ പട്ടിണിയ്ക്കിടാൻ
വേണ്ടത്ര പണം മാത്രം സ്വീകരിച്ചുകൊണ്ട്
ലോകത്തെ തീറ്റിപ്പോറ്റുന്നവനാണ് കർഷകൻ-
ജോണിഹാർട്ട്





# മൃഗസംരക്ഷണം

ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് കൃഷിക്കും മൃഗസംരക്ഷണപ്രവർത്തനങ്ങൾക്കും ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലും, ചേലൂർ കായലും കൃഷിക്കും മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ജല ലഭ്യത ഉറപ്പാക്കുന്നു. സംയോജിത ഉൾനാടൻ മത്സ്യ കൃഷിക്കും അനുയോജ്യമാണ് ഇവിടുത്തെ ഭൂപ്രകൃതി.

പോഷകപ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം, കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി, വ്യാവസായികാവശ്യത്തിനുള്ളതുകൽ, എല്ല്, ജലാറ്റിൻ, ഓസീൻ, കൊഴുപ്പ് തുടങ്ങിയവ, ഔഷധ നിർമ്മാണത്തിനാവശ്യമായ ഹോർമോൺ വാക്സിൻ, എൻസൈമുകൾ മുതലായവ ഉത്പാദിപ്പിക്കുന്നതിന് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. വമ്പിച്ച തൊഴിൽ സാദ്ധ്യതയുള്ള ഒരു പ്രവർത്തന മേഖലയാണിത്.

പൊതുജനാരോഗ്യം രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യം സ്ഥാപിക്കണമെങ്കിൽ പാലുല്പാദനവും മുട്ട ഉല്പാദനവും മാംസോല്പാദനവും വർദ്ധിപ്പിച്ചേ മതിയാവൂ. അതുപോലെതന്നെ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കും തിരിച്ചും പകരുന്ന രോഗങ്ങൾ(പ്രധാനമായും പേയ് വിഷബാധ) നിയന്ത്രിക്കേണ്ടതും അത്യാവശ്യമാണ്.

കന്നുകാലി സമ്പത്തിന്റെ 95% ഗ്രാമപ്രദേശങ്ങളിലായതുകൊണ്ട്. ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പത്‌വ്യവസ്ഥ ശക്തമാക്കും.

12 വാർഡുകളുള്ള ശാസ്താംകോട്ട പഞ്ചായത്തിൽ ഒരു വെറ്റിനറി ഡിസ്പൻസറി പ്രവർത്തിക്കുന്നുണ്ട്. പുതിയതായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിൽ ബാലാരിഷ്ടതകൾ ഏറെയാണ്. സ്വന്തമായി കെട്ടിടമില്ലാത്തതു തന്നെയാണ് പ്രധാന പ്രശ്നം. അതുപോലെതന്നെ മൃഗാശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട ഉപകരണങ്ങളുടെ അഭാവം., മരുന്നുകൾ പ്രത്യേകിച്ച് താഴ്ന്ന ഊഷ്മാവിൽ സൂക്ഷിക്കേണ്ട വാക്സിനുകൾ സൂക്ഷിക്കുവാൻ പറ്റാതിരിക്കകയൊക്കെ പരിഹരിക്കപ്പെടേണ്ടവയാണ്. മൃഗാശുപത്രിയുടെ പ്രവർത്തനം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും എത്തിക്കേണ്ടതിനായി മൃഗാശുപത്രിയ്ക്ക് സ്വന്തമായൊരു വാഹനം ഏർപ്പെടുത്തേണ്ടതാണ്. മൃഗാശുപത്രിയിലെ ഡോക്ടന്മാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കാൻ മൃഗാശുപത്രിയോടനുബന്ധിച്ച് ക്വാർട്ടേഴ്സും ഉണ്ടാകേണ്ടതാണ്.

### മൃഗസംരക്ഷണപ്രവർത്തനങ്ങൾ - ലക്ഷ്യങ്ങൾ.

1. മൃഗസംരക്ഷണമേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുക.

2. ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ അനുയോജ്യമായ സാങ്കേതിക വിദ്യയും മാനേജ്മെന്റ് സങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുക.

3. ഈ മേഖലയിൽ മുഴുവൻ സമയ തൊഴിൽ തേടുന്നവരുടേയും ഉപതൊഴിൽ സ്വീകരിക്കുന്നവരുടേയും എണ്ണം വർദ്ധിപ്പിക്കുക.

4. തൊഴിൽ രഹിതരായ ഗ്രാമീണ സ്ത്രീകളെ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യം ഉള്ളവരാക്കുക.

5. കാലിത്തീറ്റ ഉല്പാദനം തുടങ്ങുകയോ കാലിത്തീററ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യുകയോ ചെയ്യുക.

6. പുൽകൃഷി വ്യാപിപ്പിക്കുക.

7. മൃഗചികിത്സാ കേന്ദ്രത്തിലെ സജ്ജീകരണങ്ങൾ വിപുലപ്പെടുത്തുക.

8. പകർച്ച വ്യാധികൾ തടയാൻ സമ്പൂർണ്ണവും ആസൂത്രിതവുമായ പരിപാടികൾ നടപ്പിലാക്കുക.

9. പേയ് വിഷ നിർമ്മാർജ്ജനത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക.

## നടപ്പു പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേവിഷ നിയന്ത്രണ പദ്ധതി.
3. കാലിരോഗ നിയന്ത്രണ പദ്ധതി.
4. ആടു വളർത്തൽ പദ്ധതി.
5. വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി.

നടപ്പുപദ്ധതികളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് ശാസ്ത്രീയമായ പരിചരണം നല്കി ആദ്യ പ്രസവം മുപ്പതാം മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക, പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക, ഇൻഷ്വറൻസ് പരിരക്ഷ നല്കുക തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

സമ്പൂർണ്ണ ജനപങ്കാളിത്തത്തോടെ ഘട്ടംഘട്ടമായ പേവിഷ നിർമ്മാർജ്ജനം ചെയ്യുകയാണ് പേവിഷനിർമ്മാർജ്ജന പദ്ധതിയുടെ ലക്ഷ്യം. പേവിഷത്തിനുള്ള വാക്സിൻ സൗജന്യമായോ സൗജന്യ നിരക്കിലോ ലഭ്യമാക്കേണ്ടതാണ്.

നല്ല പാലുല്പാദന ശേഷിയും രോഗപ്രതിരോധ ശേഷിയുമുള്ള മലബാറി ആടുകളുടെ വംശനാശം ഒഴിവാക്കാൻ ആടുവളർത്തൽ യൂണിറ്റ് സ്ഥാപിക്കുക.

## നടപ്പിലാക്കാവുന്ന പദ്ധതികൾ

1. പാലുല്പാദനം

ഡയറി യൂണിറ്റ് (മിനിഡയറി)

പദ്ധതിയ്ക്കാവശ്യമായ തുകയിൽ പകുതി ബാങ്ക് വായ്പയായും നാലിൽ ഒന്ന് പഞ്ചായത്ത് ധനസഹായവും ബാക്കി ഗുണഭോക്താവിന്റെ വിഹിതവുമായി തുടങ്ങാവുന്നതാണ്.

2. കിടാരി വളർത്തൽ യൂണിറ്റ്

മേൽത്തരം സങ്കര വർഗ കിടാരികളുടെ ഗർഭകാലസംരക്ഷണം ഉറപ്പാക്കുകയാണ് ലക്ഷ്യം. വരുമാനം നോക്കാതെ എല്ലാ കർഷകർക്കും കന്നുകുട്ടി പരിപാലന പദ്ധതിയിൽ അംഗത്വം കൊടുക്കേണ്ടതാണ്.

3. പരാദ നിയന്ത്രണ പദ്ധതി

വളർത്തുമൃഗങ്ങളുടെ വളർച്ചാനിരക്കും പാലുല്പ്പാദനവും വർദ്ധിപ്പിക്കുവാൻ വിരബാധ നിയന്ത്രണം വളരെ അത്യന്താപേക്ഷിതമാണ്. യഥാസമയം മുഴുവൻ പശുക്കുട്ടികളേയും കിടാരികളെയും കറവപ്പശുക്കളേയും ആടുകളേയും വിരയിളക്കേണ്ടതാണ്, ഇതിലേക്കാവശ്യമായ മരുന്നുകൾ സൗജന്യമായോ പകുതി വിലയ്ക്കോ കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. കർഷകർക്ക് ഈ കാര്യങ്ങളിൽ അവബോധവും ഉണ്ടാക്കേണ്ടതാണ്.

4. അകിടുവീക്ക നിയന്ത്രണ പദ്ധതി

കർഷകർക്ക് ഭീമമായ നഷ്ടം വരുത്തി വയ്ക്കുന്ന ഒരു രോഗമാണ് കന്നുകാലികളുടെ അകിടുവീക്കം. ഫലപ്രദമായ അകിടുവീക്കം നിയന്ത്രിക്കുന്നതിന് ഒരു പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. ഈ രോഗം മൂലം കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്ന കർഷകർക്ക് പാൽ സംഘങ്ങൾ വഴിയോ മൃഗസംരക്ഷണ സമിതിവഴിയോ ചികിത്സാ ചിലവ് റീ ഇംപേഴ്സ് ചെയ്ത് കൊടുക്കേണ്ടതാണ്.

5. എരുമവളർത്തൽ പദ്ധതി

ശാസ്താംകോട്ട പഞ്ചായത്തിൽ എരുമകളുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി എരുമവളർത്തൽ യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ പാലിന്റെ വർദ്ധിച്ച ആവശ്യകത നേരിടാനാകുന്നതാണ്.

6. കോഴി വളർത്തൽ

വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി അനുസരിച്ച് വീട്ടമ്മമാർക്ക് വരുമാനവും പോഷകാഹാരവും ലഭ്യമാക്കാവുന്നതാണ്. ഓരോ വർഷവും തെരഞ്ഞെടുക്കപ്പെടുന്ന 200 പേർക്ക് അഞ്ച് കോഴിക്കുഞ്ഞുങ്ങളെ വീതം സബ്സിഡി നിരക്കിൽ നല്കാവുന്നതാണ്.

7. എഗ്ഗർ നേഴ്സറി

ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായ രീതിയിൽ തീറ്റി വളർത്തി വിപണനത്തിന് തയ്യാറാക്കാം. അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് ഈ തൊഴിൽ ആദായകരമായി നടത്താവുന്നതാണ്.

8. സ്കൂൾ പൗൾട്രി ക്ലബ്ബ്

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യവും ഉണ്ടാക്കുകയാണ് ലക്ഷ്യം. അഞ്ചുരൂപ അംഗത്വ ഫീസു നല്കി സ്കൂൾ പൗൾട്രി ക്ലബ്ബിൽ അംഗമാകുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്താം. അഞ്ചു മുതൽ ഒൻപതാം കളാസ്സുവരെയുള്ള കുട്ടികളെ അംഗമാക്കാവുന്നതാണ്. സ്കൂളിലെ ഒരദ്ധ്യാപകന് ക്ലബ്ബിന്റെ ചുമതല ഉണ്ടായിരിക്കണം. ഓരോ കുട്ടിക്കും രണ്ടു മാസം പ്രായമുള്ള മൂന്നോ അഞ്ചോ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം സൗജന്യമായി നല്കണം.

9. താറാവു വളർത്തൽ

താറാവിനെ വളർത്താൻ സൗകര്യമുള്ള കർഷകർക്ക് 10 താറാവിൻ കുഞ്ഞുങ്ങളെ വീതം നല്കാവുന്നതാണ്.

10. ആടുവളർത്തൽ

പാവപ്പെട്ടവന്റെ കാമധേനുവാണ് ആട്, പച്ചിലകളും പുല്ലും സമൃദ്ധമായ ശാസ്താംകോട്ട പഞ്ചായത്തിൽ ആടുവളർത്തൽ വളരെ ലാഭകരമായിരിക്കും.

11. പേവിഷ നിയന്ത്രണം.

രണ്ടായിരാമാണ്ടോടെ സമ്പൂർണ്ണ പേവിഷ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏകോപിച്ച് സമയബന്ധിതമായി തീവ്രയത്ന പരിപാടിയിലൂടെ പേവിഷ നിയന്ത്രണ പദ്ധതി നടപ്പിലാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പിന്റെ വിജയത്തിന് ജനപങ്കാളിത്തം അത്യാവശ്യഘടകമാണ്. വർഷംതോറും വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നല്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം. ചപ്പു ചവറുകളും ഭക്ഷ്യാവശിഷ്ടങ്ങളും തെരുവീഥികളിൽ വലിച്ചെറിയുന്നത് തടയേണ്ടതാണ്. അറവുശാലയിലെ അവശിഷ്ടങ്ങൾ യഥാവിധി മറവുചെയ്യുകയും വേണം.

12. മുയൽ വളർത്തൽ പദ്ധതി.

മുയൽ വളർത്തൽ പദ്ധതി വളരെ ആദായകരമായി നടത്താവുന്നതാണ്. ശാസ്ത്രീയമായ പരിചരണംഉണ്ടെങ്കിൽ മുന്തിയ ഇനം മുയലുകളെ വളർത്തി ഇറച്ചിക്കും അവയുടെ രോമം തുകൽ നിർമ്മാണത്തിനും ഉപയോഗിക്കാവുന്നതാണ്. സ്കൂളുകളിൽ കുട്ടികൾക്ക് മുയൽ വളർത്തൽ യൂണിറ്റ് തുടങ്ങാവുന്നതാണ്. രണ്ടു പെൺമുയലുകളും ഒരു ആൺ മുയലുമടങ്ങുന്ന ഒരു യൂണിറ്റ് എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് നല്കുക. ഒൻപതാംക്ലാസ്സിലും പത്താംക്ലാസ്സിലുമെത്തുമ്പോൾ അവർ ഓരോ ജോഡി മുയൽക്കുഞ്ഞുങ്ങളെ പഞ്ചായത്തിന് തിരികെ നല്കണം.

## സേവനമേഖല

### മൃഗാശുപത്രി വികസനം

മെച്ചപ്പെട്ട മൃഗാശുപത്രി സൗകര്യങ്ങൾ

സ്വന്തമായ കെട്ടിടം, വാഹന സൗകര്യം, ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. വിജ്ഞാന വ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്. മൃഗസംരക്ഷണപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടു പോകാനും മൃഗചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഒരു മൃഗസംരക്ഷണ സമിതി രൂപീകരിക്കേണ്ടതാണ്.

പശു, പട്ടി സംരക്ഷണ യൂണിറ്റുകൾ : തുടങ്ങിയവ മൃഗാശുപത്രിയോടനുബന്ധിച്ച് തുടങ്ങാവുന്നതാണ്. ആകസ്മിക സന്ദർഭങ്ങളിൽ കർഷകന് വീടുവിട്ടുനില്ക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ വളർത്തുമൃഗങ്ങളെ സുരക്ഷിതമായി പാർപ്പിക്കുന്നതിന് പഞ്ചായത്തിൽ പശുസംരക്ഷണയുണിറ്റ് പട്ടി സംരക്ഷണയൂണിറ്റ് എന്നിവ തുടങ്ങാവുന്നതാണ്. പ്രതിദിനം ഒരു നിശ്ചിത ഫീസ് ഈടാക്കാം. ഇവയുടെ ചുമതല, മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ താല്പര്യമുള്ള തൊഴിൽ രഹിതരായ യുവാക്കളെ ഏല്പ്പിക്കാവുന്നതാണ്. അവർക്കാവശ്യമായ പരിശിലനം നല്കി നിശ്ചിത ശമ്പളം കൊടുക്കുകയും ചെയ്യേണ്ടതാണ്.

ഈ യൂണിറ്റിൽ പ്രസവമടുത്ത പശുക്കൾ, ഗർഭാശയത്തള്ളലുള്ള പശുക്കൾ, വിണുകിടക്കുന്ന പശുക്കൾ തുടങ്ങിയവയേയും പ്രവേശിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.

## കാലിത്തീറ്റ ഉത്പാദനം

പുൽകൃഷി: പഞ്ചായത്തിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളും നിലങ്ങളും പുൽകൃഷിക്കായി ഉപയോഗിച്ചാൽ തീറ്റച്ചിലവ് കുറയ്ക്കാനും പാലുല്പാദനം വർദ്ധിപ്പിക്കാനും സാധിക്കും. വേണമെങ്കിൽ പുൽകൃഷി സഹകരണസംഘവും രൂപീകരിക്കാവുന്നതാണ്.

ശാസ്താംകോട്ട പഞ്ചായത്തിൽ വ്യാപകമായി വാഴകൃഷിയുള്ളതിനാൽ 'മാണം' ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കാനാവശ്യമായ ഒരു ഫാക്ടറി ആരംഭിക്കേണ്ടതാണ്.

### അറവുശാല

ശാസ്ത്രീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. അറവുമാടുകളെ കശാപ്പുചെയ്യുന്നതിന് മുമ്പും പിൻപും പഞ്ചായത്തിലെ വെറ്ററിനറി സർജന്റെ രോഗ വിമുക്ത സർട്ടിഫിക്കറ്റ് നേടേണ്ടതാണ്. ലൈസൻസുള്ള അറവുശാല മാത്രമേ പ്രവർത്തിക്കാൻ അനുവദിക്കാവൂ. അറവുമാടുകളെ കൊല്ലുന്നതിനു മുമ്പ് ബോധംകെടുത്തുകയും വേണം. വൃത്തിഹീനമായ അറവുശാലയും രോഗം പിടിച്ചമൃഗങ്ങളുടെ മാംസവും പൊതുജനാരോഗ്യത്തിന് ഹാനികരമാണ്. അതുപോലെതന്നെ അറവുശാലയിലെ അവശിഷ്ടങ്ങൾ വേണ്ടരീതിയിൽ നശിപ്പിക്കേണ്ടതുമാണ്. അറവുശാലയുടെ വൃത്തിഹീനമായ ചുറ്റുപാടുകൾ തെരുവുനായ്ക്കൾക്ക് വളരാൻ അനുയോജ്യമായ സാഹചര്യം ഒരുക്കുകയും ചെയ്യും. അറവുശാലയോടനുബന്ധിച്ച് ഒരു തുകൽ വിപണന കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

## ബയോഗ്യാസ് പ്ലാന്റുകൾ

വർദ്ധിച്ചുവരുന്ന ഊർജ്ജത്തിന്റെ ആവശ്യം പരിഹരിക്കാൻ ബയോഗ്യസ് പ്ലാന്റുകൾ തുടങ്ങാവുന്നതാണ്. പാചക ആവശ്യത്തിനും, ലൈറ്റ്, ഫാൻ എന്നിവയുടെ പ്രവർത്തനത്തിനും ബയോഗ്യസ് ഉപയോഗിക്കാം. ഒരു ബയോഗ്യസ് പ്ലാന്റ് ആരംഭിക്കാൻ കുറഞ്ഞത് രണ്ടു പശുക്കളെങ്കിലും ആവശ്യമാണ്. പദ്ധതിയുടെ 50% സബ്സിഡിയായും 25% ബാങ്ക് വായ്പയായും 25% ഗുണഭോക്താവിന്റെ വിഹിതമായും കണ്ടെത്താവുന്നതാണ്.

## ദുരിതാശ്വാസനിധി

വളർത്തുമൃഗങ്ങൾക്ക് ആകസ്മികമായ അപകടങ്ങൾ (വെള്ളപ്പൊക്കം, ഇടിമിന്നൽ, ഇരപിടിയൻ മൃഗങ്ങളുടെ ആക്രമണം) മൂലം നഷ്ടം സംഭവിക്കുന്ന കർഷകർക്ക് ഉടനടി ആശ്വാസം നല്കാൻ ഒരു ദുരിതാശ്വാസ നിധി പഞ്ചായത്തു പ്രസിഡന്റിന്റെ പേരിൽ തുടങ്ങാവുന്നതാണ്.

## കന്നുകാലി വിപണന സംഘം

കന്നുകാലികളേയും ആടുകളേയും വില്ക്കുകയും വാങ്ങുകയും ചെയ്യുന്നതിന് ഒരു സംഘം രജിസ്റ്റർ ചെയ്യാവുന്നതാണ്. ആവശ്യക്കാരന് മൃഗങ്ങളെ ലഭ്യമാക്കുവാനും കർകന് ന്യായമായ വില ലഭിക്കുവാനും ഇടനിലക്കാരന്റെ ചൂഷണം ഇല്ലാതാക്കുവാനും ഈ സംഘം സഹായിക്കും. മേൽത്തരം ജനുസിൽപ്പെട്ട കന്നുകാലികൾ, കോഴി, താറാവ്, ടർക്കി, കാട, വളർത്തു നായ്ക്കൾ എന്നിവ എവിടെനിന്ന് ലഭിക്കും എന്നുള്ള വിവരം കർഷകർക്ക് നല്കാനും സംഘത്തിന് കഴിയ

ണം.

## മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലയും.
2. ഉത്പാദനചിലവിന് ആനുപാതികമായി ഉത്പാദകന് പാൽ വില ലഭിക്കുന്നില്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാൽ ലഭ്യമല്ല.
3. ശാസ്ത്രീയമായ കന്നുകാലി വളർത്തലിൽ കർഷകർക്ക് വേണ്ടത്ര അവബോധം ഇല്ല.
4. വിപണനരംഗത്തെ അപര്യാപ്തത.
5. ഭാരിച്ച ചികിത്സാ ചിലവ്.
6. വായ്പ നല്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.
7. ഇൻഷ്വറൻസ് പദ്ധതിയുടെ അപര്യാപ്തത.
8. തീറ്റപ്പുൽ കൃഷിയുടെ അഭാവം.
9. കാലാനുസൃതമായി അടിസ്ഥാനസൗകര്യങ്ങൾ പോലും ഇല്ലാത്ത മൃഗാശുപത്രികളും ഉപകേന്ദ്രങ്ങളും.
10. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ.
11. അശാസ്ത്രീയ മാംസോല്പാദന വിപണന രീതികൾ.
12. സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ തുടർനടപടികളുടെ അഭാവം.

## സാദ്ധ്യതകൾ

പഞ്ചായത്തിൽ പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭ്യമാക്കുന്നതിനും തൊഴിൽ രഹിതരായ യുവാക്കൾക്ക് അതുവഴി പ്രാദേശികമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

പഞ്ചായത്ത് പുറമ്പോക്ക് സ്ഥലം, തരിശു നിലങ്ങൾ ഇവ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ നൽകാവുന്നതാണ്.

പാൽ സൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കൂടിച്ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം തുടങ്ങാവുന്നതാണ്.

മൃഗാശുപത്രികളിൽ ഡോക്ടർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ മുതലായവരുടെ സേവനവും അവശ്യമരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തുക.

പഞ്ചായത്തു തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രികളിൽ ലഭ്യമാക്കുകയും ചെയ്യുക.

ആധുനിക രീതിയിലുള്ള ശാസ്ത്രീയ അറവുശാലകൾ സ്ഥാപിക്കുകയും ശുദ്ധമായ മാംസം ലഭ്യമാക്കുകയും ചെയ്യുക.

സമഗ്ര പേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവെയ്പ്പ് നല്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

### അനുബന്ധം 4 വളർത്തു മൃഗങ്ങൾ

| കാള | സങ്കരം | പശു നാടൻ | | പശു സങ്കരം | | എരുമ | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
| 2 | 76 | 345 | 230 | 3452 | 2868 | 10 | 8 | 6 | 4850 | 2500 | 1 |

## വളർത്തു പക്ഷി സംഖ്യ

| പിടക്കോഴി | | താറാവ് |
|---|---|---|
| മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | |
| 40,000 | - | 800 |

## പേവിഷബാധ പ്രതിരോധവും ചികിത്സയും

| പ്രതിരോധ കുത്തിവെയ്പ്പ് നല്കിയവരുടെ എണ്ണം | പശു | ആട് | എരുമ | പട്ടി<br>1500 |
|---|---|---|---|---|
| കുടിയേറ്റത്തിനുശേഷം കുത്തിവെയ്പ് നടത്തിയവർ | 150 | 30 | 160 | 180 |

## ക്രിത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തു മൃഗം | കൃത്രിമ ബീജസങ്കലനം നടത്തിയവർ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|
| പശു | 11002 | 200 |
| കിടാരി | 4465 | 318 |
| എരുമ | | |

## രോഗവിവരങ്ങൾ

| ക്രനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 9060 | 540 | 4980 | | | 370 | | | | |
| 2. | ശ്വാസകോശസംബന്ധം | 4560 | 120 | 6060 | | | 2280 | | | | |
| 3. | ഉപാചയസംബന്ധം | 600 | | | | | | | | | |
| 4. | ത്വക്ക്രോഗങ്ങൾ | 1500 | | | | | | | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 720 | | | | | | | | | |
| 6. | പരാദരോഗങ്ങൾ | 5100 | | 480 | | | 168 | | | | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 1920 | | | | | | | | | |
| 8. | വന്ധ്യത | 720 | | | | | | | | | |
| 9. | അകിടുവീക്കം | 11800 | | 960 | | | | | | | |
| 10. | മുടന്തൻ പനി | 3480 | | | | | | | | | |
| 12. | പകർച്ച വ്യാധികൾ | | | | | | 600 | | | | |



# മത്സ്യബന്ധനം

ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ വസിക്കുന്നത് ആഞ്ഞിലിമൂട് മൂന്നാം വാർഡിലാണ്. ഇവിടെയുള്ളവരിൽ ഭൂരിപക്ഷവും കായലോര മത്സ്യത്തൊഴിലാളി വിഭാഗത്തിൽ പെടുന്നു. കരുനാഗപ്പള്ളി വട്ടക്കായൽ, ആലുങ്കടവ്, കല്ലുകടവ് കായംകുളം, കൊച്ചി എന്നിവിടങ്ങളിൽ കായലുകളിൽനിന്നാണ് ഇവർ പ്രധാനമായും മത്സ്യബന്ധനം നടത്തുന്നത്. നല്ല ഒരു വിഭാഗം ആളുകളുടെ ഉപജീവനമാർഗ്ഗവും ശാസ്താംകോട്ട പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിലൊന്നായ ശാസ്താംകോട്ട മാർക്കറ്റിലെ പ്രധാന വിപണനവസ്തുവും മത്സ്യം തന്നെയാണ്.

## പ്രശ്നങ്ങൾ

1. വർഷകാലമാരംഭിക്കുമ്പോൾ മത്സ്യബന്ധനം നടത്താനാവാതെ തൊഴിലാളികൾ പട്ടിണിയിലാവുന്നു.
2. ക്ഷേമ നിധികളെക്കുറിച്ച് ബഹുഭൂരിപക്ഷ് മത്സ്യത്തൊഴിലാളികൾക്കും അറിയില്ല.
3. ദുർബല വിഭാഗങ്ങൾക്കായുള്ള ഐ.ആർ.ഡി.പി സ്കീമുകളുടെ ആനുകൂല്യങ്ങൾ ഐ.ആർ.ഡി.പി. സർവ്വേയിൽ ഇവരെ ഉൾപ്പെടുത്താത്തതുകാരണം നിഷേധിക്കപ്പെടുന്നു.
4. മത്സ്യമാർക്കറ്റിന് കെട്ടിട സൗകര്യമില്ല.
5. യമഹ വെച്ച വള്ളങ്ങൾ കടലിൽ പോകുന്നത് കായൽ വഴിയായതുകൊണ്ട് കായൽ മത്സ്യങ്ങൾക്ക് മണ്ണെണ്ണയുടെ ചുവയുണ്ട്. ഇത് മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ ഗുരുതരമായി ബാധിക്കും
6. കായലോര മത്സ്യത്തൊഴിലാളികൾ വലവീശിയിട്ടിരിക്കുന്ന സ്ഥലങ്ങളിലൂടെ യമഹാവള്ളങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ പായുന്നതുകൊണ്ട് വലകൾ തന്നെ നഷ്ടപ്പെടാറുണ്ട്.
7. മത്സ്യത്തൊഴിലാളിമേഖലയിൽ കുടിവെള്ളപ്രശ്നം വളരെ രൂക്ഷമാണ്.
8. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടരീതിയിൽ സാമ്പത്തിക സഹായങ്ങൾ ലഭ്യമാകുന്നില്ല.
9. മത്സ്യബന്ധനോപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനം ഇല്ല.

### പരിഹാരനിർദ്ദേശങ്ങൾ

1. ലാറ്റിൻ കത്തോലിക് പരവാ കൺവർട്ടട് വിഭാഗത്തിലുള്ളവരുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒട്ടേറെ തടസ്സങ്ങളുള്ളതുകൊണ്ട് ഉന്നത വിദ്യാഭ്യാസ സാഹചര്യങ്ങൾ മുടങ്ങുന്നു. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.
2. മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം രൂപീകരിക്കുക.
3. മത്സ്യബന്ധനത്തിനുവേണ്ട ഉപകരണങ്ങൾ പഞ്ചായത്തിന്റെ സഹായത്തോടെ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

4. മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസ് ശാസ്താംകോട്ടയിൽ സ്ഥാപിക്കുക.

5. ദൂരസ്ഥലങ്ങളിൽ പോയി മത്സ്യബന്ധനം നടത്തുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

6. ശാസ്താംകോട്ടയിൽ ഒരു വലനിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

7. ദേശിയ മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽപ്പെടുത്തി ശാസ്താംകോട്ടയിലേയും മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ഗ്രാന്റുകൾ നല്കുക

8. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക. വനിതാ സഹകരണ സംഘം സ്ഥാപിക്കുക.

9. മത്സ്യത്തൊഴിലാളികളുടെ വീടുകൾ ഓടിടുന്നതിനും വീട് നിർമ്മിക്കുന്നതിനും പ്രത്യേക ഭവനനിർമ്മാണ പദ്ധതി നടപ്പാക്കണം.

10. ഉപയോഗയോഗ്യമല്ലാത്ത മത്സ്യം ഉപയോഗിച്ച് ശാസ്ത്രീയമായി വളംനിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കണം.

11. ഐ.ആർ.ഡി.പി. സർവ്വേ ലിസ്റ്റിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഉൾപ്പെടുത്തുക.

12 മത്സ്യത്തൊഴിലാളിമേഖലകളിൽ കക്കൂസ് നിർമ്മിക്കുന്നതിന് പ്രത്യേക പദ്ധതി അടിയന്തിരപ്രാധാന്യത്തോടെ നടപ്പിലാക്കുക.

13. ഉൾനാടൻ ജലാശയങ്ങളിൽ വർഷകാലത്ത് കണ്ടുവരുന്ന മത്സ്യരോഗം തടയാൻ നടപടികൾ സ്വീകരിക്കുക.

14. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കേണ്ടതാണ്.

# വിദ്യാഭ്യാസം

പ്രകൃതിരമണിയമായ ശാസ്താംകോട്ടയുടെ സാംസ്കാരിക ഉന്നമനത്തിന് ഈ പഞ്ചായത്തിലെ വിദ്യദ്യാസ സ്ഥാപനങ്ങൾ വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. മുതുപിലാക്കാട് ഗവ.എൽ.പി.സ്കൂൾ, കോയിക്കൽഭാഗം എൽ.പി എസ് മുതലായവ 75 ൽ പരം വർഷങ്ങൾ പഴക്കമുള്ളവയാണ്. മലയാളം സ്കൂളായി പ്രവർത്തനം ആരംഭിച്ച ശാസ്താംകോട്ടഗവൺമെന്റ് ഹൈസ്കൂളം, പഞ്ചായത്തിൽ ആദ്യമായി മുതുപിലാക്കാട് ഡോ. സി.റ്റി. ഈപ്പൻ മെമ്മോറിയൽ റസിഡൽഷ്യൽ സ്കൂളും, ഭരണിക്കാവിലെ ജോൺമെമ്മോറിയൽ ഹൈസ്കൂളും വളരയേറെ പഴക്കമുള്ളവയാണ്.

1964 ൽ ശ്രീമാൻ. കുമ്പളത്ത്ശങ്കുപിള്ളയുടെ ശ്രമഫലമായി ശാസ്താംകോട്ടയിൽ ആരംഭിച്ച ദേവസംബോർഡ്കോളേജിന്റെ ആദ്യത്തെ പ്രിൻസിപ്പാൾ ശാസ്താംകോട്ട പൂവണ്ണാലഴികത്ത് വീട്ടിൽ പ്രൊഫ.എൻ.സി ഉണ്ണിത്താൻ ആയിരിന്നു .അന്തിരിച്ച പ്രശസ്ത നാടകകൃത്ത് പ്രൊഫ. ജി.ശങ്കരപ്പിള്ളയുടെ സേവനം ഏറേക്കാലം ഈ കോളേജിൽ ലഭിച്ചിട്ടുണ്ട്.

ശാസ്താംകോട്ടയുടെഇന്നത്തെ പുരോഗതിക്ക് ഉറവിടം കുന്നത്തൂർ താലൂക്കിലെ ഏക ഉന്നത വിദ്യഭ്യസസ്ഥാപനമായ ഈ ഉന്നതവിദ്യഭ്യാസ സ്ഥാപനമായ ഈ സരസ്വതീക്ഷേത്രമാണ്. ഈ കോളേജിലെ പൂർവ്വവിദ്യർത്ഥികളിൽ പലരും വിദ്യ ഭ്യാസ, സാമൂഹിക, രാഷ്ട്രിയ, സാംസ്കാരിക രംഗ ങ്ങളിൽ ഉന്നത് സ്ഥാനം വഹിക്കുന്നവരായിട്ടുണ്ട്.

ഗ്രാമസദകളിൽ നിന്നുള്ള റിപ്പോർട്ട്
ഇങ്ങനെ ക്രോഡികരിക്കാം.

ഈഗ്രാമ പഞ്ചായത്തിൽ 6 എൽ.പി.സ്കൂളുകളും എൽ.പി.വിഭാഗത്തോടപ്പം 5-ാംസ്റ്റാൻഡേർഡ്കൂടിയുള്ള 2 സ്കൂളുകളും .എച്ച്.എസ്സുംഉം, യു.പി ഉം കൂടി യുള്ള 2 സ്കൂളുകളം, എൽ.പി,യു. പി., എച്ച്. എസ്സ്, ഒരുമിച്ച് പ്രവർത്തിക്കുന്നു. 2 സ്കൂളുകളും ,യു.പി മാത്രമുള്ള 1 സ്കൂളും ഉൾപെടെ 13 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ ഒരുഫസ്റ്റ്ഗ്രേഡ് കോളേജ് ഉണ്ട്. അംഗൻവാടികൾ 15 ഉം, പ്രി പ്രൈമറി 10 എണ്ണവും, മന്ദബുദ്ധികൾക്കായുള്ള ഒരു സ്കൂളും പ്രവർത്തിക്കുന്നു. പാരലൽ ട്യൂട്ടോറിയൽ കോളേജുകൾ 19 ഉം, ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, കംപ്യൂട്ടർ ടട്രേയിനിംഗ് സെന്ററുകൾ, ചെയിൻ സർവ്വേ സ്കൂളുകൾ ഇവ ഉൾപ്പെടെ 14 സാങ്കേതിക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്.

അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ പുതിയവ സ്ഥാപിക്കണമെന്നും, ഉള്ളചില

വാർഡുകളിൽ കൂടുതൽ എണ്ണം വേണ്ടതാണെന്നും നിലവിലുള്ളവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന് ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്.

സർക്കാർ സ്കൂളുകളുടെ ശോചനിയാവസ്ഥ പരിഹരിക്കുന്നതിലേക്ക് അവയുടെ ഭൗതികസാഹചര്യങ്ങളും, അക്കാഡമിക് നിലവാരവും മെച്ചപെടുത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് എല്ലാ വാർഡുകളും ആവിശ്യ പെട്ടിട്ടുണ്ട്. പ്രിപ്രൈമറി വിദ്യഭ്യാസം വ്യാപകമാക്കുന്നതിന് കൂടുതൽ പ്രീ പ്രൈമറി ക്ളാസുകൾ എൽ.പി സ്കൂളുകളോട് അനുബന്ധിച്ച് തുടങ്ങേണ്ടതാണ്.

സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള എം.എൽ.എൽ, ഡി.പി.ഇ.പി. പദ്ധതികൾ എല്ലാ സ്കൂളുകളിലും നടപ്പാക്കണം. മാതൃസംഗമം, പി.റ്റി. എ. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും രക്ഷകർത്താക്കൾ അല്ലാത്തവർക്കുകൂടി പ്രാതിനിധ്യം ഉള്ള സ്കൂൾ വികസന സമിതികൾ രൂപീകരിക്കുകയും ചെയ്യണം. ഓരോ ഹൈസ്കൂളും സമീപത്തുള്ള മറ്റുസ്കൂളുമായി ബന്ധപ്പെടുത്തി സ്കൂൾകോംപ്ലക്സുകൾ രൂപീകരിക്കണം.

ഈ പഞ്ചായത്തിൽ പോളിടെക്നിക് ഇല്ലാത്തതിനാൽ ഒരു ഗവ:പോളിടെക്നിക് സ്ഥാപിക്കേണ്ടതാണ്. ശാസ്താംകോട്ട ദേവസ്വം ബോർഡ്കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുകയും നിലവിലുള്ള കോഴ്സുകൾ തൊഴിലധിഷ്ഠിതമായി റീ ഓർഗനൈസ് ചെയ്യുകയും വേണം. ഒരു കോളേജ് വികസന സമിതി രൂപീകരിച്ച് മാനേജ്മെന്റിന്റെ സഹകരണത്തോടെ കോളേജിന്റെ സ്ഥിതിമെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. കോളേജിനോടനുബന്ധിച്ചുള്ള സ്റ്റേഡിയം ദേശീയ നിലവാരത്തിലുള്ള ഒന്നായി വികസിപ്പിക്കുന്നത് ഈ കോളേജിന്റെയും ഈ ജില്ലയുടെ തന്നെയും കായികരംഗത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

സ്കൂളുകളിലെ ക്ലാസുകയറ്റം അർഹതയുള്ളവർക്കു മാത്രം പരിമിതപ്പെടുത്തുകയും എസ്. എസ്. എൽ. സി. യുടെ മോഡറേഷൻ നിർത്തലാക്കുകയും ചെയ്യുന്നത് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് ഗ്രാമസഭയിൽ അഭിപ്രായമുണ്ടായി. സ്കൂൾ കോളേജ് തലങ്ങളിൽ നിന്നും വിദ്യാഭ്യാസ രാഷ്ട്രീയം ഒഴിവാക്കുന്നത് സമാധാനപരമായ വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുമെന്നും അഭിപ്രായം ഉണ്ടായിട്ടുണ്ട്.

സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതോടൊപ്പം നവസാക്ഷരർക്ക് അവരുടെ വായനശീലം വളർത്തുന്നതിന് ഈ ലൈബ്രറികൾ ഉപയോഗിക്കുവാൻ അനുവദിക്കുകയും ചെയ്യണം.

ഈ പഞ്ചായത്തിലേക്ക് അനുവദിച്ച ജനറൽ നഴ്സിംഗ് സ്കൂളിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ്. അഭ്യസ്ഥവിദ്യർക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുവാൻ ആവശ്യമായ പരിശീലനം നല്കുന്ന സ്ഥാപനങ്ങളും ഈപഞ്ചായത്തിൽ തുടങ്ങേണ്ടതുണ്ട്.

ശാസ്താംകോട്ട ഗവ:ഹൈസ്കൂളിനോട് ചേർന്ന് എൽ. പി. സ്കൂർ പ്രവർത്തിക്കുന്നത് പഠന നിലവാരത്തെ ബാധിക്കുമെന്നതിനാൽ എൽ.പി. വിഭാഗം മാറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ തുടർസാക്ഷരതാ പ്രവർത്തനം തൃപ്തികരമല്ല. ജനവിദ്യാകേന്ദ്രങ്ങളെ സജീവമാക്കി ഇതിന് പരിഹാരം തേടണം.

## സ്കൂളുകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ താഴെകൊടുക്കുന്നു.

ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 5528 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇതിൽ ഏകദേശം മൂന്നിലൊന്ന് വിദ്യാർത്ഥികൾ സർക്കാർ സ്കൂളുകളിൾ പഠിക്കുന്നു. പട്ടിക 5 ൽ നിന്നും വ്യക്തമാക്കുന്നതുപോലെ സർക്കാർ സ്കൂളുകൾ ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നിലാണ്. സർക്കാർ വക എൽ.പി. സ്കൂളുകളിൽ കുട്ടികൾക്കായി മൂത്രപ്പുര ഉള്ളവ വിരളമാണ്. മിക്കക്ലാസ്സുകളും നടത്തുന്നത് അർദ്ധസ്ഥിര കെട്ടിടങ്ങളിലാണ്. അരമതിലുകൾ മാത്രമുള്ള ഈ കെട്ടിടങ്ങളിൽ പ്രത്യേകം മുറികളില്ല. സ്ക്രീൻ വച്ചുതിരിച്ച ഹാളുകളിലെ അദ്ധ്യയനം കുട്ടികൾക്ക് ക്ലാസിൽ ശ്രദ്ധിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. പലസ്കൂളുകളിലും വേണ്ടത്ര പഠനോപകരണങ്ങളോ, കുട്ടികൾക്ക് ഇരിക്കുന്നതിന് ആവശ്യമായ ബഞ്ചോ, ഡസ്കോ ഇല്ല. കൂടാതെ എല്ലാക്ലാസ്സുകളിലും ഉപയോഗയോഗ്യമായ ബ്ലാക്ക് ബോർഡുപോലുമില്ല. വൈദ്യുതി ഇല്ലാത്ത സ്കൂളുകളും ഉണ്ട്. ഭൗതിക സാഹചര്യങ്ങളുടെ കുറവ് കുട്ടികളുടെ പഠനനിലവാരത്തിലും പ്രതിഫലിക്കുന്നു. മുതുപിലാക്കാട് എൽ.വി. എൽ.പി.എസ് ൽ ഇല്ലായ്മയുടെ ഇടയിലും അദ്ധ്യാപകരുടെയും നാട്ടുകാരുടെയും ശ്രമഫലമായി പഠനനിലവാരം നിലനിർത്താൻ കഴിയുന്നു. എം.എൻ.എൽ നടപ്പാക്കി

## പട്ടിക 1

### വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | ഗവ: H.S<br>ഹൈസ്കൂൾ U.P<br>ശാസ്താംകോട്ട L.P | Govt: | 154<br>134<br>83 | 152<br>83<br>71 | 667 | 14 | 16 | 30 |
| 2 | Bishop M.M.C. H.S<br>S.P.M.Public U.P<br>School L.P | Un-Aided | 26<br>53<br>117 | 19<br>43<br>101 | 359 | 5 | 14 | 19 |
| 3 | ഡോ.സി.റ്റി.ഈപ്പൻ H.S<br>മെമ്മോറിയൽ<br>ആർ.എച്ച് എസ് U.P | Aided | 211<br>152 | 183<br>132 | 678<br>678 | 5 | 24 | 29 |
| 4 | J.M.H.S H.S<br>ശാസ്താംകോട്ട U.P | Aided | 444<br>289 | 454<br>281 | 1468 | 21 | 36 | 57 |
| 5 | N.S.S. U.P.S<br>മുതുപിലാക്കാട് U.P | Aided | 86 | 99 | 185 | 2 | 6 | 8 |
| 6 | L.P.S<br>പള്ളിശ്ശേരിക്കൽ L.P | Aided | 195 | 205 | 400 | 10 | 2 | 12 |
| 7 | Govt: L.P.S<br>പനപ്പെട്ടി L.P | Govt: | 190 | 175 | 365 | 3 | 9 | 12 |
| 8 | Govt: L.V.L.P.S<br>മുതുപിലാക്കാട് L.P | Govt: | 114 | 129 | 243 | 5 | 4 | 9 |
| 9 | Govt: L.P.S<br>മുതുപിലാക്കാട് L.P | Govt: | 129 | 106 | 235 | 3 | 5 | 8 |
| 10 | St.Marys L.P.S U.P<br>ശാസ്താംകോട്ട L.P | Aided | 38<br>148 | 44<br>156 | 386 | 3 | 8 | 11 |
| 11 | അമ്മമെമ്മോറിയൽ<br>L.P.S. L.P<br>ശാസ്താംകോട്ട | Aided | 86 | 67 | 153 | 1 | 7 | 8 |
| 12 | G.LP.S<br>കോയിക്കൽഭാഗം L.P | Govt: | 76 | 109 | 185 | 1 | 6 | 7 |
| 13 | G.L.P.S U.P<br>കിന്തോട്ടുവാ L.P | Govt: | 16<br>83 | 13<br>82 | 195 | 5 | 2 | 7 |
| | ശാസ്താംകോട്ട പഞ്ചായത്ത് | | | | | | | |

പട്ടിക 2

## L.P, U.P, H.S വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | പെൺ കുട്ടികൾ% | ആൺ | പെൺ | പെൺ കുട്ടികൾ% | ആൺ | പെൺ | പെൺ കുട്ടികൾ% |
| 1221 | 1201 | 49 | 786 | 695 | 47.4 | 835 | 808 | 48 |

ആകെ 49%

പട്ടിക 3

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | SC/ST % | ആകെ | SC/ST | SC/ST % | ആകെ | SC/ST | SC/ST % |
| 2422 | 345 | 14.25 | 1463 | 286 | 19.6 | 1643 | 287 | 17. |

ആകെ 16.6%

പട്ടിക 4

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കുന്നത് | ലാബ് | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റെക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യത്തിന് | മാതൃംഗമം ആവശ്യത്തിന് | പി.ടി.എ പ്രവർത്തിക്കുന്നു |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളവ | 10 | 10 | 2 | - | 9 | 4 | 3 | - | - | 1 | 9 | 9 | 13 |
| ഇല്ലാത്തവ | 3 | 3 | 11 | 13 | 4 | 9 | 10 | 13 | 13 | 12 | 4 | 4 | - |

യതും ഇതിന് സഹായമായിട്ടുണ്ട്.മുതുപിലാക്കാട് ഗവൺമെന്റ് എൽ.പി.എസി നോട് അനുബന്ധിച്ച് പി.റ്റി.എ യുടെ ആഭിമുഖ്യത്തിൽ പ്രീപ്രൈമറി ക്ലാസ് നടത്തുന്നുണ്ട്.

ഹൈസ്കൂളുകളുടെ കാര്യത്തിലും സ്വകാര്യ സർക്കാർ സ്കൂളുകൾ തമ്മിലുള്ള വത്യാസം പ്രകടമാണ്. പട്ടിക 7ൽ കൊടുത്തിരിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷഫലം സ്വകാര്യ സ്കൂളുകളെ അപേക്ഷിച്ച് സർക്കാർസ്കൂളിന്റെ പിന്നോക്കാവസ്ഥയ്ക്ക് തെളിവാണ്. എന്നാൽ പി.റ്റി.എ യുടെയും അദ്ധ്യാപകരുടെയും ശ്രമഫലമായി ശാസ്താംകോട്ട ഗവഃഎ.എച്ച്.എസിന്റെ നിലവാരം മെച്ചപ്പെടുന്നുണ്ട് എന്നത് ആശാവഹമാണ്. സ്കൂൾലൈബ്രറികൾ ഉണ്ടെങ്കിലും വേണ്ടരീതിയിൽ ഒന്നും പ്രവർത്തിക്കുന്നില്ല. ലാബറട്ടറികളുടെ കാര്യവും വ്യത്യസ്ഥമല്ല. രണ്ടു സ്കൂളുകൾക്കുമാത്രമാണ് ചുറ്റുമതിലുള്ളത്.

പട്ടിക 4 ൽ വ്യക്തമാക്കുന്നത് ദൃശ്യശ്രവ്യ ഉപകരണങ്ങൾ ഒരു സ്കൂളിലും വേണ്ടത്ര ഇല്ലെന്നതാണ്. മാതൃസംഗമം സജീവമാക്കിയ സ്കൂളുകളും വിരളമാണ്. പട്ടിക 2ൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് പെൺകുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിൽ രക്ഷകർത്താക്കൾ വൈമുഖ്യം കാണിക്കുന്നില്ല എന്നാണ്. ഇത് ഒരു നേട്ടമായി എടുത്ത് പറയാവുന്നതാണ്. ഈ പഞ്ചായത്തിൽ സ്കൂളുകളിൽ നിന്നും കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് വളരെ കുറവാണ്. അങ്ങനെ പോയവരെ തിരികെ സ്കൂളിലെത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾ എൻ.എസ്.എസ്, യു.പി.എസ് പോലുള്ള സ്കൂളുകളിൽ നടക്കുന്നതായി അറിയാൻ കഴിഞ്ഞു. മൊത്തം കുട്ടികളുടെ 16.6% പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെടുന്നു.

ഈ പഞ്ചായത്തിൽ മൊത്തം 37 കുട്ടികൾക്ക് മെറിറ്റ് സ്കോളർഷിപ്പും, 922 പേർക്ക് ലപ്സംഗ്രാന്റും. 177 പേർക്ക് മുസ്ലീംപെൺകുട്ടികൾക്കുള്ള സ്കോളൾഷിപ്പും, 60 പേർക്ക് മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പും, 391 പേർക്ക് എൽ.എസ്.എസ്., യു.എസ്.എസ് മുതലായ സ്കോളർഷിപ്പും ലഭിക്കുന്നു.

സ്കൂളുകളിൽ സമരംമൂലം കഴിഞ്ഞ വർഷം വളരെക്കുറച്ച് അധ്യയന ദിവസങ്ങൾ മാത്രമേ നഷ്ടപ്പെട്ടിട്ടുള്ളൂ. പ്രത്യേക അവധികൾ മൂലം 5 ദിവസം നഷ്ടപ്പെട്ടിട്ടുണ്ട്.

ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജിൽ 4300ഓളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 13 പ്രീഡിഗ്രി ബാച്ചുകളും 14 ഡിഗ്രി ബാച്ചുകളും 2 പോസ്റ്റൊഗ്രാജേറ്റ് കോഴ്സുകളുമുള്ള ഈ കോളേജ് കുട്ടികളുടെ എണ്ണത്തിൽ കേരളായൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ രണ്ടാം സ്ഥാനത്താണ് 150 ൽപരം അദ്ധ്യാപകരും 100ൽ പരം അനദ്ധ്യാപകരും ജോലി ചെയ്യുന്ന ഈ സ്ഥാപനം ഈ പഞ്ചായത്തിലെ ഏറ്റവും വലിയ സ്ഥാപനംകൂടിയാണ്.

പട്ടിക 6

ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കണക്ക്.

| പഞ്ചായത്തി ആകെ അദ്ധ്യാപകർ | ഗവഃ അദ്ധ്യാപകർ | ഗവഃഅദ്ധ്യാപകരുടെ % | പഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ | ഗവഃസ്കൂളിൽ പഠിക്കുന്ന കുട്ടികൾ | ഗവഃസ്കൂളിലെ കുട്ടി കളുടെ% |
|---|---|---|---|---|---|
| 217 | 73 | 33 | 5528 | 1899 | 34.3 |

പട്ടിക 7

എസ്.എസ്.എൽ.സി പരീക്ഷാഫലം.

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| G.H.S Sasthamcotta | 31 | 28 | 26 | 37 | 48 |
| R.H.S | 77.6 | 79.2 | 86 | 62.5 | 57 |
| J.M.H.S | 52 | 50 | 46 | 51 | 52 |
| M.M.C Public | - | - | 90 | 90 | 100 |

പട്ടിക 5
ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ഗവഃഹൈസ്കൂൾ ശാസ്താംകോട്ട | 677 | 30 | 2 | 1 | പൈപ്പ് | ഉണ്ട് |
| ബിഷപ്പ് എം.എം. സി. പബ്ലിക് സ്കൂൾ | 359 | 19 | 4 | 3 | പൈപ്പ് | ഉണ്ട് |
| ഡോ. സി.റ്റി. ഈപ്പൻ മെമ്മോറിയൽ ആർ.എച്ച്.എസ് | 678 | 29 | 4 | 1 | പൈപ്പ് | ഉണ്ട് |
| ജെ.എം.എച്ച്.എസ് ശാസ്താംകോട്ട | 1468 | 57 | 2 | 1 | കിണർ& പൈപ്പ് | ഉണ്ട് |
| എൻ.എസ്.എസ് യു.പി.എസ് മുതുപിലാക്കാട് | 185 | 8 | 2 | 1 | കിണർ | ഉണ്ട് |
| എൽ.പി.എസ് പള്ളിശ്ശേരിക്കൽ | 400 | 12 | 1 | 1 | പൈപ്പ് | ഉണ്ട് |
| ഗവഃ എൽ.പി.എസ് പനപ്പെട്ടി | 365 | 12 | 1 | 1 | കിണർ | ഉണ്ട് |
| ഗവഃ എൽ.വി.എൽ.പി എസ്. മുതുപിലാക്കാട് | 243 | 9 | 1 | 1 | പൈപ്പ് | ഉണ്ട് |
| ഗവഃ എൽ.പി.എസ് മുതുപിലാക്കാട് | 235 | 8 | 2 | 2 | കിണർ | ഉണ്ട് |
| സെന്റ് മേരീസ് എൽ. പി.എസ്.ശാസ്താംകോട്ട | 386 | 11 | 2 | 1 | പൈപ്പ് | ഉണ്ട് |
| എ.എം.എൽ.പി.എസ് ശാസ്താംകോട്ട | 153 | 8 | 1 | 1 | കിണർ | ഉണ്ട് |
| ഗവഃ എൽ.പി.എസ് കോയിക്കൽഭാഗം | 185 | 7 | 1 | 1 | കിണർ | ഉണ്ട് |
| ഗവഃ എൽ.പി.എസ് കരിന്തോട്ടുവാ | 194 | 7 | 1 | ഇല്ല | കിണർ | ഉണ്ട് |

## നിർദ്ദേശങ്ങൾ

1. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുക.
2. ഓരോ ക്ലാസിനും വെവ്വേറെ ക്ലാസ് മുറികൾ ഉണ്ടാകേണ്ടതാണ്.
3. എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് ആവശ്യത്തിന് മൂത്രപ്പുരയും കക്കൂസും ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുക.
4. ആവശ്യത്തിന് ഡസ്ക്, ബഞ്ച്, ബ്ലാക്ക്ബോർഡ്, പഠനോപകരണങ്ങൾ ഇവ എല്ലാ സ്കൂളിലും ലഭ്യമാക്കണം.
5. എല്ലാ സ്കൂളിലും ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ വേണ്ടത്ര ഉണ്ടകേണ്ടതാണ്.
6. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി എം.എൽ.എൽ പോലുള്ള പരിപാടികൾ എല്ലാ സ്കൂളിലും ആരംഭിക്കണം.
7. എല്ലാ എൽ.പി സ്കൂളിനോടും ചേർന്ന് പ്രീ-പ്രൈമറി ക്ലാസ് തുടങ്ങണം.
8. പള്ളിശ്ശേരിക്കൽ എൽ.പി.എസ് , അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുകയും ഓന്നാംവാർഡിലുള്ള കുട്ടികൾക്ക് ഇവിടെ എത്തിച്ചേരുന്നതിന് പച്ചംകുളം ഏലായ്ക്ക് കുറുകെ ഒരു റോഡ് നിർമ്മിച്ച് നല്കുകയും ചെയ്യേണ്ടതാണ്.
9. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന അമ്മ മെമ്മോറിയൽ എൽ.പി.എസിനെ സംരക്ഷിക്കുന്നതിന് നടപടികൾ ഉണ്ടാകണം.
10. പി.ടി.എ., മാതൃസംഗമം എന്നിവ സജീവമല്ലാത്ത സ്കൂളുകളിൽ സജീവമാക്കണം.
11. സ്കൂൾകോംപ്ലക്സുകൾ ആരംഭിക്കുക.
12. അദ്ധ്യാപകർക്കുള്ള പരിശീലനം കാലാകാലങ്ങളിൽ ലഭ്യമാക്കണം.
13. കോളേജുകളിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തുന്നതിന് സഹായകമായി ഹൈസ്കൂളുകളോടു ചേർന്ന് പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കണം.
14. പ്രാദേശികമായ തൊഴിൽ പരിശീലനം നല്കുന്ന വോക്കേഷനൽ കോഴ്സുകൾ ആരംഭിക്കുകയും കുട്ടികൾക്ക് പച്ചക്കറിത്തോട്ടനിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം എന്നിവയിൽ പരിശീലനം നല്കുന്നതിനുള്ള പരിപാടി നടപ്പാക്കുകയും ചെയ്യേണ്ടതാണ്.
15. വിജ്ഞാനം നല്കുന്നതോടൊപ്പം തന്നെ കുട്ടികളിൽ ധാർമ്മികബോധവും സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ ഇനിയും വൈകിക്കൂടാ.
16. സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തേണ്ടതാണ്.
17. ഓലഷെഡും അർദ്ധസ്ഥിര കെട്ടിടവും തകർന്നതിനാൽ 11 ക്ലാസുകൾ 4 മുറികളിൽ നടത്താൻ നിർബന്ധിതമായിരിക്കുന്ന പനപ്പെട്ടി എൽ.പി.എസ്-ൽ 80 അടി നീളത്തിൽ ഒരു കെട്ടിടം നിർമ്മിക്കുകയും മറ്റുള്ളവയുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുകയും വേണം.
18. ശാസ്താംകോട്ട ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടൂ കോഴ്സ് തുടങ്ങുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുക.
19. പഞ്ചായത്തിൽ ഒരു ഗവൺമെന്റ് ഐ.റ്റി.ഐയും ഗവൺമെന്റ് പോളിടെക്നിക്കും ആരംഭിക്കണം.
20. അഭ്യസ്ഥവിദ്യർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നല്കുന്ന ഒരു സ്ഥാപനം ആരംഭിക്കേണ്ടതാണ്.
21. തുടർസാക്ഷരതാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്തിലെ വായനശാലകളോടു ബന്ധപ്പെടുത്തി ജനവിദ്യാകേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാന്.

# ആരോഗ്യം

ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിന്റെ സമ്പത്ത്. ആരോഗ്യം എന്നത് മരുന്നും ചികിത്സയുമല്ല. "ശാരീരികവും മാനസസികവും വൈകാരികവുമായ സന്തുലനാവസ്ഥയാണ്."
ശുദ്ധജലവിതരണം, ശുചീകരണ കാര്യങ്ങൾ, രോഗപ്രതിരോധം തുടങ്ങിയവ പൊതുജനാരോഗ്യ പരിപാടികളിൽ പ്രധാനപ്പെട്ടവയാണ്.

രാജവാഴ്ചയുടെ കാലത്തു തന്നെ ആയുർവേദം പോലുള്ള പരമ്പരാഗത ചികിത്സാ രൂപങ്ങൾ ഇവിടെ പ്രചാരത്തിലുണ്ടായിരുന്നു. മർമ്മ ചികിത്സാ രംഗത്ത് പള്ളിശ്ശേരിക്കൽ ആലത്തൂർ ആശാന്മാർ, ആയുർവേദ ചികിത്സയിൽ പനപ്പെട്ടി കൊടിയിൽ കുഞ്ഞുപിള്ള, പള്ളിശ്ശേരിക്കൽ കെട്ടു വൈദ്യൻ, മുതുപിലാക്കാട് തലവനാട്ട് കേശവൻ വൈദ്യൻ, ഹോമിയോ ചികിത്സയിൽ കുഴിവിളയിൽ ഡോ. ഗോപാലപിള്ള, വിഷചികിത്സയിൽ താന്നിക്കൽ കൊച്ചൻപിള്ള ആശാൻ എന്നിവർ പ്രഗത്ഭമതികളായിരുന്നു. മൃഗചികിത്സയ്ക്ക് പേരുകേട്ട നാട്ടു വൈദ്യനായിരിന്നു പരപ്പാടിത്തെക്കതിൽ ഉണ്ണൂണ്ണി.

ആധുനിക ചികിത്സാ സങ്കേതങ്ങൾ വികസിച്ചതോടൊപ്പം പുതിയതരം മാരക രോഗങ്ങളും കടന്നുവരുന്നു. ഇതുമൂലം രോഗ ചികിത്സാ ചിലവുകൾ വർദ്ധിച്ചു. ഗ്രാമം, ജീവിതസാഹചര്യങ്ങളെന്നപോലെ ശുദ്ധജലവിതരണം, ശുചീകരണം മുതലായ സൗകര്യങ്ങളുടെ കാര്യത്തിലും വളരെ പിന്നോക്കമാണ്. കാർഷികോല്പാദന കുറവ്, രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ, ഇവയുടെ കൂടെ താഴ്ന്ന ക്രയശേഷി കൂടി ആയപ്പോൾ ഗ്രാമീണരിൽ വലിയൊരുഭാഗം ആസന്നമായ പോഷകാഹാരക്കുറവിന്റേയും രോഗാതുരതയുടേയും നിഴലിൽ കഴിയുന്നവരായി തീർന്നു. ഇത് സമൂഹത്തിലെ ദുർബല വിഭാഗത്തിൽ പെടുന്ന സ്ത്രീകളേയും കുട്ടികളേയുമാണ് സാരമായി ബാധിച്ചിരിക്കുന്നത്.

ആരോഗ്യസേവനം സൗജന്യമാണെന്ന് പറയപ്പെടുന്നെങ്കിലും അവയുടെ ഗുണഫലങ്ങൾ ഗ്രാമീണ ജനതയ്ക്ക് ലഭ്യമാകുന്നില്ല. കാരം ഈ സൗകര്യങ്ങൾ മിക്കതും പട്ടണങ്ങളിലാണ് ലഭിക്കുന്നത്.

ഇയർന്ന ജനസാന്ദ്രതയുള്ള നമ്മുടെ പഞ്ചായത്തിൽ പകർച്ചവ്യാധികൾ കുറവാണ്. ശുദ്ധജലവിതരണം, സാനിറ്റേഷൻ സൗകര്യങ്ങൾ തുടങ്ങിയ പ്രതിരോധ നടപടികളേക്കാളുപരി ഗ്രാമത്തിനു പുറത്തു നിന്നായാലും ചികിത്സാസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതും രോഗപ്രതിരോധ കുത്തിവെയ്പുകൾ ക്രമമായി സ്വീകരിക്കുന്നതുമാണ് പ്രധാന കാരണങ്ങൾ.
70% കുടുംബങ്ങളും പബ്ലിക്ക് ടാപ്പുകൾ, അന്യന്റെ കിണർ എന്നിവയെ ആശ്രയിക്കുന്നു.

ഇവർക്ക് സ്വന്തമായി ശുദ്ധജലസൗകര്യമില്ല. ശുചിത്വപരമായി സുരക്ഷിതമായ കക്കൂസില്ലാത്ത വീടുകൾ 40%ത്തോളം വരും. ഇവർ കക്കൂസായി ഉപയോഗിക്കുന്നത് വെളിസ്ഥലമോ, സ്വന്തസ്ഥലമോ അന്യന്റെ സ്ഥലമോ, റോഡ് കനാൽ എന്നിയുടെ പരിസരമോ ആണ്.

ഒരു സർക്കാർ ആശുപത്രി, മൂന്ന് സ്വകാര്യ ആശുപത്രികൾ, ഒരു ഇ.എസ്. ഐ. ഡിസ്പെൻസറി, മൂന്ന് സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ, നാല് സ്വകാര്യ അലോപ്പതി ക്ലിനിക്കുകൾ, 9 മെഡിക്കൽ സ്റ്റോറുകൾ, 11 സ്വകാര്യ ആയൂർവേദ ക്ലിനിക്കുകൾ ഒരു സർക്കാർ ആയൂർവേദ ഡിസ്പെൻസറി ഒരു സിദ്ധ മർമ്മ വൈദ്യശാല, ഒരു പ്രകൃതിചികിത്സാ കേന്ദ്രം, 6 സ്വകാര്യ ദന്തക്ലിനിക്കുകൾ എന്നിവ ഉൾപ്പെടുന്നതാണ് നമ്മുടെ ഗ്രാമത്തിലെ ചികിത്സാ സൗകര്യങ്ങൾ.

കാലവർഷ സമയങ്ങളിൽ വയറൽ ഫിവറും വയറിളക്കവും സ്ഥിരമായി കണ്ടുവരാറുള്ള പകർച്ച വ്യാധികളാണ്. കൂടാതെ ടൈഫോയിഡ്, മഞ്ഞപ്പിത്തം, ചിക്കൻ പോക്സ്, ചെങ്കണ്ണ് എന്നീ രോഗങ്ങളും കണ്ടുവരാറുണ്ട്. ദീർഘസ്ഥായി രോഗങ്ങൾ ക്ഷയം, ഹൃദ്രോഗം,അർബുദം ഹൈപ്പർടെൻഷൻ, സന്ധിവാതം, പ്രമേഹം, ആസ്മ എന്നിവയാണ്.

### ജനനമരണ നിരക്ക്

| വർഷം | ജനനം | മരണം |
|---|---|---|
| 1992 | 552 | 161 |
| 1993 | 627 | 178 |
| 1994 | 558 | 139 |
| 1995 | 713 | 153 |
| 1996 | 705 | 155 |

1996 ലെ കണക്ക് അപൂർണ്ണം

അവലംബം. ജനന മരണ രജിസ്റ്റർ ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത്

### *പ്രശ്നങ്ങൾ*

ശാസ്താംകോട്ട സർക്കാർ ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും, ഒരു താലൂക്കാശുപത്രിക്കുവേണ്ട യാതൊരു സൗകര്യങ്ങളും ഇവിടെയില്ല. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങൾ പരിമിതമാണ്. വേണ്ടത്ര കെട്ടിടങ്ങൾ, സ്പെഷലൈസ് ചെയ്ത ഡോക്ടർമാർ പാരാമെഡിക്കൽ സ്റ്റാഫ് ആധുനിക ചികിത്സാ സങ്കേതങ്ങൾ ഒന്നുംതന്നെയില്ലാത്ത കേരളത്തിലെ ഏക താലൂക്കാശുപത്രിയാണിത്. പി.എച്ച്. സെന്ററുകൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല. അത്യാവശ്യമരുന്നുകൾ പോലും ഇവിടെ ലഭ്യമല്ല. പാരമ്പര്യ ചികിത്സാ മുറകളുടെ സാദ്ധ്യത വേണ്ട വിധം ഉപയോഗപ്പെടുത്തുന്നില്ല.

ശാസ്താംകോട്ട ചന്തയിൽ നിന്നും ഹോട്ടലുകളിൽ നിന്നും പുറംന്തള്ളുന്ന മാലിന്യങ്ങൾ ടൗണിലെ പ്രധാന പരിസ്ഥിതി പ്രശ്നമാണ്. ഭരണിക്കാവ് ജംഗ്ഷനിലുള്ള കെ.ഐ.പി. കനാലിലാണ് ഹോട്ടലുകളിലേയും അറവുശാലയിലേയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്. ഇതുമൂലം തെരുവ്നായ്ക്കളും കൊതുകു തുടങ്ങിയ കീടങ്ങളും പെരുകുന്നു. ഇതുപോലെയുള്ള ഗുരുതരമായ പരിസരമലിനീകരണം പ്രധാന കവലകളിലും വർദ്ധിച്ചു വരുന്നു.

കശുവണ്ടി ഫാക്ടറികളിൽ ശാസ്ത്രീയമായ മലിനീകരണ നിയന്ത്രണ മാർഗ്ഗങ്ങളോ ശുചിത്വ സംവിധാനങ്ങളോ ഏർപ്പെടുത്തിയിട്ടില്ല. ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന പുക ഫാക്ടറി തൊഴിലാളികളും പരിസരവാസികളും ശ്വസിക്കുന്നു. ഇത് ഗുരുതരമായ രോഗങ്ങൾക്ക് കാരണമായേക്കാം. വഴിയോരങ്ങളിൽ കന്നുകാലികളെ പ്രാകൃതമായ രീതിയിൽ കശാപ്പ് ചെയ്ത് മാംസം പരസ്യമായി കെട്ടിത്തൂക്കി വിപണനം ചെയ്യുന്നു. കശാപ്പിനു മുമ്പ് മൃഗങ്ങളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കാറില്ല.

സെറ്റിൽമെന്റ് കോളനികളിലും ലക്ഷംവീട് കോളനികളിലും താമസിക്കുന്നവർക്ക് കൈവശഭൂമിയുടെ വിസ്തൃതി കുറവായതിനാൽ ശവസംസ്കാരം നടത്താൻ സൗകര്യമില്ല. ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ വീഴുന്ന അനാഥ പ്രേതങ്ങൾ മറവുചെയ്യാനും സൗകര്യമില്ല.

ഇപ്പോഴും 90% വീടുകളിലും പാരമ്പര്യരീതിയിൽ വിറകും മറ്റ് കാർഷികാവശിഷ്ടങ്ങളും ഉപയോഗിച്ചുള്ള പാചകരീതികളാണ് നിലവിലുള്ളത്. ഇവയിൽ നിന്നു വമിക്കുന്ന പുക കുടുംബാംഗങ്ങളുടെ ആരോഗ്യത്തിന് പ്രശ്നമുണ്ടാക്കുന്നു. പ്രത്യേകിച്ച് സ്ത്രീകൾക്ക്. ഉച്ചഭാഷിണി വഴിയുള്ള ശബ്ദ മലിനീകരണം അനിയന്ത്രിതമായി വർദ്ധിക്കുന്നു. ഇത് പല ശാരീരിക മാനസിക അസ്വസ്ഥതകൾക്കും കാരണമാ

കുന്നുണ്ട്.

## സാദ്ധ്യതകളും പരിഹാരങ്ങളും

ശാസ്താംകോട്ട ഗവ. ആശുപത്രിയിൽ താലൂക്ക് ആശുപത്രിക്കുവേണ്ട ആധുനിക ചികിത്സാ സൗകര്യങ്ങൾ എർപ്പെടുത്തുക.

ആശുപത്രിയിലെ കിടത്തി ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുക.

സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരെയും നേഴ്സുമാരയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കുക.

ഔഷധങ്ങൾ ന്യാവിലയ്ക്ക് ലഭ്യമാക്കുവാൻ സംവിധാനം വേണം.

ഹാനികരവും അനാവശ്യവുമായ മരുന്നുകളുടെ വിപണനം ഇതുമൂലം നിയന്ത്രിക്കാൻ കഴിയും.

ശരിയായ ആരോഗ്യശീലങ്ങൾ പാലിക്കുകയും, പ്രതിരോധ മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്താൽ ഒട്ടുമിക്ക രോഗങ്ങളും നിയന്ത്രിക്കാം.

സന്നദ്ധസംഘടനകൾ വഴി ഗോഗപ്രതിരോധ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവെയ്പ് ക്യാമ്പുകൾ, ചിലവുകുറഞ്ഞ ശുചീകരണോപാധികൾ എന്നിവ പ്രചരിപ്പിക്കാവുന്നവയാണ്. കുടിവെള്ളസംരക്ഷണം, പരിസരശുചിത്വം പാചകോപാധികൾ, മാലിന്യങ്ങൾ പുറംന്തള്ളൽ തുടങ്ങിയ കാര്യങ്ങളിൽ സന്നദ്ധസംഘടനകളുടെ സഹായത്താൽ ജനകീയ ബോധവല്ക്കരണ കാംപെയിനുകൾ സംഘടിപ്പിക്കണം.

പഞ്ചായത്തു നിയോഗിക്കുന്ന ഹെൽത്ത് ടീം എല്ലാവാരത്തിലും ആഹാരശാലകളിലെ ശുചിത്വ പരിശോധന കർശനമാക്കണം.

വീടുകളിലും കടകമ്പോളങ്ങളിലുമുണ്ടാകുന്ന ഖരമാലിന്യങ്ങൾ കുഴിയിൽ നിക്ഷേപിക്കുകയോ, കമ്പോസ്റ്റാക്കി മാറ്റുകയോ ചെയ്യാൻ ബോധവല്ക്കരണം സംഘടിപ്പിക്കുക.

ഉയർന്ന ദക്ഷതയുള്ള പുകകുറഞ്ഞ ആധുനിക രീതിയിലുള്ള വിറകടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കാൻ അനെർട്ടിന്റെ സഹായം ലഭ്യമാക്കണം.

കക്കൂസ് ഇല്ലാത്ത എല്ലാ വീടുകൾക്കും സ്വന്തമായി സെപ്റ്റിക് ടാങ്ക് കക്കൂസ് പഞ്ചായത്ത് നിർമ്മിച്ച് നല്കണം.

ഭക്ഷ്യമാംസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം. ഇതിന് ശുചീകരണ സൗകര്യത്തോടുകൂടിയ ആധുനിക രീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കാവുന്നതാണ്.

സ്ത്രീകളെ മാത്രം ലക്ഷ്യംവെച്ചുള്ള സന്താന നിയന്ത്രണോപാധികളുടെ ഉത്പ്പാദനവും പരീക്ഷണവും നിയന്ത്രിക്കാൻ സർക്കാർ തലത്തിൽ സമ്മർദ്ദം ചെലുത്തണം.

പരിക്ക്, ദീർഘസ്ഥായീ രോഗങ്ങൾ എന്നിവയ്ക്കുള്ള ചികിത്സാ സഹായം വർദ്ധിപ്പിക്കാനുള്ള സാദ്ധ്യത ആരായണം.

അമിതമായ മദ്യപാനം പുകവലി വെറ്റിലമുറുക്ക് തുടങ്ങിയ എല്ലാത്തരം ലഹരി ഉപയോഗത്തേയും നിരുത്സാഹപ്പെടുത്താൻ സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ ബോധവല്ക്കരണ പദ്ധതികൾ സംഘടിപ്പിക്കണം.

പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു ആയുർവേദ ആശുപത്രിയും, ഹോമിയോ ആശുപത്രിയും ആരംഭിക്കണം.

## ശുദ്ധജലതടാക സംരക്ഷണം.

പ്രകൃതിയുടെ വരദാനമായ ശാസ്താംകോട്ട ശുദ്ധജലതടാകം ഗുരുതരമായ മലിനീകരണ ഭീഷണി നേരിടുകയാണ്. തടാകത്തിനു ചുറ്റും ഉയർന്ന കോട്ട പോലെ നില്ക്കുന്ന കുന്നുകളിൽ നിന്നും വർഷകാലങ്ങളിൽ ടൺ കണക്കിനു മണ്ണും ജൈവാവശിഷ്ടങ്ങളും തടാകത്തിൽ വന്നടിയുന്നു. കഴിഞ്ഞ കാൽനൂറ്റാണ്ടിനുള്ളിൽ കായൽ മുഖങ്ങൾ 15 മീറ്ററിലേറെ നികന്നിട്ടുണ്ട്. ഇങ്ങനെ തടാകത്തിന്റെ വിസ്തൃതി കുറഞ്ഞു വരുന്നു. കൃഷിക്കും പാർപ്പിട നിർമ്മാണാവശ്യത്തിനും തടാകത്തോടു ചേർന്നു കിടക്കുന്ന തരിശുഭൂമി കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. ഇതാണ് ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നത്തിനു കാരണം. അമൂല്യമായ തെളിനീർ ഉറവ സംരക്ഷിക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.

1954-55 ലെ ഇന്റോ നോർവീജിയൻ പഠന റിപ്പോർട്ടു പ്രകാരം കായലിന്റെ ആഴം ശരാശരി 14. 3 മീറ്ററായിരുന്നു. 1985-86 ലെ പഠന റിപ്പോർട്ടു പ്രകാരം ഇത് 13.9 മീറ്ററായി കുറഞ്ഞു. കായലിനു ചുറ്റും ബണ്ട്കെട്ടി മണ്ണൊലിപ്പും മാലിന്യപ്രവാഹവും തടയാം. മണ്ണടിഞ്ഞുണ്ടായ തീരങ്ങളിൽ മരങ്ങളും ഔഷധ

സസ്യങ്ങളും കൈതയും നട്ടു വളർത്താം. തീര വാസികൾക്ക് സ്വന്തം വീടുകളിൽ സെപ്റ്റി ടാക്ക് കക്കൂസുകളോടുകൂടിയ ശുചീകരണ സൗകര്യങ്ങളും ശുദ്ധജലവും ലഭ്യമാക്കണം. പദ്ധതി പ്രദേശത്ത് ഭൂവിനിയോഗ നിയമം ബാധകമാക്കണം. ഗ്രീൻ ബെൽറ്റും ജൈവ കിടങ്ങുകളുമാണ് ഉടനടി ചെയ്യാൻ കഴിയുന്ന സംരക്ഷണ പ്രവർത്തനങ്ങൾ. വിപുലമായ ജനകീയ പങ്കാളിത്തത്തോടെ ബൃഹത്തായ ശുദ്ധജല വിതരണ പദ്ധതിയ്ക്ക് സംസ്ഥാന ഗവണ്മെന്റിന്റെ സഹായം തേടണം.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളുടെ പട്ടിക
(അവലംബം. സെസ് റിപ്പോർട്ട്)

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | വാർഡ് | കെട്ടിടം സ്വന്തം/വാടക | സ്ഥാപിച്ച വർഷം | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപന പരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ഗവൺമെന്റാശുപത്രി | അലോപ്പതി | 4 | സ്വന്തം | 1957 | 24 | കെട്ടിടങ്ങൾ ആവശ്യത്തിനില്ല. ഡോക്ടർമാർ, സ്റ്റാഫ്, മരുന്ന് എന്നിവ ആവശ്യത്തിനില്ല. |
| 2 | ഗവണ്മെന്റ് ആയുർവേദ ആശുപത്രി പെരുവേലിക്കര | ആയുർവേദം | 11 | വാടക | 1989 | 5 | കെട്ടിടത്തിൻറെയും മരുന്നിന്റെയും അഭാവം. |
| 3 | കുടുംബക്ഷേമകേന്ദ്രം പള്ളിശ്ശേരിക്കൽ | അലോപ്പതി | | വാടക | 1969 | 1 | സ്വന്തമായി കെട്ടിടവും ഫർണിച്ചറും ഇല്ല. |
| 4 | കുടുംബക്ഷേമകേന്ദ്രം മനക്കര | അലോപ്പതി | | വാടക | 1984 | 1 | do |
| 5 | കുടുംബക്ഷേമകേന്ദ്രം രാജഗിരി, ശാസ്താംകോട്ട | അലോപ്പതി | 3 | വാടക | 1984 | 1 | do |
| 6 | കുടുംബക്ഷേമ കേന്ദ്രം മുതുപിലാക്കാട് ശാസ്താംകോട്ട | അലോപ്പതി | 9 | വാടക | 1965 | 1 | do |
| 7 | കുടുംബക്ഷേമകേന്ദ്രം പെരുവേലിക്കര | അലോപ്പതി | 11 | വാടക | 1984 | 1 | do |

## പകർച്ചവ്യാധിവിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 16 | 10 | 13 | 8 |
| 1994-95 | 22 | 8 | 12 | 14 |
| 1995-96 | 19 | 6 | 14 | 5 |

അവലംബം. ആരോഗ്യ സർവ്വേ 1996.

## സ്ഥായിയായ രോഗവിവരങ്ങൾ

| ക്രമനമ്പർ | രോഗത്തിന്റെ പേര് | ബാധിച്ചവരുടെ എണ്ണം |
|---|---|---|
| 1 | രക്തസമ്മർദ്ദം | 63 |
| 2 | പ്രമേഹം | 52 |
| 3 | ക്ഷയം | 23 |
| 4 | ഹൃദ്രോഗം | 14 |
| 5 | കുഷ്ഠം | 6 |
| 6 | കാൻസർ | 4 |

അവലംബം. ആരോഗ്യസർവ്വേ 96

## കക്കൂസ് വിവരങ്ങൾ

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | സെപ്റ്റിക്ക്ടാങ്കക്ക് | 2093 |
| 2 | ഇ.എസ്.പി | 859 |
| 3 | മറ്റുള്ളവ | 3664 |
| | ആകെ | 6616 |

അവലംബം ആരോഗ്യ സർവ്വേ 1996.

# കുടിവെള്ളവും പൊതുജനാരോഗ്യവും

<u>കുടിവെള്ളം</u>

ജനങ്ങളുടെ ആരോഗ്യത്തിന് വളരെ അത്യന്താപേക്ഷിതമാണ് കുടിവെള്ളം. നമ്മുടെ രാജ്യത്ത് വലിപ്പത്തിൽ നാലാം സ്ഥാനത്ത് നിൽക്കുന്നതും കേരളത്തിലെ ഏക ശുദ്ധജലതടാകവുമാണ് ശാസ്താംകോട്ട കായൽ. 1956 ൽ ഫിൽട്ടർ ഹൗസ് സ്ഥാപിച്ച് കൊല്ലം പട്ടണത്തിലേക്ക് ശുദ്ധജലവിതരണം ആരംഭിച്ചിച്ചു. ഇന്ന് കൊല്ലം മുനിസിപ്പാലിറ്റിയ്ക്ക് പുറമെ സമീപസ്ഥലങ്ങളായ പത്തു പഞ്ചായത്തുകളിലേക്കും ജലവിതരണം ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ നിന്നുമാണ്. എന്നാൽ തടാകം ഉൾക്കൊള്ളുന്ന ശാസ്താംകോട്ട പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ മേല്പറഞ്ഞ ശുദ്ധജലവിതരണ സമ്പ്രദായത്തിന് കഴിഞ്ഞിട്ടില്ലായെന്നത് പ്രതിഷേധാർഹമാണ്. ലക്ഷക്കണക്കിനാളുകൾക്ക് കുടിവെള്ളം സൗജന്യമായി നല്കുന്ന പഞ്ചായത്ത് എന്ന കാര്യത്തിൽ അഭിമാനമുണ്ടെങ്കിലും ഈ ഗ്രാമവാസികൾ കുടിവെള്ളത്തിനുവേണ്ടി ടാങ്കർ ലോറികളെ ആശ്രയിക്കേണ്ട സ്ഥിതിവിശേഷത്തിന് അധികൃതരുടെ കൃത്യവിലോപം കൊണ്ട് പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലായെന്നതിൽ കടുത്ത അമർഷം എല്ലാ ഗ്രാമസഭകളിലും അലയടിച്ചു.

പഞ്ചായത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകത എല്ലാപ്രദേശത്തും കിണർ വെള്ളത്തെ മാത്രം ആശ്രയിക്കുന്നതിന് സഹായകരമല്ല. ആയതിനാൽ ശുദ്ധജല വിതരണ ശൃംഖല വ്യപകമാക്കുകയല്ലാതെ മറ്റുമാർഗ്ഗമില്ല. അപ്രത്യക്ഷമാകുന്ന ജലസ്രോതസ്സുകളും കാലാവസ്ഥയിലെ വ്യതിയാനവും വർദ്ധിച്ചുവരുന്ന ജലമലനീകരണവും പ്രശ്നം രൂക്ഷമാക്കുകയാണ്.

<u>പ്രശ്നങ്ങൾ</u>

1. ശാസ്താംകോട്ട പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിനുമാത്രമായി ശാസ്താംകോട്ടയിൽ പണിയാരംഭിച്ച കിണർ വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തികരിച്ചിട്ടില്ല.
2. പതിനഞ്ചുവർഷങ്ങൾക്കു മുമ്പ് കുഴിച്ചിട്ട പൈപ്പുകളിനിയും ജലവിതരണ യോഗ്യമായിട്ടില്ല.
3. രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ജലവിതരണ ലൈനുകൾ ഇട്ടിട്ടില്ല.
4. ജലവിതരണ യോഗ്യമല്ലാത്ത എച്ച്. ഡി. പി. പൈപ്പുകൾ ജലവിതരണം താറുമാറാക്കുന്നത് നിത്യസംഭവമാണ്. ഇതുമൂലമുള്ള ജലനഷ്ടം വളരെ ഭാരിച്ചതാണ്.
5. ഭരണിക്കാവ് ഓവർഹെഡ്സ് ടാങ്കിലേക്കുള്ള പ

മ്പിംഗ് സമയം വളരെ പരിമിതമാണ്. ഇത് ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിന് പര്യാപ്തമല്ല. ഓവർഹെഡ്സ്റ്റ്ടാങ്കിനോട് ചേർന്നുള്ള റ്റ്യൂബ്വെല്ലിന്റെ പ്രവർത്തന ക്ഷമത അനുദിനം കുറഞ്ഞു വരുന്നു. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണിതിനുകാരണം.

6. ഗുണനിലവാരം കുറഞ്ഞപൈപ്പുകളുപയോഗിച്ചുള്ള ജലവിതരണ ലൈനുകൾ നിരന്തരം തകരാറിലാകുന്നതിന് മറ്റൊരു കാരണമാണ്.

7. അയ്യായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന, മൂന്ന് വശവും കായലാൽ ചുറ്റപ്പെട്ട ശാസ്താംകോട്ട ഡി.ബി. കോളേജിൽ ശുദ്ധജല വിതരണത്തിന് സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ തീരെ ശേഷികുറഞ്ഞതാണ്. കുട്ടികൾ ആടുമാടുകളെപോലെ കായലിൽ നിന്നും നേരിട്ട് വെള്ളംകുടിക്കുന്ന കാഴ്ച ഹൃദയഭേദകമാണ്.

8. കരിന്തോട്ടുവാ പെരുവേലിക്കര വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കൂടി ലക്ഷ്യമാക്കുന്ന ചേലൂർകായലിൽ പണിയാരംഭിച്ച ശുദ്ധജലവിതരണ പദ്ധതിയുടെ പൂർത്തീകരണം വൈകുന്നു.

9. പെയ്തുവെള്ളം ഒലിച്ചുപോയി വൃഥാ നഷ്ടപ്പെടുന്നു.

10. ശുദ്ധജലം അമൂല്യസമ്പത്താണ് എന്ന ബോധമില്ലായ്മ.

11. ശുദ്ധജലത്തിൽ വാഹനങ്ങൾ കഴുകിയും കാലികളെ കുളിപ്പിച്ചുമുള്ള ദുർവിനിയോഗം.

## പരിഹാരങ്ങൾ

1. ശാസ്താംകോട്ട ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ശാസ്താംകോട്ടയിൽ പണിയാരംഭിച്ച കിണറിന്റെ പണിപൂർത്തീകരിച്ച് ഫിൽടർടാങ്കിന് വടക്കുവശമുള്ള സമ്പിലേക്ക് വെള്ളം പമ്പുചെയ്യുവാനുള്ള നടപടിയുണ്ടാവുക.

2. കിണറിന്റെ പണി പൂർത്തിയാകുന്നതുവരെ ശാസ്താംകോട്ടയിൽനിന്നും ഭരണിക്കാവ് ഓവർഹെഡ്സ്റ്റ് ടാങ്കിലേക്ക് പമ്പുചെയ്യുന്നത് 24 മണിക്കൂറായി വർദ്ധിപ്പിക്കുക.

3. വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ച ഇനിയും ചാർജ്ജുചെയ്തിട്ടില്ലാത്ത പൈപ്പു ലൈനുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്ത് ചാർജ്ജ് ചെയ്യുക.

4. ഗുണമേന്മയില്ലാത്ത HDP പൈപ്പുകൾ മാറ്റി പകരം മെച്ചപ്പെട്ട PVC പൈപ്പുകൾ സ്ഥാപിക്കുക.

4. അനുബന്ധ പട്ടികയിലെ സ്ഥലങ്ങളിൽ പുതിയ പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളമെത്തിക്കുക.

. ചേലൂർ കായൽ വാട്ടർ സപ്ലൈ സ്കീം എത്രയും പെട്ടന്ന് പൂർത്തീകരിക്കുക.

6. ശാസ്താംകോട്ട ഡി.ബി. കോളേജിലേക്കുള്ള പൈപ്പുലൈൻ ആവശ്യത്തിന് ജലം ലഭിക്കത്തക്ക വിധം മാറ്റി സ്ഥാപിക്കുക.

7. പെയ്തുവെള്ളം പുരയിടങ്ങളിൽ സംഭരിച്ച് കിണറുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ബോധവല്ക്കരണം സംഘടിപ്പിക്കുക.

8. ശുദ്ധജലം അമൂല്യസമ്പത്താണ് എന്ന ബോധം ഗ്രാമവാസികൾക്കുണ്ടാക്കുന്നതിനുള്ള ബോധവല്ക്കരണപരിപാടികൾ ആവിഷ്ക്കരിക്കുക.

9. ശുദ്ധജലത്തിന്റെ ദുർവിനിയോഗം തടയുക. ലംഘിക്കുന്നവരെ ശിക്ഷിക്കണം.

10. ശാസ്താംകോട്ട ശുദ്ധജലതടാകം മണ്ണൊലിപ്പിൽനിന്നും സംരക്ഷിക്കുന്നതിനുള്ള പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുക.

11. ജലമലിനീകരണം തടയുന്നതിന് കൂട്ടായ പദ്ധതികൾ ആസൂത്രണം ചെയ്യുക.

12. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ സ്ഥിരം സംവിധാനം വേണം.

### കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങൾ

| വാർഡ് നമ്പർ | സ്ഥലത്തിന്റെ പേര് |
|---|---|
| 1. 1 | പള്ളിയോടി മുക്ക് മുതൽ ഓറേത്ത് മുക്കുവരെ |
| 2. | വിളയിൽ തെക്കേ മുക്കുമുതൽ പുന്നവിളമുക്കുവരെ |
| 3. | മദാമ്മത്തോപ്പുമുതൽ തെറ്റിക്കുഴിവരെ. |
| 4 | കല്ലുവിളമുക്കുമുതൽ പഞ്ചംകുളത്തുമുക്കുവരെ |
| 5 | കല്ലുംപുറത്തുതെക്കുമുതൽ പാലവിള പടിഞ്ഞാറ്റതിൽ മുക്കുവരെ |
| 6 | വാഴപ്പള്ളിൽ മുക്ക് തരുവിൽ ലക്ഷംവീട് വരെ |
| 7 | കെപ്പാറയിൽ മുക്ക്മുതൽ |

| വാർഡ് നമ്പർ | | സ്ഥലത്തിന്റെപേര് |
|---|---|---|
| 1 | ക്രമനമ്പർ | പുളിയ്ക്കൽ മുക്ക്വരെ |
| | 8 | പാട്ടുപുരക്കുറ്റിമുതൽ താഴോട്ട് തെങ്ങുംതറ വരെ. |
| | 9 | തൈക്കാവ് മുതൽ താഴോട്ട് ഏലാ വരെ. |
| | 10 | പുത്തൻ വിളമുക്ക് മുതൽ ഏലാ വരെ |
| | 11 | പള്ളിശ്ശേരിക്കൽ എൽ.പി.എസ് മുതൽ പാലപ്പള്ളി അമ്പലം വരെ. |
| 2. | 1. | ചവരിയ്ക്കഴികത്ത് മുക്കുമുതൽ കാഞ്ഞിരംവിള മുക്കുവരെ |
| | 2. | പള്ളിശ്ശേരിയ്ക്കൽ പൊയ്കയിൽ മുക്കുമുതൽ കാഞ്ഞിരംവിള കോളനി |
| | 3 | വിളയിൽ മുക്ക്മുതൽ പെരുമ്പുഴകുളം വരെയുള്ള റോഡ്. |
| | 4 | പള്ളിശ്ശേരിക്കൽ എൽ.പി.എസിന് സമീപം ലക്ഷംവീട് കോളനി |
| | 5 | പള്ളിശ്ശേരിക്കൽ എൽ.പി.എസിന്റെ ഭാഗം മുതൽ പൊയ്കത്തറ മുക്കുവരെ. |
| | 6 | പൊരിക്കവിള ജംഗ്ഷൻ മുതൽ പുത്തപുര ജംഗ്ഷൻ വരെ. |
| | 7 | പൊയ്കയിൽ കുറ്റി ജംഗ്ഷൻ മുതൽ ചരിഞ്ഞവിള കോളനി വരെ |
| | 8 | പള്ളി മുക്കു മുതൽ പെരുമുറ്റം വരെ. |
| 3 | 1. | രാജഗിരി കുതിരമുനമ്പ് റോഡ് |
| | 2 | ആഞ്ഞിലിമൂട് പള്ളിച്ചരിവിൽ റോഡ്. |
| | 3 | പൊന്നേഴേത്ത് റോഡുമുതൽ ഏലവരെ. |
| | 4 | ആഞ്ഞിലിമൂട് ജംഗ്ഷൽ മുതൽ പള്ളിമുക്ക്വരെ |
| | 5 | തുണ്ടിൽ മുക്കു മുതൽ മദാമ്മത്തോപ്പ് വരെ. |
| | 6 | തേനാത്ത് മുക്കുമുതൽ ഏലാവരെ. |
| | 7 | പെരുമുറ്റത്തുമുതൽ ഏലാ വരെ. |
| | 8 | രാജഗിരികായൽ കടവ് റോഡ്. |
| | 9 | റ്റി.ബി. ജംഗ്ഷൻ മുതൽ കായൽവാരം വരെയുള്ള റോഡ് |

## കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങൾ

| വാർഡ് | |
|---|---|
| 4 | 1. ശങ്കരമംഗലംകോളനി<br>2. കുന്നുംപുറം ഹരിജൻ കോളനി |
| 5 | 1 വള്ളോന്നി കോളനി<br>2 തുണ്ടുവിള മുക്കുമുതൽ കിഴക്കു ഭാഗം വരെ<br>3 പുന്നക്കാട് ചരുവിള കോളനി<br>4 കണ്ടോലി മുക്കിന് പടിഞ്ഞാറ് തുണ്ടി വിള മുക്ക് വരെ<br>5 അമ്പനാട്ട് ഭാഗം |
| 6. | 1. മുസലിയാർ ഫാം<br>2. ശാന്താലയത്തുമുക്ക് മുതൽ വലിയവിള വരെ |

| വാർഡ്നമ്പർ | ക്രമനമ്പർ | സ്ഥലത്തിന്റെ പേര് |
|---|---|---|
| 6 | 3 | മണക്കാട്ട് മുക്കു മുതൽ അശ്വതി മുക്കു വരെ |
| | 4 | മണക്കാട്ട് മുക്ക് മുതൽ ക്ഷേത്രമുക്ക് (വടക്കോട്ട്) |
| | 1 | തെറ്റിക്കുഴി മുക്ക് ചക്കാല മുക്ക് |
| | 2 | പാറയിൽ വടക്കടത്തുമുക്ക് |
| 7 | 3 | ഇ.എസ്.ഐ. ജംഗ്ഷൻ ക്ഷേത്രം ജംഗ്ഷൻ |
| | 4 | മാങ്കൂട്ടത്തിൽ മുക്ക് മുതൽ കുറ്റിയിൽ മുക്ക് വരെ |
| | 5 | പന്നിക്കോട്ടി തെക്കതിൽ ജംഗ്ഷൻ മുതൽ തേവാനത്ത് മുക്കുവരെ |
| | 6 | എൽ.പി. സ്കൂൾ ജംഗ്ഷൻ മുതൽ ഇടക്കുറ്റി വരെ |
| | 7 | തോട്ടത്തിന്റെ മുക്ക് പൊയ്കയിൽ |
| | 8 | തോട്ടത്തിന്റെ കിഴക്കതിൽ കോളനി |
| | 9 | ജയന്തി കോളനി |
| | 10 | കൊച്ചുതുണ്ടിൽ കോളനി |
| | 11 | താഴക്കാട്ട് കോളനി |
| | 12 | പാറയിൽ മുക്ക് തോപ്പിൽ മുക്ക് |
| | 13 | പാറയിൽ മുക്ക് താഴോട്ട് |
| | 14. | കൂവളത്തറ വശത്തുനിന്നും താഴോട്ട് |
| | 1 | സിനിമാപറമ്പിൽ നിന്നും വടക്കോട്ട് തിരിഞ്ഞ് പടിഞ്ഞാറ് അമ്പലംമുക്കു വരെ |
| 8 | 2 | അമ്പലമുക്ക് വടക്കോട്ട് കൊറ്റിനാട്ട് കോളനി ഭാഗം വരെ |
| | 3 | കണ്ടോലിത്തോട് ജംഗ്ഷൻ പാലവിള ജംഗ്ഷൻ |
| | 4 | ചൂളൂർ മുക്ക് മുതൽ വടക്കോട്ട് അമ്പിയിൽ ജംഗ്ഷൻ വരെ. |
| | 5 | ആശാൻ മുക്കു മുതൽ പടിഞ്ഞാറ് അംഗനവാടി വരെ ( കോളനി) |
| | 6 | അമ്പിയിൽ മുക്ക് കിഴക്കോട്ട് വലിയവീട് ജംഗ്ഷൻ വരെ |
| | 7 | കുരുമ്പോലിൽ ജംഗ്ഷൻ പടിഞ്ഞാറ് ജിനേഷ് ഭവനം ജംഗ്ഷൻ |
| | 8 | മണക്കാട്മുക്ക് വടക്കോട്ട് അമ്പലംമുക്ക്വരെ |
| | 9 | സിനിമാപറമ്പിൽ നിന്നും തെക്കോട്ട് പാറയിൽ മുക്കുവരെയും മുണ്ടുചിറ വരെയും |
| | 10 | അശ്വതി ജംഗ്ഷൻ കിഴക്കോട്ട് കുരുമ്പാലയിൽ ജംഗ്ഷൻ |
| | 1 | കോട്ടുവാതുക്കൽ ചരുവിള ഭാഗം വരെ |
| | 2 | കരിമ്പാലിമുക്ക് ശ്രീരംഗത്തുമുക്ക് |
| 9. | 3 | കരിമ്പാലിമുക്ക് പുത്തൻ വീട്ടിൽ മുക്ക് |
| | 4 | കലതിവിളമുക്ക് പുതുവിളമുക്ക് |
| | 5 | അശ്വതിമുക്ക് മുതൽ കരിമ്പാലി മുക്കുവരെ |
| | 1 | തെങ്ങുംതുണ്ടി മുക്ക് മുതൽ മേമനഴികത്ത് മുക്ക് വരെ |
| 10 | 2 | ഇടിഞ്ഞകുഴി പണയിൽ തെക്കേ മുക്ക് |

| വാർഡ് | ക്രമനമ്പർ | സ്ഥലത്തിന്റെ പേര് |
|---|---|---|
| 10 | 3 | പള്ളിയ്ക്കലെഴികത്ത് മുക്ക് കൊല്ലന്റെ മുക്ക് |
| | 4 | കൊല്ലന്റെ മുക്കുമുതൽ കുരുമ്പോലി മുക്കു വരെ |
| | 5 | കുറ്റിയിൽ മുക്ക് മുതൽ ഇടിഞ്ഞകുഴി മുക്കുവരെ |
| | 6 | പുതുക്കൊണ്ടയ്യത്ത് മുതൽ കുഴിക്കുളം വരെ |
| | 7 | പാർത്ഥ സാരഥി ക്ഷേത്രം മുതൽ കണ്ടോലിൽ മുക്ക് |
| | 8 | കല്ലുംപുറത്തുമുക്ക് മുതൽ തൊളിയ്ക്കൽ ഏലാ വരെ |
| | 9 | കലവറ മുക്ക് മുതൽ തൊളിയ്ക്കൽ ഏലാ വരെ |
| | 10 | കലവറമുക്ക് മുതൽ കരങ്കോണത്ത് കോളനി പരെ |
| | 11 | മാധവശേരി മുക്ക് മുതൽ തൊളിയ്ക്കൽ ഏലാ വരെ |
| | 12 | കൈതവന മുക്ക് മുതൽ തൊളിയ്ക്കൽ ഏലാ വരെ |
| | 13 | മേവിനഴികത്ത് മുക്ക് പുന്നമൂട് |
| | 14 | കോട്ടവാതുക്കൽ മുതൽ മണിപ്പുഴ മുകക്, മണിയങ്കരമുക്ക് വരെ |
| | 15 | മണിപ്പുഴമുക്ക് കായൽ വാരം |
| | 16 | കോട്ടവാതുക്കൽലമുതൽ ചക്കൻകുഴി കോളനി |
| | 17 | ആലുംകുഴി ചക്കൻ കുഴി കോളനി വരെ |
| | 18 | പരപ്പാടി മുക്ക് മുതൽ മടത്തിപ്പുഴ മുക്കു വരെ |
| | 19 | കോട്ടയ്ക്കാട്ടു മുക്കു മുതൽ കിഴക്കേ ഏലാ വരെ |
| | 20 | മേവിനഴികത്ത്. തെക്കേ മുക്ക് പണയിൽ മുക്ക് |
| | 21 | കന്നിമേലഴികത്ത് മുക്ക് കണ്ടോലിൽ പടിഞ്ഞാറ്റതിൽ മുക്ക് |
| | 1 | കുറ്റിപ്പുറം പ്രദേശം |
| 11. | 2 | കരിക്കത്തിൽ കോളനി |
| | 3 | കാരിക്കാട്ടുതെക്ക് മുതൽ ലക്ഷംവീട് കോളനി വരെ |
| | 4 | പുതുശേരിക്കാല ജംഗ്ഷൻ ഭാഗം |
| | 5 | ചാഞ്ഞൂട് കോളനി |
| | 1 | ആലപ്പുറത്തുമുക്ക് മുതൽ പാറയിൽ മുക്ക് വരെ |
| 12. | 2 | പ്ലാങ്കാലമുക്ക് മുതൽ കോണത്ത് മുക്ക്, മണലുവിള മുക്ക് |
| | 3 | പാറയിൽ മുക്കുമുതൽ ചീക്കൽക്കടവ് വരെ |
| | 4 | തേവർനടവഴി വടക്കോട്ട് മേപ്പാട്ട് വരെ |
| | 5 | പെരുവേലിമുക്കുമുതൽ കട്ടക്കമ്പനിക്ക് വടക്കു ഭാഗം വരെ |
| | 6 | പഴയ ബസ്സ്റ്റാന്റ് മുതൽ കിഴക്കോട്ട് |

# വ്യവസായം

കൊല്ലം ജില്ലയിലെ വ്യാവസായിക കേന്ദ്രങ്ങളായ കുണ്ടറ,ചവറ പ്രദേശങ്ങളോട് ഭൂമിശാസ്ത്രപരമായി അടുത്ത് കിടക്കുന്ന ശാസ്താംകോട്ട വ്യാവസായിക രംഗത്ത് വളരെ പിന്നോക്കമാണ്. വൻകിട മുതൽമുടക്കുള്ള വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് പ്രദേശത്തില്ല. ലക്ഷക്കണക്കിന് വരുന്ന നഗരവാസികൾക്ക് ശുദ്ധജലം എത്തിക്കുന്ന തടാകത്തിന് മലിനീകരണ ഭീഷണി ഉണ്ടാകും എന്നതുകൊണ്ട് വ്യാവസായിക രംഗത്ത് പുതിയ സംരംഭങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വ്യവസായം കശുവണ്ടി മേഖലയാണ്. ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നു.

പഞ്ചായത്ത് ഫണ്ട് ചിലവഴിച്ച് ഭരണിക്കാവിനടുത്തുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിൽക്കുന്ന സ്ഥലം വിലയ്ക്ക് വാങ്ങി വ്യവസായ ഡിപ്പാർട്ടുമെന്റിനെ ഏല്പിച്ചു. ഇവിടെ 900 സ്ക്വയർ മീറ്റർ വീതിയുള്ള 10 ഷെഡ്ഡുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ 7 യൂണിറ്റുകളും പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്നു. പ്രവർത്തിച്ചുവന്നിരുന്ന രണ്ട് യൂണിറ്റുകൾ സാമ്പത്തിക സ്ഥാപനങ്ങളുടെ നടപടിയ്ക്ക് വിധേയമായി അടച്ചുപൂട്ടിയിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾ നാമമാത്രമാണ്. കൈത്തറിരംഗത്ത് പട്ടികജാതി സഹകരണസംഘവും വനിതാ കൈത്തറി സഹകരണസംഘവും മാത്രമേയുള്ളൂ. ഈറ്റ വ്യവസായം വളരെക്കുറച്ച് ആളുകൾക്ക് തൊഴിൽ നൽകുന്നു. ഈറ്റ നിർമ്മാണ തൊഴിലാളികളുടെ ഒരു സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്.

## നിവിലുള്ളസ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും

തൊഴിലാളികളുടെ എണ്ണം.

| ക്രമനമ്പർ | വിഭാഗം | പു: | സ്ത്രീ: | ആകെ |
|---|---|---|---|---|
| 1 | കശുവണ്ടി | 100 | 2400 | 2500 |
| 2 | ഇഷ്ടിക | 85 | 35 | 120 |
| 3 | തഴപ്പായ് | - | 100 | 100 |
| 4 | കൈത്തറി | - | 45 | 45 |
| 5 | ചെറുകിട വ്യവസായം | 165 | 75 | 240 |
| 6 | ഭക്ഷ്യ സംസ്കരണം | 28 | 53 | 81 |
| 7 | ഈറ്റവ്യവസായികൾ | 75 | 43 | 118 |
| 8 | കളിപ്പാട്ട വ്യാപാരം | - | 55 | 55 |
| | ആകെ | 453 | 2700 | 3259 |

വിവധ മേഖലകളിൽ ആകെ 4032 പേർ ജോലിചെയ്യുന്നു. വ്യവസായമേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ സ്ത്രീകൾക്കാണ് മുൻതൂക്കം. ഭൂരിഭാഗം കശുവണ്ടി മേഖലയിലാണ്.

## കശുവണ്ടി വ്യവസായം

സ്ത്രീകൾ ഏറ്റവും കൂടുതൽ ജോലിയെടുക്കുന്ന മേഖലയാണിത്. ഒരു കോർപറേഷൻ ഫാക്ടറിയിലും 5 സ്വകാര്യ ഫാക്ടറികളിലുമായി 2400 വനിതകൾ ജോലിചെയ്യുന്നു. കോർപറേഷൻ ഫാക്ടറിയിൽ വളരെകുറച്ച് തൊഴിൽ ദിനങ്ങളെ ലഭ്യമാകുന്നുള്ളു. ആയതിനാൽ സ്വകാര്യഫാക്ടറികളിൽ കുറഞ്ഞസേവന വേതന വ്യവസ്ഥകളിൽ തൊഴിൽ ചെയ്യുവാൻ വനിതകൾ നിർബന്ധരാകുന്നു. സ്വകാര്യ മുതലാളിമാരുടെ ഏറ്റവും വലിയ ചൂഷണ മേഖലയായി ഈ വ്യവസായം മാറുന്നു. ജോലിസമയത്തിന്റെ ക്ലിപ്തത, നിയമപരമായ മിനിമം കൂലി, അവധിശമ്പളം, ഇ.എസ്.ഐ ആനുകൂല്യം എന്നിവയ്ക്കും പ്രാഥമിക സൗകര്യങ്ങൾ ഫാക്ടറികളിൽ ഉണ്ടാക്കിയെടുക്കുന്നതിനും വേണ്ടിയുള്ള അവകാശ സമരങ്ങൾ മിക്കപ്പോഴും ഇവിടങ്ങളിൽ നടന്നുവരുന്നു. ശക്തമായ ട്രേഡ്‌യൂണിയൻ പ്രവർത്തനങ്ങൾ നടക്കുന്ന മേഖലയാണിത്.

പട്ടിക 2

ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമനമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | പുരു: | സ്ത്രീ. | ആകെ |
|---|---|---|---|---|---|
| 1 | നാളികേരം | 12 | 45 | 16 | 65 |
| 2 | ക്രഷർ | 1 | 14 | 4 | 18 |
| 3 | തടി | 7 | 38 | - | 38 |
| 4 | അച്ചടി | 9 | 35 | 14 | 49 |
| 5 | ഹോളോബ്രിക്സ് | 2 | 18 | - | 18 |
| 6 | എൻജിനീയറിംഗ് | 7 | 52 | - | 52 |
| 7 | ഗാർമെന്റ്സ് | 42 | 84 | 168 | 252 |
| 8 | ഭക്ഷ്യസംസ്കരണം | 8 | 28 | 53 | 81 |
| 9 | മറ്റുള്ളവ | 50 | 100 | 100 | 200 |
| | ആകെ | 138 | 418 | 355 | 773 |

## പ്രശ്നങ്ങൾ

1. ശാസ്താംകോട്ട പഞ്ചായത്തിന്റെ 5 വാർഡുകളിൽ വ്യാപിച്ചു കിടക്കുന്ന ശാസ്താംകോട്ട ശുദ്ധജലതടാകത്തിന് മലിനീകരണം സംഭവിക്കും എന്നതിനാൽ പല വ്യവസായങ്ങളും തുടങ്ങുന്നതിന് അനുവാദം ലഭിക്കാതെ വരുന്നു.
2. നിത്യോപയോഗ സാധനങ്ങളുടെ നല്ല വിപണി ഉണ്ടായിട്ടും അവയെ ഉല്പന്നങ്ങളാക്കുന്ന വ്യവസായ

യൂണിറ്റുകൾ വളർന്നു വരുന്നില്ല. ഇത് പരിശോധിക്കപ്പെടണം.

3. മുഖ്യകാർഷികോല്പന്നമായ നാളികേരം ഉല്പാദന മരവിപ്പ് നേരിടുന്നു. ഇത് വ്യാവസായികമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

4. പരമ്പരാഗതോല്പന്നങ്ങൾ കാലോചിതമായ പരിഷ്കാരങ്ങൾക്ക് വിധേയമല്ലാത്തതിനാൽ ഇവയുടെ ആവശ്യകത കുറഞ്ഞു വരുന്നു.

5. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ് വ്യവസായ രംഗത്തെ ദുർബ്ബലപ്പെടുത്തുന്നു.

6. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ വ്യാവസായിക വളർച്ചയെ പിന്നോട്ടു വലിക്കുന്നു.

7. വ്യാവസായിക സംസ്കാത്തിന്റെ കുറവ്.

8. പുതിയ വ്യാവസായിക മേഖലയിലേക്ക് കടന്നു വരാനുള്ള അധൈര്യം.

9. വനിതകൾ വ്യവസായ രംഗത്തേക്ക് വരാൻ വിമുഖത കാട്ടുന്നു.

10. കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് മുൻതൂക്കക്കുറവ്.

11. വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ട്, വോൾട്ടേജ് ക്ഷാമം.

## സാധ്യതകളും, പരിഹാരമാർഗ്ഗങ്ങളും

**1. കാലിത്തീറ്റ ഫാക്ടറി - കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിൽ വാഴ, നെല്ല്, മരച്ചീനി എന്നിവയുടെ ഉപോല്പന്നങ്ങൾ ഉപയോഗപ്പെടുത്തി ലാഭകരമായ രീതിയിൽ കാലിത്തീറ്റ നിർമ്മാണ വ്യവസായത്തിന് വൻ സാദ്ധ്യതയുണ്ട്.**

**2. നേന്ത്രക്കായ് ഉപയോഗിച്ച് ബേബിഫുഡ്, ഉപ്പേരി എന്നിവയും മരച്ചീനികൊണ്ടുള്ള വറ്റൽ മുതലായവയും വാഴനാര് ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളും വ്യാവസായികമായി ഉല്പാദിപ്പിക്കുവാനുള്ള സാധ്യതയുണ്ട്.**

**3. നാളീകേരവ്യവസായം - തെങ്ങ് സർവ്വ സാധാരണമായിട്ടുള്ള ഈ പ്രദേശത്ത് നാളീകേരം സംഭരിച്ച് സംസ്കരിച്ച് വെളിച്ചെണ്ണ, തേങ്ങാപ്പൊടി, തേങ്ങാപിണ്ണാക്ക്, ശീതളപാനീയം എന്നിവ വ്യാവസായികമായി നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ വളരെ വലുതാണ്.**

4. തെങ്ങിന്റെ തടി, ചിരട്ട മുതലായവ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുവാനുള്ള സാധ്യതയുണ്ട്.

5. റബ്ബർ - റബ്ബർ ഉല്പാദനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്.

6. ഈ പ്രദേശത്ത് സുലഭമായിട്ടുള്ള മാങ്ങ, ചക്ക, വാഴപ്പഴം, കൈതച്ചക്ക, കശുമാങ്ങ മുതലായവ സംസ്കരിച്ച് വിവിധ ഉല്പന്നങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്.

7. കുരുമുളക് കൃഷി വിപുലമായിട്ടുള്ള ഈ പ്രദേശത്ത് കുരുമുളക് ഉപയോഗിച്ചുള്ള വ്യാവസായിക സാധ്യതയുണ്ട്.

8. ഇലക്ട്രോണിക് സാമഗ്രികളുടെ നിർമ്മാണം യുവതീയുവാക്കൾക്ക് വൻ തൊഴിൽ സാധ്യതയുള്ള രംഗമാണ്.

9. സോപ്പ്, മെഴുക്തിരി, ചന്ദനത്തിരി, പേപ്പർകവർ, കുട, നോട്ടുബുക്ക്, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, കിടക്ക നിർമ്മാണം, ഫർണിച്ചർ (തടി, സ്റ്റീൽ, ചൂരൽ) നിർമ്മാണം തുടങ്ങിയവ വ്യാവസായിക യൂണിറ്റുകൾ പരിഗണിക്കാവുന്നതാണ്.

10. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വ്യാവസായിക യൂണിറ്റുകൾക്ക് സാദ്ധ്യതയുണ്ട്.

11. ശുദ്ധജലതടാകം കൊണ്ട് അനുഗ്രഹീതമായ ശാസ്താംകോട്ട പ്രദേശത്ത് ശുദ്ധജലം കുപ്പികളിൽ നിറച്ച് വിതരണം ചെയ്യുന്നതിനുള്ള വ്യവസായത്തിന് സാധ്യതയുണ്ട്.

12. റെഡിമെയ്ഡ് ഗാർമെന്റ്സ്, ബേക്കറി ഉല്പന്നങ്ങൾ, പായുല്പന്നങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് സാധ്യതയുണ്ട്.

## വൻകിട വ്യവസായം

1. കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.

2. ഇലക്ട്രോണിക് വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

3. കാലിത്തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

## ടൂറിസം

ഒരു വ്യവസായമായി വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണിത്. അനുഗ്രഹീതമായ പ്രകൃതി സൗന്ദര്യം കനിഞ്ഞൊഴുകുന്ന തടാകവും കുന്നിൽ ചരിവുകളും ചിരപുരാതനമായ ആരാധനാലയങ്ങളും വാനരന്മാരും

സഞ്ചാരികൾക്ക് എന്നെന്നും ഓർമ്മകളിൽ ഓമനിക്കുവാൻ വക നല്കുന്നവയാണ്.

തടാകത്തിന്റെ ജലശുദ്ധിക്ക് ഭംഗം വരുത്താതെ സഞ്ചാരികൾക്ക് ജലയാത്രയും വിനോദത്തിനുള്ള സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതുണ്ട്. ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ മതിയായ സൗകര്യങ്ങൾ K.T.D.C മുൻകൈ എടുത്താൽ ഈ രംഗത്തെ സാധ്യതകൾ പൂർണ്ണമായും മുതലാക്കാൻ കഴിയും.

## മിനിവ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ ഉണ്ടായേക്കാവുന്ന സ്ഥലലഭ്യതയുടെ പരിമിതികൾ കണക്കിലെടുത്ത് ചുരുങ്ങിയത് അഞ്ച് ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി വ്യവസായ സംരംഭകരെ ആകർഷിക്കുന്നത് നന്നായിരിക്കും.

## നിർദ്ദേശങ്ങൾ

വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നല്കുകയും അതിൽ നിന്ന് വ്യവസായ സംരംഭകരെ തിരഞ്ഞെടുക്കുന്നതിന് വിദഗ്ദ്ധപരിശീലനം നല്കുകയും പരിശീലനത്തിന് താഴെ പറയുന്ന സ്ഥാപനങ്ങളുമായ ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലന കേന്ദ്രം ജില്ലാതലത്തിൽ തുടങ്ങുകയും വേണം.

1. ജില്ലാവ്യവസായകേന്ദ്രം കൊല്ലം.

2. സ്മാൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് തൃശൂർ.

3. നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തൃശൂർ.

4. കേരളാസ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ എറണാകുളം.

5. സ്റ്റെഡ് പ്രോജക്ട് ഓഫീസ്, കോഴിക്കോട്

6. റീജിയണൽ എൻജനീയറിംഗ് കോളേജ് കോഴിക്കോട്.

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് & സ്മാൾ ബിസിനസ് ഡെവലപ്പ്മെന്റ് ന്യൂഡൽഹി.

8. എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, അഹമ്മദാബാദ്.

കരകൗശലരംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of Handloom & Textiles, Trissur എന്നിവരുമായി ബന്ധപ്പെട്ട് ഒരു Craft Development Centre സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

ഇവിടെ സുലഭമായി ലഭിക്കുന്ന നാളീകേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പറ്റി ബോധവല്ക്കരണം നടത്തുന്നതിന് നാളീകേര വികസന ബോർഡ്, കേരഫെഡ്, കയർ വികസന ഡയറക്ടർ, റീജിയണൽ റിസർച്ച് ലബോറട്ടറി, തിരുവനന്തപുരം തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു പരിശീലനം സംഘടിപ്പിക്കണം.

റെഡിമെയ്ഡ് വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും അതിന്റെ വിപണനസാദ്ധ്യതകളെപ്പറ്റിയും Indian Institute of Fashion Technology,Ltd. Madrass എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നൽകണം.

വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിജയകരമായ രീതിയിൽ വ്യവസായം നടത്തിക്കൊണ്ടു പോകുന്ന വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാൻ പഠനയാത്രകൾ സംഘടിപ്പിക്കണം.

വ്യവസായ വളർച്ചക്കാവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കൊല്ലം ജില്ലാ വ്യവസായകേന്ദ്രം, കൊല്ലം ജില്ലാ ചെറുകിട അസോസിയേഷൻ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പത്തു ദിവസം നീണ്ടു നില്ക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

കണ്ടെത്തുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്തെ നല്ല നിലയിൽ പ്രാവർത്തികമാക്കാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കു

കയും വേണം.

വ്യവസായ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ വരുത്തണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനം വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാക്കാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒരു പരിധിവരെ ഒഴിവാക്കാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുകയും നല്ലൊരു പരിധിവരെ തൊഴിലില്ലാത്തവർക്ക് തൊഴിൽ നല്കുവാനും കഴിയും. ഇതുവഴി പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യുകയും അതുവഴി നമ്മുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക പുരോഗതിയ്ക്ക് ആക്കം കൂട്ടുകയും സാമൂഹ്യ വളർച്ച കൈവരിക്കുകയും ചെയ്യും എന്നതിൽ സംശയമില്ല.

# ഗതാഗതം

നമ്മുടെ ഗ്രാമം ഇന്നു നേരിടുന്ന പ്രതിസന്ധികളിൽ പ്രമുഖ സ്ഥാനത്ത് നിലനില്ക്കുന്നത് ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. കുന്നത്തൂർ താലൂക്കിന്റെ ആസ്ഥാനമായ ശാസ്താംകോട്ടയിൽ ഗ്രാമവാസികൾ എത്തിച്ചേരുന്നതിന് പല പ്രദേശങ്ങളിലും അഞ്ചു കി. മീ. അധികം നടന്ന് ബസ് സൗകര്യമുള്ള ജംഗ്ഷനിൽ എത്തിച്ചേരേണ്ടി വരുന്നു.

ഗതാഗതസൗകര്യം അപര്യപ്തമായി നിൽക്കുന്നതിന്റെ പ്രധാനകാരണം റോഡുകളുടെ ശോച്യാവസ്ഥയാണ്. ഈ പഞ്ചായത്തിലെ ആകെ റോഡുകളുടെ നീളം 139.7km ആണ്. ഇതിൽ 23Km. 160m റോഡ് ടാർ റോഡുകളും 11 k.m. 70 m റോഡ് മെറ്റൽ റോഡുകളും 330 മീറ്റർ കോൺക്രീറ്റ് റോഡുകളും 30 കെ.എം. 48 മീറ്റർ ഗ്രാവൽ റോഡുകളും 71 k.m. 77m ചെമ്മൺ റോഡുകളും ഉൾപ്പെടുന്നു. ടാർ റോഡിൽ ശാസ്താംകോട്ട ടൗൺ വാർഡിലെ ആൽത്തറവിള - പീടികയിൽ മുക്ക് റോഡ് തകർന്നു കിടക്കുന്നു. വർഷങ്ങൾക്കു മുമ്പേ മെറ്റലിംഗ് നടത്തിയിട്ടുള്ള മെറ്റൽ രോഡുകൾ കാൽനടയാത്രയ്ക്കു പോലും ഇപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ എത്തി നില്ക്കുന്നു. കനത്ത മഴയും. കാലവർഷക്കെടുതിയും ഗ്രാവൽ ചെമ്മണ്ണ് റോഡുകൾ താറുമാറാക്കി തീർത്തിരിക്കുന്നു. കാർഷിക വ്യാവസായിക മേഖലകളിലെ വളർച്ചയ്ക്കും ഗതാഗതത്തിനുള്ള അസൗകര്യം വളരെയേറെ പ്രയാസങ്ങളും, ഭാരിച്ച നഷ്ടവും ഉണ്ടാക്കി തീർക്കുന്നു.

സംഘടിത സന്നദ്ധ പ്രവർത്തനത്തിലൂടെ മനുഷ്യ വിഭവശേഷി സംഭാവന നല്കി ഗതാഗത സൗകര്യം വർദ്ധിപ്പിക്കുവാൻ എല്ലാ ഗ്രാമസഭകളിലും അത്യുത്സാഹത്തോടെ ജനങ്ങൾ മുന്നോട്ടു വന്നിട്ടുള്ളത് വളരെയേറെ പ്രതീക്ഷയും വിശ്വാസവും നല്കുന്നു.

## പ്രശ്നങ്ങൾ

1. താലൂക്ക് ആസ്ഥാനമായ ശാസ്താംകോട്ടയിലും വ്യവസായ കേന്ദ്രമായ ഭരണിക്കാവിലും ട്രാഫിക് ഐലന്റിന്റെ അഭാവത്തിൽ അപകടങ്ങൾ നിത്യ സംഭവങ്ങളാകുന്നു.
2. വാഹനങ്ങളുടെ മത്സര ഓട്ടം അപകടങ്ങൾ ക്ഷണിച്ചു വരുത്തുന്നു. മണൽ, പാറ, ഇഷ്ടിക എന്നിവയുടെ ഉല്പ്പാദന കേന്ദ്രങ്ങൾ അടുത്തായതിനാൽ കയറ്റിറക്കു വാഹനങ്ങളുടെ നിരക്ക് വളരെ കൂടി വരുന്നു.
3. ചവറ- അടൂർ സ്റ്റേറ്റ് ഹൈവേ ഉൾപ്പടെയുള്ള റോഡുകളുടെ വീതിക്കുറവ്.
4. പ്രൈവറ്റ് ബസ്സ്റ്റാന്റ്, കെ.എസ്. ആർ.ടി.സി. ബസ്സ്റ്റാന്റ്, ആട്ടോ, ടാക്സി കാർ, ടെംബോ സ്റ്റാന്റുകളുടെ അഭാവം.
5. റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടക്കുന്നില്ല.
6. റോഡു സൈഡിലെ കെട്ടിട നിർമ്മാണം നിയമങ്ങൾ പാലിച്ചുള്ളതല്ല.

7. കാലവർഷക്കെടുതി അതിജീവിക്കുവാൻ ഓടകൾ, കലുങ്ക് എന്നിവ നിർമ്മിച്ചിട്ടില്ല.

8. പഞ്ചായത്തു റോഡുകളുടെ പണികൾ പൂർത്തിയാക്കുവാൻ നിലവിലിരിക്കുന്ന സർക്കാർ സഹായം പര്യാപ്തമല്ല.

9. കാലവർഷക്കെടുതി നേരിടുന്നതിന് നല്കുന്ന ഗവണ്മെന്റ് ഗ്രാന്റുകൾ വിതരണം ചെയ്യുന്നത് നീതിപൂർമല്ല.

10. ചീക്കൽക്കടവു പാലം പണിയ്ക്ക് അനുമതി നല്കിയിട്ടില്ല.

11. 15 വർഷത്തിലധികമായി P.W.D ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള പ്രധാന റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി ആയിട്ടില്ല.

12. പഞ്ചായത്തിന്റെ 12-ാം വാർഡിൽ നിന്നും നിലവിലുള്ള ഗതാഗത സൗകര്യം ഉപയോഗിച്ച് താലൂക്കാസ്ഥാനത്തെത്തുവാൻ 15 കി.മീ സഞ്ചരിക്കേണ്ടി വരുന്നു.

13. പഞ്ചായത്തിൽ നിലവിലുളള കടത്തുകൾ ശാസ്താംകോട്ട, കരിന്തോട്ടുവാ, ചീക്കൽക്കടവ് എന്നിവിടങ്ങളിൽ പടവുകളില്ലായ്മ, വിശ്രമകേന്ദ്രങ്ങളില്ലായ്മ.

14. ഭരണിക്കാവുമുതൽ സിനിമാപറമ്പ് വരെയുള്ള റോഡു സൈഡിൽ ആരംഭിച്ചിരിക്കുന്ന മോട്ടോർ വർക്ക്ഷാപ്പുകൾ വളരെയേറെ ഗതാഗത തടസ്സം സൃഷ്ടിക്കുകയും അപകടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

## റോഡ് നിർമ്മാണം

*1. മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും ശോചനീയാവസ്ഥ*

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ നിലവിലുള്ള മെറ്റൽ റോഡുകളുടെയും ശോചിനിയാവസ്ഥ വിളിച്ചറിയിക്കുന്നതാണ്. താറുമാറായി കിടക്കുന്ന റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണി നടക്കാതിരിക്കുന്നത് പരാതികളേറെ ഉയർത്തുന്നു. പുതിയതായി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ നിർദ്ദേശങ്ങൾ നിരവധിയാണ്. ഇവ അനുബന്ധമായി ചേർക്കുന്നു.

*2. പുതിയ മൺറോഡുകൾ*

പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിന് ധാരാളം നിർദ്ദേശങ്ങൾ ആവശ്യകതയുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്നിട്ടുണ്ട്. ഏലായ്ക്ക് കുറുകെയുള്ള റോഡുകളും നടപ്പാതകൾ മൺറോഡാക്കി മാറ്റാനുള്ള നിർദ്ദേശങ്ങൾ നിരവധിയാണ്. ഇവ അനുബന്ധമായി ചേർക്കുന്നു.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

റോഡ് ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽനിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിയ്ക്കുമ്പോൾ താഴെപ്പറയുന്ന സാദ്ധ്യതകൾ തെളിയുന്നു.

1. ഗതാഗത കുരുക്കുള്ള ജംഗ്ഷനുകളിൽ വൺവേ സംവിധാനം ഏർപ്പെടുത്തുക. ശാസ്താംകോട്ട ഫിൽറ്റർഹൗസ് ജംഗ്ഷൻ- പുളിയനഴികത്ത് റോഡ് വീതികൂട്ടി ടാർ ചെയ്ത് വൺവേ ആക്കി മാറ്റിയാൽ താലൂക്ക് ആസ്ഥാനമായ ശാസ്താംകോട്ടയിലെ ഗതാഗത കുരുക്ക് കുറയ്ക്കുവാൻ കഴിയും. ഭരണിക്കാവ് ജംഗ്ഷനിലാണ് ഏറ്റവും കൂടുതൽ ഗതാഗതകുരുക്ക്. നിത്യേന അപകടങ്ങളും സംഭവിക്കുന്നത് ഊക്കൻമുക്കുമുതൽ മണക്കാട്ടു മുക്കുവരയുള്ള റോഡിന്റെ ടാറിംഗ് പണി പൂർത്തിയായി കഴിഞ്ഞാൽ ഈ റോഡ് വൺവേയാക്കി മാറ്റിയാൽ ഇതിന് പരിഹാരമാകും. (Heavy Duty Vehicles ന് മാത്രം വൺവേ ബാധകമാക്കണം).

2. റോഡ് പാർശ്വങ്ങളിലെ കെട്ടിട നിർമ്മാണ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുകയും, വീഴ്ച്ച നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

3. റോഡ് കയ്യേറ്റം നടത്തുന്നവരെ നിയമപരമായി ഒഴിപ്പിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കുക.

4. സ്റ്റേറ്റ് ഹൈവേ ഉൾപ്പടെയുള്ള P.W.D റോഡുകൾ വീതികൂട്ടി ടാറിംഗ് നടത്തുക.

5. കെ.എസ്. ആർ. ടി. സി. , പ്രൈവറ്റ് ബസ്റ്റാന്റുകൾ, ടെമ്പോസ്റ്റാന്റ്, ടാക്സിസ്റ്റാന്റ്, ഓട്ടോസ്റ്റാന്റ് എന്നിവയ്ക്കായി സ്ഥലംകണ്ടെത്തി പ്രധാന ജംഗ്ഷനുകളായ ശാസ്താംകോട്ട ഭരണിക്കാവ് എന്നിവിടങ്ങളിലെ ഗതാഗതകുരുക്ക് ഒഴിവാക്കേണ്ടതാണ്.

6. ഭരണിക്കാവ്, ശാസ്താംകോട്ട ജംഗ്ഷനുകളിൽ ട്രാഫിക് ഐലന്റ് സ്ഥാപിക്കുക.

7. ശാസ്താംകോട്ട, ഭരണിക്കാവ്, ആഞ്ഞിലിമൂട്, സിനിമാപ്പറമ്പ് എന്നീ സ്ഥലങ്ങളിലും, ശാസ്താംകോട്ട വള്ളക്കടവിലും കാത്തിരിപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുക.

8. ഫിൽട്ടർ ഹൗസ് ജംഗ്ഷൻ മുതൽ കിഴക്ക് ട്രഷറി വരെയുള്ള സ്ഥലം വൈഡൻ (Widen) ചെയ്ത് ഉപയോഗപ്രദമാക്കുക.

9. റോഡുകളുടെ പുനരുദ്ധാരണപണികൾ .യഥാസമയം നടത്തുക.

10. കാലവർഷക്കെടുതി അതിജിവിക്കുവാൻ തക്കതരത്തിൽ റോഡുകൾക്ക് ഓടകളും,കലുങ്കുകളും നിർമ്മിക്കുക.

11. ചീക്കൽകടവ് പാലംപണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

12. കാലവർഷക്കെടുതി നേരിടുന്നതിന് ഗവൺമെനൽറ് അനുവദിക്കുന്ന ഗ്രാന്റുകൾ വ്യക്തമായ മാനദണ്ഡമുണ്ടാക്കുക.

13. തുരുത്തിക്കര-മുതുപിലാക്കാട് റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി കരിംതോട്ടുവാ നിവാസികളുടെ യാത്രാക്ലേശം പരിഹരിക്കുക.

14. ചീക്കൽകടവിൽ പടവുകളും,കാത്തിരിപ്പു കേന്ദ്രവും പണിയുക.

15. ചീക്കൽകടവിൽ നിലവിലുള്ളചങ്ങാടത്തിന്റെ പുനരദ്ധാരണ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുക.

### പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ

| നമ്പർ | വാർഡ് | റോഡുകളുടെ പേര് | ദൂരം |
|---|---|---|---|
| 1 | •1 | മദാമ്മതോപ്പ് - കല്ലുംപുറത്ത് | 1600 |
| 2 | 1 | തെറ്റിക്കുഴി - വാഴപ്പള്ളി | 2000 |
| 3 | 2 | കൊട്ടയ്ക്കകത്ത് - പനാട്ടുവിള | 400 |
| 4 | 2 | ഞാറയ്ക്കാട്ടുകുഴി - കാഞ്ഞിരംവിള | 1250 |
| 5 | 3 | പൊയ്കയിൽ മുക്ക്- വുന്നകാക്കാട്ട് | 750 |
| 6 | 3 | ഫിൽട്ടർപൗസ് - രാജഗിരി | 1300 |
| 7 | 3 | രാജഗിരി - ഫോറസ്റ്റ് റോഡ് | 620 |
| 8 | 4 | ശാസ്താംകോട്ട -ഡി.ബി. കോളേജ് | 1000 |
| 9 | 4 | ആൽത്തറവിള -പുളിയറനഴികത്ത് | 1500 |
| 10 | 4 | ആലയിൽ മുക്ക് - കൈതപ്പുഴ | 500 |
| 11 | 5 | വിളയിൽമുക്ക് - പുലത്തറ | 700 |
| 12 | 5 | വിളയിൽമുക്ക് - കോട്ടയ്ക്കകത്തുമുക്ക് | 1300 |
| 13 | 5 | മണ്ണെണ്ണമുക്ക് - പുന്നയ്ക്കാട് | 1300 |
| 14 | 5 | വള്ളോന്നിൽ - കണ്ടോലിറോഡ് | 6000 |
| 15 | 5 | അയണിക്കാട്ടേത്ത് - കുറുപ്പൻവീട്ടിൽ | 300 |
| 16 | 6 | ഭൂപണയബാങ്ക് - പുലത്തറ | 2300 |
| 17 | 7 | എൽ.പി.എസ് - ഇടക്കുറ്റി | 400 |
| 18 | 7 | പാറയിൽ - തോപ്പിൽമുക്ക് | 500 |
| 19 | 8 | സിനിമാപറമ്പ് -അംബിയിൽമുക്ക് | 1600 |
| 20 | 8 | സിനിമാപറമ്പ് - കാരാളിറോഡ് | 600 |
| 21 | 8 | നഗരുവിള - ഇടക്കുറ്റിമുക്ക് | 60 |
| 22 | 10 | തെങ്ങുംതുണ്ടിൽ - പുന്നനമൂട് | 1400 |
| 23 | 10 | ഇടിക്കക്കുഴി - കോട്ടവാതുക്കൽ | 1400 |
| 24 | 11 | പാറയിൽ മുക്ക്- ആറ്റുബണ്ട് | 1180 |
| | | ആകെ | 23160 |

## ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | വാർഡ് | റോഡുകളുടെ പേര് | ദൂരം |
|---|---|---|---|
| 1 | 4 | പീടികമുക്ക്- കൊടിയി മുക്ക് | 1000 |
| 2 | 5 | അയണിക്കാട്ടേത്തുമുക്ക് - കുറുപ്പൻവീട് | 500 |
| 3 | 7 | പാറയിൽ - തോപ്പിൽ മുക്ക് | 260 |
| 4 | 9 | ഊക്കൻമുക്ക് പ്ലാത്തിക്കടവ് | 1020 |
| 5 | 9 | ഊന്നംകല്ലിൽ - മേവിനിനഴികത്ത് | 280 |
| 6 | 10 | തെങ്ങുംതുണ്ടിൽ - പുന്നമൂട് | 2200 |
| 7 | 10 | ഇടിഞ്ഞകുഴി - കോട്ടവാരുക്കൽ | 3200 |
| 8 | 10 | പുളിയ്ക്കലഴികത്ത് - കൊല്ലന്റെമുക്ക് | 1650 |
| 9 | 10 | കൊല്ലന്റെമുക്ക് - മുണ്ടൂർക്കുറ്റിമുക്ക് | 800 |
| 10 | 11 | പഴയ ബസ്റ്റാന്റ് - പ്ലാക്കാല | 360 |
| | | ആകെ | 11070 മീറ്റർ |

## മെറ്റൽചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | വാർഡ് | റോഡുകളുടെ പേര് | ദൂരം |
|---|---|---|---|
| 1 | 1 | കോട്ടവിള - നെടിയവിള | 1200 |
| 2 | 2 | വാഴയിൽമുക്ക് -പാലവിള | 1550 |
| 3 | 3 | കുതിരമുനമ്പ് റോഡ് | 250 |
| 4 | 4 | അർച്ചനമുക്ക് - യുണൈറ്റഡ് ക്ലബ് വഴി പീടികമുക്ക് | 1250 |
| 5 | 5 | കൊടതിമുക്ക് - പുന്നക്കാട് | 800 |
| 6 | 6 | മുസലിയാർ ഫാം റോഡ് | 1000 |
| 7 | 7 | തെറ്റിക്കുഴി - പണിയ്ക്കരേത്ത് | 1300 |
| 8 | 8 | അശ്വതിമുക്ക് - ശ്രീരംഗത്ത് | 2000 |
| 9 | 9 | ഊക്കൻമുക്ക് - കൊല്ലന്റെമുക്ക് | 1500 |
| 10 | 10 | കോട്ടവാതുക്കൽ - മഞ്ഞിപ്പുഴ- പരപ്പാടിമുക്ക് | 2000 |
| 11 | 11 | പൗങ്ങുമൂട് - ആറ്റുവൻഡ് റോഡ് | 2000 |
| 12 | 12 | മണലുവിള - കാട്ടുവിളക്ഷേത്രം | 2000 |
| | | ആകെ | 16750 |

## ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സഞ്ചാരയോഗ്യമാക്കേണ്ട റോഡുകൾ

**വാർഡ് 1**

| | | | |
|---|---|---|---|
| കുന്നേൽമുക്ക് നെടുന്തറ | 450 | പള്ളിയാടി പുതിവീട്ടിൽ കടവ് | 450 |
| തുണ്ടിൽതെക്കെമുക്ക് മണ്ണാരയ്യത്ത് | 260 | പാട്ടുപുരക്കുറ്റി മുട്ടത്തയ്യത്ത് | 600 |
| തെറ്റിക്കുഴി പുന്നവിള | 300 | പാലംകോട്ട പള്ളശിയമ്പലം | 200 |
| കല്ലുവിള പച്ചംകുളം | 320 | കല്ലുമ്പുറത്ത് നെടുംതറ ഏല | 390 |
| | | പള്ളിയറത്ത് പാലംപള്ളിക്ഷേത്രം | 220 |

| | |
|---|---|
| കടപ്പാലയ്യത്ത് പനാട്ടുവടക്ക് | 310 |
| നെടിയവിള തോത്തല പൊയ്ക | 590 |
| ആദിക്കാട് പാലംക്കോട്ട് | 285 |
| വാഴപ്പള്ളി ചരുവിൽ ലക്ഷംലീട് | 265 |
| മേലേക്കോട്ടുവിള പള്ളിയാട്ടുകുളങ്ങര | 330 |
| മനയിൽ വടക്ക് റോഡ് | 205 |
| പച്ചംകുളം പാട്ടുപുര | 405 |
| വാർഡ് 2 | |
| പള്ളിശ്ശേരിക്കൽ പള്ളി പെരുമുറ്റം | 500 |
| പെരുമുറ്റത്ത് ചരിവിയ്ക്കലയ്യത്ത് | 375 |
| മൂർത്തിക്കാവ് പൊയ്കയിൽ മുക്ക് | 400 |
| പൊയ്കയിൽ മുക്ക് പുതുവള്ളിഏല | 110 |
| പുതുപ്പള്ളി ഏലാ റോഡ് | 385 |
| പുത്തൻവിള പള്ളിമുക്ക് | 800 |
| പുത്തൻവിള പെരുമ്പുള കുളം | 500 |
| പെരുമ്പുഴ കുളം നാലുമുക്ക് | 450 |
| പൊയ്കയിൽ മുക്ക് ആലത്തൂർഏല | 650 |
| ചവരിക്കലഴികത്ത് മനയിൽമുക്ക് | 330 |
| ആലത്തൂർ ഇഞ്ചാക്കാട് പുത്തൻവീട് | 75 |
| പൊയ്കയിൽകുറ്റി പൊയ്കയിൽതറ | 550 |
| കളീലിൽപടിഞ്ഞാറ് ആലത്തൂർഏല | 300 |
| കോയിപ്പുറത്ത്പടിഞ്ഞാറ് മുളയ്ക്കൽഏല | 175 |
| പാലവിള ഊടത്തിൽ ഏല | 150 |
| ഞാറക്കാട്ട്കുറ്റി കാഞ്ഞിരംവിള | 1250 |
| പനാട്വിള മീനത്തേതിൽ | 250 |
| തടത്തിലയ്യത്ത് മാമ്പള്ളി മുക്ക് | 135 |
| കാഞ്ഞിരംവിള പുത്തൂരയ്യത്ത്ഏല | 295 |
| പാലംപള്ളിക്കാവ് പൊയ്കയിൽതറ | 350 |
| താഴത്തേതിൽ കിഴക്കടത്ത് മുക്ക് | 110 |
| പാട്ടുപുരക്കുറ്റിLPS പൊയ്കയിൽമുക്ക് | 345 |
| കോട്ടക്കകത്ത് പനാട്ടുവിള | 400 |
| വാർഡ് 3 | |
| പൊയ്കയിൽ കണ്ടംകുളം | 870 |
| പെരുമുറ്റത്ത് മണക്കാട്ട്മുക്ക് | 425 |
| പെരുമുറ്റത്തുമുക്ക് മാവേലിൽമുക്ക് | 150 |
| പാരിപ്പള്ളി മൂർത്തിവിളക്കാവ് | 205 |
| തേവാനത്ത്മുക്ക് റോഡ് | 260 |
| വെളുത്തേടത്ത്മുക്ക് പുത്തൻപുരമുക്ക് | 250 |
| ആക്കൽമുക്ക്റോഡ് | 200 |
| തച്ചിരേത്ത് വല്യത്ത്മുക്ക് | 200 |
| പെന്നഴേത്ത് വടക്കേഏല | 250 |

| | |
|---|---|
| പീടികയിൽമുക്ക് റോഡ് | 200 |
| പൈപ്പ്റോഡ് ലക്ഷംവീട് കോളനി | 105 |
| ആഞ്ഞിലിമൂട് വടക്കേതുണ്ടിൽ | 150 |
| ആഞ്ഞിലിമൂട് റോഡ് | 255 |
| രാജഗിരി കായൽക്കടവ് | 250 |
| രാജഗിരി മുതലക്കുഴി | 155 |
| രാജഗിരി കുതിരമുനമ്പ് | 250 |
| വല്യത്ത് മുക്ക് പാരിപ്പള്ളിമുക്ക് | 255 |
| എരുത്തിലംവിള തേനത്ത് വടക്കേമുക്ക് | 225 |
| വാർഡ് 4 | |
| ഡി.ബി.കോളേജ് കിഴക്കുംപുറം കോളനി | 1500 |
| ശാസ്താംകോട്ട ശങ്കരമംഗലം കോളനി | 1200 |
| സൊസൈറ്റി മുക്ക് കാട്ടുക്കാവ് | 600 |
| ആൽത്തറവിള കണ്ടൻകുളം | 1750 |
| കൈതപ്പുഴ കോടയ്ക്കകത്ത് മുക്ക് | 300 |
| പീടികമുക്ക് കളീയ്ക്കൽ | 255 |
| കൈതപ്പുഴ മണ്ണൂർമുക്ക് | 600 |
| ആൽത്തറവിള പൈപ്പ് റോഡ് കടൂർ കാവ് | 510 |
| കോടതിമുക്ക് വലിയഴികത്ത് മുക്ക് | 300 |
| ഗോകുലം മുക്ക് കൊല്ലകപ്പാടം | 400 |
| പോസ്റ്റാഫീസ് ജംഗ്ഷൻ കായൽകടവ് | 350 |
| ശാസ്താംകോട്ട ജംഗ്ഷൻ സായിവിഹാർ | 150 |
| ശാസ്താംകോട്ട ജംഗ്ഷൻ കൊല്ലേഴം കോളേജ് | 150 |
| ട്രഷറി മുക്ക് വള്ളകടവ് | 100 |
| കോടതിമുക്ക് കായൽകടവ് | 400 |
| ശിവമംഗലം തടത്തിൽക്കാട് | 150 |
| ആൽത്തറവിള ആറാട്ടുകടവ് | 175 |
| ശാസ്താംകോട്ട ജി.എച്ച്. എസ്സ് ഠൗൺ മസ്ജിദ് | 450 |
| വാർഡ് 5 | |
| അയണിക്കാട്ടേത്ത് കുറുപ്പുംവീട്ടിൽ വടക്ക് | 500 |
| പൈനുംവിള പുകയിലപ്പുര | 550 |
| കോടതിമുക്ക് ആലപ്പുറത്തുമുക്ക് 800 | |
| അമ്പനാട്ട് അയണിക്കാട്ടേത്ത് | 400 |
| തുണ്ടുവിള കണ്ടോലിൽ | 540 |
| ആനാത്തുകുളം റോഡ് | 53 |
| അമ്പനാട്ടു തെക്കേമുക്ക് റോഡ് 62 | |
| കണ്ണമ്പള്ളിക്കാവ് മുതൽ കായൽവാരം | 810 |
| ചരുവിള കോളനി | 455 |
| കുന്നുംപുറത്ത് കായൽ വാരം | 245 |
| മണലുകുഴി അനിലാലയം | 300 |
| മൂർത്തിക്കാവ് റോഡ് | 150 |
| മണലുകുഴി കായൽവാരം | 210 |
| പുകയിലപുര കലായംകുളം | 1550 |
| വിളയിൽ തെക്ക് ആലയിൽ കോളനി | 135 |
| ചരുവിള പുലിക്കുഴി | 175 |

| പേരുവിവരം | നീളം മീറ്റർ |
|---|---|
| ഊരക്കൻമുക്ക് മണക്കാട്മുക്ക് | 1400 |
| പുഷ്പമംഗലം പുകയിലപ്പുര | 1150 |
| റോഡിയോ പാർക്ക് പറയനാപ്പുറം | 3555 |
| പാൽസൊസൈറ്റി മിനി എസ്റ്റേറ്റ് | 245 |
| ഭരണിക്കാവ് കായൽ കടവ് | 565 |
| സൊസൈറ്റിമുക്ക് കായൽക്കടവ് | 450 |
| സൊസൈറ്റിമുക്ക് അശ്വതിമുക്ക് | 350 |
| പുതുവേലി കായൽക്കടവ് | 400 |
| വിളയിൽ മുക്ക് പുലിക്കുഴി | 530 |
| ഭരണിക്കാവ് കോടൻവിള | 1150 |
| ഊരക്കൻമുക്ക് വെട്ടി വെച്ച കടവ് | 155 |
| പുലിക്കുഴി കായൽവാരം | 270 |
| റേഡിയോപാർക്ക് പള്ളിമുക്ക് | 230 |
| പുഷ്പമംഗലം അമ്മമെമ്മോറിയൽ | 400 |
| വാർഡ് 7 | |
| പാറയിൽമുക്ക് തോപ്പിൽമുക്ക് | 260 |
| കൂവളത്തറ പണിക്കരേത്ത് | 1400 |
| മാങ്കൂട്ടത്തിൽ കുറ്റിലയത്ത് | 1000 |
| പണിക്കരേത്ത് കുറ്റീലയ്യത്ത് | 650 |
| തെറ്റിവിള പാറയിൽ | 750 |
| പാറയിൽ വടക്കത്തുമുക്ക് | 400 |
| തെറ്റിവിള തോട്ടത്തിൽ കിഴക്ക് | 250 |
| ഇ.എസ്.ഐ. ക്ഷേത്രം ജംഗ്ഷൻ | 400 |
| കുന്നുമ്പുറത്ത് താഴക്കാട്ട് കോളനി | 400 |
| പണിക്കരേത്ത് തെങ്ങുംവിള | 1350 |
| പാറയിൽമുക്ക് പനപ്പട്ടി ഏലാ | 400 |
| കൊല്ലന്റെ മുക്ക് റോഡ് | 230 |
| തോപ്പിൽ മുക്ക് കനാൽറോഡ് | 170 |
| പണിക്കോട്ട് തേവാനത്ത് | 150 |
| വാർഡ് 8 | |
| സിനിമാപറമ്പ് കാരാളിജംഗ്ഷൻ | 900 |
| കേളച്ചന്റയ്യത്ത് താന്നിക്കൽ | 500 |
| കണ്ടോലിൽ തോട് പാലവിള | 300 |
| ചൂളൂർമുക്ക് കണ്ടോലിൽ തോട് | 450 |
| തൈക്കാവ് വലിയവീട്ടിൽ | 400 |
| താന്നിക്കൽ വടക്ക് കന്നിമേലഴികത്ത് | 500 |
| സിനിമാപറമ്പ് പാറയിൽ മുക്ക് | 605 |
| വാർഡ് 9 | |
| ഊരക്കൻമുക്ക് പ്ലാത്തിക്കടവ് | 75 |
| ഇടത്തറ പുന്നമൂട് കായൽബണ്ട് | 1250 |
| കോട്ടവാതുക്കൽ തെക്കേമുക്ക് | 400 |

| പേരുവിവരം | നീളം മീറ്റർ |
|---|---|
| തുണ്ടുവിള കാട്ടുവിളക്കടവ് | 345 |
| ഊരക്കൻമുക്ക് മണ്ടൂർകുറ്റി | 600 |
| കുരുമ്പേലിമുക്ക് കരിമ്പാലിമുക്ക് | 500 |
| കോട്ടവാതുക്കൽ തകരവിളക്കടവ് | 545 |
| പുന്നമൂട് കോളനി ആലപ്പുറത്തുകടവ് | 305 |
| ലക്ഷംവീട് കോളനി ആർ.എച്ച്.എസ്സ് ഗേറ്റ് | 340 |
| R.H.S. gatc കായൽ ബണ്ട് | 550 |
| പാൽസൊസൈറ്റി കുഴിവിള | 200 |
| ലക്ഷംവീട്കോളനി തോമല്ലൂർ കടവ് | 175 |
| വാർഡ് 10 | |
| മഞ്ഞിപ്പുഴ കായൽകടവ് | 1400 |
| മണിയങ്കര പരപ്പാടി | 1400 |
| പരപ്പാടി മഞ്ഞിപ്പുഴ | 1100 |
| മഞ്ഞിപ്പുഴ മിയങ്കര | 800 |
| കോട്ടവാതുക്കൽ ചക്കൻകുഴി കോളനി | 1000 |
| കോട്ടവാതുക്കൽ മഞ്ഞിപ്പുഴ | 750 |
| കോടൻവിള പുതുക്കാണ്ടയ്യത്ത് | 600 |
| തോട്ട വിള മണിയങ്കര | 750 |
| ആലുംകുഴി കായൽക്കടവ് | 350 |
| മംഗലത്ത് തൊളിയക്കൽ ഏലാ | 210 |
| മണ്ണൂരേത്ത് തൊളിയക്കൽ ഏലാ | 160 |
| കല്ലുംപുറത്ത് തൊളിയക്കൽ ഏലാ | 160 |
| പേഴുള്ളതിൽ തൊളിയക്കൽ ഏലാ | 110 |
| പേഴുള്ളതിൽ കുറ്റിയിൽ മുക്ക് | 50 |
| കലവറമുക്ക് തൊളിയക്കൽ ഏലാ | 110 |
| കലവറ പടിഞ്ഞാറ് തൊളിയക്കൽ ഏലാ | 110 |
| കലവറ അമ്പിയിൽ | 205 |
| പനച്ചിവിള താന്നിയ്ക്കൽ | 160 |
| ചവരിക്കലഴികത്ത് നെല്ലിപ്പുഴേത്ത് | 95 |
| തെങ്ങുംവിള പാണോലിൽ മുക്ക് | 110 |
| കാവിൽമുക്ക് കണ്ടോലിൽ | 155 |
| കണ്ടോലിൽ മുക്ക് ചന്ദ്രഭവനം മുക്ക് | 75 |
| കുറ്റിയിൽമുക്ക് ഇടിഞ്ഞകുഴിമുക്ക് | 110 |
| പുതുക്കണ്ടയ്യത്ത് കോടൻവിള | 225 |
| പണ്ടാരയ്യത്ത് പുഴിക്കുളം | 80 |
| ആമ്പല്ലൂർ കിഴക്കേതോട് | 60 |
| പാർത്ഥസാരഥിക്ഷേത്രം കാവിൽമുക്ക് | 500 |
| വല്യത്തുമുക്ക് തുമ്പോട്ടുമുക്ക് | 55 |
| പള്ളത്തയ്യത്ത് കരിക്കോണത്ത് ഏലാ | 155 |
| കോട്ടയ്ക്കാട്ടുമുക്ക് മുണ്ടയ്ക്കൽ | 155 |
| ചെന്നല്ലൂർമുക്ക് കോതേലിൽ തെക്കേമുക്ക് | 110 |
| മുണ്ടയ്ക്കൽ പാണോലിൽ | 150 |

| | |
|---|---|
| കോപ്പാറേത്തുമുക്ക് കരിക്കോണം ഏലാ | 155 |
| ചേനാത്തുവിള ചാലാപറമ്പിൽ | 55 |
| അമ്പിയിൽ പള്ളത്ത് | 100 |
| വേഴംകോട് തെക് പണയിൽ | 110 |
| കന്നിനേലഴികത്ത് കായിക്കര | 100 |
| കണ്ടോലിൽ തെക്ക് | 50 |
| വാർഡ് 11 | |
| പഴയ ബസ്റ്റാന്റ് പ്ലാങ്കാല | 1560 |
| ആലപ്പുറത്ത് പെരുവേലിൽ മുക്ക് | 1230 |
| പെരുവേലി ആലത്തൂർ | 800 |
| പുതുശ്ശേരിക്കാല ആക്കരേത്ത് | 600 |
| മഹാദേവർക്ഷേത്രം മൂലയിൽ ഏലാ | 200 |
| കാരയ്ക്കാട്ട് കുറ്റിപ്പുറം കോളനി | 400 |
| ചേലൂർകായൽ മൂലയിൽ മുക്ക് | 1000 |
| നീർവിള മാവിള | 1300 |
| പുതുശേരിക്കിഴക്ക് ആറാട്ടുകടവ് | 70 |
| വാർഡ് 12 | |
| മണലിവിള ഉപ്പൂട് കട്വ് | 1750 |
| കാമ്പിപ്പാറ കാട്ടുവിളക്ഷേത്രം | 822 |
| വാഴോട്ട് കാഞ്ഞിരക്കാട് | 1800 |
| അയണിവേലിൽ നെടുമ്പള്ളിക്കടവ് | 80 |
| അരുമണ്ണിൽ തലാപ്പിൽ കാവ് | 600 |
| കാമ്പിപ്പാറ ആറ്റൂരഴികത്ത് | 705 |
| കൊല്ലാറക്കോളനി കായൽവാരം | 525 |
| കോടൻവിള കുറ്റിവിള | 555 |

പുതുതായി നിർമ്മിക്കേണ്ട ഏലാറോഡുകൾ

| വാർഡ്നമ്പർ | പേരുവിവരം |
|---|---|
| 1 | പാലക്കോട്ട് പാലമ്പിള്ളിക്കാവ് |
| 3 | പെരുമറ്റത്ത് കടൂർക്കാവ് |
| 4 | കണ്ടംകുളം കടൂർക്കാവ് |
| 4 | കൊല്ലകപ്പാടം ആന്നക്കുന്നം |
| 10 | മുതുപിലാക്കാട് തുരുത്തിക്കര |
| 11. | ചേലൂർകായൽബണ്ട് റോഡ് |
| 11 | പണയിൽ വാതുക്കൽ ചാഞ്ഞൊടി ഏലാ |
| 7 | പാറയിൽമുക്ക് പനപ്പട്ടി ഏലാ |

"ആസൂത്രണത്തിന്റേയും വികസനപദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റേയും ഉത്തര വാദിത്വം ജനങ്ങളിൽ നിക്ഷിപ്തമാക്കേണ്ടുന്ന സമയം വന്നുചേർന്നിരിക്കുന്നു. ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും അമ്മാതിരി ചുമതലകൾ ഏറ്റെടുക്കാൻ ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു."

( ജവഹർലാൽ നെഹ്രു. 1959 ഒക്ടോബർ 2ന് രാജസ്ഥാനിലെ നാഗപ്പൂരിൽ പഞ്ചായത്തുരാജിന്റെ ഉത്ഘാടനാവസരത്തിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്.)

# മാർക്കറ്റ്

ശാസ്താംകോട്ട പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളാണ് നേന്ത്രകുല, നാളികേരം, കശുവണ്ടി, അടയ്ക്കാ, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ. എന്നാൽ ഏതുതരത്തിലുള്ള ഉല്പാദനവും പ്രോത്സാഹിക്കപ്പെടുന്നത് അതിനുള്ള മാർക്കറ്റിംഗ് സമ്പ്രദായമുള്ളപ്പോഴാണ്. നമ്മുടെ നാട്ടിൽ കർഷകർ ഇക്കാര്യത്തിൽ ചൂഷണം ചെയ്യപ്പെടുന്നുവെന്നാണ് വസ്തുത. ഈ രംഗത്ത് യഥാർത്ഥത്തിൽ നമ്മുടെ കർഷകർക്ക് ഒരു 'ഗ്രാമീണ ചന്ത സംസ്കാരവും' ചന്തയോട് ബന്ധപ്പെടുന്ന ഒരു ആശ്രയ സംസ്കാരവും രൂപീകരിക്കേണ്ടതുണ്ട്. ചന്തയ്ക്കും കർഷകനും ഇടയിലുള്ള ഇടനിലക്കച്ചവടക്കാരുടെ ചൂഷണ രീതി നാം തിരിച്ചറിയേണ്ടതാണ്.

ഇന്നു നിലനില്ക്കുന്ന വിപണനകേന്ദ്രങ്ങൾ പൊതുചന്തകളും സ്വകാര്യ ചന്തകളുമാണ്. ഈ വിപണനകേന്ദ്രങ്ങളുമായി ബന്ധപ്പെടാനുള്ള ഗ്രാമീണമനസ്സുകളിലെ വിമുഖത മാറ്റിയെടുത്ത് സ്വന്തം ഉല്പന്നങ്ങളുടെ കമ്പോളം കണ്ടുപിടിക്കാനുള്ള സംസ്കാരം ഉണ്ടാക്കാൻ ശ്രമം നടത്തേണ്ടതുണ്ട്. സഹകരണമേഖല, പഞ്ചായത്ത് സഹായത്തോടെയുള്ള വിപണനകേന്ദ്രം, സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ എന്നിവ മാർക്കറ്റിംഗ് രംഗത്ത് ഇന്ന് നിലനിൽക്കുന്ന ജീർണ്ണത മാറ്റിയെടുക്കാൻ സഹായിക്കും. നമ്മുടെ പഞ്ചായത്തിൽ ശാസ്താംകോട്ട കേന്ദ്രീകരിച്ചുള്ള ഒരു പൊതുമാർക്കറ്റും സിനിമാപറമ്പ്, ആഞ്ഞിലിമൂട്, കരുന്തോട്ടുവാ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കിയുള്ള സ്വകാര്യ ചന്തകളുമാണിന്നുള്ളത്.

ശാസ്താംകോട്ട പഞ്ചായത്തിൽ ശാസ്താംകോട്ടയിലെ പൊതുമാർക്കറ്റ്, ആഞ്ഞിലിമൂട്, സിനിമാപറമ്പ് എന്നിവിടങ്ങളിലെ മാർക്കറ്റുകൾ - അങ്ങനെ ആകെ മൂന്ന് പൊതുചന്തകളാണുള്ളത്. പ്രധാന ഉല്പന്നമായ നാളീകേരത്തിന് ഒരു പൊതുവിപണിയോ സഹകരണവിപണിയോ വിശ്വസിക്കാവുന്ന വിപുലമായ സ്വകാര്യ വിപണിയോ പഞ്ചായത്തിലില്ല.

നമ്മുടെ പഞ്ചായത്തിൽ മാർക്കറ്റുകൾ പ്രധാനമായും മീൻചന്തകളായി മാറിക്കൊണ്ടിരിക്കുകയാണ്. കയറുല്പന്നങ്ങൾ പേരിനുമാത്രമേ നമ്മുടെ മാർക്കറ്റുകളിൽ എത്തുന്നുള്ളു. തമിഴ്നാട്ടിൽ നിന്നും മറ്റും വരുന്ന പച്ചക്കറികളാണ്. പിന്നെ ഏറ്റവും കൂടുതൽ വില്പന നടക്കുന്ന ഇനം. കച്ചവടക്കാർ വീടുകൾ തോറും കയറിയിറങ്ങി സാധനങ്ങൾ വിലപേശി വാങ്ങി ചന്തയിൽ കൊണ്ടുവന്ന് കൂടിയ വിലയ്ക്ക് വില്ക്കുന്ന സ്ഥിതിയാണുള്ളത്. ഉല്പാദകർ തന്നെ നേരിട്ട് സാധനങ്ങൾ വിൽക്കുന്നത് ഇവിടെ അപൂർവ്വമായി മാറിയിരിക്കുന്നു. ഒട്ടുമിക്ക വാർഡുകളിലും ഗ്രാമചന്തകൾ വേണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്.

## പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാവാർഡുകളിലും അതാതു ഗ്രാമങ്ങളിലെ കർഷക വിഭവങ്ങളുടെ സംഭരണവും വിപണനവും സാധ്യമാകുന്ന തരത്തിൽ പൊതുമാർക്കറ്റ് തുടങ്ങുക.
2. റബ്ബർ പോലെയുള്ള നാണ്യവിളകൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള പൊതു പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുക.

3. ഗ്രാമീണ ജനങ്ങളുടെ ആവശ്യമനുസരിച്ച് വീടുകളിൽ സാധനങ്ങളെത്തിക്കുന്നതിന് സന്നദ്ധപ്രവർത്തകരുടെ സഹകരണ മേഖല കണ്ടെത്തുക.

4. പഞ്ചായത്ത് തലത്തിലുള്ള ചെറുകിട വ്യാവസായിക ഉല്പന്നങ്ങൾക്ക് സംസ്ഥാനതല - രാജ്യാന്തര മാർക്കറ്റിംഗ് നടക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കുക.

5. ശാസ്താംകോട്ട മാർക്കറ്റിന്റെ തറ നിരപ്പാക്കി കോൺക്രീറ്റ് ചെയ്യുക. പച്ചക്കറി വിൽപനയ്ക്കും മത്സ്യവിപണനത്തിനും പ്രത്യേകം സ്റ്റാളുകൾ കെട്ടുക.

6. മാർക്കറ്റിൽ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുക.



# പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ മുൻപന്തിയിൽ നില്ക്കുന്ന ശാസ്താംകോട്ട പഞ്ചായത്തിൽ ഗൾഫുപണത്തിന്റെ സ്വാധീനം സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഒരു പരിധിവരെ ഭവന നിർമ്മാണ രംഗത്ത് കോൺക്രീറ്റ് സൗധങ്ങളിൽ അവ ഒതുങ്ങി നില്ക്കുന്നു.

കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരും കശുവണ്ടിമേഖലയിൽ പണിയെടുക്കുന്നവരുമാണ് ശാസ്താംകോട്ട പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളുടെ എണ്ണവും കൂടുതലാണ്. പഞ്ചായത്തിൽ 8029 വീടുകളിൽ 1769 എണ്ണം കോൺക്രീറ്റും 3962 എണ്ണം ഓടിട്ടതുമാണ്. ബാക്കി വരുന്നവ ഓലമേഞ്ഞതോ കുടിലുകളോ ആണ്. വീടുകളുടെ തരംതിരിവ് പട്ടിക താഴെ കൊടുക്കുന്നു.

### വീടുകളുടെ തരംതിരിവ്

| വാർഡ് | കെട്ടിടങ്ങളുടെ | എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | കുടിൽ | മറ്റുള്ളവ | കടകൾ |
|---|---|---|---|---|---|---|---|---|
| 1 | 808 | | 161 | 404 | 226 | | 17 | |
| 2 | 646 | | 119 | 364 | 145 | | 12 | |
| 3 | 1375 | | 463 | 387 | 212 | | | 226 |
| 4 | 918 | | 267 | 418 | 109 | 95 | 15 | 4 |
| 5 | 943 | | 139 | 270 | 137 | 11 | 13 | 370 |
| 6 | 668 | | 101 | 255 | 267 | | 45 | |
| 7 | 600 | | 127 | 316 | 184 | | 33 | |
| 8 | 592 | | 45 | 375 | 153 | 15 | 4 | 49 |
| 9 | 642 | | 105 | 2തി | 197 | 36 | | 6 |
| 10 | 706 | | 137 | 401 | 140 | 16 | 12 | 54 |
| 11 | 650 | | 105 | 494 | 320 | 35 | | |

പി.ഡബ്ല്യു. ഡി റോഡുകൾക്കു സമീപമായി ട്ടാണ് ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണി യുന്ന അവസ്ഥയും ഇല്ലാതില്ല. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ശാസ്താംകോട്ട ശാഖ, ശാസ്താംകോട്ട സർവ്വീസ് സഹകരണ ബാങ്ക്, ഭൂവികസന ബാങ്ക്, ശാസ്താംനട ഭവനനിർമ്മാണ സൊസൈറ്റി എന്നിവ പഞ്ചായത്തിലെ ജനങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഉപയോഗപ്പെടുന്നുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കാത്തതും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

ഭവന വായ്പകൾ സാധാരണക്കാരന് ലഭി ക്കത്തക്ക രീതിയിൽ വായ്പ്പാ വ്യവസ്ഥകൾ ഉദാരമാ ക്കേണ്ടതുണ്ട്. അതിന് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക. ഘട്ടംഘട്ടമായി നിർമാണം പൂർത്തിയാകുന്നതനുസരിച്ച് വായ്പ കൊടു ക്കുക.
2. പലിശ നിരക്ക് കുറയ്ക്കുക.

സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊ ണ്ടിരിക്കുന്ന ഭവന വായ്പ ദുർബലവിഭാഗക്കാർക്ക് മാത്രമായും അത് വിരലിലെണ്ണാവുന്നവർക്ക് മാത്രവു മാണ് ലഭിക്കുന്നത്.

ദുർബലവിഭാഗങ്ങൾക്ക് വീടുവെയ്ക്കാനും ഇട ത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപ്പണിയു ന്നതിനും സഹായങ്ങളോ വായ്പകളോ ലഭ്യമാക്കാ ത്തതിനാൽ ഇടത്തരക്കാരുടെ സഹകരണം എല്ലാ മേഖലകളിലും വളരെ കുറവാണ്. ആകയാൽ ഈ വക പ്രശ്നങ്ങൾക്ക് അടിയന്തിര പ്രാധാന്യത്തോടെ പരിഹാരം കാണേണ്ടതുണ്ട്.

വിവിധ സ്കീം അനുസരിച്ച് ശാസ്താംകോട്ട ബ്ലോക്ക് ഓഫീസ് വഴി ശാസ്താംകോട്ട പഞ്ചായത്തിനു ലഭിച്ച വീടുകളുടെ എണ്ണം താഴെ കൊടുത്തിരിക്കു ന്നു.

**ഭവനലഭ്യത പട്ടിക ശാസ്താംകോട്ട പഞ്ചായത്ത്**

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1992-93 | | | 9 | | | 9 |
| 1993-94 | | | 3 | 10 | 3 | 16 |
| 1994-95 | | | 8 | 13 | 6 | 27 |
| 1995-96 | | | 43 | | | 43 |

സ്ഥിതിവിവരക്കണക്ക് ശാസ്താംകോട്ട ബ്ലോക്ക് ഓഫീസ്

ഭവനനിർമ്മാണ ബോർഡുവഴി ദുർബലവി ഭാഗങ്ങൾക്ക് നല്കുന്ന സഹായവും വായ്പയും വർദ്ധിക്കേണ്ടിയിരിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തവും പാവപ്പെട്ടവന് സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്ര ഹമായിത്തന്നെ ശേഷിക്കുന്നു. അഥവാ വീടുവെയ്ക്കു ന്നതിന് സർക്കാർ തലത്തിലുള്ള ഏതെങ്കിലും മാർഗ്ഗ ത്തിലൂടെ വീടുവെയ്ക്കുവാനുള്ള സാമ്പത്തിക സഹായം ലഭിച്ചാൽ കൂടിയും കിട്ടിയ ആനുകൂല്യ ങ്ങൾകൊണ്ട് വീട് നിർമ്മിക്കുവാനും പണിപൂർത്തി യാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്. കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ധതൊഴിലാളികൾക്ക് കൂലി 100-130 രൂപ വരെയും അവിദഗ്ധ തൊഴിലാളിക്ക് 90 മുതൽ 100 രൂപ വരെയും എത്തി നില്ക്കുന്നു. സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിൽ വിദഗ്ധ തൊഴിലാ ളികളായി അറിയപ്പെടുന്നില്ല. മാത്രവുമല്ല പുരുഷതൊ ഴിലാളികളേക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക്. 95- 96 കാലയളവിൽ 80-90 രൂപ യാണ് സ്ത്രീ തൊഴിലാളികൾക്ക്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ് 92-94 കാലയളവിൽ 150 രൂപയും 95-96 വർഷങ്ങ ളിൽ 182 രൂപയിലും എത്തി നില്ക്കുന്നു. 92-94 വർഷത്തിൽ 100 കല്ലിന് 150 രൂപ ആയിരുന്നത് 94 ൽ 200 രൂപയും 96 ൽ 350 രൂപയായി വർദ്ധിച്ചതാ യും കാണാം.

1992-94 ൽ 1 കി.ഗ്രാം കമ്പിക്ക് 15 രൂപയായി രുന്നത് 96 ൽ 16.50 യിൽ എത്തി നില്ക്കുന്നു. കോൺക്രീറ്റ് യൂണിറ്റിന് 1992-95 ൽ 1900 കൂലിയു ണ്ടായിരുന്നത് ഇപ്പോൾ 2500 ൽ എത്തി നില്ക്കു

ന്നു. 95 ൽ ഫസ്റ്റ്ക്ലാസ്സ് ഓടിന് 1000 എണ്ണത്തിന് 5000 രൂപ ഉണ്ടായിരുന്നത് 96 ൽ 1000 ത്തിന് 55000 ൽ എത്തി നില്ക്കുന്നു.

കൂലി നിരക്കിലേയും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നല്കുന്ന സഹായങ്ങളും വായ്പകളുമായി ബ്ലോക്കുവഴി നല്കുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാ പരിധിയും രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കാനും വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് നല്കാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് അനുഭവം നമ്മെ അറിയിക്കുന്നു. വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇത് മാറ്റിയെടുക്കാനാവൂ. പ്രാദേശിക ഉത്സവാഘോഷങ്ങൾക്ക് ലക്ഷങ്ങൾ ചിലവഴിക്കുന്ന നമുക്കെന്തുകൊണ്ട് പാവപ്പെട്ടവന് ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ പരിശ്രമിച്ചുകൂടാ? ഇതിനായി വാർഡ്തലത്തിൽ ഗുണഭോക്താക്കളെയുംസന്നദ്ധ സംഘടനകളെയും സംയുക്തമായി വിളിച്ച് ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. സർക്കാർ തലങ്ങളിൽ നിന്നും ലഭ്യമാക്കുന്ന വായ്പയ്ക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.
2. രജിസ്ട്രാഫീസിലെ അമിതമായ ഫീസും കാലതാമസവും ഒഴിവാക്കുക.
3. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നല്കുക.
4. ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സർട്ടിഫിക്കറ്റ് നൽകുന്നത് വാർഡ് വികസനസമിതിയോടും ആലോചിച്ചിട്ടായിരിക്കണം. ഈ രംഗത്ത് ഉണ്ടായേക്കാവുന്ന സ്വജന പക്ഷപാതം ഒഴിവാക്കാൻ ഈ നടപടി സഹായിച്ചേക്കും.
5. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.
6. ചെലവ് കുറഞ്ഞ വീടുകൾക്ക് കൂടുതൽ പ്രചാരം നല്കുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
8. RLEGP, IAY, MWS, JRT എന്നിവ വഴിയുള്ള ധനസഹായം 15,800 രൂപയിൽ നിന്നും 30,000 രൂപയയാക്കി ഉയർത്തുക.
9. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി തുക വർദ്ധിപ്പിക്കുക.
10. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സർക്കാർ ഏജൻസികൾ ഇടപെടുക (സിമന്റ്, കമ്പി മുതലായവ). അത്തരം ഇടപെടലുകൾ സാധനങ്ങൾക്ക് കൃത്രിമക്ഷാമം സൃഷ്ടിച്ച് കൊള്ളലാഭം കൊയ്യുന്ന പ്രവണതയ്ക്ക് വിരാമമിടുവാൻ സഹായിക്കും.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് സ്വന്തമായി ഭൂമി ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിയും സർക്കാർ പുറമ്പോക്ക് ഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവയും ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഭൂരഹിതർക്ക് 5 സെന്റ് ഭൂമി വീതം സൗജന്യമായി നല്കുകയും, അവിടങ്ങളിൽ എൽ. ഐ. സി. പിയർലെസ് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ കൊണ്ട് നടത്തിക്കുകയും ചെയ്യുക. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധയുവജന സംഘടനകളുടെയും മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്തുവാനും കഴിയേണ്ടതുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം പഞ്ചായത്തിന് നൽകുകയും വേണം.

കോളനികളിലെ പാർപ്പിട പ്രശ്നം, സങ്കീർണ്ണമായ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടുങ്ങിയ മുറികളിലെ ജീവിതവും മലീമസമായ ചുറ്റുപാടുകളും കാരണമാകാറുണ്ട്. യഥാസമയം അറ്റകുറ്റപ്പണികൾ നടത്താ

ത്തതിനാൽ മിക്കവാറും ഗുരുതരമായ അവസ്ഥയിലാണ്. സൗജന്യമായി ലഭിച്ചതുകൊണ്ട് സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ കോളനിനിവാസികളും ശ്രമിക്കാറില്ലെന്നത് ദുഃഖകരമാണ്. വീടുകൾ തൊട്ടുതൊട്ടു കിടക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. പള്ളിശ്ശേരിക്കൽ L.P.S നു സമീപമുള്ള ലക്ഷംവീടു കോളനിയിൽ മിക്കവയും നിലം പൊത്താറായിരിക്കുകയാണ്. അടിയന്തിരമായ ശ്രദ്ധ ഇവിടേയ്ക്ക് ഉണ്ടാകേണ്ടിയിരിയ്ക്കുന്നു.

സാമ്പത്തിക ആനുകൂല്യത്തിന്റെ തോതിലും അവ അനുവദിക്കുന്ന മാനദണ്ഡങ്ങളിലും കാലോചിതമായ മാറ്റങ്ങൾ ഉണ്ടാവുകയും സന്നദ്ധസംഘടനകളുടെ ഫലപ്രദമായ ഇടപെടീലുകൾ ഉണ്ടാവുകയും ചെയ്താൽ വരുന്ന 5 വർഷങ്ങൾ കൊണ്ട് പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ; അതിനുള്ള കർമ്മ പദ്ധതികളിൽ നമുക്ക് കൂട്ടായി ഒന്നിക്കാം.

"ജന പങ്കാളിത്തമില്ലാത്ത വികസനം അർത്ഥപൂർണ്ണമാവില്ല. വികസനമെന്നു പറഞ്ഞാൽ റോഡും കെട്ടിടങ്ങളും മാത്രമല്ല. വ്യാവസായിക - കാർഷിക മേഖലയിലെ ഉല്പാദന വർദ്ധനവാണ് മുഖ്യം."

ഇ.എം. എസ്.

# സാമൂഹ്യക്ഷേമം

സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനു വേണ്ടി അനേകം ക്ഷേമപ്രവർത്തനങ്ങൾ വിവിധ സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ അവ അർഹിക്കുന്ന കൈകളിൽ ഉദ്ദേശിച്ച രീതിയിൽ ചെന്നെത്തുന്നില്ല. ഇത്തരം വികസനപരിപാടികളെക്കുറിച്ച് വ്യക്തമായ ധാരണ പൊതുജനങ്ങൾക്കോ അവർക്കിടയിൽ പ്രവർത്തിച്ചു വരുന്ന സന്നദ്ധ ബഹുജനപ്രസ്ഥാനങ്ങൾക്കോ ഇല്ലാത്തതാണ് ഇതിന്റെ പ്രധാന കാരണം. ഇടത്തട്ടുകാരുടെ ചൂഷണത്തിന് പലപ്പോഴും ഇക്കൂട്ടർ വിധേയരാകേണ്ടിയും വരുന്നു. സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത- അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. ഇതിന് പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി- തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമായി രണ്ടായി തരംതിരിക്കാം.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തതയും വളരെ പ്രകടമാണ്. പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവല്ക്കരണക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തുപറയേണ്ടതുതന്നെയാണ്. തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കശുവണ്ടിത്തൊഴിലാളികൾ, കെട്ടിടനിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വനിതാ വികസനകോർപറേഷൻ ഈ പ്രദേശത്തെ വനിതകൾക്ക് അന്യമാണെന്ന് കാണാം. പട്ടികജാതി - പട്ടികവർഗ്ഗ വികസനവകുപ്പിന്റെ താലൂക്ക് ആഫീസ്സ് നമ്മുടെ പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അതുവഴി കാര്യമായ നേട്ടങ്ങളെത്തുന്നില്ല. ഗ്രാമവികസന വകുപ്പ് വഴി പഞ്ചായത്തിൽ ലഭ്യമായ പദ്ധതികളെക്കുറിച്ച് കൂടുതൽ ഫലപ്രദമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ താഴെ പ്രതിപാദിക്കുന്നു. എന്നാൽ പദ്ധതികളെകുറിച്ച് ശരിയായ വിലയിരുത്തൽ നടത്തണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിയിരിക്കുന്നു.

I.R.D.Pസർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 2113 ആണ്. അതിൽ സാമ്പത്തിക സഹായം ലഭിച്ചവർ 247 കുടുംബങ്ങൾ മാത്രമാണ്. ഈ 247 കുടുംബങ്ങളും സാമ്പത്തിക സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയതായി കാണാം. പക്ഷേ, യാഥാർത്ഥ്യം എത്രയോ അകലെയാണ്.

I.R.D.P പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ

നിർവ്വചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ വരുമാന പരിധി 20,000 രൂപയെങ്കിലുമാക്കി ഉയർത്തണം. ദേശസാൽകൃതബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖയ്ക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് സഹകരണബാങ്കുകൾക്കും ഈമേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കുവാൻ ജില്ലാ-സംസ്ഥാന സഹകരണബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ജാമ്യവ്യവസ്ഥകൾ ഉദാരമാക്കി ഗുണഭോക്താക്കളെ സഹായിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. യഥാർത്ഥഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വേ നടത്തണം.

ഈ പഞ്ചായത്തിൽ ആഞ്ഞിലിമൂട്- രാജഗിരി ഭാഗത്തുള്ള മത്സ്യതൊഴിലാളികളിൽ ഭൂരിപക്ഷവും I.R.D.P സർവ്വേപ്രകാരം പ്രസിദ്ധികരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. I.R.D.P സർവ്വേ നടത്തുന്നതിൽ തന്നെ വി. ഇ. ഒ മാർ അനാസ്ഥകാണിക്കുന്നതായിട്ടാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ.

ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള ഇന്ദിരാ ആവാസ് യോജന, ചെറുകിട പരിമിത കർഷകർക്കുള്ള പദ്ധതി, ജവഹർറോസ്ഗാർയോജന, സന്നദ്ധസംഘടനകൾക്ക് സഹായം, എൽ.ഡി. സ്ക്രീം, ഡി.ആർ. സി.എ. എന്നീ പദ്ധതികളെക്കുറിച്ച് പലർക്കും അറിവില്ല എന്നതാണ് സത്യം.

## I.R.D.P സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | ആകെ കുടുംബക്കാർ | SC/ST കുടുംബക്കാർ | സാമ്പത്തിക സഹായം ലഭിച്ചകുടുംബക്കാർ | ഇതിൽ SC/ST | സഹായം വഴി ദാരിദ്ര്യ രേഖയ്ക്ക് മുകളിലായവർ |
|---|---|---|---|---|---|
| 1 | 298 | 10 | 28 | 8 | 28 |
| 2 | 173 | 17 | 20 | 10 | 20 |
| 3 | 214 | 6 | 29 | 3 | 29 |
| 4 | 147 | 41 | 25 | 23 | 25 |
| 5 | 141 | 21 | 20 | 11 | 20 |
| 6 | 193 | 24 | 25 | 9 | 25 |
| 7 | 164 | 20 | 21 | 8 | 21 |
| 8 | 179 | 61 | 21 | 16 | 21 |
| 9 | 213 | 69 | 15 | 12 | 15 |
| 10 | 211 | 74 | 16 | 12 | 16 |
| 11 | 180 | 21 | 27 | 9 | 27 |

I.R.D.P സർവ്വേ ശാസ്താംകോട്ട ബ്ലോക്ക് ഓഫീസ്, വാർഡ് വിഭജനത്തിനു മുമ്പ് (1995)

### D.W.C.R.A

ഗ്രാമീണ വനിതാ ശിശുവികസനപദ്ധതിയാണിത്. സ്ത്രീകളുടേയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A എന്നാൽ D.W.C.R.A യുടെ യൂണിറ്റുകൾ പലയിടങ്ങളിലും തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളുടേയും ഗ്രാമ വികസന ഉദ്യോഗസ്ഥൻമാരുടേയും വാർഡ് മെമ്പറൻമാരുടേയും, വാർഡ് വികസന സമിതി,

ബാങ്ക് ഉദ്യോഗസ്ഥൻമാർ എന്നിവരുടെ കൂടിയാലോചനകൾ വഴി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഇതിന്റെ യൂണിറ്റുകൾ തുടങ്ങേണ്ടത് അനിവാര്യമാണ്.

## C.R.S.P

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ സഹായം നല്കുന്ന പദ്ധതിയാണ് C.R.S.P. C.R.S.P സ്കീം അനുസരിച്ച് 1992 ന് ശേഷം അനുവദിച്ച കക്കൂസുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| വർഷം | C.R.S.P | ഇതര സ്കീമുകൾ | ഇതിൽ SC/ST | മറ്റുള്ളവർ | നിർമ്മാണം പൂർത്തിയായത് | നിർമ്മാണത്തിലുള്ളത് | ആകെ |
|---|---|---|---|---|---|---|---|
| 1993-94 | 25 | | 4 | 2 | 23 | 2 | 25 |
| 1994-95 | | 23 | 3 | 14 | 17 | 6 | 23 |
| 1995-96 | | 21 | 1 | | 12 | 9 | 21 |

(അവലംബം ശാസ്താംകോട്ട ബ്ലോക്ക് ഓഫീസ്)

I.R..DP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവർ 2113 ആണ്. അതിൽ കക്കൂസ് ലഭിച്ചവർ തുലോം വിരളമാണെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. 1996 ലെ ആരോഗ്യ സ്ഥിതി വിവര കണക്ക് പ്രകാരം ആകെയുള്ള 8029 കുടുംബങ്ങളിൽ 6116 കുടുംബങ്ങൾക്കു മാത്രമാണ് കക്കൂസ് ഉള്ളത്. 1413 കുടുംബങ്ങൾക്ക് കക്കൂസ് ഇല്ലെന്നാണ് സൂചന. ഓരോ വർഷത്തിലും ചുരുങ്ങിയ ആളുകൾക്കു മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കക്കൂസ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## TRYSM

18 മുതൽ 35 വയസുവരെയുള്ള യുവതിയുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നല്കുന്ന പദ്ധതിയാണ് TRYSM. ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

| പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|
| സ്പ്രേ പെയിന്റിംഗ് | 4 | 4 | |
| ടി.വി. റേഡിയോ മെക്കാനിസം | 4 | 4 | |
| ബുക്ക്ബൈന്റിംഗ് | 5 | 5 | |
| പ്രിന്റിംഗ് | 8 | 3 | 5 |
| ഹോംഅപ്ലയൻസ് | 2 | 1 | 1 |
| പ്ലംബിംഗ് | 4 | 4 | |
| ഹാൻഡ്‌ലൂം വീവിംഗ് | 2 | | 2 |
| ഫോട്ടോഗ്രഫി | 2 | 1 | 1 |
| കൽപ്പണി | 1 | | |
| ആട്ടോമെക്കാനിസം | 1 | 1 | |
| ഇലക്ട്രിക്ക് മെക്കാനിസം | 2 | 2 | |

( സ്ഥിതി വിവരക്കണക്ക് ശാസ്താംകോട്ട ബ്ലോക്ക് ഓഫീസ്)

1992-93 മുതൽ 95-96 വരെയുള്ള വർഷങ്ങളിൽ 35 പേർക്ക് പരിശീലനം നല്കിയിട്ടുണ്ട്. ഓരോ പ്രദേശത്തും അനുയോജ്യമായ തൊഴിൽ പരിശീലനം നല്കുവാനും, പരിശീലനം ലഭിച്ചവർക്ക് വായ്പ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കുവാനും ശ്രദ്ധിക്കണം. പരിശീലനം പൂർത്തിയായവർക്ക് സംസ്ഥാന സർക്കാർ സർട്ടിഫിക്കറ്റ് നല്കി അംഗീകരിക്കേണ്ടതാണ്. പരിശീലനം ലഭിച്ചവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും, ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപന്റ് തുക കൂട്ടുകയും വേണം.

## RAP- ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്നതിനുള്ള പരിപാടി ( ടൂൾസ്കിറ്റ്)

ടൂൾസ് കിറ്റ് ശാസ്താംകോട്ട പഞ്ചായത്തിൽ ലഭിച്ചവരുടെ പട്ടിക 92-96.

| വാർഡ് നമ്പർ | IRDP സർവ്വെപ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ച വരുടെ എണ്ണം | ഇതിൽ സഹായത്തിന് അർഹരായവരുടെ ഏണ്ണം |
|---|---|---|---|
| 1 | 10 | | 10 |
| 2 | 20 | | 20 |
| 3 | 2 | | 2 |
| 4 | 24 | | 24 |
| 5 | 2 | 2 | |
| 6 | 1 | | 1 |
| 7 | | | |
| 8 | | | |
| 9 | 3 | | 3 |
| 10 | 8 | | 8 |
| 11 | 15 | 1 | |

സ്ഥിതിവിവര കണക്ക് ശാസ്താംകോട്ട ബ്ലോക്ക് ഓഫീസ്.

കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ആ സ്കീമിനെക്കുറിച്ച് തീർത്തും അജ്ഞരാണ്. ആകെ മൂന്നു പേർക്കു മാത്രമാണ് ടൂൾസ് കിറ്റ് ലഭിച്ചിട്ടുള്ളത്. ജീവനോപാധികളായി മാറുന്ന തൊഴിലുകളിൽ അവരുടെ അറിവ് വർദ്ധിപ്പിക്കുവാനും കാര്യക്ഷമമായി തൊഴിൽ മേഖലയിൽ പണിയെടുക്കുവാനും അവർക്ക് യാതൊരുവിധമായ സഹായവും ലഭ്യമാകുന്നില്ല എന്നത് ഏറെ ദുഃഖകരമാണ്.

### *തൊഴിലില്ലായ്മാ വേതനം*

പ്രതിമാസം അൻപതുരൂപയെങ്കിലും വരുമാനമില്ലാത്ത അഭ്യസ്ഥവിദ്യരായ യുവതി യുവാക്കൾക്കാണ് തൊഴിലില്ലായ്മാ വേതനം നല്കേണ്ടത് എന്നാണ് നിയമം. എന്നാൽ നമ്മുടെ പഞ്ചായത്തിൽ അനർഹമായി തൊഴിലില്ലായ്മാവേതനം കൈപ്പറ്റുന്നവരുടെ കണക്ക് വളരെ കൂടുതലാണ് എന്നാണ് മനസ്സിലാവുന്നത്. ടി.സി., പാസ്സായ സർട്ടിഫിക്കറ്റുകൾ, തോറ്റതാണെങ്കിൽ കോഴ്സ് പൂർത്തിയായതിന്റെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയാണ് ഗുണഭോക്താക്കൾ തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നത്. എന്നാൽ പഠനം തുടരുന്നവരും ഡ്യൂപ്ലിക്കേറ്റ് ടി.സി. ഹാജരാക്കി തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുമുണ്ട്. കൂടാതെ വരുമാനം ലഭിക്കുന്ന മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും വേതനം കൈപ്പറ്റുന്നുണ്ട്.

### മറ്റ് ക്ഷേമ പദ്ധതികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് ഇപ്പോൾ നല്കി വരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം, പേഴ്സണൽ ആക്സിഡന്റ് സെക്യൂരിറ്റി സ്കീം (പാസ്സ്) മോട്ടോർ വാഹന അപകടങ്ങളിൽ പെടുന്നവർക്കുള്ള സഹായം, തീപിടുത്തംമൂലം വീട് നഷ്ടപ്പെടുന്നവർക്കുള്ള സഹായം പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്കുള്ള സഹായം, ക്ഷയരോഗികൾ, കുഷ്ഠരോഗികൾ, ക്യാൻസർ രോഗികൾ എന്നിവർക്കുള്ള പെൻഷൻ,

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം എന്നിവയാണ് ലഭ്യമാക്കുന്നത്. പല പദ്ധതികളെക്കുറിച്ചുമുള്ള അറിവില്ലായ്മ ഇടത്തരക്കാരുടെ ചൂഷണത്തിന് ഉപഭോക്താക്കൾ ഇരയാകുന്നതിന് കാരണമാകാറുണ്ട്. ഇത്തരം പദ്ധതികളെക്കുറിച്ച് സന്നദ്ധസംഘടനാ പ്രവർത്തകർക്ക് ബോധവല്ക്കരണം നടത്തി ഈ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കാവുന്നതാണ്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ല എന്നതും, അനർഹരായ കുറെ പേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമ പദ്ധതികളെ കുറിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു. നിത്യവൃത്തിക്ക് ബുദ്ധിമുട്ടുന്ന അവർക്ക് നല്കുന്ന ഈ പദ്ധതികൾ കൃത്യമായി കിട്ടുന്നില്ല എന്നത് 12 ഗ്രാമസഭകളിലും ഉയർന്നുവന്ന ആവലാതിയും പരാതിയുമാണെന്ന് ഈ റിപ്പോർട്ടിൽ എടുത്തുപറയേണ്ടിയിരിക്കുന്നു. ഇവ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## പെൻഷനുകളെ സംബന്ധിച്ച്

*1. വിധവാ പെൻഷൻ.*

പ്രായപൂർത്തിയായ ആൺമക്കളുണ്ട് എങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. എന്നാൽ ആൺമക്കൾ മാതാവിനെ സംരക്ഷിക്കാത്ത സ്ഥിതിയുമുണ്ട്. ആകയാൽ ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

*2. വികലാംഗ പെൻഷൻ*

വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും, ജില്ലാ ആശുപത്രി വരെ സർട്ടിഫിക്കറ്റ് കിട്ടാനായി എത്തപ്പെടാനുള്ള പ്രയാസവും കണക്കിലെടുത്ത് വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നല്കണം.

*3. കർഷകത്തൊഴിലാളി പെൻഷൻ*

അർഹരായവർക്ക് പെൻഷൻ ലഭിക്കുന്നില്ല. അതേ സമയം അനർഹരായവർക്ക് ലഭിക്കുന്നുണ്ട്. അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നല്കണം.

എല്ലാ പദ്ധതികൾക്കും അർഹരായവരെ കണ്ടെത്തുന്നതിനായി സമഗ്രമായ ഒരു സർവ്വേ നടത്തുകയും, ആ സർവ്വേ അനുസരിച്ച് ഭാവിയിലും ഗുണഭോക്താക്കളെ കണ്ടെത്തുകയുമാണ് വേണ്ടത്.

കാലാകാലങ്ങളിൽ വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവ് എല്ലാ വാർഡുകളിലും എത്തിക്കുന്നതിനായി 12 വാർഡുകളിലും ഓരോ ഗ്രാമവികസന കേന്ദ്രങ്ങൾ തുറക്കേണ്ടതാണ്. അവിടങ്ങളിലെത്തി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവലാതികളും പരാതികളും കേൾക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യേണ്ടതുണ്ട്. അത്തരം ഗ്രാമവികസന കേന്ദ്രങ്ങൾ വഴിയാകണം ഗ്രാമത്തിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾ ഏകീകരിക്കേണ്ടത്. ഗ്രാമ വികസന കേന്ദ്രത്തിന്റെ ആഫീസ് ഏതെങ്കിലും സന്നദ്ധസംഘടനകളുടെ ഓഫീസോ സൗകര്യപ്രദമായ വീട്ടുമുറിയോ അല്ലെങ്കിൽ പഞ്ചായത്തു മെമ്പറുടെ വസതിയോ ആകാം.

## അംഗൻവാടികൾ

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുലയൂട്ടുന്ന അമ്മമാർക്കും, 6 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കും പൂരക പോഷകാഹാരം നല്കുക എന്ന ലക്ഷ്യത്തിൽ നമ്മുടെ പഞ്ചായത്തിൽ 12 വാർഡുകളിലായി 15 അംഗൻവാടികൾ പ്രവർത്തിക്കുന്നു. എന്നാൽ അംഗൻവാടികളില്ലാത്ത വാർഡുകളും ഉണ്ട്. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ഐ.സി.ഡി.എസ്സി ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ല എന്ന് കണക്കുകൾ കാണിക്കുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പ്രതിരോധ കുത്തിവെയ്പ്, ആറു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസം എന്നിവ അംഗൻവാടികൾ വഴി നടപ്പാക്കി വരുന്നു. അബലാ മന്ദിരം, വികലാംഗ സദനം, വാർദ്ധക്യ സദനം, ജ്യൂവനയിൽ ഹോം എന്നിവ ഈ പഞ്ചായത്തിൽ ആവശ്യമാണ്. അംഗൻവാടികളിൽ വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തികകളാണ് ഉള്ളത്. രാവിലെ 9 മണിമുതൽ മൂന്നര മണിവരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പടെ നടത്തേണ്ടി

വരുന്നു. വളരെ പ്രയാസം സഹിച്ച് നാടിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുശ്ചമാണ്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു. നിലവിലുള്ള അംഗൻവാടികളിൽ പ്രാഥമിക സൗകര്യത്തിനുള്ള അഭാവം ജീവനക്കാരിലും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതും, സ്ഥലമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്താത്തതും, കളിപ്പാട്ടമില്ലാത്തതും വലിയ പ്രശ്നങ്ങളായി അവശേഷിക്കുന്നു. ഇവയ്ക്ക് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

## അംഗൻവാടികളുടെ വിവരം

| വാർഡ്നമ്പർ | ആകെ എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടമില്ലാത്ത വയുടെ നമ്പർ | കളിപ്പാട്ടമില്ലാത്ത വയുടെ നമ്പർ | സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്ത വയുടെ നമ്പർ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | SK1 | 74 | SK2 | 60 | | | SK2 | | SK2 |
| 2 | ഇല്ല | | | | | | | | | |
| 3 | 3 | SK3 | 83 | SK4 | 52 | SK5 | 43 | | SK4,5 | |
| 4 | ഇല്ല | | | | | | | | | |
| 5 | 1 | SK6 | 58 | | | | | | SK6 | |
| 6 | 1 | SK7 | 46 | | | | | SK7 | SK7 | SK7 |
| 7 | 1 | SK9 | 88 | | | | | SK9 | SK9 | SK9 |
| 8 | 1 | SK8 | 46 | | | | | | SK8 | |
| 9 | 1 | SK10 | 66 | | | | | | | |
| 10 | 2 | SK11 | 40 | SK14 | 59 | | | | SK11,14 | |
| 11 | 2 | SK13 | 39 | SK14 | 51 | | | | SK13,14 | |
| 12 | 1 | SK15 | 42 | | | | | | SK15 | |

## നിർദ്ദേശങ്ങൾ

1. ജെ.ആർ. വൈ ഫണ്ടോ, പഞ്ചായത്തു ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുക.
2. പഞ്ചായത്തു പുറംപോക്കു ഭൂമി അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നല്കുക.
3. അംഗൻവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക.
4. കുട്ടികൾക്ക് പോഷകാഹാരവിതരണത്തിന് വേണ്ടി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുക.
5. എല്ലാ അംഗൻവാടികളിലും പുകയില്ലാത്ത അടുപ്പ് സ്ഥാപിക്കുക.
6. അംഗനവാടി ജീവനക്കാർക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പു വരുത്തുക.
7. 2,4 എന്നീ വാർഡുകളിൽ സന്നദ്ധസേവന സംഘടനകൾ അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്ന

തിന് സ്ഥലമോ സൗകര്യമോ സൗജന്യമായി നല്കുക.

8. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അംഗൻവാടികൾ കേന്ദ്രീകരിച്ച് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

## ക്ഷേമനിധികളെ സംബന്ധിച്ച്

*1. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിൽ 10% ൽ അധികം പേർ കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

*2. ആഭരണ തൊഴിലാളി ക്ഷേമനിധി*

വളരെ ചുരുക്കം പേർ മാത്രമേ നമ്മുടെ പഞ്ചായത്തിൽ ആഭരണമേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളു എങ്കിലും അവരേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതുണ്ട്.

*3. കൈത്തൊഴിലാളി ക്ഷേമനിധി*

തയ്യൽ, ബാർബർ, മരപ്പണിക്കാർ കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, തേങ്ങാ വെട്ടി ഉണക്കുന്നവർ വാച്ച്, സൈക്കിൾ റിപ്പയറന്മാർ, ഫോട്ടോഗ്രാഫറന്മാർ എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്.

## പൊതു വിതരണം

*റേഷൻ ഷോപ്പ്*

പഞ്ചായത്തിലെ റേഷൻ ഷോപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുക്കണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണുവാൻ ഏർപ്പാടുണ്ടാക്കണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കുവാനും, കുറ്റമറ്റതാക്കുവാനും, ജനങ്ങളെ ബോധവല്ക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കണം.

# സംസ്കാരം

ചരിത്രപ്രാധാന്യമുള്ള പാരമ്പര്യത്തിനും പ്രാചീനതയ്ക്കും പേരുകേട്ടതാണ് ശ്രീ. ധർമ്മശാസ്താവിന്റെ കോട്ടയായ ശാസ്താംകോട്ട. പണ്ട് കായംകുളം രാജാവിന്റെ അധീനതയിൽപെട്ട പ്രദേശമായിരിന്നു ശാസ്താംകോട്ട. തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവ് കായംകുളം രാജാവിനെ തോൽപ്പിച്ച് കായംകുളം തിരുവിതാംകൂറിന്റെ ഭാഗമാക്കിയപ്പോൾ ശാസ്താംകോട്ട തിരുവിതാംകൂറിന്റെ ഭാഗമായി മാറി. രാജഭരണത്തിന്റെയും, ഫ്യൂഡൽ പ്രഭുവർഗ്ഗസർവ്വാധിപത്യത്തിന്റെയും രുചി ഓരോരോ കാലഘട്ടങ്ങളിലായി അനുഭവിച്ചറിഞ്ഞവരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗം.

കേരളത്തിന്റെ തനതു കലാ സമ്പത്തും, അനുഷ്ഠാന കലയുമായ കഥകളിയ്ക്കും കർണ്ണാടക സംഗീതത്തിനും പ്രസിദ്ധമായ പ്രദേശമാണ് ശാസ്താംകോട്ട പഞ്ചായത്തിലെ മുതുപിലാക്കാട്. കൂടാതെ ഓട്ടൻതുള്ളൽ, പടയണി, കുത്തിയോട്ടം ഏഴാമത്തുകളി, സീതകളി, ചൂട്ടേറ്, പാക്കനാരുകളി, കോൽക്കളി, തിരുവാതിര, ഒപ്പന എന്നിവയും പ്രചാരത്തിലുണ്ട്.

സദാരാമ, ഹരിശ്ചന്ദ്രചരിതം, രാമായണം തുടങ്ങിയ ഇതിഹാസ - ചരിത്ര നാടകങ്ങൾ നൂറ്റാണ്ടിനുമുമ്പേ ഇവിടെ അവതരിപ്പിച്ചിരുന്നു. കൂടാതെ വേലുത്തമ്പിദളവ, മാർത്താണ്ഡവർമ്മ തുടങ്ങിയ ചരിത്രനാടകങ്ങളും അവതരിപ്പിച്ചിട്ടുണ്ട്. ദേശസേവിനി കലാസമിതി, ഉദയാ കലാസമിതി, എന്നിവ കഴിഞ്ഞകാല അമേച്വർ കലാസമിതികൾ ആയിരുന്നു.

മുല്ലശ്ശേരിൽ മഠത്തിൽ ശ്രീ. നീലകണ്ഠര് അൻപതു വർഷങ്ങൾക്കുമുമ്പ് വലിയ പറമ്പിൽ സ്ഥാപിച്ച ശാസ്താംകോട്ട ശ്രീമുരളി ടാക്കീസാണ് കുന്നത്തൂർ താലൂക്കിലെ ആദ്യത്തെ സിനിമാശാല. ശ്രീനാരായണപുരം എന്നപേരിലറിയപ്പെട്ടിരുന്ന ഈ സ്ഥലത്തിന് പിൽക്കാലത്ത് സിനിമാപറമ്പ് എന്നപേരുണ്ടാകുവാൻ ഈ സ്ഥാപനം കാരണമായി.

ശാസ്താംകോട്ട ശ്രീധർമ്മശാസ്താക്ഷേത്രം, മുതുപിലാക്കാട് ശ്രീ. പാർത്ഥസാരഥിക്ഷേത്രം, തെക്കൻമലയാറ്റൂർ എന്ന് പ്രസിദ്ധമായ ആഞ്ഞിലിമൂട് സെന്റ് തോമസ് ദേവാലയം, പള്ളിശ്ശേരിക്കൽ മുസ്ലിംപള്ളി എന്നിവ മതമൈത്രിയെ കോർത്തിണക്കുന്നതും, പൗരാണികത്വം അവകാശപ്പെടാവുന്നതുമായ ആരാധനാലയങ്ങളാണ്.

1971-ൽ നടന്ന 2-ാംലോക സർവ്വമത മഹാസമ്മേളനത്തിന് ശസ്താംകോട്ട ആതിഥേയത്വം വഹിച്ചുവെന്നത്തിളക്കമാർന്ന ചരിത സംഭവമാണ്. സമ്മേളനത്തിന്റെ വമ്പിച്ച വിജയം ഇവിടത്തെ ജനതയുടെ മതസൗഹാർദ്ദത്തിന്റേയും സാർവ്വദേശീയമനോഭാവത്തിന്റേയും മകുടോദാഹരണമാണ്.

1958 - ലെ ഫോളിഡോൾ ദുരന്തത്തിനും, 1981 ജനുവരി 17-ലെ കായൽ ദുരന്തത്തിനും ശാസ്താംകോട്ട നിറകണ്ണുകളോടെ

സാക്ഷ്യം വഹിച്ചു.

നമ്മുടെ പഞ്ചായത്തിൽ ഗ്രന്ഥശാലാസംഘവുമായി അഫിലിയേഷൻ ഉള്ള 6 ഗ്രന്ഥശാലകളും, ഒരു പഞ്ചായത്ത് ഗ്രന്ഥശാലയും, ഒരു മതഗ്രന്ഥശാലയും പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിലെ ആദ്യകാല ഗ്രന്ഥശാലകളാണ് ഭരണിക്കാവ് ദേശസേവിനി, മുതുപിലാക്കാട് നേതാജി, ശാസ്താംകോട്ട പബ്ലിക് ലൈബ്രറി എന്നിവ. ദേശസേവിനി, നേതാജി എന്നീ ഗ്രന്ഥശാലകൾ 1947നു മുമ്പ് സ്ഥാപിതമായവയാണ്. ഈ ഗ്രന്ഥശാലകളോടനുബന്ധിച്ച് വായനശാലകളും ഉണ്ട്. പള്ളിശ്ശേരിക്കൽ രാഗം ഗ്രന്ഥശാലയും നേതാജി ഗ്രന്ഥശാലയും ജനവിദ്യാകേന്ദ്രങ്ങളാണ്. വിശ്വപ്രസിദ്ധനോവലിസ്റ്റും ജ്ഞാനപീഠ ജേതാവുമായ ശ്രീ തകഴി ശിവശങ്കരപ്പിള്ളയ്ക്ക് കൊല്ലവർഷം 1168 ചിങ്ങം ഒന്നിന് കർഷക ദിനത്തിൽ പഞ്ചായത്തു ഹാളിൽ വച്ച് പൊന്നാട അണിയിച്ച് ആദരിച്ചു.

സാംസകാരിക നവോത്ഥാനത്തിനു വീഥിയൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് ഇന്നാട്ടിലെ അമേചർ കലാസമിതികളും, വനിതാ സംഘടനകളും. നിരവധി അമേചർ കലാസമിതികൾ രൂപംകൊള്ളുകയും മൃത്യു വരിക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവയാണ് ശാസ്താംകോട്ട എസ്.എഫ്.എ.സിയും, പ്രൊഫ. ജി. ശങ്കരപ്പിള്ളയുടെ നാടകകളരിയും. നാടകകളരി അവതരിപ്പിച്ച നാടകമാണ് "ഓലപ്പാമ്പ്" ഇന്നും നിലനിൽക്കുന്ന മൂന്ന് അമേചർ കലാസമിതികളാണ് ആഞ്ഞിലിമൂട് ലിറ്റിൽവേ ആർട്ട്സ്, ശാസ്താംകോട്ട യുണൈറ്റഡ് ക്ലബ്ബ്, പള്ളിശ്ശേരിക്കൽ നടന കലാവേദി എന്നിവ.

ഇന്ന് കലാകായിക സാംസ്കാരിക രംഗത്ത് സജീവ സാന്നിദ്ധ്യം നല്കുന്ന 46 സംഘടനകൾ രംഗത്തുണ്ട്.

അൻപതിലേറെ വർഷത്തെ പഴക്കമുള്ളതും ഇപ്പോൾ ആൾ ഇൻഡ്യാ വിമൻസ് കോൺഫറൻസിന്റെ കൊല്ലം ബ്രാഞ്ചായി പ്രവർത്തിക്കുന്നതുമായ മുതുപിലാക്കാട് കേരളാ ഐക്യ മഹിളാ സമാജം ഈ പഞ്ചായത്തിലെ 6-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ക്രാഷുകളും തൊഴിലതിഷ്ഠിത കോഴസുകളും ഈ സംഘടന നടത്തുന്നുണ്ട്.

ബ്രിട്ടീഷ് സാമ്രാജ്യത്വവാഴ്ചയ്ക്കെതിരേ അദ്ധ്യാപക വൃത്തി ഉപേക്ഷിച്ച് രംഗത്തിറങ്ങിയ പരേതനായ ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ്, നിരോധനം ലംഘിച്ച് അറസ്റ്റ് വരിച്ച ലക്ഷ്മി വിലാസത്തിൽ ശ്രീ. കെ. രാമകൃഷ്ണപിള്ള, കണ്ടോലിൽ ശ്രീ. എൻ. ജി. കരുണാകരൻപിള്ള എന്നിവർ ദേശാഭിമാനികളുടെ ഗണത്തിൽപെടുന്നു.

നൂറ്റാണ്ടോളം പഴക്കമുള്ളതാണ് ശാസ്താംകോട്ട ഗവൺമെന്റ് സ്കൂൾ. കേരളത്തിലെ റസിഡൻഷ്യൽ ഹൈസ്കൂളുകളിൽ ഡോ. സി. ടി. ഈപ്പൻ സ്ഥാപിച്ച ഹൈസ്കൂളാണ് കൊല്ലംജില്ലയിലെ ആദ്യത്തെ റസിഡൻഷ്യൽഹൈസ്കൂൾ. ശ്രീ. കെ. ജെ. ഉമ്മൻ സ്ഥാപിച്ച ജോൺ മെമ്മോറിയൽ ഹൈസ്കൂളാണ് മറ്റൊന്ന്.

ശ്രീ. കുമ്പളത്തുശങ്കുപ്പിള്ളയുടെ പരിശ്രമ ഫലമായി 1964-ൽ ശാസ്താംകോട്ടയിൽ സ്ഥാപിച്ച ദേവസ്വം ബോർഡ്കോളേജ് കേരളായൂണിവേഴ്സിറ്റിയിൽ ഏറ്റവും അധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ ഒന്നാണ്.

ആധുനിക കവികളിൽ പ്രധാനിയായ ശ്രീ. ഡി. വിനയചന്ദ്രൻ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്.പ്രശസ്ത പാർലമെന്റേറിയനും, ചിന്തകനും, സാഹിത്യകാരനുമായിരുന്ന ശ്രീ. വി.പി. നായർ ശാസ്താംകോട്ടയുടെ ഭൂപ്രകൃതിയിൽ ആകൃഷ്ടനായി ഇവിടെ സ്ഥിരവാസമുറപ്പിച്ച മാന്യ വ്യക്തിയായിരുന്നു. മുൻമന്ത്രി. ശ്രീ. പി. കെ. രാഘവൻ, മുൻനിയമസഭാംഗങ്ങളായ ശ്രീ. എൻ. എസ്. കൊച്ചുകുഞ്ഞ്, ശ്രീ. എൻ. സി. സത്യപാലൻ എന്നിവർ ശാസ്താംകോട്ടയുടെ സംഭാവനയാണ്.

അവിഭക്ത കൊല്ലംജില്ലയിൽ അറിയപ്പെടുന്നതും നമ്മുടെ താലൂക്കിലെ ആദ്യത്തെ ജുഡീഷ്യൽ മജിസ്ട്രേറ്റുമായ ശ്രീ. ചന്ദ്രശേഖരപിള്ള നമ്മുടെ നാടിന്റെ അഭിമാനമായിരുന്നു. സുപ്രസിദ്ധനാടകകൃത്തും പിൽക്കാലത്തു സ്കൂൾ ഓഫ് ഡ്രാമയുടെ സ്ഥാപകനും ഡയറക്ടറുമായ പ്രൊഫ. ജി. ശങ്കരപ്പിള്ള ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജിലെ ആദ്യത്തെ മലയാളം അധ്യാപകൻ എന്ന നിലയിലും മികച്ച അദ്ധ്യാപകൻ എന്ന നിലയിലും ശിഷ്യഗണങ്ങളുടെ മനസ്സിൽ പ്രോജ്വലിച്ച് നിൽക്കുന്നു. പ്രസ്തുത കോളേജിലെ ആദ്യത്തെ പ്രിൻസിപ്പലായിരുന്ന ശ്രീ. എൻ.സി. ഉണ്ണിത്താനാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ B.A. Hons ബിരുദധാരി. മുതുപിലാക്കാട് കുഴി

വിളയിൽ ശ്രീ. കെ. നാരായണ പിള്ളയാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ അഭിഭാഷകൻ മലയാളനാടകത്തിന്റെ രചനയ്ക്കും സംവിധാനത്തിനും പുതിയ മാനങ്ങൾ നൽകിയ ശ്രീ. ശാസ്താംകോട്ട ബാലചന്ദ്രൻ ഇന്ന് നാടകനിരയിൽ നിന്ന് സിനിമാ രംഗത്തേക്ക് കടന്നൊരു യുവപ്രതിഭയാണ്. 1990-ലെ സംസ്ഥാനാടിസ്ഥാനത്തിലുള്ള പഞ്ചായത്തു യുവജനമേളയിൽ ഏറ്റവും നല്ല നാടക നടനായ ഇഗ്നേഷ്യസ് ലയോള നമുക്കൊരു വാഗ്ദാനമാണ്. കൂടാതെ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് നേടിയ ശ്രീ. കെ. എം. ബാലകൃഷ്ണപിള്ള നവോത്ഥാന പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലനായി ഇന്നും പങ്കെടുക്കുന്നു. 'മാതൃസമിതി സ്കൂളുകൾക്കൊരു പങ്കാളി' എന്ന പഠനത്തിന് NCERT യുടെ ദേശീയ അവാർഡുനേടിയ ശ്രീ. എൻ. സുരേഷ്കുമർ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതോടൊപ്പം നാടിന്റെ വികസനത്തിന്റെ പുതിയ വഴികൾ തുറക്കാൻ ബദ്ധശ്രദ്ധനായി ആസൂത്രണ പ്രസ്ഥാനവുമായി സഹകരിക്കുന്നു. ഐ. ഐ. റ്റിയിൽ ഉയർന്ന മാർക്കോടെ ഫിസിക്സിൽ ഉപരി പഠത്തിന് അഡ്മിഷൻ ലഭിച്ച മുതുപിലാക്കാട് അനിൽ നിവാസിൽ അനിൽകുമാറും ബി. എ. ഇക്കണോമിക്സിൽ ഫസ്റ്റ്റാങ്കും ഐ.ഐ.എം ൽ എം.ബി.എ യ്ക്ക് ഉയർന്ന മാർക്കും നേടി ഉന്നത പദവി അലങ്കരിക്കുന്ന ശാസ്താംകോട്ടയിലെ കിഷോറും നമ്മുടെ അഭിമാനഭാജങ്ങളാണ്. 1995-96 ലെ S.S.L.C. പരീക്ഷയിൽ 12-ാം റാങ്കും ജില്ലയിലെ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ പ്രശാന്തും ഈ പഞ്ചായത്തിലെ സ്കൂളിൽ പഠിച്ച് താലൂക്കിലെ ഏറ്റവും കൂടുതൽ മാർക്കു നേടിയ സംഗീതയും നമ്മുടെ പഞ്ചായത്തിന്റെ പ്രതീക്ഷകളാണ്. പ്രശസ്തസംഗീതജ്ഞനായ മുതുപിലാക്കാട് കിഴക്ക് ഈഴവരഴികത്ത് വീട്ടിൽ ശ്രീ. പാർത്ഥസാരഥീപുരം വിശ്വനാഥൻ ഈ പഞ്ചായത്തിന്റെ അഭിമാനംകൂടിയാണ്. കേരളസർവ്വകലാശാലയിൽ നന്നും ഒന്നാംറാങ്കോടെ കൊമേഴ്സിൽ മാസ്റ്റർ ബിരുധം നേടി, ദീർഘകാലം ഡി. ബി. കോളേജിൽ കൊമേഴ്സ് വിഭാഗം മേധാവിയായി സേവനമനുഷ്ഠിച്ച പ്രൊഫ. ഗംഗപ്രസാദ് ഇന്നും പൊതുരംഗത്ത് നിറഞ്ഞ് നിൽക്കുന്ന ജനസേവകനാണ്. ശാസ്താംകോട്ട കോളേജിലെ അദ്ധ്യാപിക പ്രൊഫ. എം. ഡി. രത്നമ്മ നോവൽ, ചെറുകഥാകൃത്ത് എന്നീ നിലയിൽ മലയാള സാഹിത്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്. എൽ. എൽ. എം. പരീക്ഷയിൽ സംസ്ഥാന റാങ്ക് ജേതാവായ മുതുപിലാക്കാട് പടിഞ്ഞാറ് പടുവത്തിൽ വീട്ടിൽ ഡി. രാജീവ് നമ്മുടെ നാടിന്റെ പ്രശസ്തി ഉയർത്തുന്നു. 1990 ലെ യുവജന മേള ഉത്ഘാടനം ചെയ്തത് ഒളിമ്പ്യൻ ശ്രീ. സുരേഷ്ബാബു ആയിരുന്നു.

കായികരംഗത്ത് മികച്ച സംഭാവനകൾ നല്കുവാൻ ശാസ്താംകോട്ട പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ പേരുകേട്ട പലഫുട്ബാൾ ടീമുകളേയും പരാജയപ്പെടുത്തിയിട്ടുള്ള ശാസ്താംകോട്ട പീപ്പിൾസ് സ്പോർട്സ് ക്ലബ്ബ്, മുതുപിലാക്കട് യംഗ് ചലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബ്, പനപ്പെട്ടി യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് എന്നിവ കായികരംഗത്ത് മികച്ച സംഭവനകൾ നൽകിയ സംഘടനകളാണ്.

കരിന്തോട്ടുവാ കേന്ദ്രമാക്കി നടക്കുന്ന രാജേന്ദ്ര മെമ്മോറിയൽ ഫുട്ബാൾ ടൂർണ്ണമെന്റ്, മുതുപിലാക്കാട് കേന്ദ്രമാക്കി നടക്കുന്ന കെ. എസ്സ്. നസീം മെമ്മോറിയൽ ഷട്ടിൽ ടൂർണ്ണമെന്റ്, സിനിമാപറമ്പ് കേന്ദ്രമാക്കി നടക്കുന്ന പൂജാ ഷട്ടിൽ ടൂർണ്ണമെന്റ്, പള്ളിശ്ശേരിക്കൽ രാഗം സ്പോർട്ട്സ് ക്ലബ് സംഘടിപ്പിക്കുന്ന മാരത്തോൺ ഓട്ട മത്സരം, കണ്ണമ്പള്ളിക്കാവ് കേന്ദ്രമാക്കി നടക്കുന്ന അഖിലകേരളാ വടംവലി മത്സരം എന്നിവ ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുള്ള കായികമത്സരങ്ങളാണ്.

സ്കൂൾ തലത്തിൽ ഫലപ്രദമായി വേണ്ടത്ര കായിക പരിശീലനം നൽകാത്തതിനാൽ കായിക പ്രതിഭകളെ കൂടുതലായി കണ്ടെത്തുവാൻ കഴിയുന്നില്ല. സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുവാൻ ഈ രംഗത്തു പ്രവർത്തിക്കുന്ന സംഘടനകളും സർക്കാരും കൂടുതൽ താല്പര്യം കാണിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

ഇന്ന് സാംസ്കാരിക രംഗം നേരിടുന്ന പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1. 1,5,10,11 എന്നീ വാർഡുകളിൽ ഗ്രന്ഥശാലകളും വായനശാലകളും ഇല്ല.

2. 12-ാം വാർഡിലെ ഗ്രന്ഥശാലയ്ക്ക് സ്വന്തമായി കെട്ടിടമില്ല.

3. 1,2,3,4,5,6,7,8,10,11,12 എന്നീ

വാർഡുകളിൽ വേണ്ടത്ര പൊതുറേഡിയോ, ടെലിവിഷൻ കേന്ദ്രങ്ങളോ ഇല്ല.

4. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകളിൽ പലതിനും സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി കെട്ടിടമുള്ളവയിൽപലതും നിർജ്ജീവാവസ്ഥയിലാണ്.

5. സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായ തുടർവിദ്യാഭ്യാസപരിപാടിയുടെ പ്രവർത്തനം മന്ദഗതിയിലാണ്.

6. പ്രശസ്തമായ പല ഫുട്ബോൾ ടീമുകൾ ഉണ്ടായിരുന്ന പഞ്ചായത്തിൽ ഇന്ന് അവ നാമാവശേഷമാണ്.

7. കലാ-സാഹിത്യാഭിരുചിയുള്ള ദരിദ്രവിദ്യാർത്ഥികളുടെ മുമ്പിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം അടഞ്ഞു കിടക്കുന്നു. സർഗ്ഗാത്മക പ്രതിഭകൾക്ക് വേണ്ടവിധം പ്രോത്സാഹനം ലഭിക്കുന്നില്ല.

8. എല്ലാ ഹൈസ്കൂളുകളിലും, യു.പി. സ്കൂളുകളിലും മിക്ക എൽ.പി. സ്കൂളുകളിലും ഗ്രന്ഥശേഖരങ്ങൾ ഉണ്ടെങ്കിലും അവ വേണ്ട വിധത്തിൽ ഉപയോഗിക്കുന്നില്ല.

9. പഞ്ചായത്താസ്ഥാനത്തൊഴികെ മറ്റ് വാർഡുകളിലൊന്നും സാംസ്കാരിക നിലയങ്ങളില്ല.

10. പടിഞ്ഞാറൻ മേഖല, കിഴക്കൻമേഖല എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പുതിയ സ്റ്റേഡിയം നിർമ്മിക്കണം. 7-ാം വാർഡിലെ പഞ്ചായത്തുവക കളിസ്ഥലം വികസിപ്പിക്കണം.

11. ഗ്രന്ഥശാലകൾക്കും, കലാസമിതികൾക്കും അനുവദിക്കുന്ന ഗ്രാന്റുതുക വളരെ അപര്യാപ്തമാണ്.

## സാദ്ധ്യതകളും പരിഹാരങ്ങളും.

1. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കണം.

2. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ ഗ്രന്ഥശാലകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കണം.

3. വാർഡുകളിൽ പ്രവർത്തിക്കുന്ന അഫിലേഷൻ ഇല്ലാത്ത ഗ്രന്ഥശാലകൾ പ്രവർത്തനം മെച്ചപ്പെടുത്തി അഫിലേഷ ൻ നേടേണ്ടതാണ്.

4. എല്ലാ ഗ്രന്ഥശാലകൾക്കും കുറഞ്ഞത് മൂന്ന് ദിനപ്പത്രങ്ങളും ആനുകാലികങ്ങളും അനുവദിക്കണം. എല്ലാവായനശാലകളിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിവര ഗ്രഹണകേന്ദ്രം ആരംഭിക്കണം.

5. സ്ത്രീകളുടെ വായനാശീലം മെച്ചപ്പെടുത്തുന്നതിന് മൊബൈൽ ലൈബ്രറികൾ രൂപീകരിച്ച് പുസ്തകം വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

6. കാര്യക്ഷമമായി പ്രവർത്തിക്കുന്നതും സ്വന്തമായി കെട്ടിടമില്ലാത്തതുമായ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും കലാ, കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ എത്തിക്കുകയും വേണം.

7. നാടൻകലകൾ പ്രോത്സാഹിപ്പിക്കുന്നതിന് സമിതികൾ രൂപവല്കരിക്കുക.

8. ഗ്രന്ഥശാലയോട് ചേർന്ന് വനിതാ കോർണർ സ്ഥാപിക്കുക.

9. പ്രാചീനകലകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി രൂപീകരിക്കുക.

10. അമേച്വർ നാടകവേദികൾ രൂപീകരിക്കാനും പ്രോത്സാഹിപ്പിക്കാനും പദ്ധതികൾ നടപ്പാക്കുക.

11. ഐതിഹ്യം, ഗ്രാമചരിത്രം, നാടൻപാട്ടുകൾ ഇവ ശേഖരിക്കാനും രേഖപ്പെടുത്താനും പ്രായമുള്ളവരിൽ നിന്നും ടേപ്പ് ചെയ്ത് സൂക്ഷിക്കുന്നതിന് ഗ്രന്ഥശാല, ക്ലബ്ബുകൾ, സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ സംരംഭങ്ങൾ ഉണ്ടാക്കുക.

12. നാനാജാതി മതവിഭാഗങ്ങൾക്കും ഒന്നിച്ചുവരുവാനും സാംസ്കാരിക സമന്വയം ഉണ്ടാവുന്നതിനും പൊതു ആഘോഷങ്ങൾ സംഘടിപ്പിക്കുക.

13. സാംസ്കാരിക പൈതൃകം, സംരക്ഷണം ഇവയ്ക്കായി ബോധവല്ക്കരണം.

14. തുടർവിദ്യാഭ്യാസ പരിപാടി ഊർജ്ജിതപ്പെടുത്തി ജനവിദ്യാ കേന്ദ്രങ്ങൾ സജീവമാക്കണം.

15. പഞ്ചായത്തിന്റെ പടിഞ്ഞാറൻ കിഴക്കൻ മേഖലയ്ക്കായൊരു പൊതുകളിസ്ഥലവും സൗകര്യമായ സ്ഥാനങ്ങളിൽ ഉണ്ടാക്കണം. കൂടാതെ നിലവിലുള്ള പഞ്ചായത്തുവക പൊതുകളിസ്ഥലം കൂടുതൽ വിസ്തൃതമാക്കി ഒരു ഫുട്ബോൾ ടൂർണ്ണമെന്റ് നടത്താവുന്ന സ്റ്റേഡിയമാക്കുകയും ചെയ്താൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കായിക വിനോദങ്ങൾക്ക് പുനഃർജീവൻ നല്കാൻ കഴിയും.

16. വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കൂടാതെ പാഠ്യേതര പ്രവർത്തനങ്ങൾ സജീവമാക്കുകയും വേണം.

17. പൊതുറേഡിയോ, ടെലിവിഷൻ കേന്ദ്രങ്ങൾ ഇവ ഇല്ലാത്തവാർഡുകളിൽ അവ സ്ഥാപിക്കണം. ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും അനുവദിക്കുന്ന ഗ്രാന്റ്



INSTITUTE OF ... ADMINISTRATION
4204

തുക വർദ്ധിപ്പിക്കണം.

18. ശാസ്താംകോട്ട പഞ്ചായത്തിലെ 12 വാർഡുകളിലായി 9 ഗ്രന്ഥശാലകളും 46 ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളും 2 മഹിളാ സമാജങ്ങളും ഒരു പൗരസമിതിയും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പലതും ഓണാഘോഷപരിപാടികൾ നടത്തുന്നതിനുവേണ്ടി മാത്രമുള്ളയാണ്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇവയുടെ പ്രതിനിധികളെ ഉർപ്പെടുത്തി പഞ്ചയത്തുതലത്തിൽ സെന്റർ ഫോർ ആർട്ട്സ് ആന്റ് കൾച്ചറൽ അസോസിയേഷൻ എന്ന സംഘടന രൂപീകരിച്ച് ഈ സംഘടനയിൽ ക്ലബ്ബുകളെ അഫിലിയേറ്റ് ചെയ്യേണ്ടതാണ്.

19. കായിക പ്രാധാന്യമുള്ള വിഷയങ്ങൾക്കും തനതു കലകൾക്കും നാടൻകലാ രൂപങ്ങൾക്കും പ്രാധാന്യം നല്കിക്കൊണ്ട് ടെലിവിഷൻ സംപ്രേക്ഷണ സംവിധാനത്തിൽ പുനഃക്രമീകരണം നടത്തണം.

20. സ്ഥിരമായി പത്രമാസികകൾ വരുത്തുന്നതിനും പുസ്തകശേഖരം വർദ്ധിപ്പിക്കുന്നതിനും ആവശ്യത്തിനുംവേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി പഞ്ചായത്ത് തുക അനുവദിക്കണം.

ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളായ സിനിമയും, ടെലിവിഷനും പലപ്പോഴും നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന്റെ മൂല്യത്തകർച്ചയ്ക്ക് കാരണമായിതീരുന്നു. അക്രമവും കുറ്റകൃത്യങ്ങളും പെരുകുവാൻ കാരണം ഈ മാധ്യമങ്ങളുടെ ദുരുപയോഗമാണ്. ഒരു പുതിയ ഉപഭോഗസംസ്കാരം തന്നെ ഇവ രൂപപ്പെടുത്തിയിരിക്കുന്നു. ആഹാരം, വസ്ത്രം, പാർപ്പിടം, തൊഴിൽ, കല, സംസ്കാരം, ജീവിതരീതി, സാമൂഹ്യവീക്ഷണം എന്നീ രംഗങ്ങളിലെല്ലാം ഇവ സ്വാധീനം ചെലുത്തുന്നു. നമ്മുടെ തനതു സംസ്കാരത്തെ ഇവയുടെ കടന്നാക്രമണത്തിൽ നിന്നും സംരക്ഷിക്കണം.

# കാലാസാംസ്കാരിക സംഘടനകൾ (നിലവിലുള്ളവ)

| പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടത്തിന്റെ വിവരം | ധനസഹായ വിവരം | ഏതു സങ്കടനയോട് അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘുവിവരം |
|---|---|---|---|---|---|---|
| അൻജുമുൽ ഹൂദാ യുവജന സാംസ്കാരിക സംഘടന പള്ളിശ്ശേരിക്കൽ | 1988 | 31 | സ്വന്തം | ഇല്ല | ഇല്ല | സാംസ്കാരിക പ്രവർത്തനങ്ങൾ, പൊതുജനക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവ |
| ഉമറുൽ ഫാറൂഖ് സാധു സംരക്ഷണ സമിതി പള്ളിശ്ശേരിക്കൽ | 1995 | 25 | ഇല്ല | ഇല്ല | ഇല്ല | സാംസ്കാരിക പ്രവർത്തനങ്ങൾ, നിർദ്ദനജന വിഭാഗങ്ങളെ സഹാക്കുക കുടങ്ങിയവ |
| നൂറുൽ ഇസ്ലാം യുവജന സാംസ്കാരുക സമിതി പള്ളിശ്ശേരിക്കൽ | 1995 | 51 | സ്വന്തം | ഇല്ല | ഇല്ല | സാംസ്കാരിക പ്രവർത്തനങ്ങൾ, മതപിമായ ബോധവൽക്കരണം തുടങ്ങിയവ |
| യുവധാര ആർസ്ട്ട് & സ്പോർട്ട് ക്ലബ് പള്ളിശ്ശേരിക്കൽ | 1991 | 56 | വാടക കെട്ടിടം | പഞ്ചായത്തു ഗ്രാന്റ് | ഇല്ല | സാംസ്കാരിക പ്രവർത്തനങ്ങൾ കലാ കായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, ഗ്രാമോദ്ധാരണം തുടങ്ങിയവ |
| വിവേകാനന്ദാചാരിറ്റബിൾ സൊസൈറ്റി പള്ളിശ്ശേരിക്കൽ | 1995 | 25 | ഇല്ല | ഇല്ല | ഇല്ല | സാംസ്കാരിക പ്രവർത്തനങ്ങൾ |
| രാഗം ആർട്സ് & ല്ലോൾട്സ് ക്ലബ്ന്ദ്ര പള്ളിശ്ശേരിക്കൽ | 1982 | 150 | സ്വന്തം | പഞ്ചായത്തു ഗ്രാന്റ് | നെഹ്റുയുവകേന്ദ്ര ഇന്റർ നാഷണൽ സെന്റർ ഓഫ് ഡെവലപ്മെന്റ് എന്നിവയുമായി അഫിലിയേഷൻ | ജനവിദ്യാകേന്ദ്രം, ഇൻഫർമേഷൻ സെന്റർ, എംപ്ലോയ്മെന്റ് ബ്യൂറോ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| ബ്രദേഴ്സ് ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്(PBC) പള്ളിശ്ശേരിക്കൽ | 1987 | 55 | ഇല്ല | പഞ്ചായത്തു ഗ്രാന്റ് | ഇല്ല | സാക്ഷരതാ പ്രവർത്തനം, പൊതു വിജ്ഞാനക്ലാസ്സുകൾ, ശുചീകരണ പ്രവർത്തനങ്ങൾ, കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| കനിഷ്ക ആർട്ട്സ് & സ്പോർട്ട്സ് ക്ലബ് | 1994 | 30 | ഇല്ല | ഇല്ല | ഇല്ല | കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| പള്ളിശ്ശേരിക്കൽ സൂര്യ ആർട്സ് & സ്പോർട്സ് ക്ലബ്, ചിറയിൽ ഭാഗം, ആഞ്ഞിലിമൂട് | 1994 | 25 | ഇല്ല | ഇല്ല | ഇല്ല | കലാ സാംസ്കാരിക പ്രവർത്തനങ്ങൾ |
| ലിറ്റിൽവേ ആർട്സ് & സ്പോർട്സ് ക്ലബ് ആൽത്തറവിള ഭാഗം | 1986 | 150 | ഇല്ല | ഇല്ല | പഞ്ചായത്തു ഗ്രാന്റ് | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ, അമേച്വർ നാടക ഗ്രൂപ്പ് |
| ആൽബം സാംസ്കാരിക വേദി, ആഞ്ഞിലിമൂട് | 1990 | 50 | ഇല്ല | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| സങ്കീർത്തനം കലാ സാംസ്കാരിക വേദി ആൽത്തറ വിള ഭാഗം | 1996 | 50 | ഇല്ല | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| മാതൃഭൂമി ആർട്സ് & സ്പോർട്സ് ക്ലബ്, വള്ളോന്നിര കോളനി, മനക്കര | 1995 | 35 | വാടക കെട്ടിടം | പഞ്ചായത്തു ഗ്രാന്റ് | ഇല്ല | കലാപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ, സ്പോർട്സിന് പ്രോത്സാഹനം നൽകുക എന്നിവ |
| യുണൈറ്റഡ് ക്ലബ് മനക്കര, ശാസ്താംകോട്ട | | | വാടക കെട്ടിടം | പഞ്ചായത്തു ഗ്രാന്റ് സംഗീത നാടക അക്കാഡമി ഗ്രാന്റ് | സംഗീത നാടക അക്കാഡമി, സൊസൈറ്റി ഫോർ ചൈൽഡ് വെൽ ഫെയർഎന്നിവ | കലാ കായിക സാംസ്കാരിക രംഗത്തും, സാമൂഹിക ആതുര സേവന രംഗത്തും പ്രവർത്തിക്കക്കുന്നു |
| യുവരശ്മി ആർട്സ് & സ്പോർട്സ് ക്ലബ് | 1992 | 105 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | കലാ കായിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| കൈരളി ആർട്സ് & സ്പോർട്സ് ക്ലബ് ഭരണിക്കാവ് | 1988 | 110 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ | ഇല്ല | സ്പോർട്സ് പ്രോത്സാഹനം, സാംസ്കാരിക പ്രവർത്തനം |
| ലയനം ആർട്സ & സ്പോർട്സ ക്ലബ് മനക്കര ശാസ്താംകോട്ട | 1989 | 50 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല ഇല്ല | കലാ സാഹിത്യം, സ്പോർട്സ് തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നു, സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു |
| മോഡേൺ ആർട്സ് & സ്പോർട്സ് ക്ലബ്, ശാന്താലയത്തു ജംഗ്ഷൻ, ഭരണിക്കാവ് | 1984 | 100 | ഇല്ല | | ഇല്ല | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| യുവശക്തി ആർട്സ് & | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സ്പോർട്. ക്ലബ് പനപ്പെട്ടി | 1980 | 500 | സ്വന്തം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | സാക്ഷരതാ പ്രവർത്തനം, കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| പരാശക്തി ആർട്സ് & സ്പോർട്സ് ക്ലബ് സിനിമാപറമ്പ് | 1991 | 102 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | കലാ കായിക സാംസ്കാരിക സന്നദ്ധ പ്രവർത്തനങ്ങൾ |
| നേതാജി ആർട്സ് & സ്പോർട്സ് ക്ലബ് സിനിമാ പറമ്പ് | 1983 | 50 | ഇല്ല | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ, അഖില കേരളാ ഷട്ടിൽ ടൂർണമെന്റ് |
| അശ്വതി ആർട്സ് & സ്പോർട്സ് ക്ലബ് മുതുപിലാക്കാട് പടിഞ്ഞാറ് | 1982 | 68 | സ്വന്തം | പഞ്ചായത്ത് ഗ്രാന്റ് | നെഹ്റുയുവ കേന്ദ്രയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു | സാ7രതാ പ്രവർത്തനം, കല, സാഹിത്യം, സ്പോർട്സ് എന്നിവയിൽ താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കുക, മറ്റ് സന്നദ്ധ പ്രവർത്തനങ്ങൾ |
| ദളിത്കലാ സാംസ്കാരിക വേദി, മുതിപിലാക്കാട് പടിഞ്ഞാറ് | 1984 | 150 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | നെഹ്റുയുവ കേന്ദ്രയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു | സാക്ഷരതാ പ്രവർത്തനം നാടൻ കലകളുടെ പ്രോത്സാഹനം തുടങ്ങിയവ |
| ദർശന ആർട്സ് & സ്പോർട്സ് ക്ലബ് മുതുപിലാക്കാട് പടിഞ്ഞാറ് | 1994 | 50 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | കലാ സാംസ്കാരിക പ്രവർത്തനങ്ങൾ, സന്നദ്ധസേവനങ്ങൾ തുടങ്ങിയവ |
| യുവകല ആർട്സ് & സ്പോർട്സ് ക്ലബ് മുതുപിലാക്കാട് പടിഞ്ഞാറ് | 1988 | 91 | ഇല്ല | ഇല്ല | ഇല്ല | കലാ സാമൂബിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| പൗര,മിതി ആർട്സ് & സ്പോർട്സ് ക്ലബ് മുതുപിലാക്കാട് പടി. | 1990 | 100 | വാടകറി .കെട്ടിടം | ഇല്ല | | കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളും, സാക്ഷരതാ പ്രവർത്തനവും |
| യൂണിക് ആർട്സ & സ്പോർട്സ് ക്ലബ് മഞ്ഞിപ്പുഴ ജംഗ്ഷൻ മുതുപിലാക്കാട് കിഴക്ക് | 1988 | 50 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | കലാസാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| കോറസ് കലാ കായിക വേദി, പഴയ ബസ്സ്റ്റാന്റ് പെരിവേലിക്കര | 1988 | 150 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| യുവേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ് പഴയ ബസ് സ്റ്റാന്റ് പെരുവേലിക്കര | 1987 | 100 | സ്വന്തം | ഇല്ല | ഇല്ല | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| പ്രതിഭ ആർട്സ് & സ്പോർട്സ് ക്ലബ് പൗണ്ട് ജംഗ്ഷൻ, പെരുവേലിക്കര | 1984 | 210 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾ |
| നെടുന്തറ വേലുപ്പിള്ള സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്, പെരുവേലിക്കര | 1985 | 67 | സ്വന്തം | പഞ്ചായത്ത് ഗ്രാന്റ് | ഇല്ല | കലാ പരവും, സാംസ്കാരികവുമായ പ്രവർത്തനങ്ങൾ നൽകുക, സ്പോർട്സിനെ പ്രോത്സാഹിപ്പിക്കുക |
| വികാസ് വാളന്ററി വാഹിനി ക്ലബ് പെരുവേലിക്കര | 1985 | 32 | സ്വന്തം | കപ്പാർട്ട് ധനസഹായം | കപ്പാർട്ടുമായി | പച്ചക്കറി തുടങ്ങിയ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. |
| അക്ഷര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മുതുപിലാക്കാട് | 1988 | 87 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രന്റ് | ഇല്ല | കലാ സാംസ്കാരിക പ്രവർത്തനങ്ങൾ |
| തംഗീത ആർട്സ് & സ്പോർട്സ് ക്ലബ് മുതിപിലാക്കാട് കിഴക്ക് | 1992 | 25 | വാടക കെട്ടിടം | പഞ്ചായത്ത് ഗ്രാന്റ് | നെഹ്റുയുവ കേന്ദ്രയുമായി | കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾ |

"കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകളാൽ നിർവ്വഹിക്കപ്പെടുന്നതല്ല ശരിയായ ജനായത്തം, അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെ നിന്ന് നിർവ്വഹിക്കപ്പെടണം"

ഗാന്ധിജി. യംഗ് ഇൻഡ്യ- 18-1-1948



# വനിത

ഗ്രാമത്തിലെ ജനസംഖ്യയിൽ പകുതിയൽ കൂടുതൽസ്ത്രീകളാണ്. എകദേശം 10 ശതമാനം കുടുംബങ്ങൾ സ്ത്രീകളുടെ ചുമതലയിലാണ്. വിദ്യാഭ്യാസ യോഗ്യതയുള്ള സ്ത്രീകളുടെ എണ്ണംപുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം പുരുഷന്മാരേക്കാൾ കൂടുതലാണ്. സ്ത്രീകളുടെ നേതൃത്വത്തിലുള്ള സംഘടന വനിതാ സമാജം മാത്രമാണ്.

കശുവണ്ടി വ്യവസായം, അദ്ധ്യാപകർ, വസ്ത്ര നിർമ്മാണം എന്നീ മേഖലകളിൽ മാത്രമാണ് സ്ത്രീകൾ മുൻതൂക്കമുള്ളത്. പെൺകുട്ടികൾക്കു മാത്രമായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. വനിതകളുടെ പ്രധാന തൊഴിൽ മേഖല കശുവണ്ടി വ്യവസായം, നിർമ്മാണ രംഗം, കൃഷി എന്നിവയാണ്.

കൂലിനിരക്കിൽ സ്ത്രീ പുരുഷ അന്തരം കൂടുതലുള്ളത് നിർമ്മാണ മേഖലയിലും കാർഷിക വൃത്തിയിലുമാണ്. കശുവണ്ടി വ്യവസായത്തിലാണ് സ്ത്രീ തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നത്.

ബഹുജന സംഘടനകളിലും പൊതു പ്രവർത്തനത്തിന്റെ വിവധമേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും വളരെ കുറവാണ്. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ വാർഡിൽ ഇല്ല. സാധ്യതകൾ വിനിയോഗിക്കാൻ ശ്രമിച്ചിട്ടില്ല. ചാരിറ്റബിൾ ആക്ട് അനുസരിച്ച് ഒരു മഹിളാസമാജം അംഗൻവാടിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാര്യമായ പ്രവർത്തനമില്ല.

പുരുഷന്മാരുടെ അനിയന്ത്രിത മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന നിരവധി സ്ത്രീകളും കുട്ടുകളുമുണ്ട്. ചാരായ നിരോധനം കർശനമയി നടപ്പാക്കണം. മധ്യവർജ്ജ ബോധവൽക്കരണം ഊർജ്ജിതപ്പെടുത്തണം. മദ്യപാനം ഉപേക്ഷിച്ച് സാധാരണ ജീവിതത്തിലേക്ക് മടങ്ങി വരുന്നവരെ കൗൺസിലിംഗും മറ്റ് ആധുനിക ചികിത്സയും നല്കി മാറിയപരിതസ്ഥിതിയിൽ ജീവിക്കാൻ പ്രാപ്തരാക്കണം. മദ്യ-ലഹരി വിരുദ്ധ ക്ഷേമസമിതി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപവൽകരുക്കുക. സമൂഹത്തിന് മാതൃക കാണിക്കേണ്ട ഉന്നതരായ നേതാക്കൾ പോലും അവരുടെ സ്വാധീനവും പ്രതാപവും വിളിച്ചറയിക്കാനുള്ള വേദിയാക്കി മാറ്റുകയാണ് വിവാഹച്ചടങ്ങുകൾ.

സ്ത്രീകളിൽ നേതൃത്വഗുണം വളർത്താൻ വനിതാ ശില്പശാലകൾ സംഘടിപ്പിക്കണം. പദ്ധതിവിഹിതത്തിന്റെ ഒരു നിശ്ചിത ശതമാനം വനിതാക്ഷേമത്തിനായി വിനിയോഗിക്കണം.

കശുവണ്ടി മേഖലയിലൊഴികെ മറ്റ് തൊഴിൽ മേഖലയിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നിലനിൽക്കുന്നു. സ്ത്രീയെ എല്ലാനിലയിലും ശക്തിപ്പെടുത്താതെ അവൾക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യ പ്രതിശക്തികളെ തടുക്കാനാകില്ല. നാമമാത്രമായ രീതിയിൽ മാത്രമേ വനിതാ വ്യവസായ സംരംഭങ്ങളും പ്രവർത്തിക്കുന്നുള്ളു. ചെറുകിടവ്യവസായങ്ങൾ സ്വയംതൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീകളെ

കേന്ദ്രീകരിക്കാനുള്ള തീവ്രയത്നം അടിയന്തിരാവശ്യമാണ്.

തൊഴിൽ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ വിവരം

1991 ലെ സെൻസസ് പ്രകാരം

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കശുവണ്ടിമേഖല | 2400 | 100 |
| കർഷകർ | 30 | 1641 |
| മൃഗസംരക്ഷണം, മത്സ്യബന്ധനം | 28 | 271 |
| ചെറുകിട വ്യവസായം | 393 | 455 |
| നിർമ്മാണ പ്രവർത്തനങ്ങൾ | 3 | 202 |
| ഗതാഗതം, വാർത്താവിനിമയം | 11 | 238 |
| വ്യാപാരം | 126 | 920 |
| കുടിൽവ്യവസായം | 22 | 37 |
| മണൽവാരൽ | - | 20 |
| മറ്റുള്ളവ | 940 | 1547 |

മഹിളാ ബഹുജനപ്രസ്ഥാനങ്ങൾ സജീവമായിത്തന്നെ രംഗത്തുണ്ട്. അടുത്തകാലത്തായി പൊതുരംഗത്തും സന്നദ്ധപ്രവർത്തന മേഖലകളിലും സവിശേഷമായ പങ്ക് വഹിച്ച ചില ഉദാത്ത മാതൃകകൾ ഉയർത്തി കാട്ടേതുണ്ട്. പഞ്ചായത്തിൽ നടത്തിയ വിഭവഭൂപട സർവ്വേ, മൃഗസംരക്ഷണവകുപ്പിന്റെ എന്യൂമറേഷൻ, നിരക്ഷരരുടെ സർവ്വേ, ദ്വിദീയ വിവര ശേഖരണം, വിദ്യാഭ്യാസ സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ ഉയർന്നതാണ്.

D.W.C.R.A യൂണിറ്റുകൾ ഒന്നുംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി റിപ്പോർട്ടില്ല. ഗ്രാമപഞ്ചായത്തിലെ 400 ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ (ഗ്രാമസഭറിപ്പോർട്ട്).

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പൊതുവെ കുറവാണ്. 1990 ലെ നിരക്ഷരരുടെ സർവ്വേ പ്രകാരം പഞ്ചായത്തിൽ ആകെ 3726 നിരക്ഷരരും അതിൽ 2331 പേർ സ്ത്രീകളുമാണ്. ഈ രംഗത്ത് വമ്പിച്ച മുന്നേറ്റം നമുക്ക് നടത്തുവാൻ കഴിഞ്ഞതിന്റെ ഫലമായി 90% സാക്ഷരതനേടാൻ കഴിഞ്ഞു. എങ്കിലും കശുവണ്ടി മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളിൽ നിരക്ഷരത നിലനിൽക്കുന്നതായാണ് മനസ്സിലാവുന്നത്. സാക്ഷരത തുടർവിദ്യാഭ്യാസ രംഗത്ത് വന്ന വീഴ്ചയാണ് ഇതിന്റെ പ്രധാന കാരണം.

സാമൂഹ്യ രംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലേ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കുവഹിക്കാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തുണ്ട്. സ്ത്രീകൾക്കിടയിൽ ആതമവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങളും തങ്ങൾക്ക് ലഭിക്കണമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിലും പുരുഷനോടൊപ്പം നില്ക്കാനുള്ള ബുദ്ധിയും കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അതു പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യത പഞ്ചായത്തിൽ ഏറെയാണ്. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന ഏത്തയ്ക്ക ഉപയോഗിച്ച് ചിപ്സ് നിർമ്മാണം തുടങ്ങാവുന്നതാണ്. പുരയിടങ്ങളിലുള്ള പച്ചക്കറി അടുക്കളത്തോട്ടങ്ങളും സ്ത്രീകളുടെ നേതൃത്വത്തിൽ നടത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള D.W.C.R.A യൂണിറ്റുകൾക്ക് ഓക്സിജൻ എത്രയും പെട്ടന്ന് നല്കേണ്ടിയിരിക്കുന്നു. അതോടൊപ്പം അവർ ഉത്പ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ

ചെയ്യുന്നില്ല.

2. തൊഴിൽ രംഗത്ത്, ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

3. തുല്യജോലിയ്ക്ക് തുല്യമായ വേതനം ഇല്ല. നീചമായ ഈ വിവേചനം ഇനിയും മുന്നോട്ടു കൊണ്ടു പോകണോ?

4. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.

5. സാമ്പത്തിക ഞെരുക്കം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ തടസ്സമാണ്.

6. സർക്കാർ സഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പ്രധാന പ്രശ്നമാണ്.

7. അംഗനവാടി അദ്ധ്യപികമാർക്ക് ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു.

8. അംഗനവാടികൾക്ക് പലതിലും സൗകര്യങ്ങളില്ല.

9. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.

10. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്.

## പ്രശ്ന പരിഹാരങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1.ഉത്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കേണ്ടതാണ്.

2. വിഭവസാദ്ധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

3. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

4. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

5. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

6. നിർദ്ധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്.

7. മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

8. ദാരിദ്ര്യ നിർമ്മാർജ്ജനം, പാർപ്പിടം എന്നീ പദ്ധതികളിൽ മിശ്രവിവാഹിതർക്ക് മുൻഗണന നല്കണം.

9. വനിതാ യൂണിറ്റുകൾ വ്യവസായ രംഗത്ത് ആരംഭിക്കണം.

10. ഐ.സി.ഡി.എസ്സി ന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

11. ചാരായ നിരോധനം ശക്തമാക്കണം.

12. ബ്ലോക്കടിസ്ഥാനത്തിൽ അഡ്വക്കേറ്റുമാർ, മഹിളാ സംഘടനാ നേതാക്കൾ എന്നിവരെ ഉൾപ്പെടുത്തി വനിതകൾക്കെതിരായ എല്ലാ അനീതികൾക്കുമെതിരായി ബോധവത്ക്കരണം, തൊഴിൽ പരിശീലനം എന്നിവ നല്കുന്നതിലേക്കായി ഒരു വനിതാ സെൽ രൂപീകരിക്കണം.

13. പി.എച്ച്. സെന്ററിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

"ഭരണത്തിന്റെ ചെങ്കോലേന്തുവാൻ ഇന്നാട്ടിലെ സാധാരണക്കാരിൽ സാധാരണക്കാരന് അവസരം പ്രധാനം ചെയ്തുകൊണ്ട് അവനെ ഭാരത ഭാഗ്യ വിധാതാവാക്കി തീർക്കുന്ന പ്രക്രിയയിലേക്കുള്ള പ്രയാണമാണ് പഞ്ചയത്തീ രാജ് ഒരുക്കുന്നത്."

*രാജു നാരായണസ്വാമി ഐ.എ.എസ്.*

# പട്ടികജാതി
# പട്ടിക വർഗ്ഗ ക്ഷേമം

"ജന്മം കൊണ്ട് ആരും
അധഃകൃതനാകുന്നില്ല
കർമ്മംകൊണ്ടാണ് "
—അംബേദ്കർ.

**പ**ട്ടികജാതിക്കാർ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 15% വരും. പട്ടിക വർഗ്ഗക്കാർ ആരുമില്ല. 1991 ലെ കാനേഷുമാരി കണക്കു പ്രകാരം 4547 പട്ടികജാതിക്കാരാണുള്ളത്. ഇവരിൽ 2229 പുരുഷന്മാരും 2318 സ്ത്രീകളുമാണുള്ളത്. പട്ടികജാതിക്കാർ മിക്ക വാർഡുകളിലും കൂട്ടമായി പാർപ്പുറപ്പിച്ചിരിക്കുന്നു. എന്നാൽ ചിലയിടങ്ങളിൽ മറ്റു സമുദായങ്ങളുമായി കൂടിക്കലർന്ന് വസിക്കുന്നുണ്ട്. നിരവധി ഉപജാതി വിഭാഗങ്ങളിൽ പെടുന്ന ഇവരിൽ ചില സമുദായങ്ങൾ വിദ്യാഭ്യാസത്തിലും ജീവിത നിലവാരത്തിലും ഗണനീയമായ പുരോഗതി നേടിയിട്ടുണ്ട്.

## *തൊഴിൽ*

പഞ്ചായത്തിൽ 24 പട്ടികജാതി സങ്കേതങ്ങളുണ്ട് ഇവയിൽ മിക്കതിലും വീട്, റോഡ് വൈദ്യുതി, കക്കൂസ്, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന ജീവിത സൗകര്യങ്ങൾ ലഭ്യമല്ല. ഭൂവിനിയോഗരീതിയിൽ വന്ന മാററം കർഷകതൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ കുറയ്ക്കുന്നു. കർഷകതൊഴിലാളി കുടുംബങ്ങളിലെ വിദ്യാസമ്പന്നരായ പുതിയ തലമുറയ്ക്ക് കർഷക തൊഴിലുകളിൽ താല്പര്യമില്ല. മുൻകാലങ്ങളിൽ നമ്മുടെ ഗ്രാമത്തിന്റെ കിഴക്കൽ മേഖലകളിൽ നിന്നും തൊഴിലാളികൾ കുട്ടനാടൻ പുഞ്ചവയലുകളിൽ പണിയ്ക്ക് പോയിരുന്നു. ഭക്ഷ്യോല്പാദനമേഖലകളുടെ മുരടിപ്പ് കണക്കിലെടുത്ത് തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. ബഹുഭൂരിപക്ഷമാളുകളും കൃഷിപ്പണി, കല്ലുവെട്ട്, കെട്ടിട നിർമ്മാണം, കശുവണ്ടി വ്യവസായം എന്നീ മേഖലകളിൽ പണിയെടുക്കുന്നു.

നിർധന വിഭാഗത്തിൽപെട്ട ഇവരുടെ കുടുംബ വരുമാന വർദ്ധനവിനുവേണ്ടി നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടെങ്കിലും അവയൊന്നും തൊഴിലില്ലായ്മയും ദാരിദ്ര്യവും പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ പദ്ധതികളായിരുന്നില്ല. ആടുവളർത്തൽ, കോഴിവളർത്തൽ, പശുവളർത്തൽ മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം,ചെറുകിടവ്യവസായ യൂണിറ്റുകൾ തുടങ്ങിയ പദ്ധതികൾ പട്ടികജാതിക്കാർക്കായി നടപ്പിലാക്കിയെങ്കിലും, അവയൊക്കെ നാമാവിശേഷമായിരിക്കുകയാണ്. അന്തിമ വിശകലനത്തിൽ ഇവർക്ക് നൽകിയ ഐ.ആർ.ഡി.പി യും ദയനീയമായി പാഴായപ്പെടുകയായിരുന്നു എന്ന് കാണാം. ഋണബാധ്യതയില്ലാത്ത കുടുംബങ്ങളെ ഐ.ആർ.ഡി.പി യുടെ ഗുണഭോക്താക്കളാക്കിയതോടെ പലകുടുംബങ്ങളും വായ്പ തിരിച്ചടയ്ക്കാനാകാതെ കടക്കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. വായ്പ തിരിച്ചയയ്ക്കാനാകാതെ വരുമ്പോൾ ബാങ്കുകൾ ജപ്തി നടപടികൾ സ്വീകരിക്കുന്നു. കിടപ്പാടംകൂടി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിരിക്കുകയാണ്.

## പട്ടികജാതി സങ്കേതം

പഞ്ചായത്തിൽ 3-ാം വാർഡിലൊഴികെ മറ്റെല്ലാ വാർഡുകളിലും പട്ടികജാതി സങ്കേതങ്ങളുണ്ട്. അംഗീകൃത സങ്കേതങ്ങളും അംഗീകാരത്തിന് കാത്തിരിക്കുന്ന സങ്കേതങ്ങളുമുണ്ട്. പഞ്ചായത്തിലെ പ്രധാന സങ്കേതം പുന്നമൂട് അംബേദ്കർ ഗ്രാമമാണ്. ചക്കംകുഴി, ചാഞ്ഞൂട്ടിൽ എന്നീ സെറ്റിൽമെന്റുകൾ ഐ.എച്ച്.ഡി.പി കോളനികളാണ്.

## *വിദ്യാഭ്യാസം*

45 വയസ്സിൽ താഴെ പ്രായമുള്ള 90% പേരും അഭ്യസ്ഥവിദ്യരാണ്. എന്നാൽ 45 വയസ്സിനുമേൽ പ്രായമുള്ളവരിൽ അധികവും നിരക്ഷരരുടെ പട്ടികയിൽ പെടുന്നു. സാക്ഷരതാപ്രവർത്തനത്തിന്റെ ഒന്നാംഘട്ടത്തിൽ അവരിൽ കുറെപേർ എഴുതാനും വായിക്കാനുമുള്ള കഴിവ് നേടി. തുടർവിദ്യാഭ്യാസത്തിന്റെ അഭാവം അവരെയെല്ലാം വീണ്ടും നിരക്ഷരരുടെ തട്ടിലേക്കാഴ്ത്തി. എണ്ണത്തിൽ കുറവാണെങ്കിലും ഉന്നത ബിരുദധാരികൾ വിവിധതലങ്ങളിൽ ഉദ്യോഗം വഹിക്കുന്നവരും വിദഗ്ദ തൊഴിലാളികളും ഈ വിഭാഗത്തിലുണ്ട്. മെട്രിക്കുലേഷൻ കഴിഞ്ഞ് കോളേജിലെത്തുന്നവരിൽ 95% വും പ്രീഡിഗ്രി പാസ്സാകാതെ വിദ്യാഭ്യാസരംഗം വിടുകയാണ്. സാങ്കേതിക വിദ്യാഭ്യസം സിദ്ധിച്ചവർ വളരെ കുറവാണ്. എടുത്തു പറയേണ്ട ഒരു വസ്തുത വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥന്മാരുടെ മക്കൾ ഉയർന്ന വിദ്യാഭ്യാസനിലവാരം പുലർത്തുന്നുണ്ട് എന്നതാണ്. അതുകൊണ്ടുതന്നെ സാമ്പത്തിക പുരോഗതി വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക മേഖലകളുടെ വളർച്ചയുമായി ബന്ധപ്പെട്ടിരിക്കുകയാണെന്ന് കാണാം .പട്ടികജാതി വിഭാഗക്കാർക്ക് സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനുതകുന്ന പദ്ധതികൾ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

## *പൊതുസ്ഥിതി*

24 സങ്കേതങ്ങളിലായി 3558 അംഗങ്ങളും സങ്കേതങ്ങളിലല്ലാതെ ഒറ്റപ്പെട്ട് വിവിധ പട്ടികജാതി കുടുംബങ്ങളിലായി 989 അംഗങ്ങളുമാണുള്ളത്. വീടു വയറിംഗ് നടത്തി വൈദ്യുതി കണക്ഷന് കാത്തിരിക്കുന്ന നിരവധി കുടുംബങ്ങളുണ്ട്. അനുവദിച്ച തുകയുടെ അപര്യപ്തത മൂലം വീട്, കക്കൂസ് എന്നിവയുടെ പണി പൂർത്തിയാക്കിയിട്ടില്ലാത്തവരും നിരവധിയാണ്. ജാതീയമായ ഉച്ചനീചത്വങ്ങൾ പരിപൂർണ്ണമായും തുടച്ചു നീക്കുവാൻ സജീവമായ പുരോഗമനപ്രസ്ഥാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് സാംസ്കാരിക രംഗത്തെ ശ്രദ്ധേയമായ നേട്ടമാണ്. ജാതിപ്പേര് വിളിക്കാറില്ലെങ്കിലും പട്ടികജാതിയിൽപ്പെട്ടവരുടെ ജാതി സൂചിപ്പിക്കുന്ന പണിക്കത്തി, വേലുത്താട്ടി, വേലുത്താൻ, പണിക്കൻ, മൂപ്പര്, എന്നീ പ്രാകൃത പദപ്രയോഗങ്ങൾ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ പ്രചാരത്തിലുണ്ട്.

## *പ്രശ്നങ്ങൾ*

1. കാർഷികമേഖലയിൽ തൊഴിൽ ദിനങ്ങൾ ഗണ്യമായി കുറയുന്നു.
2. വിദ്യാഭ്യാസ പുരോഗതി നേടിയെങ്കിലും നിലവാരത്തകർച്ച പ്രകടമാണ്.
3. കോളനികളിലെ ആരോഗ്യസ്ഥിതി മെച്ചമല്ല.
4. കോളനികളിൽ കക്കൂസില്ലാത്ത കുടുംബങ്ങൾ നിരവധിയാണ്.
5. ഗ്രന്ഥശാലകൾ, വായനശാലകൾ, ദൃശ്യശ്രവ്യ മാദ്ധ്യമങ്ങളുടെ അഭാവം.
6. അഭ്യസ്ഥവിദ്യരായ യുവാക്കളുടെ തൊഴിൽ പ്രശ്നം.
7. പദ്ധതികളെക്കുറിച്ച് അറിവില്ലായ്മ.
8. വീടിനനുവദിക്കുന്ന തുകയുടെ അപര്യാപ്തത.
9. സാമ്പത്തിക സഹായം കിട്ടാത്തതിനാൽ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.
10. വിവിധ ഏജൻസികൾ നടപ്പാക്കുന്ന സ്കീമുകളുടെ നടപടിക്രമത്തിലുള്ള സങ്കീർണ്ണത.
11. പോഷകാഹാരകുറവുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ.
12. പരമ്പരാഗത തൊഴിൽ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്.
13. ഐ.ആർ.ഡി..പി. പോലുള്ള ധനസഹായം ദുർവിനിയോഗം ചെയ്യുന്നു.
14. വിവാഹ ധനസഹായം അർഹതയുള്ള എല്ലാവർക്കും ലഭിക്കുന്നില്ല.
15. ധനകാര്യസ്ഥാപനങ്ങൾ വായ്പ നല്കുന്നതിൽ വിമുഖത കാണിക്കുന്നു.

## *നിർദ്ദേശങ്ങൾ*

1. കോളനികൾ കേന്ദ്രീകരിച്ച് ബഹുജനപങ്കാളിത്തത്തോടെ ഗ്രന്ഥശാലകൾ വായനശാലകൾ എന്നിവ

തുടങ്ങേണ്ടതാണ്.
2. കോളനികളിൽ കമ്മ്യൂണിറ്റി ഹാളുകൾ സ്ഥാപിക്കുക.
3. D.W.C.R.A യൂണിറ്റുകൾ സങ്കേതങ്ങളിൽ ആവിഷ്കരിക്കേണ്ടതാണ്.
4. കോളനികളിൽ റോഡുകളില്ലാത്തിടത്ത് ബഹുജനപങ്കാളിത്തത്തോടെ പുതിയ റോഡുകൾ നിർമ്മിക്കുക.
5. സ്കൂൾകുട്ടികൾക്ക് സ്കൂൾ പഠനസമയത്തിനുശേഷം സ്കൂളുകളിൽ തന്നെ പ്രത്യേക ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക.
6. ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീടു നിർമ്മിച്ച് നല്കുക.
7. പുഷ്പകൃഷി പ്രോത്സാഹിപ്പിക്കുകയും വിപണനസാദ്ധ്യതകൾ ഉറപ്പുവരുത്തുകയും ചെയ്യുക.
8. കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
9. ബാങ്കുവായ്പാരീതികളിലെ സങ്കീർണ്ണതകൾ ഒഴിവാക്കുക.
10. കൈത്തൊഴിൽ യൂണിറ്റുകൾ തുടങ്ങുക.
11. കോളനികൾ കേന്ദ്രീകരിച്ച് ഫീഡിംഗ് സെന്ററുകൾ ബാലവാടികൾ എന്നിവ സ്ഥാപിക്കുക.
12. പഞ്ചായത്തിൽ രണ്ടുമേഖലകളിലായി രണ്ടു പൊതു ശ്മശാനങ്ങൾ സ്ഥാപിക്കുക.
13. സ്വയംതൊഴിൽ സഹായം പഞ്ചായത്ത് മേൽനോട്ടത്തിൽ നടപ്പാക്കുക.
14. പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിക്കുക.
15. അംബേദ്ക്കർ കാർഷിക സേവാ കേന്ദ്രത്തോടനുബന്ധിച്ച് ജനവിദ്യാകേന്ദ്രം സ്ഥാപിക്കുക.
16. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുക.

## പട്ടികജാതി സങ്കേതങ്ങൾ

| വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങൾ |
|---|---|---|---|
| 1. | പള്ളിയാകുളങ്ങര കോളനിനി | 12 | 60 |
| 2. | കാഞ്ഞിരംവിള കോളനി | 19 | 97 |
| | ചരിഞ്ഞവിളകോളനി | 22 | 116 |
| | പുതുപ്പള്ളി കോളനി | 28 | 142 |
| | പുത്തൻവിള കോളനി | 7 | 33 |
| 4. | കിഴക്കുംപുറം കോളനി | 47 | 140 |
| 5. | പുന്നക്കാട് ജയന്തി കോളനി | 100 | 472 |
| | വള്ളൊത്തിൽ കോളനി | 25 | 127 |
| 7. | താഴെക്കാട്ട് കോളനി | 30 | 152 |
| | കൊച്ചുതുണ്ടിൽ കോളനി | 11 | 57 |
| | ജയന്തി കോളനി | 15 | 76 |
| 8. | നടയിൽ വടക്കതിൽ കോളനി | 8 | 47 |
| | മുണ്ടുചിറ കോളനി | 6 | 34 |
| 9. | അംബേദ്ക്കർ ഗ്രാമം | 124 | 627 |
| | മുതുപിലാക്കാട് വെസ്റ്റ് കോളനി | 22 | 104 |
| 10. | ചക്കൻകുഴി കോളനി | 48 | 242 |
| | കല്ലുംപുറത്തു കോളനി | 18 | 87 |
| | ചാലാപ്പറമ്പിൽ കോളനി | 34 | 172 |
| | കുറ്റിയിൽ തെക്കേപ്പുര കോളനി | 26 | 133 |
| | കരിക്കോണത്ത് കോളനി | 24 | 119 |
| 11. | ചാഞ്ഞൂട്ടിൽ കോളനി | 47 | 207 |
| | കരിക്കത്തിൽ കോളനി | 39 | 196 |
| 12. | കൊല്ലാറ കോളനി | 10 | 57 |
| | കോണത്ത് കോളനി | 12 | 61 |



# സഹകരണം

ഋണബാദ്ധ്യതയിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കാൻ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്.

ഇന്ത്യ സ്വതന്ത്രയാകുന്നതിനു മുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് വേരോട്ടമുണ്ടായി. പുത്തൻ വീട്ടിൽ വടക്കതിൽ നാരായണൻ നായരുടെയും, മുണ്ടൂരഴികത്ത് രാമൻപിള്ളയുടേയും നേതൃത്വത്തിൽ 1946 ൽ പ്രവർത്തനം ആരംഭിച്ച പരസ്പര സഹായ സഹകരണ സംഘമാണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംരംഭം. ശാസ്താംകോട്ട സർവ്വീസ് സഹകരബാങ്ക് എന്ന പേരിൽ 10 വാർഡുകളുലായി ഇന്നിതിന്റെ പ്രവർത്തനം വ്യാപിച്ചിരിക്കുന്നു. തൊട്ടടുത്ത വർഷം (1947) പെരുവേലിക്കര, കരിംതോട്ടുവ വാർഡുകളിലെ കർഷകർ ചേർന്ന് പെരുവേലിക്കര -കരിന്തോട്ടുവാ വർവ്വീസ് സഹകരണബാങ്ക് എന്ന പേരിൽ ഒരു സഹകരണപ്രസ്ഥാനം കൂടി ആരംഭിച്ചു. ഗീവർഗീസ് മണലുവിള, നെടുംതറ വേലുപ്പിള്ള എന്നീ സഹകാരികളായിരുന്നു ഇതിന് നേതൃത്വം നൽകിയത്. 1967-ൽ കുന്നത്തൂർ അടൂർ താലൂക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് ഭരണിക്കാവ് ആസ്ഥാനമാക്കി ശാസ്താംകോട്ട കാർഷിക വികസന ബാങ്ക് രൂപീകൃതമായി. 1978 ഭരണിക്കാവ് കേന്ദ്രമായി ആരംഭിച്ച പോരുവഴി ഹരിജൻ കൈത്തറി നെയ്ത് സഹകരണ സംഘമാണ് വ്യവസായ മേഖലയിലെ ആദ്യത്തെ സഹകരണസംഘം. 1983 ൽ ശാസ്താംകോട്ടയിൽ സ്ഥാപിതമായ വനിതാ സഹകരണബാങ്ക് സംസ്ഥാനത്തെ തന്നെ ആദ്യത്തെ വനിതാബാങ്കാണ്. പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ഏക സർവ്വീസ് സഹകരണ സംഘമാണ് 1981-ൽ ഭരണിക്കാവിൽ പ്രവർത്തനം ആരംഭിച്ച ശാസ്താംകോട്ട ഹരിജൻ സർവ്വീസ് സഹകരണസംഘം. നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും 1987-ൽശാസ്താംകോട്ട കൺസ്യൂമർ സഹകരണസംഘം രൂപീകൃതമായി. വിവിധ മേഖലകളിലായി 25 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരുന്നു. ഇവയിൽ 22 സംഘങ്ങൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. സഹകരണ മേഖലയിൽ പ്രത്യക്ഷമായി 225 പേർ ജോലിചെയ്തു വരുന്നു. ഒന്നിലധികം പഞ്ചായത്തുകളും താലൂക്കുകളും പ്രവർത്തന പരിധിയാക്കിയിട്ടുള്ള വൻകിട സഹകരണ പ്രസ്ഥാനങ്ങൾ ഗ്രാമത്തിൽ കേന്ദ്രീകരിക്കുകയോ ഗ്രാമത്തെക്കൂടി ഉൾപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണം, ശാസ്താംകോട്ട കാർഷിക വികസന ബാങ്ക്.

ഇതിന്റെ പ്രവർത്തനം കുന്നത്തൂർ, അടൂർ താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് വായ്പ നല്കി സഹായിക്കുന്നു. ഈ ബാങ്കിന്റെ പ്രസിഡന്റും സെക്രട്ടറിയും ശാസ്താംകോട്ട ഗ്രാമപഞ്ചായത്തു സമിതി അംഗങ്ങളാണെന്നത് എടുത്തുപറയേണ്ട സവിശേഷതയാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക തരംതിരിച്ച് അന്യത്ര ചേർക്കുന്നു.

## സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ ശാസ്താംകോട്ട സർവ്വീസ് സഹകരണ ബാങ്കും, കരിന്തോട്ടുവാ സഹകരണബാങ്കും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. ബാങ്കിന്റെ വളർച്ചക്കും പുരോഗതിയ്ക്കും നിക്ഷേപം അത്യന്താപേക്ഷിതമായ ഘടകമാണ്. നിക്ഷേപം ഉണ്ടെങ്കിലെ അംഗങ്ങൾക്കു വായ്പ നല്കാനും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും കഴിയൂ. പ്രാദേശിക അടിസ്ഥാനത്തിലുള്ള നിക്ഷേപ സമാഹരണം വഴി സമ്പത്ത് വർദ്ധിപ്പിക്കാം.

മൂന്ന് സ്കൂൾ സഹകരണ സംഘങ്ങൾ പഞ്ചായത്തു പരിധിയിൽ പുസ്തക വിതരണം നടത്തി വരുന്നു. ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ് കേന്ദ്രീകരിച്ച് രണ്ട് സഹ: സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ദേവസ്വം ബോർഡ് കോളേജ് സഹകരണ സംഘം വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും കോളേജ് സഹകരണബാങ്ക് ജീവനക്കാർക്ക് വായ്പകളുടെ വിതരണവും നിർവ്വഹിക്കുന്നു. ഇവയുടെ പ്രവർത്തന പരിധിയിൽ കോളേജിൽ മാത്രമാണുള്ളത്.

പഞ്ചായത്തിൽ അഞ്ച് ക്ഷീരോല്പാദക സഹകരണസംഘങ്ങളാണുള്ളത്. 1,2 വാർഡുകൾ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ക്ഷിരോല്പാദക സഹകരണസംഘത്തിൽ പടിഞ്ഞാറൻ മേഖലയിൽ ഉള്ളവർക്ക് പാൽ എത്തിക്കാൻ ദൂരം ഒരു വലിയ തടസ്സമായി നില്ക്കുന്നു. 3,4 വാർഡുകളുടെ പ്രവർത്തന പരിധിയിൽ ശാസ്താംകോട്ട ക്ഷീരോല്പാദന സഹകരണ സംഘവും 7,8,9,10 വാർഡുകൾ കേന്ദ്രീകരിച്ച് സിനിമാപറമ്പ് ക്ഷീരോല്പാദക സഹ:കരണ സംഘവും പ്രവർത്തിക്കുന്നു. ഇതിന്റെ ദൂരപരിധി ക്ഷീരകർഷകർക്ക് അസൗകര്യമുണ്ടാക്കുന്നു. പെരുവേലിക്കര-കരിന്തോട്ടുവാ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല 11,12 വാർഡുകളിലായിട്ടാണ്.

കുന്നത്തൂർ താലൂക്ക് ഗവ: ഏംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, അദ്ധ്യാപക സഹകരണ സംഘം. കുന്നത്തൂർ താലൂക്ക് എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് സഹകരണസംഘം എന്നിവ നമ്മുടെ പഞ്ചായത്ത് ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ കേന്ദ്രീകരിച്ചിട്ടുള്ള കുന്നത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘവും, കുന്നത്തൂർ താലൂക്ക് തയ്യൽ തൊഴിലാളി സംഘവുംതകർച്ചയെ നേരിടുന്നു.

കുന്നത്തൂർ കൊട്ടാരക്കര താലൂക്കുകൾ പ്രവർത്തന പരിധിയാക്കിയിട്ടുള്ള പോരുവഴി ഹരിജൻ കൈത്തറി നെയ്ത്ത് സഹകരണസംഘത്തിൽ ഇപ്പോൾ 15 തൊഴിലാളികൾ മാത്രമാണ് പണിയെടുക്കുന്നത്. പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചാൽ 75 പേർക്ക് തൊഴിൽ നല്കാനുള്ള ശേഷി സംഘത്തിനുണ്ട്. അംഗങ്ങളിൽ മിക്കവരും പരിശീലനം സിദ്ധിച്ച വനിതകളാണുള്ളത്. പരിശീലനത്തെ തുടർന്ന് ഇവർക്ക് തൊഴിൽ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല. ശാസ്താംകോട്ട ഹരിജൻ സർവ്വീസ് സഹകരണ സംഘം ചെറിയ തോതിൽ വായ്പാ വിതരണം നടത്തുന്നു. സാമാന്യം നല്ല നിലയിൽ ഒരു പ്രിന്റിംഗ് പ്രസ്സും നടത്തിവരുന്നത്ത വനിതകളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വായ്പ നല്കുന്നതിന് രൂപീകരിച്ചതാണ് വനിതാ സഹകരണബാങ്ക്. ശാസ്താംകോട്ട കാർഷിക വികസന ബാങ്ക് കാർഷിക വായ്പയും, വാഹനവായ്പയും വ്യവസായ വായ്പയും ഐ.എൽ.എസ് വായ്പകൾ എന്നിവ വിതരണം നടത്തി വരുന്നു. വായ്പ ലഭിക്കുന്നതിനുള്ള സങ്കീർണ്ണമായ നടപടികൾ കാരണം കർഷകർക്ക് യഥാസമയം വായ്പകൾ ലഭ്യമാകുന്നില്ല. പള്ളിശ്ശേരിക്കൽ, ആഞ്ഞിലിമൂട് വാർഡുകളിൽ നിന്നും കർഷകർ എട്ടും ഒൻപതും കിലോമീറ്റർ സഞ്ചരിച്ചുവേണം സിനിമാപറമ്പിലുള്ള ശാസ്താംകോട്ട സർവ്വീസ് സഹകരണ ബാങ്കിലെത്താൻ. ഇത് കർഷകർക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു.

മെറിമിക്സ് എന്ന പേരിൽ ഒരു സൊസൈറ്റി

പട്ടിക 1

# കാർഷിക വായ്പാ സംഘങ്ങൾ

| ക്രമ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗങ്ങൾ | ഓഹരിമൂലധനം | കടം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം | ജീവനക്കാർ | | മറ്റ് സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | സ്ഥിരം | മറ്റുള്ളവർ | |
| 1 | ശാസ്താംകോട്ട സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നം.2531 | 1946 | പെരുവേലിക്കര കരിന്തോട്ടുവാ ഒഴികെയുള്ള ശാസ്താംകോട്ട പഞ്ചായത്ത് | 6800 | 20 ലക്ഷം | 40ലക്ഷം | 75 ലക്ഷം | 87 ലക്ഷം | 43ലക്ഷം | 1 കോടി | 07 | - | 83 ലക്ഷം |
| 2 | കരിന്തോട്ടുവാ സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നം.2594 | 1947 | പെരുവേലിക്കര കരിന്തോട്ടുവ പഞ്ചായത്തുകൾ | 3804 | 6ലക്ഷം | 26ലക്ഷം | 79,99,475 | 50,54,520 | 12,78,890 | | 04 | | 61 ലക്ഷം |
| 3 | ശാസ്താംകോട്ട ഹരിജൻ സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നം. ക്യു824 | 1981 | ശാസ്താംകോട്ട പഞ്ചായത്ത് | 929 | 50,000 | | ഇല്ല | 81,000 | | 1.5ലക്ഷം | 02 | | 37,500 |
| 4 | ശാസ്താംകോട്ട വനിതാ സഹകരം ബാങ്ക്(ക്ലിപ്തം) | 1983 | കുന്നത്തൂർ താലൂക്ക് | 1161 | 38,148 | | ഉണ്ട് | | | 4.5ലക്ഷം | 05 | | |
| 5 | ശാസ്താംകോട്ട കാർഷിക വികസനബാങ്ക് (ക്ലിപ്തം) നം.ക്യു 2373 | 1967 | കുന്നത്തൂർ, അടൂർ താലൂക്കുകൾ | 15,000 | .88ലക്ഷം | | | 50ലക്ഷം | 1കോടി | | 31 | | 4.5കോടി |

## പട്ടിക 2

### ക്ഷീരസഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗ ങ്ങൾ | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാ ടുകൾ | ലാഭമോ നഷ്ടമോ | ജീവനക്കാർ സ്ഥിരം | ജീവനക്കാർ മറ്റുള്ള വർ | ഒരുദിവസം സംഭരിക്കു ന്ന പാൽ | ഓഹരിമൂലധനം |
|---|---|---|---|---|---|---|---|---|---|---|---|---|
| പള്ളിശ്ശേരിക്കൽ ക്ഷീരോല്പ ദക സഹകരണ സംഘം | 1993 | 1,2 വാ ർഡുകൾ | 223 | ഇല്ല | 2ലക്ഷം | 1600 | 8ലക്ഷം | 90,000 ലാഭം | 02 | 01 | 300ലിറ്റർ | 2230 |
| ശാസ്താംകോട്ട ക്ഷീരോത്പാദക സഹകരണ സംഘം | 1981 | 3,4 വാർ ഡുകൾ | 344 | ഇല്ല | 3ലക്ഷം | 1500 | 9ലക്ഷം | 1.25ലക്ഷം ലാഭം | 03 | 01 | 275ലിറ്റർ | 4180 |
| ഭരണിക്കാവ് ക്ഷീരോത്പാദക സഹകരണസംഘം | 1992 | വാർഡ് 5 | 167 | | 50,000 | 740 | 6.5ലക്ഷം | 50,000 ലാഭം | 02 | | 160ലിറ്റർ | 1830 |
| കരിന്തോട്ടുവാ പെരുവേലിക്കര ക്ഷീരോത്പാദക സഹകരണസംഘം | 1984 | 11,12വാ ർഡുകൾ | 315 | ഇല്ല | | 1500 | | ലാഭം | 03 | | | 1830 |
| സിനിമാപറമ്പ് ക്ഷീരോത്പാദക സഹകരണ സംഘം | 1982 | 7,9,10വാ ർഡുകൾ | 378 | | 75,000 | 4700 | 12ലക്ഷം | 12.2% | 03 | | 500ലിറ്റർ | 2180 |

## പട്ടിക 3

### എംപ്ലോയീസ് സഹകരണ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്ത പരിധി | വ്യക്തി അംഗ ങ്ങൾ | നിക്ഷേപം | ഓഹരി മൂലധനം | വായ്പകൾ | പ്രവർത്തന മൂലധനം | ജീവനക്കാർ സ്ഥിരം | ജീവനക്കാർ മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|
| ശാസ്താംകോട്ട ഡി.ബി. കോളേജ് സ്റ്റാഫ് സഹകരണബാങ്ക് | 1980 | ഡി.ബി. കോളേജ് | 230 | 1,10,105 | 3,20,000 | 19,85,000 | 12,60,000 | 01 | |
| കുന്നത്തൂർ താലൂക്ക് എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് സഹകരണ സംഘം | 1990 | കുന്നത്തൂർ താലൂക്ക് | 184 | 2,10,000 | 28,575 | 1,60,000 | 4 ലക്ഷം | 01 | |
| കുന്നത്തൂർ താലൂക്ക് ഗവൺമെന്റ് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സോസൈറ്റി | 1988 | കുന്നത്തൂർ താലൂക്ക് | 850 | 5,03,598 | 49020 | | 6,37,618 | 01 | |

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മനോവികാസ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ഇതിന്റെ പ്രവർത്തനം സജീവമാക്കണം.

## വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ - നിർദ്ദേശങ്ങൾ

1. കാർഷിക ആവശ്യത്തിനായി നബാർഡിൽ നിന്നും 'കൺസെഷണൽ ഫിനാൻസ്' കൃത്യമായി കിട്ടുന്നതന് നടപടിവേണം.

2. സർക്കാരിൽനിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പകൾക്ക് ലഭിക്കുന്നതിന് സർക്കാർ തലത്തിലും ബാങ്കുതലത്തിലും നടപടി എടുക്കേണ്ടതാണ്.

3. വ്യക്തികൾക്കു നല്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്. വളംഡിപ്പോകളുടെ എണ്ണം വർദ്ധിപ്പിക്കണം.

4. ശാസ്താംകോട്ട സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് ശാസ്താംകോട്ടയിൽ സ്ഥാപിക്കണം.

5. കർഷകരെ സഹായിക്കാനായി ശാസ്താംകോട്ട ചന്ത കേന്ദ്രീകരിച്ച് കാർഷിക വിഭവ സംഭരണ വിപണന സഹകരണ സംഘം തുടങ്ങണം.

6 ഒരു ആട്ടോമൊബൈൽ സഹകരണ സംഘം രൂപവത്ക്കരിക്കണം.

7. നാളികേരത്തിന്റെ സംഭരണ സംസ്കരണ വിപണനസൗകര്യത്തിന് പഞ്ചായത്തിൽ കേരോല്പാദന സഹകരണസംഘം രൂപീകരിക്കുക.

8. വനിതകൾക്ക് തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കാൻ ഒരു വിവിധോദ്ദേശ സഹകരണസംഘം രൂപീകരിക്കാനുള്ള സാദ്ധ്യതയുണ്ട്.

9 കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസിന്റെ (K.K.V.I.B.) യൂണിറ്റുകൾ രൂപീകരിക്കേണ്ടതാണ്.

10. സഹകരണ ബാങ്കുകളിലെ ലേലച്ചിട്ടിയുടെ എണ്ണം വർദ്ധിപ്പിക്കുക.

11. മത്സ്യത്തൊഴിലാളി സഹകരണസംഘം രൂപവത്ക്കരിക്കണം.

12. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളും ചെലവു കുറഞ്ഞ പാർപ്പിടങ്ങളും നിർമ്മിച്ച് നല്കുന്നതിന് ഭവനനിർമ്മാണ സഹകരണ സംഘം രൂപവത്ക്കരിക്കണം.

13. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ ക്ഷീരോല്പാദകസംഘം രൂപീകരിക്കുക. സംഘങ്ങൾ വഴി അത്യുല്പ്പാദന ശേഷിയുള്ള കറവമാടുകളെ ലഭ്യമാക്കണം.

14. പഞ്ചായത്തു വഴി നടത്തുന്ന പൊതുമരാമത്ത് വർക്കുകളും ഇതര വികസന പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു കോൺട്രാകർ സഹകരണസംഘം രൂപ വത്ക്കരിക്കണം.

15. റബ്ബർ ഉല്പ്പാദന സഹകരണസംഘം രൂപവത്ക്കരിക്കണം.

പട്ടിക 6

മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | പ്രവർത്തന മൂലധനം | ഓഹരി മൂലധനം | ജീവനക്കാർ | തൊഴിലാളികൾ |
|---|---|---|---|---|---|---|---|
| കുന്നത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം | 1994 | കൊല്ലം ജില്ല | 52 | 5000 | 1,47,500 | 1 | 11 |

# വിഭവസമാഹരണം

ഗ്രാമത്തിന്റെ വികസന പ്രവർത്തനങ്ങൾ ലഭ്യമായ വിഭവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. ജനസാമാന്യത്തിന്റെ ധാരാളമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മതിയായ വിഭവം കണ്ടെത്തുക എന്നത് സുപ്രധാനമായ കാര്യമാണ്. പദ്ധതികൾ ജനകീയമാകുന്ന ഈ സന്ദർഭത്തിൽ വിഭവസമാഹരണത്തിന്റെ പുതിയ മേഖലകൾ വെട്ടിത്തുറന്ന് വികസനത്തിന്റെ പാതയിൽ നമുക്ക് വളരെയേറെ മുന്നേറാൻ കഴിയണം. നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യാവസായിക മേഖലയിലെ നിശ്ചലതയാണ്. നമ്മുടെ പൊതു പശ്ചാത്തലത്തിൽ വികസന പ്രതിസന്ധികൾക്ക് പരിഹാരം തേടുന്നതിൽ നമ്മുടെ കൂട്ടായ്മ കേന്ദ്രീകരിച്ചുകൊണ്ട്, വ്യാവസായിക വികസനത്തേയും കൃഷി വികസനത്തേയും കുറിച്ചുള്ള സാമ്പ്രദായിക ചർച്ചകളിൽ മാത്രം നമ്മുടെ സംവാദങ്ങൾ ഒതുക്കി നിർത്താതെ ചെറുകിട വ്യവസായ രംഗത്തും വൻകിട വ്യവസായ രംഗത്തും മുന്നേറ്റം നടത്തിക്കൊണ്ട്, വികസന പ്രതിസന്ധിക്ക് പരിഹാരം എന്ന വണ്ണം വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിത്തുറക്കണം.

കാർഷിക രംഗം ഇന്ന് മുരടിക്കുകയാണ്. ഉത്പാദനക്ഷമത അനുദിനം കുറയുകയാണ്. ആധുനിക കൃഷി സമ്പ്രദായങ്ങളെ കുറിച്ചുള്ള അറിവും ഉത്പാദന ക്ഷമതയുള്ള വിത്തിനങ്ങളുടെ ഫലപ്രദമായ വിതരണവും ഇല്ലാതെ ഈ രംഗത്ത് വിഭവ സമാഹരണം വർദ്ധിപ്പിക്കാനാവില്ല. ഈ രണ്ടു മണ്ഡ ലങ്ങളിലും ഫലപ്രദമായി ഗ്രാമപഞ്ചായത്തുകൾ ഇടപെടുമ്പോൾ സ്വയം പര്യാപ്തമായ ഗ്രാമസൃഷ്ടി യാഥാർത്ഥ്യമാകുന്നതിന് സഹായകമാകും.

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി കഴിഞ്ഞ വർഷം 28,233 രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. നികുതി പിരിക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടെങ്കിലും ഏതെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോൾ നികുതി കൊടുക്കുന്ന ഒരു സമ്പ്രദായമാണ് ഇപ്പോഴുള്ളത്.

സ്ത്രീകളിൽ വലിയ ഒരു വിഭാഗം കശുവണ്ടി വ്യവസായ മേഖലകളിലും പുരുഷന്മാരിൽ ഭൂരിപക്ഷവും കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിലും ഏർപ്പെടുന്നവരാണ്. കൂടാതെ ഒരു ന്യൂനപക്ഷം പരമ്പരാഗതമായ കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. പഞ്ചായത്തിൽ ഇതിനായി വാർഡുവികസന സമിതികൾ ഉണ്ടാവുകയും ഈ വാർഡു വികസന സമിതികളും വാർഡ് പ്രതിനിധികളും കൂട്ടായി പരിശ്രമിച്ചുകൊണ്ട് എല്ലാ നികുതിദായകരിൽ നിന്നും

ഊർജ്ജിതമായി നികുതി പിരിച്ചെടുക്കാൻ ശ്രമിക്കേണ്ടതാണ്. ഇങ്ങനെ നികുതിയിൽ തങ്ങളുടെ വരുമാനത്തിന്റെ ഒരു ചെറിയ ഭാഗം പഞ്ചായത്തിന് ലഭിക്കുവാൻ സാദ്ധ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിലക്കയറ്റം ദുസ്സഹമായിരിക്കുന്ന ഈ കാലഘട്ടത്തിൽ നികുതി മറ്റൊരു ഭാരമാകാതെ വരുമാനമുള്ള മുഴുവനാളുകളിൽ നിന്നും നികുതി വസൂലാക്കണം.
2. നികുതി കൊടുക്കൽ വഴി വികസന പ്രവർത്തനത്തിൽ പങ്കുചേരുകയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചിലവിന്റെ കണക്കിൽ സുതാര്യത നിലനിർത്തുകയും വേണം.
3. നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും വാർഡ് വികസന സമിതികളും തയ്യാറാവുകയും ഇത് വികസന പ്രവർത്തനത്തിന് അനിവാര്യമാണെന്ന് ബോദ്ധ്യപ്പെടുത്തുകയും വേണം.
5. കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും ഉള്ള സംവിധാനം പഞ്ചായത്ത് ഓഫീസിൽ ഉണ്ടാകണം.

## കെട്ടിട നികുതി

ഇപ്പോൾ കെട്ടിട നികുതി കണക്കാക്കുന്നത് ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഢംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും, അവ കോളനികളാണെങ്കിൽ കൂടി നികുതി ഏർപ്പെടുത്തേണ്ടതാണ്.

നികുതി പിരിച്ചെടുക്കുന്ന സമ്പ്രദായം കുറേക്കൂടി ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും സമയവും മുൻകൂട്ടി വാർഡ് വികസന സമിതിയെ അറിയിക്കുകയും അവരുടെ സഹകരണത്തോടും നികുതി പിരിച്ചെടുക്കുന്നത് കുടിശിഖ ഇല്ലാതാക്കാൻ സഹായിക്കും. എന്നാൽ അതേസമയം നികുതി ഈടാക്കുന്നതിന് വീട് അസ്സസ്സ് ചെയ്യുന്നത് എങ്ങനെയാണെന്ന് ഓരോ വീട്ടുടമസ്ഥനേയും ബോദ്ധ്യപ്പെടുത്തുവാൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകണം. ഇതിന് ഒരു പൊതു മാനദണ്ഡം സ്വീകരിക്കുന്നത് സ്വജനപക്ഷപാതം, അഴിമതി എന്നിവ ഇല്ലാതാക്കുവാൻ ഉപകരിക്കും.

## തൊഴിൽ നികുതി

പഞ്ചായത്തിലെ ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റും ജോലിനോക്കുന്നവരിൽ നിന്നും കച്ചവടക്കാരിൽ നിന്നും മാത്രമേ തൊഴിൽ നികുതി ഈടാക്കുന്നുള്ളൂ. ഇങ്ങനെയുള്ളവരല്ലാതെ തൊഴിൽ ചെയ്യുന്ന മുഴുവൻ പേരും തൊഴിൽ നികുതി നല്കേണ്ടതാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യണം. ഇത് നിർമ്മാണ തൊഴിലാളികൾക്കും മറ്റ് തൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

## വിനോദ നികുതി

ശാസ്താംകോട്ട പഞ്ചായത്തിൽ രണ്ട് സിനിമാ തീയേറ്ററുകളാണുള്ളത്. എന്നാൽ ഇവിടെനിന്നുള്ള നികുതിപിരിൽ ക്രമക്കേടുകൾ ഉള്ളതായാണ് ഭൂരിപക്ഷം ഗ്രാമസഭകളിലേയും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇതൊഴിവാക്കി നികുതി പിരിവ് കാര്യക്ഷമമാക്കണം.

ആഢംബര വസ്തുക്കളായുപയോഗിക്കുന്ന ടി.വി. വാഷിംഗ്മെഷീൻ, എന്നിവയ്ക്ക് നികുതി ഈടാക്കലിന്റെ സാഹചര്യം ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഒരു നിശ്ചിത നികുതി വസൂലാക്കണം. ഡിഷ് ആന്റിന, കേബിൾ ടി.വി എന്നിവയ്ക്കും ഒരു നിശ്ചിത നികുതി ഈടാക്കണം.

### *കൈമാറിയ വകുപ്പുകളും ഫണ്ട് നിലവാരവും*

| | |
|---|---|
| 1. മൃഗസംരക്ഷണം. | 500 |
| 2. കൃഷി | 242737.00 |
| 3. ഡയറി | 17480.00 |
| 4. പട്ടിക ജാതി ക്ഷേമം | 5360.00 |
| 5. വിദ്യാഭ്യാസം | 1300.00 |
| 6. ജില്ലാ പഞ്ചായത്ത് (പി.ഡബ്ല്യൂ.ഡി) | 49800.00 |
| 7. ആരോഗ്യവകുപ്പ് | 1500.00 |
| 8. ജില്ലാ കളക്ടറേറ്റ് | 2500.00 |
| ആകെ. | 321177.00 |

## ശാസ്താംകോട്ട ഗ്രാമ പഞ്ചായത്ത് നികുതിയിനങ്ങൾ

| വർഷം | കെട്ടിട നികുതിനം | തൊഴിൽ നികുതി | ഗ്രാന്റ് | വിനോദ നികുതി | മാർക്കറ്റ് | മറ്റിനം |
|---|---|---|---|---|---|---|
| 1991-92 | 204906.00 | 254207.00 | 406403.00 | 55799.00 | 83020.00 | 208506.00 |
| 1992-93 | 208470.00 | 293881.00 | 393863.00 | 70975.00 | 80996.00 | 307307.00 |
| 1993-94 | 338152.00 | 359597.00 | 510588.00 | 87678.00 | 118184.00 | 297543.00 |
| 1994-95 | 346118.00 | 401226.00 | 598323.00 | 98890.00 | 168875.00 | 368621.00 |
| 1995-96 | 364774.00 | 468987.00 | 1160057.00 | 87848.00 | 152171.00 | 340595.00 |

### വിദേശ ജോലിക്കാർ വാർഡു തിരിച്ച കണക്ക്

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 75 | 94 | 78 | 100 | 25 | 25 | 25 | 50 | 15 | 48 | 100 | 40 |
| | | അവലംബം ഗ്രാമസഭാ റിപ്പോർട്ട് | | | | | | | | | | |

## മറ്റ് ധനാഗമമാർഗ്ഗങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1. ശാസ്താംകോട്ട ശുദ്ധജല തടാകം ഗ്രാമപഞ്ചായത്തിലെ അമൂല്യമായ പ്രകൃതി സമ്പത്താണ്. ഇവിടെയുള്ള ശുദ്ധ ജല വിതരണ പദ്ധതി വഴി ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന് ഈടാക്കുന്ന കരത്തിന്റെ 25% ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

2. ചേലൂർ കായലിൽ മത്സ്യകൃഷി നടത്തുകയും മത്സ്യ സഹകരണ സംഘം വഴി- ഫിഷ് പ്രോസസ്സിംഗിലൂടെ മത്സ്യ വിപണനം ചെയ്ത് പഞ്ചായത്ത് ധനാഗമമാർഗ്ഗം കണ്ടെത്തണം.

3. കല്ലടയാറിലെ ചീക്കൻ കടവ്, പണയിൽ കടവ് എന്നിവിടങ്ങളിലെ മണലൂറ്റ് പഞ്ചായത്ത് ഏറ്റെടുത്ത് വരുമാനം വർദ്ധിപ്പിക്കണം.

4. ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന്റെ വകയായി പ്രിന്റിംഗ് പ്രസുകളും മോട്ടോർ വർക്ക്ഷോപ്പുകളും സ്ഥാപിച്ച് വരുമാനമാർഗ്ഗങ്ങൾ തേടേണ്ടതാണ്.

5. പഞ്ചായത്തിൻരെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് കെട്ടിടങ്ങൾ നിർമ്മിച്ച് നികുതി ഈടാക്കാവുന്നതാണ്.

6. ശാസ്താംകോട്ട പഞ്ചായത്തിലെ പാരലൽ കോളെജ്, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് ഒരു പൊതു മാനദണ്ഡം സ്വീകരിച്ച് നികുതി ചുമത്താവുന്നതാണ്.

7. ഗൾഫു മലയാളികളുടേതായ ഒരു സമിതി പഞ്ചായത്തു തലത്തിൽ രൂപീകരിച്ച് ബാങ്ക് വഴിയെത്തുന്ന പണം സ്വരൂപിച്ച് വികസനപ്രവർത്തനങ്ങൾക്കുപയോഗിക്കാമോ എന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

8. സർക്കാർ സഹായം കൂടാതെ ഇൻഷ്വറൻസ് കമ്പിനികളുടേയും (പിയർലസ് ഉൾപ്പടെ) വാണിജ്യ ബാങ്കുകളുടേയും, ഇന്ദിരാവികാസ്, കിസാൻ വികാസ് തുടങ്ങിയ സേവിംഗ് പദ്ധതികളുടേയും നിക്ഷേപസമാഹരണത്തിന്റെ 60% ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് വിനിയോഗിക്കണം.

9. സ്വകാര്യ വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തികം സ്വീകരിക്കാവുന്നതാണ്.

10. വാട്ടർ ഡിസ്റ്റിലറി പ്ലാന്റ് സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

11. ടൂറിസം വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

12. നാണ്യവിളത്തോട്ടങ്ങൾക്ക് വിസതൃതി അനുസരിച്ച് നികുതി വസൂലാക്കാവുന്നതാണ്.

13. സ്വകാര്യമേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ള വ്യക്തികൾക്ക് വേണ്ടത്ര സഹായം ചെയ്യേണ്ടതാണ്.

14. ചെറുകിട വ്യവസായ മേഖലകൾ വ്യാപകമാക്കുകയും ഗ്രാമപഞ്ചായത്തുവക വില്പന സ്റ്റാളുകൾ സ്ഥിരമായുണ്ടാക്കിയും പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

15. എസ്.ബി.ടി., ഇന്ത്യൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് ഭൂവികസന ബാങ്ക് K.S.F.E , സർവ്വീസ് സഹകരണ ബാങ്ക്, സബ്ട്രെഷറി, ജില്ലാ സഹകരണ ബാങ്ക്, പോസ്റ്റോഫീസ് സേവിംഗ് ബാങ്ക്, ഒട്ടനവധി സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ഇവയാണ് പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ. നിക്ഷേപങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 70-80 % മെങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പയെടുക്കാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാകേണ്ടാകേണ്ടതാണ്.

16. പഞ്ചായത്തിൽ നിന്നും പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്ര വഴി പഞ്ചായത്തിന് ലഭ്യമാകുന്ന വിഹിതം

വർദ്ധിപ്പിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയും വാർഡ് വികസന സമിതികളും ഇടപെട്ട് പഞ്ചായത്തിൽ നിന്നും പരമാവധി സമ്പാദ്യ നിക്ഷേപം (മഹിളാപ്രധാൻ ഏജന്റ് മുഖേന ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനത്തിന് അതൊരു മുതൽക്കൂട്ടാവും.

17.. കച്ചവടക്കാരിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ ശരിയാംവണ്ണം പിരിച്ചെടുക്കുന്നില്ലെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് വാർഡ്തോറും കച്ചവടക്കാരുടെ കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

18.. നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങൾ ചിലവഴിക്കുന്നത് തീരെ പ്രത്യുല്പ്പാദന പരമല്ലാത്ത രീതിയിലാണ്. ഗ്രാമപഞ്ചായത്ത് കൂടുതൽ പണം വിനിയോഗിച്ചത് റോഡു വികസനത്തിനും തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും ശുദ്ധജലവിതരണത്തിനും ദുർബല വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമാണ്.

പൊതുമരാമത്തിന് കഴിഞ്ഞ വർഷം മൊത്തം വരുമാനത്തിന്റെ 34.24% ചിലവഴിച്ചു. എന്നാൽ മൊത്തത്തിൽ ഗ്രാമസഭാറിപ്പോർട്ടുകളിലൂടെ കണ്ണോടിക്കുമ്പോൾ പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണെന്ന് കാണാം. മഴക്കാലം തുടങ്ങുന്നതിനു മുമ്പേ റോഡുകളിലുള്ള ഓടകൾ സന്നദ്ധ പ്രവർത്തനം വഴി ഉണ്ടാകണം.

19. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യ വിഭവം തന്നെയാണ്. പരിമിതികളിൽ കാലുറപ്പിച്ചു നിന്നുകൊണ്ട് പ്രതിസന്ധികളെ തരണം ചെയ്യുക സാദ്ധ്യമല്ല. ജ്വലിക്കുന്ന കർമ്മ വീര്യത്തിന്റെ പിന്നിൽ അഗാധമായ ഉൾപ്രേരണയുണ്ട്. പ്രവൃത്തി ചെയ്യാൻ ശുഷ്കാന്തിയുണ്ടാകണമെങ്കിൽ ചുമതലാബോധം മാത്രം പോരാ ; ആവശ്യബോധവും വേണം. അതായത് പ്രയോജനത്തെക്കുറിച്ചുള്ള അവബോധം ഉണ്ടാകണം. ശുദ്ധമായ അന്തഃപ്രേരണയും തജ്ജന്യമായ കർമ്മ നിഷ്ഠയുമാണ് നമുക്കിന്നാവശ്യം. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി മത കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനംകൊണ്ട് സംഭാവന ചെയ്യുക എന്നത് വളരെ മഹത്തായ ഒരു ആശയമാണ്.

നമ്മുടെ കാലാവസ്ഥയ്ക്കും അദ്ധ്വാന സാഹചര്യത്തിനും മൗലിക പ്രതിഭയ്ക്കും ഇണങ്ങിയ വികസന സമ്പ്രദായങ്ങൾ കണ്ടെത്താൻ പ്രതിജ്ഞാബന്ധമായ ഒരു യാഥാർത്ഥ്യബോധം ഇന്നാവശ്യമാണ്. എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. അതുകൊണ്ടുതന്നെ ബഹുജന സംഘടനകളുടെ ഫലപ്രദമായ ഇടപെടീൽ ഈ മേഖലകളിൽ വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കുക തന്നെ ചെയ്യും.

> "ഇന്ത്യ ഏതാനും നഗരങ്ങളിലല്ല, പ്രത്യുത ഏഴുലക്ഷം ഗ്രാമങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടതെന്ന് ഞാൻ വിശ്വസിക്കുകയും, എണ്ണമറ്റ സന്ദർഭങ്ങളിൽ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, പട്ടണവാസികളായ നാം ഇന്ത്യ പട്ടണങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടതെന്നും നമ്മുടെ ആശയങ്ങൾ നിറവേറ്റുവാൻ വേണ്ടിയാണ് ഗ്രാമീണർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വസിച്ചിരിക്കുന്നു. ഭക്ഷിക്കുവാനും, വെയിലിൽനിന്നും, മഴയിൽനിന്നും രക്ഷപെടുന്നതിനുവേണ്ട വസ്ത്രം ധരിക്കുന്നതിനും ആവശ്യമായത് ഈ പാവപ്പെട്ട ജനതയ്ക്ക് ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുവാൻ നാം ഒരിയ്ക്കലും മെനക്കെട്ടിട്ടില്ല."
>
> ഗാന്ധിജി, ഹരിജൻ 4-4- 1936.

# ഊർജ്ജം

മെച്ചപ്പെട്ട ജീവിതത്തിന് ഊർജ്ജം ഒഴിച്ചുകൂടാനാവാത്തതാണ്. ജനജീവിതത്തിന്റെ ഉൾക്കാമ്പിനെ സ്പർശിക്കുന്ന ഒന്നായി മാറിയിരിക്കുന്നു ഊർജ്ജ പ്രശ്നം. ഉറച്ച ചില തീരുമാനങ്ങൾ ഉടനെ എടുക്കുകയും നിശ്ചയദാർഢ്യത്തോടെ അവ നടപ്പാക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. വികസനത്തിന്റെ ആക്കം കൂട്ടേണ്ട തീവ്രശ്രമത്തിൽ വീണ്ടുവിചാരവും ദീർഘവീക്ഷണവും ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെങ്കിൽ അത് ആത്യന്തികമായി മനുഷ്യരാശിയുടെ നാശത്തിന് കാരണമാകുമെന്ന കാര്യം ഇന്ന് കൂടുതൽ ബോധ്യപ്പെട്ടുവരികയാണ്.

നമ്മുടെ പഞ്ചായത്തിന്റെ 70% ഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ട്. പ്രധാനമായും ഊർജ്ജ ഉപഭോഗം ഗാർഹിക മേഖലയിലാണ്. വ്യാവസായിക മേഖലയിലെ ഉപഭോഗം വളരെ കുറച്ചുമാത്രമാണ്. കശുവണ്ടി ഫാക്ടറികൾ കഴിഞ്ഞാൽ നാമമാത്രമായ ചെറിയ വ്യവസായങ്ങൾക്കുമാത്രമെ വൈദ്യുതി ഉപയോഗിക്കുന്നുള്ളു. ഇത് ഏകദേശം ആകെ ഉപയോഗത്തിന്റെ 20ശതമാനത്തിൽ താഴെമാത്രമാണ്

ഉപഭോക്താക്കളുടെ എണ്ണത്തിൽ കണക്റ്റഡ് ലോഡിലും വൻ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ വൈദ്യുതി ആവശ്യമായി വരുന്ന ഗൃഹോപകരണങ്ങളുടേയും ആഡംബരവസ്തുക്കളുടേയും ഉപയോഗം വർദ്ധിക്കുകയാണ്. അധികൃതർക്ക് മുൻകൂട്ടി കണക്കാക്കാൻ കഴിയാത്ത ഈ വൈദ്യുതി ഉപഭോഗമാണ് പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമത്തിന് കാരണം. വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ സ്റ്റെപ്പ അപ്പുകൾ വ്യാപകമായി ഉപയോഗിച്ച് വരുന്നു. ഫലമോ ട്രാൻസ്ഫോർമറുകൾ അധിക ഭാരം ചുമക്കുകയും വോൾട്ടേജ്ക്ഷാമം രൂക്ഷമാകുകയും ചെയ്യുന്നു.

അധികൃതരുടെ കണക്കുപ്രകാരം പഞ്ചായത്തിൽ 21 ട്രാൻസുഫോർമറുകളാണുള്ളത്. ഇവയിലൊന്നുന്നുപോലും അധികഭാരം വഹിക്കുന്നവയല്ല. എന്നാൽ ഗാർഹിക ഉപഭോക്താക്കളെ ഭൂരിപക്ഷവും വോൾട്ടേജ്കുറവിനെ സംബന്ധിച്ച് പരാതിയുള്ളവരാണ്. പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻസുഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയിൽ പെടുത്തിയിരിക്കുന്നു.

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 100KVA | ഇടിഞ്ഞകുഴി |
| 2 | 160KVA | സിനിമാപറമ്പ് |
| 3 | 100KVA | RLM1 |
| 4 | 100KVA | RLM2 |

| | | |
|---|---|---|
| 5 | 100KVA | കോട്ടവാതിൽ |
| 6 | 100KVA | കോയിക്കൽഭാഗം |
| 7 | 100KVA | പെരുവേലിക്കര |
| 8 | 50KVA | പെരുവേലിക്കര |
| 9 | 63KVA | ചേലൂർ കായൽ ഭാഗം |
| 10 | 100KVA | ദിവ്യാ കാഷ്യൂഫാക്ടറി ഭാഗം |
| 11 | 100KVA | ഭരണിക്കാവ് |
| 12 | 160KVA | മിനി എസ്റ്റേറ്റ് |
| 13 | 100KVA | പുന്നക്കാവ് |
| 14 | 100KVA | മനക്കര |
| 15 | 160KVA | കൊച്ചാഞ്ഞിലിമൂട് |
| 16 | 250KVA | ശാസ്താംകോട്ട |
| 17 | 100KVA | ശാസ്താംകോട്ട |
| 18 | 100KVA | പള്ളിശ്ശേരിക്കൽ |
| 19 | 100KVA | വള്ളോന്നികോളനി |
| 20 | 160KVA | RLK |
| 21 | 160KVA | RLKK proposed (1) തെറ്റിക്കുഴി 100KVA<br>(2)മനക്കര 2 100KVA |

സ്ഥിതിവിവരക്കണക്ക് ശാസ്താംകോട്ട കെ. എസ്. ഇ. ബി. ഡിവിഷൻ ഓഫീസ്

ശാസ്താംകോട്ട പഞ്ചായത്തിൽ കൂടി 100 കെ.വി. 66 കെ.വി. ലൈനുകൾ കടന്നുപോകുന്നുണ്ട്. ഈ രണ്ടുലൈനുകൾ കടന്നുപോകുന്നുണ്ടെങ്കിലും സിനിമാപറമ്പിനടുത്തു നിന്നുമാത്രമേ 110 കെ. വി. ലൈൻ ടാപ്പ് ചെയ്തിട്ടുള്ളൂ. അതി വിശാലമായ സ്ഥലസൗകര്യങ്ങളുള്ളതാണ് ഈ 110 കെ. വി. സബ്സ്റ്റേഷൻ. അങ്ങനെയാണെങ്കിലും നമുക്ക് 'പവ്വർ ഫെയിലുവർ'കൂടെക്കൂടെ നേരിടേണ്ടി വരുന്നു. ഏകദേശം 30 കി.മീ. നീളമുള്ള 11 കെ.വി ലൈനുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. തെരുവ്വിളക്കുകളുടെ കാര്യം അധികൃതരുടെ സത്വര ശ്രദ്ധ പതിയേണ്ട ഒരു കാര്യമാണ്. 50% ത്തിലധികം തെരുവ് വിളക്കുകൾ ഇന്ന് കത്തുന്നില്ലെന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. തെരുവ് വിളക്കുകത്തിക്കാനുള്ള ചുമതല വൈദ്യുതി സെക്ഷൻ ആഫീസിൽ പ്രത്യേക വിഭാഗത്തെ ഏൽപ്പിക്കുകയും പ്രതിമാസം 15,215 രൂപ ഈ ഇനത്തിൽ അടയ്ക്കുന്ന ശാസ്താംകോട്ട പഞ്ചായത്തിന് നിയന്ത്രിക്കാവുന്ന രീതി ഉദ്യോഗസ്ഥതലത്തിൽ ഏർപ്പെടുത്തുകയും വേണം.

വൈദ്യുതി കാര്യത്തിൽ ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി നമ്മുടെ പഞ്ചായത്തുതലത്തിൽ പരിഹരിക്കാവുന്നവ പരിഹരിക്കാൻ ശ്രമിച്ചാൽ സ്ഥിരവും വിശ്വാസോർജ്ജിതവുമായ രീതി കൈവരിക്കാൻകഴിയും. കൂടാതെ വൈദ്യുതി മാത്രമാണ് ഊർജ്ജസ്രോതസ്സ് എന്ന ധാരണ മാറുകയും വേണം. വിറക്, മണ്ണെണ്ണ തുടങ്ങിയ ഇന്ധനങ്ങളായി കൂടുതൽ ഉപയോഗിക്കാൻ നമുക്ക് കഴിയേണ്ടതാണ്. കാർഷിക രംഗത്ത് ജലസേചനസൗകര്യങ്ങൾക്ക് വൈദ്യുതി മാത്രം ആശ്രയിക്കാതെ മറ്റ് പാരമ്പര്യമാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

<u>പ്രശ്നങ്ങൾ</u>

1. വൈദ്യുതി വിതരണത്തിൽ സാരമായി ബാധിക്കുന്ന വോൾട്ടേജ് ക്ഷാമമാണ് പ്രധാനപ്രശ്നം
2. ഇടയ്ക്കിടെ ഉണ്ടാകുന്ന പവ്വർ ഫെയിലുവർ
3. മെയിൻ റോഡുകളിൽ തെരുവ് വിളക്കുകൾ ഇല്ലാത്തത്.
4. 50% ലധികം തെരുവ് വിളക്കുകൾ കത്തുന്നില്ല
5. ഏതെങ്കിലും ലൈനുകൾ തകരാറിലായാൽ ഏകീകൃത നിയന്ത്രിത സമ്പ്രദായം തന്നെ ഉപയോഗിക്കുന്നു.

അതുമുഖാന്തിരം അത്രയും സമയം വൈദ്യുതി മുടങ്ങുന്നു.
6. വൈദ്യുതി എത്തിച്ചേരാത്ത വിവിധവാർഡുകളിൽ 15 കി.മീ. ദൈർഘ്യമുള്ള റോഡുകൾ ഉണ്ട്.
7. 20%ലധികം വീടുകൾ വൈദ്യുതികരിച്ചിട്ടില്ല
8. പാരമ്പര്യേതര വൈദ്യുത സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല.
9. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പപ്പ്ഉപയോഗം
10. പ്രേക്ഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്.

1. വൈദ്യുതി ലൈനുകളുടെ മുകളിൽ കിടക്കുന്ന മരച്ചില്ലകൾ മുറിക്കാതിരിക്കുന്നത്.
2. വൈദ്യുതി ഉപയോഗം ശരിയായി രേഖപ്പെടുത്താത്ത മീറ്ററുകൾ
3. മീറ്ററിനു പുറത്തുനിന്നുള്ള വൈദ്യുതി മോഷണം.
4. അനാവശ്യ വൈദ്യുതി ഉപയോഗിക്കുന്നവർ
5. ഇന്ധനമായി വൈദ്യുതിയെ ആശ്രയിക്കുന്നവർ

<u>സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും</u>

നമ്മുടെ പഞ്ചായത്തിലെ വിവിധവാർഡുകളിൽ 15 കി.മീ.അധികം ദൈർഘ്യം വരുന്ന റോഡുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുക. രേഖപ്പെടുത്തപ്പെട്ട ഉപഭോഗത്തിനേക്കാൾ എത്രയോകൂടുതലാണ് യഥാർത്ഥത്തിൽ ഉപയോഗിക്കുന്നത്. എന്നത് സാമൂഹ്യ പ്രതിബന്ധതയുള്ള ഏതൊരാൾക്കും അമർഷം ഉളവാക്കുന്നു. പുരാതനവും പാരമ്പര്യ രൂപവും പ്രായേണ വെടിഞ്ഞ് യാന്ത്രിക യുഗത്തിലെ ജീവിതം കരുപ്പിടിപ്പിക്കുവാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് താഴെപറയുന്ന പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുക.

1. വൈദ്യുതീകരിക്കാത്ത റോഡുകൾ അടിയന്തിരമായി വൈദ്യുതികരിക്കുക.
2. വൈദ്യുതിലഭിച്ചിട്ടില്ലാത്ത എല്ലാ ഭവനങ്ങൾക്കും വൈദ്യുതിഎത്തിക്കുന്നതിനുള്ള തീവ്ര പരിപാടി ആവിഷ്കരിക്കണം.
3. കത്താത്ത 50% അധികം തെരുവ് വിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി സെക്ഷൻ ആഫീസിൽ പ്രത്യേക വിഭാഗംവേണം
4. നമ്മുടെ പഞ്ചായത്തിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പവർ ഫെയിലുവറും സ്ഥിരമായ വോൾട്ടേജ് ക്ഷാമവും ശാശ്വതമായി പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പ്രവർത്തി പദത്തിലെത്തിക്കുക.

1. സിനിമാപറമ്പിൽ നിലവിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ ഉപയോഗിച്ച് ഒരു ഡീസൽ പവർസ്റ്റേഷൻ സ്ഥാപിക്കണം.
2. അനെർട്ടിന്റെയും പഞ്ചായത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോസസ്സുകൾ വീടുകളിൽ ഉപയോഗിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്യുക.
3. വൈദ്യുതി ചോർച്ച തടയുന്നതിന് നടപടിസ്വീകരിക്കുക.
4. ആഡംബരാവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്നതിന് താരിഫ് ഏർപ്പെടുത്തുക.
5. സ്റ്റെപ്പപ്പിന്റേ ഉപയോഗം നിയന്ത്രിക്കുക.
6. കേടായ മീറ്ററുകൾ മാറ്റി പുതിയവ നൽകുക.
7. വൈദ്യുതി ദുരുപയോഗം തടയുന്നതിന് സഹായകരമായ വിധത്തിൽ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
8. വൈദ്യുതി നിയന്ത്രിക്കുന്നതിന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഐസൊലേറ്റഡ് കൺട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക.
9. ഏഴാം വാർഡിലെ തെറ്റിക്കുഴി ജംഗ്ഷനിൽ ഇനിയും സ്ഥാപിക്കാത്ത നിർദ്ദിഷ്ട ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
10. വിറകിന്റെ കാര്യത്തിൽ സ്വയം പര്യാപ്തതയെത്താൻ സഹായിക്കത്തക്ക വിധത്തിൽ പാഴ്മരങ്ങൾ കൂടുതൽ വച്ചുപിടിപ്പിക്കുന്നതിനും വിറക് കൂടുതൽ ലഭ്യമാക്കാൻ കൂടുതൽ വില്പന കേന്ദ്രങ്ങൾ ആരംഭിക്കണം.
11. മണ്ണെണ്ണ വിതരണകേന്ദ്രങ്ങൾ കൂടുതൽ ആരംഭിക്കുക.
12. ജലസേചന സൗകര്യങ്ങൾക്ക് പരമ്പരാഗത മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക.

തയ്യാറാക്കിയത്
ജി. ബാലചന്ദ്രൻ
മുതുപിലാക്കാട് കിഴക്ക്
ശാസ്താംകോട്ട പഞ്ചായത്ത്

# CALENDAR 1997

| | | | | |
|---|---|---|---|---|
| 1 | 8 | 15 | 22 | 29 |
| 2 | 9 | 16 | 23 | 30 |
| 3 | 10 | 17 | 24 | 31 |
| 4 | 11 | 18 | 25 | |
| 5 | 12 | 19 | 26 | |
| 6 | 13 | 20 | 27 | |
| 7 | 14 | 21 | 28 | |

| JUNE | SEPTEMBER DECEMBER | APRIL JULY | JANUARY OCTOBER | MAY | AUGUST | FEBRUARY MARCH NOVEMBER |
|---|---|---|---|---|---|---|
| SUN | MON | TUE | WED | THU | FRI | SAT |
| MON | TUE | WED | THU | FRI | SAT | SUN |
| TUE | WED | THU | FRI | SAT | SUN | MON |
| WED | THU | FRI | SAT | SUN | MON | TUE |
| THU | FRI | SAT | SUN | MON | TUE | WED |
| FRI | SAT | SUN | MON | TUE | WED | THU |
| SAT | SUN | MON | TUE | WED | THU | FRI |





Printed at Santhosh Industries, Kollam.